ഇങ്ങിനെ വിഷണ്ണൻ ആയീടുവാൻ എന്തു മൂലം?" || 114
ചൊല്ലിനാൻ, ക ര ട ക ൻ; "കാരിയം ക്ലേശിക്കുന്നോർ
അല്ലെ'ല്ലൊ, നീയും ഞാനും; എന്നതുകൊണ്ടു ചൊന്നു. || 115
അപ്രധാനന്മാരാകും നമുക്കീ'വിചാരം കൊണ്ട്
അല്പവും ഒരു-കാര്യം ഇല്ലെ'ടോ, സഹോദര!" || 116

തൽ-പരം ഉരചെയ്തു, സോദരൻ ദമനകൻ;
"സുപ്രധാനത്വം പിന്നെ നമുക്കും വരാം, എല്ലൊ? || 117
അപ്രധാനനായുള്ള പുരുഷൻ ക്രമത്താലെ
സുപ്രധാനൻ ആയിട്ടും മറിച്ചും കാണുന്നി'ല്ലെ? || 118
മററൊരുത്തൻെറ ശക്തികൊണ്ട'ല്ല മനുഷ്യന്മാർ
ഊററക്കാർ ആകുന്നതും മൂഢന്മാർ ആകുന്നതും || 119
എന്തിന്നു മററു'ള്ളോൎക്കു കുററം ഉണ്ടാക്കീടുന്നു?
ചിന്തിച്ചാൽ തൻെറ ഗുണദോഷവും താൻ ഉണ്ടാക്കും. || 120
ഉന്നതി വരുത്തുവാൻ എത്രയും പരാധീനം;
പിന്നെ 'യങ്ങ'ധോ-ഗതിക്കെ'ത്രയും എളുപ്പം ആം! || 121
എത്രയും കനത്തോ'-രു-കല്ലുകൾ ഉരുട്ടി കൊണ്ട്
അദ്രി-തൻ മുകൾ-'പ്പാട്ടിൽ ഏററുവാൻ പാരം ദണ്ഡം; || 122
ആയതു കീഴ്പ്പെട്ടേക്കു ചാടിപ്പാൻ എളുപ്പം ആം;
ആയാസം ചെറവും വേണ്ട, താഴത്തു വന്നേ നില്ലൂ. || 123
തന്നുടെ ഗുണത്തിനും തന്നുടെ ദോഷത്തിനും
തന്നുടെ ജീവാത്മാവെ'ന്നുള്ളതു-തന്നെ മൂലം" || 124
എന്നതു കേട്ടു തദാ ചൊല്ലിനാൻ കരടകൻ:
"നിന്നുടെ വാക്കിന്ന'ഭിപ്രായം എന്തെ'ടോ, സഖേ?" || 125
"എന്നുടെ വാക്കിന്ന'ഭിപ്രായമ്, ഇ-'ത്തമ്പുരാൻെറ
ഖിന്നതാ മൂഢത്വവും ഭീതിയും കാണ്ക തന്നെ" || 126
ഇങ്ങിനെ ദമനകൻ ചൊല്ലിനാൻ. "ഇദം അപ്പോൾ
എങ്ങിനെ 'യറിഞ്ഞു, നീ?"യെന്ന-'പ്പോൾ കരടകൻ; || 127
"എങ്ങിനെ 'യറിഞ്ഞു 'വെന്ന'ഗ്രജൻ ഉരചെയ്യാൽ,
ഇങ്ങുതോന്നിയതെ'ല്ലാം അടിയൻ ഉണൎത്തിക്കാം;— || 128
ചൊല്ലുന്ന വാക്കു കേട്ടു ഗോക്കളും പ്രവൃത്തിക്കും;
തല്ലു പേടിച്ചു മരം വലിക്കും, ഗജങ്ങളും; || 129
വല്ലതും കെട്ടി പുറത്തേ'ററിയാൽ കഴുതയും
കല്ലിലും പേറി 'ക്കൊണ്ടു മണ്ടും എന്നതെ വേണ്ടു; || 130
ചൊല്ലു കൂടാതെ തന്നെ, മൎത്ത്യൻെറ മനോഗതം
തെല്ലുമെ തേറീടാതെ ബോധിക്കും, മഹാജനം. || 131
അന്യ-ചിത്താഭിപ്രായം ഗ്രഹിപ്പാൻ (അല്ലൊ?) മൎത്ത്യൻ-
-തന്നുടെ 'യുള്ളിൽ ബുദ്ധി-സാരത്തെ വഹിക്കുന്നു. || 132

ജംബുകം-തന്നെ നാം എന്നാ'കിലും നമുക്കു'ള്ളിൽ
ബിംബിതം പ്രഭുവിന്റെ ചിത്ത-സംക്ഷോഭം, ദൃഢം. || 133
നമ്മുടെ ബുദ്ധി കൊണ്ടു നമ്മുടെ തമ്പുരാനെ
നമ്മുടെ പാട്ടിൽ ആക്കി തീർക്കേ'ണം, ഇന്നു-തന്നെ." || 134
"എന്തെ'ടോ, നമുക്കു'ണ്ടോ, രാജ-സേവാഭിജ്ഞത്വം?"
എന്നു'ടൻ കരടകൻ; അ-'ന്നേരം ദമനകൻ || 135
"എന്നോ'ളം രാജ-സേവാ-ധർമ്മത്തെ ഗ്രഹിച്ചവൻ
പിന്നെ മററാ'രും ഇല്ലെ'ന്ന'ഗ്രജൻ ഗ്രഹിക്കേ'ണം; || 136
മന്ത്രി 'യായ് വസിക്കേ'ണ്ടും മാർഗ്ഗവും സംസാരവും,
മന്ത്രിച്ചു മററു'ള്ളോരെ ചതിപ്പാൻ ഉപായവും, || 137
കൈക്കൊണം മേടിപ്പാനും, കണ്ടവരോടു ചേർന്നു
വക്കാണം കൂട്ടി ദ്രവ്യം കൈക്കൽ ആക്കീടുവാനും, || 138
കാർയ്യങ്ങൾ തീരു 'ന്നേരം സ്വാമിക്കു ചെല്ലേ'ണ്ടുന്ന
കാണങ്ങൾ പാതിൽ ഏററം പററുവാൻ ഉപായവും, || 139
മറെറാ'-രു-വിധം നാട്ടിൽ തീരുന്ന വർത്തമാനം
മറെറാ'രു-വിധം ചെന്നു സ്വാമിയെ ബോധിപ്പിക്ക— || 140
പററിൽ ഉള്ളോർക്കു കാർയ്യം ഒക്കവെ സാധിപ്പിക്ക—
മററു'ള്ള ജനത്തിന്റെ കൊററ'ങ്ങു മുടക്കുക— || 141
കൊററിനു വക 'യുള്ള സാധുക്കൾക്കൊ'രു-വിധം
കുററം ഉണ്ടാക്കി ദ്രവ്യം ഒക്കവെ ഹരിക്കയും— || 142
ഇ-'ത്തരം ദുർമ്മന്ത്രികൾക്കു'ള്ളോ'രു-തൊഴിലുകൾക്കു്
ഒത്തൊ'രു-വിധം എങ്കിൽ, ആയതും നമുക്കു'ണ്ടു; || 143
പാരിടം-തന്നിൽ നല്ല സാമർത്ഥ്യം ഉള്ളോ'ർക്കെ'ന്തു
ഭാരം ആകുന്നു, കാർയ്യം ഒക്കവെ സാധിപ്പാനും? || 144
സ്വൈരമാം വണ്ണം മണ്ടി നടക്കും-നരന്മാർക്കു
ദൂരമായോ'രു-ദിക്കും ഇല്ലെ'ന്നു ബോധിക്കേ'ണം; || 145
ധന്യരാം വിദ്വാന്മാർക്കു, തന്നുടെ ദേശം എന്നും
അന്യന്റെ ദേശം എന്നും, ഭേദം ഇല്ലോ'രേടത്തും: || 146
എത്രയും പ്രിയം പറഞ്ഞീടുന്ന പുമാന്മാർക്കു
ശത്രു 'വില്ലെ'ന്നു കേട്ടിട്ടി'ല്ലയോ, മഹാ-'ത്മാവേ!" || 147
ഊചിവാൻ കരടകൻ "നന്നിതു, ദമനക,
രോചിതം ഇദം നിന്റെ സന്നാഹം എന്നാ'കിലും, || 148

സേവെക്കു'ള്ള'വസരം കാണാതെ തിരു-മുമ്പിൽ
ആവലാതിക്കു ചെന്നാൽ, അബദ്ധം ആയി 'ത്തീരും." || 149
ചൊല്ലിനാൻ ദമനകൻ "ആയതു സത്യം തന്നെ:
വല്ലാത്തോ'ർ-അവസരേ ചെല്ലുകിൽ, അബദ്ധം ആം: || 150
ആനെക്കു മദപ്പാട'ങ്ങു'ള്ളോ'രു-നേരം ചെന്നാൽ,
ആനക്കാരനെ പോലും ആയവൻ കുത്തി 'ക്കൊല്ലും: || 151
ഏവൻ എന്നാലും, പിന്നെ, സന്നിധൌ സദാകാലം
സേവിച്ചു നിൽക്കുന്നോരിൽ സ്വാമിക്കു കൃപ 'യുണ്ടാം. || 152
വംശ-ശുദ്ധിയും ഇല്ല—ബുദ്ധിയും, ഇല്ല, കണ്ടാൽ—
വക്കത്തു തെല്ലും ഇല്ല—വിദ്യയും ഒന്നും ഇല്ല— || 153
അ-'ക്കണക്കുള്ള പുമാൻ എങ്കിലും, തിരുമുമ്പിൽ
തക്കവും പാർത്തു മൂക്കിൽ വിരലും തള്ളി നിന്നാൽ, || 154
മന്നവന്മാർക്കു പാരം പക്ഷം ആയ് വരും, ക്രമാൽ;
അന്യ-സേവകന്മാരിൽ അഗ്ര-ഗണ്യൻ ആം, അവൻ: || 155
പാർത്ഥിവന്മാരും പര-സ്ത്രീകളും ലതകളും
പാർശ്വ-സേവിയെ 'പ്പാരം പാട്ടിൽ ആക്കീടും, ദൃഢം: || 156
—ഇന്ദ്രനോ'ടൊ'ക്കും സ്വാമി; ചന്ദ്രനോടൊക്കും ഭവാൻ—
എന്നെ'ല്ലാം സ്തുതിച്ചു കൊണ്ടെ'പ്പോഴും പിരിയാതെ || 157
സന്നിധൌ പാർക്കുന്നവൻ പാർത്ഥിവനഭിമതൻ:
പിന്നെ 'യെന്ത'ഹോ ബഹു-ദുർഭഗൻ എന്നാ'കിലും, || 158
തന്നുടെ ഹിതം നോക്കി പാർക്കുന്ന പുരുഷനെ
തന്വംഗിമാരും മുദാ കൈക്കൊള്ളും ക്രമത്താലെ: || 159
മുള്ളുള്ള വൃക്ഷത്തെയും അന്തിക-സ്ഥിതം ആയാൽ,
വള്ളിയും ചുററി പററി 'ക്കേറും, എന്നറി'ഞ്ഞാലും: || 160
ഇന്നതു പ്രയോഗിച്ചാൽ, കോപിക്കും, മഹീപതി;
ഇന്നതു പ്രയോഗിച്ചാൽ, മന്നവൻ പ്രസാദിക്കും; || 161
എന്നു'ള്ള വിശേഷങ്ങൾ കണ്ടുകൊണ്ടു'പാന്തികേ
നിന്നു സേവിച്ചീടേണം എപ്പോഴും ഇളകാതെ; || 162
എന്നിയെ നിരസിച്ചു 'വെങ്കിലും കൂട്ടാക്കാതെ
പിന്നയും ചുററി'ക്കൂടി പിന്നാലെ നടക്കേ'ണം: || 163
ഇങ്ങിനെ പല-ദിനം ചെയ്യുംപോൾ, പ്രഭുക്കളും
തന്നുടെ വശത്താ'യി തീരും എന്നതെ വേണ്ടു! || 164

ചോദിച്ചു കരടകൻ, "എന്തു നീ 'യുണൎത്തിപ്പാൻ
ഭാവിച്ചു, സിംഹാ-'ന്തികം പ്രാപിപ്പാൻ ഒരുമ്പെട്ടു?" || 165
ഉക്തവാൻ ദമനകൻ, "വല്ലതും ഉണൎത്തിച്ചാൽ,
ഉത്തരം കേൾക്കാ'ം, അതിനു'ത്തരം അപ്പോൾ തോന്നും || 166
ഉത്തരം-തന്നിൽനിന്ന'ങ്ങു'ത്തരം ഉണ്ടാകുന്നു:
വിത്തിൽനിന്നെ'ല്ലൊ പിന്നെ വിത്തുകൾ ഉണ്ടാകുന്നു? || 167
കണ്ടത്തിൽ വിതെക്കുന്ന നെല്ലുകൾ മുളെച്ചു നെൽ
ഉണ്ടാകും, അതു-തന്നെ വിത്താ'യി'ത്തീരും, അല്ലോ! || 168
രണ്ടു-വാക്ക'വിടേക്കു ചെന്നു ഞാൻ ഉണൎത്തിച്ചാൽ
കണ്ടുകൊള്ളേ'ണം മേന്മേൽ, ഉത്തരം, ബഹുവിധം. || 169
ഏതൊരു-വസ്തു ചെയ്യാൽ, അപ്പൊഴെ കെടും, കാൎയ്യം;
ഏതൊ'രു-വസ്തു ചെയ്യാൽ, കാൎയ്യങ്ങൾ സാധിച്ചീടും: || 170
ആയതു-രണ്ടും മുമ്പെ നീതി'യുള്ളവർ കാണും;
ആയതിന്നൊ-ത്ത പോലെ കാൎയ്യത്തിൽ പ്രവേശിക്കും: || 171
ഉത്തമൻ അധമനും മദ്ധ്യമൻ—എന്നീ'-വണ്ണം
മൎത്ത്യന്മാർ മൂന്നു വിധം ഉണ്ടെന്നു ബോധിക്കേ'ണം; || 172
എന്നതിൽ അധമൻ-താൻ വിഘ്നത്തിൽ ഭയം കൊണ്ടു
ഒന്നുമെ തുടങ്ങാതെ സ്വസ്ഥനാ'യി'രുന്നീടും: || 173
മദ്ധ്യമൻ, പിന്നെ കാൎയ്യം തുടങ്ങും; മുടങ്ങുംപോൾ,
ബുദ്ധിയും കെട്ടു, പാരം മടങ്ങി 'യടങ്ങീടും: || 174
ഉത്തമൻ (മദ്ധ്യേ മദ്ധ്യേ മുടക്കം വന്നെങ്കിലും)
സിദ്ധം ആവൊ'ളം, കാൎയ്യം കൈ-വിടുകയും ഇല്ല. || 175
ഇന്നു ഞാൻ അവസരം എന്തെ'ന്നു ഗ്രഹിക്കാതെ
ചെന്നു ചാടുകയും ഇല്ലെ'ന്നു ബോധിക്ക, ഭവാൻ! || 176
ദേവകൾക്കാ'ചാൎയ്യനാം ഗീഷ്പതി-താൻ എങ്കിലും
കേവലം അവസരം ബോധിക്കാതു'രചെയ്യാൽ, || 177
ലാഘവം ഭവിച്ചീടും, കാൎയ്യവും വരാ; തന്റെ
ശ്ലാഘിതത്തിനും ഹാനി വന്നുപോം, അസംശയം. || 178
നല്ലൊ'രു-കാലേ ചെന്നു ചൊല്ലുകിൽ അസാരനും
വല്ല കാൎയ്യം എന്നാലും സാധിച്ചു പോരാം, താനും: || 179
ദേശവും കാലങ്ങളും ചിന്തിയാതൊ'രു-കാൎയ്യം
ലേശവും തുടങ്ങ'രുതാ'ത്മജ്ഞാനിയാമവൻ || 180

ആശയേ പരിപാകം ഇല്ലാത്ത പുമാനോട്ടു
സ്വാശയാഭിപ്രായത്തെ ചൊല്ലു’രുതൊ’രു-നാളും || 181
നിഷ്കൃപന്മാരെ കാൎയ്യം കേൾപ്പിച്ചാൽ സമീഹിതം
നിഷ്ഫലം ആയി-‘ത്തീരും എന്നതു-തന്നെ അല്ല, || 182
ചിന്തിയാതു’ള്ളോ’രനൎത്ഥങ്ങളും അകപ്പെട്ടും.
എന്തിന്നു മൂഢന്മാരെ ചെന്ന’ഹോ സേവിക്കുന്നു? || 183
യാതൊ’രു-ഗുണം കൊണ്ടു വൃത്തി-സൌഖ്യങ്ങൾ വരൂ
യാതൊന്നു കൊണ്ടു മമ സജ്ജനം പ്രശംസിപ്പൂ, || 184
അങ്ങിനെ ‘യുള്ള ഗുണം ഉണ്ടാവാൻ ക്ലേശിക്കേ’ണം;
എങ്ങുമെ-ലോപം കൂടാത’ഗ്ഗുണം രക്ഷിക്കേ’ണം.” || 185
അഗ്രജൻ ചൊന്നാൻ, അപ്പോൾ: “ഭൂമി-പാലന്മാർ ഒട്ടും
സുഗ്രഹന്മാർ അല്ല;’വൎക്കെ’ങ്ങിനെ പക്ഷം എന്നും || 186
ആഗ്രഹം എന്തെ’ന്നതും ആരംഭം എന്തെ’ന്നതും
വ്യഗ്രം എന്നിയെ പാൎത്തു ബോധിപ്പാൻ എളുത’ല്ല!” || 187
സോദരൻ ചൊന്നാൻ, അപ്പോൾ: “അങ്ങുന്നു പറഞ്ഞതും
ആദരിക്കേ’ണ്ടും പരമാൎത്ഥം എന്നി’രിക്കിലും, || 188
വങ്കടൽ-കരെ ചെന്നു നിൽക്കുമ്പോൾ, (ശിവ ശിവ!)
സങ്കടം ഇതിൽ ഇറങ്ങീട്ടുവാൻ എന്നു തോന്നും: || 189
ഒട്ടു-നാൾ ഇറങ്ങിയും മുങ്ങിയും തിര വന്നു
തട്ടി യിട്ടു’ലഞ്ഞും ഇങ്ങൊ’ട്ടേടം ചെന്നും പോന്നും || 190
പെട്ട’ന്നു പരിചയിച്ചീടിനാൽ, ഒരു-വഴി
കിട്ടും അങ്ങേ’തിൽ നീന്തി ക്രീഡിച്ചു മേവീടുവാൻ: || 191
എന്നതു പോലെ ചെന്നു വന്ദനം ചെയ്തു നിന്നു
ചൊന്നതും കേട്ടും കണ്ടും സൂക്ഷിച്ചും പരീക്ഷിച്ചും || 192
മന്നവൻ-തന്റെ ശീല ഭാവവും പതുക്കവെ
തന്നു-’ള്ളിൽ ആക്കി‘ക്കൊണ്ടാൽ, പിന്നെ വൈഷമ്യം ഇല്ല. || 193
അങ്ങിനെ വശത്താ’ക്കാം എന്നൊ’രു-പക്ഷം ഇപ്പോൾ
ഇങ്ങു’ണ്ടു, മനക്കാമ്പിൽ നിൻ കൃപ‘യുണ്ടെന്നാ’കിൽ.” || 194
എന്നതു കേട്ടു മുദാ ചൊല്ലിനാൻ, കരടകൻ:
“നന്നിതു, സഹോദര, നല്ലതു വന്നീടേ’ണം. || 195
നിന്നുടെ മാൎഗ്ഗം ശുഭം ആയ് വരും! നിരൂപിച്ചത്
ഒന്നുമെ ഭംഗം കൂടാത’,സ്തു തേ, ശുഭമതേ!” || 196

ജ്യേഷ്ഠനെ തൊഴുതുകൊണ്ടു'പ്പോഴെ ദമനകൻ
ശ്രേഷ്ഠനാം സിംഹ-പ്രഭു-സ്വാമിയെ പ്രാപിച്ചു'ടൻ || 197
ദൂരവെ-തന്നെ നിന്നു പാണികൾ കൂപ്പി'ക്കൂപ്പി
ചാരവെ പതുക്കവെ ചെന്നൊ'രു-ദശാന്തരേ, || 198
പിംഗലകനും ഉരചെയ്തിതു: "ദമനക,
ഇങ്ങു വന്നാലും! പല-നാൾ കൂടി കാണുന്നി'പ്പോൾ, || 199
എന്തെ'ടോ, നീയും നിന്റെ ജ്യേഷ്ഠനും എന്നെ വന്നു
സന്തതം സേവിക്കാത്ത സംഗതി കഥിക്ക, നീ!" || 200
വമ്പനാം ദമനകൻ വന്ദനം ചെയ്തു ചൊന്നാൻ:
"തമ്പുരാന'-ടിയനെക്കൊണ്ടെ'ന്തു പ്രയോജനം? || 201
കൊമ്പൻ-ആനയെ കൊന്നു തല-'ച്ചോർ പഴ-'യതി
സമ്പാദിപ്പതിനി'ങ്ങു സാമർത്ഥ്യം പോരാ, 'യെല്ലൊ? || 202
എങ്കിലും, അമാത്യന്റെ മക്കളായ'ടിയങ്ങൾ
നിൻ-കഴൽ-അടി പണിഞ്ഞീടാതെ പൊറുക്കുമോ? || 203
ഓർക്കുംപോൾ, ഒരുത്തരെ കൊണ്ടു'പകാരം ഇല്ലെ'ന്ന്'
ആർക്കുമെ വരിക 'യില്ലെ'ന്നതും ഉണർത്തിക്കാം' || 204
പുല്ലുകൾ കൊണ്ടും ഉപകാരം ഉണ്ടാകും; തന്റെ
പല്ലു തേപ്പാനും കൊള്ളാം—പയ്ക്കളെ തീറ്റാൻ കൊള്ളാം— || 205
മെല്ലവെ കണ്ണങ്ങളിൽ ഇട്ടു'ടൻ ചൊറുകിയാൽ
തെല്ലു-സൌഖ്യം ഉണ്ടാകിൽ, ആ വിധത്തിനും കൊള്ളാം; || 206
കാൽ കരം കണ്ണും മൂക്കും ഉള്ളൊ'രു-ജന്തുക്കളാൽ
ഏകൻ എങ്കിലും കാര്യം ഇല്ലാതെ ഭവിക്കുമോ? || 207
സാരനാം പുരുഷനെ പാരം ഇട്ടി'ടിച്ചാലും,
സാര-ശക്തിയെ ത്യജിച്ചീടും ആറി'ല്ല, നൂനം: || 208
തീ 'യെരിയുന്ന കൊള്ളി, കീഴാക്കി പിടിച്ചാലും,
തീയുടെ ജ്വാല മേല്പട്ട'ല്ലാതെ ജ്വലിക്കുമോ? || 209
ജീവ-ജന്തുക്കൾ എല്ലാം ഒന്നു പോൽ എന്നു'ള്ളൊ'രു
ഭാവവും ഭവാന്മാർക്കു ചേർച്ച 'യില്ല'റിഞ്ഞാലും. || 210
തങ്ങൾക്കു മറ്റു'ള്ളോരിൽ ഭേദം ഉണ്ടെ'ന്നു'ള്ളതും
സംഗതി വരും ദിക്കിൽ കാണിക്കും, സമർത്ഥന്മാർ: || 211
വിത്തുകൾ എല്ലാം കൂടി കലർന്നു വിതെച്ചാലും,
ഉത്തമൻ കിളുർക്കുംപോൾ തൻ-മഹത്വത്തെ കാട്ടും: || 212

ഉത്തമ-സ്ഥലങ്ങളിൽ ശ്രീ-കാൎയ്യം വിചാരിപ്പാൻ
ഉത്തമന്മാരാം കാൎയ്യക്കാരരെ കല്പിക്കേ’ണം: || 213
ശുദ്ധ-ഭൂസുര-ക്ഷേത്ര-സ്ഥാനങ്ങൾക്ക’ധികാരം
ബൌദ്ധനു കൊടുക്കുന്ന മന്നവൻ മഹാ-മൂഢൻ: || 214
കങ്കണം കരങ്ങളിൽ, കുണ്ഡലം കൎണ്ണങ്ങളിൽ,
കാഞ്ചികൾ കടീതടേ, ഹാരങ്ങൾ വക്ഷസ്ഥലേ— || 215
ഇങ്ങിനെ തങ്ങൾക്കു’ള്ള ഭൂഷണ-സ്ഥലങ്ങളിൽ
ഭംഗിയിൽ ചേൎത്തെ’ങ്കിലേ, ഭൂഷണം ശോഭിച്ചീടു: || 216
കണ്ഠത്തിൽ അരഞ്ഞാണം, കങ്കണം കൎണ്ണങ്ങളിൽ
കൊണ്ടുപോയി കെട്ടി ‘ത്തൂക്കി ‘കൊണ്ടെ’ങ്ങു പുറപ്പെട്ടാൽ, || 217
കണ്ടവർ കരം കൊട്ടി കൊണ്ടു’ടൻ ചിരിച്ചീടും;
തണ്ടു-തപ്പി‘യെന്നൊ’രു-നാമവും ലഭിച്ചീടും; || 218
എത്രയും നീചന്മാരാം ബൌദ്ധ-ജാതിജന്മാൎക്കു
ഛത്രവും പല്ലക്കവും ദീപ-യഷ്ടിയും നൽകി || 219
ക്ഷത്രിയ-ബ്രഹ്മ-സ്ഥാനേ മന്ത്രി ‘യാക്കീടുന്നോ’രു-
-ധാത്രീ-പാലരെ പാരം നിന്ദിക്കും, മഹാ-ജനം. || 220
തന്നെ താൻ അറിയാതെ ദുൎഭൂഭുക്കളെ ചെന്നു
വന്ദിച്ചു സേവിക്കുന്ന മാനുഷ-‘പ്പശുക്കൾക്കു || 221
ഇന്നി’പ്പോൾ ഇഹ-ലോകേ സൌഖ്യം ഇല്ല;’വർ ചത്താൽ
ചെന്നൊ’രു-നരകത്തിൽ ചാടുകെ’ന്ന’ല്ലാതി’ല്ല. || 222
മെച്ചമെ സുവൎണ്ണത്തിൽ ചേൎക്കേ’ണ്ടും മഹാ-രത്നം
പിച്ചള ‘പ്പതക്കത്തിൽ ചേൎക്കുന്ന പുരുഷനെ || 223
സജ്ജനം-തന്നെ അല്ല, ദുൎജ്ജനങ്ങളും കൂടെ
തൎജ്ജിക്കും; തൽ-സമ്പൎക്കം വൎജ്ജിക്കും എല്ലാവരും. || 224
ബുദ്ധിയും, വിവേകവും, വീൎയ്യവും, പ്രഭുക്കളിൽ
ഭക്തിയും ഉള്ള ഭൃത്യൻ സ്വാമിയെ നികത്തീടും. || 225
ശക്തി ‘യില്ലാതു’ള്ളോന്റെ ഭക്തി നിഷ്ഫലം, ദൃഢം;
ഭക്തി‘യുണ്ടൊ’രുത്തനു ശക്തി‘യില്ലാഞ്ഞാൽനന്നോ? || 226
ശക്തിയും നല്ല സ്വാമി-ഭക്തിയും തികഞ്ഞൊ’രു-
-ഭൃത്യൻ ഉണ്ടെ’ന്നാ’കിലേ വൎദ്ധിപ്പൂ, മഹീ-പതി: || 227
ശക്തിയും ഇല്ല, സ്വാമി-ഭക്തിയും ഇല്ലാതോൎക്കു
ഭക്തി നൽകീടും നൃപൻ എത്രയും അവിവേകി! || 228

ആയവൻ ഭുജിക്കുന്നോ'ർ-ഓദനം എല്ലാം ഒരു-
-നായിനു കൊടുത്തെ'ങ്കിൽ ആയതു പാഴായ് പോകാ; || 229
നായിനു ചോറു നല്കും നായകന്മാരെ കുറിച്ച്
ആയത-സ്നേഹത്തിനു മായം ഇല്ലൊ'രു-നാളും; || 230
ആയവൻ, തനിക്കുള്ള കായത്തെക്കൊണ്ടു തനിക്ക്
ആയവണ്ണമെ, സ്വാമിക്കെ'പ്പോഴും സഹായിക്കും. || 231
ശസ്ത്രവും, കുതിരയും, ശാസ്ത്രവും, വീണാ-പാണി-
-ക്ഷാത്രവും, നരന്മാരും, നാരിയും—ഇവ 'യെട്ടും || 232
സജ്ജനത്തോടു ചേൎന്നാൽ എത്രയും പ്രകാശിക്കും;
ദുൎജ്ജനത്തോടു ചേൎന്നാൽ ഏററവും ഇളപ്പെട്ടും: || 233
അഭ്യാസം ഉള്ള വീരൻ വാൾ എടുത്തി'ളക്കുംപോൾ
സഭ്യന്മാർ അതു കണ്ടു കൊണ്ടാടി സ്തുതിച്ചീടും; || 234
അഭ്യാഗൻ മഹാ-ഭോഷൻ വാൾ എടുക്കുന്നു, കണ്ടാൽ,
അപ്പൊഴെ 'യെല്ലാവരും വാൾ എടുക്കയേ 'യുള്ളു: || 235
അശ്വ-'പ്പോർ ഗ്രഹിച്ചവർ അശ്വത്തിൽ ഏറി, കണ്ടാൽ
വിശ്വ-വാസികൾ എല്ലാം നിസ്മയിച്ചീടും, ദൃഢം; || 236
അല്ലാത്ത മൂഢൻ ചെന്ന'ങ്ങ'ശ്വത്തിൽ ഏറു 'ന്നേരം
വല്ലാതെ പിഴച്ചുപോം, എല്ലാരും ഹസിച്ചീടും; || 237
ഇങ്ങിനെ-തന്നെ പിന്നെ ചൊന്നതു-നാല്യം-രണ്ടും;
ഭംഗിക്കും അഭംഗിക്കും പാത്ര-ഭേദമേ മൂലം. || 238
ഞാൻ ഒരു-കുറുനരി-'ക്കുട്ടൻ എന്നതു കൊണ്ടു
മാനസേ നിന്ദാ-ഭാവം സ്വാമിക്കു വേണ്ട താനും || 239
പത്മനാഭനും പണ്ടു പന്നിയായ് പിറന്നില്ലേ?
പാവനൻ എന്ന മുനി മാനായി മേവുന്നില്ലേ? || 240
ഷൺമുഖ ഭഗവാനും ആടിൻെറ വേഷം മുദാ
വെണ്മയിൽ ധരിച്ചതു, തമ്പുരാൻ കേട്ടിട്ടി'ല്ലേ? || 241
ഭൃത്യൻെറ ഗുണ-ഗണം ഒക്കയും അടിയനുണ്ട്
അത്യന്തം, ഭക്തി-ശക്തി-യുക്തിയും ഇനിക്കു'ണ്ടു || 242
ഭക്തി 'യില്ലാതു'ള്ളോൻെറ ശക്തി കൊണ്ടെ'ന്തു ഫലം?
ശക്തി 'യില്ലാതവൻെറ ഭക്തി കൊണ്ടെ'ന്തു ഫലം? || 243
സേവകന്മാരിൽ നിന്ദാശീലനാം നരേന്ദ്രനെ
സേവിപ്പാൻ ആരും ഇല്ലാതായ് വരും, ക്രമത്താലെ. || 244

ബന്ധു-ഭൃത്യരും ഇല്ലാതാ'യ് വരു 'ന്നേരം, നൃപൻ'
എന്തു പൌരുഷം? പിന്നെ ക്ഷീണം ആം, പ്രഭുത്വവും; || 245
പ്രാഭവം കുറയുംപോൾ, പ്രായശോ വിദ്വാന്മാൎക്കും
ലോഭം ഇല്ലാതാ'ം, അവർ ആഗമിക്കയും ഇല്ല; || 246
നിത്യവും സമീപത്തു വിദ്വാന്മാർ ഇല്ലാതാ'യാൽ
കൃത്യവും അകൃത്യവും ബോധം ഇല്ലാതാ'യ് വരും; || 247
പാൎത്ഥിവന്മാൎക്കു നീതിജ്ഞാനം ഇല്ലെ'ന്നു വന്നാൽ.
പാൎത്തലേ വസിക്കുന്നോർ ഒക്കവെ നശിച്ചീടും: || 248
എന്നതു കൊണ്ടു പറഞ്ഞീടുന്നേൻ, മമ സ്വാമി (ക്കു)
ക്കു'ന്നതി വരാൻ നല്ല ഭൃത്യന്മാർ-തന്നെ വേണം." || 249

എന്നതു കേട്ടു മഹാ-സിംഹവും ഉരചെയ്തു
"നന്നെ'ടോ, ദ മ ന ക, നിന്നുടെ നീതി-വാക്യം. || 250
നമ്മുടെ സ ചി വ ൻെറ നന്ദനൻ എല്ലൊ, ഭവാൻ?
നന്മ മേൽ വരാൻ ഉള്ള യത്നം നീ ചെയ്തീടേ'ണം." || 251
ചോദിച്ചു ദ മ ന ക ൻ: "നിന്തിരുവടി 'യിപ്പോൾ
മോദിച്ചു ജല-പാനം ചെയ്വതിന്നെ'ഴുന്നെള്ളി || 252
അംഭസ്സിന്നു'പാന്തികേ വാണ'രുളുംപോൾ, ബുദ്ധി-
-സ്തംഭിച്ച കണക്കു കാണുന്നിതു കിം കാരണം?" || 253
ഉത്തരം ഉരചെയ്തു കേസരി-ശ്രേഷ്ഠൻ-താനും
"സ്വസ്ഥം അല്ലെ'ൻെറ മനസ്സി-ങ്ങിനെ തീൎന്നു, കഷ്ടം! || 254
നമ്മുടെ വനം-തന്നിൽ ഇന്നൊ'രു-ജന്തു വന്നു
ദുൎമ്മദം പൂണ്ടു ശബ്ദിക്കുന്നതു കേൾക്കുന്നീ'ലേ? || 255
എത്രയും ക്രൂരം പാരം ദുഷ്ടൻെറ കണ്ഠ-ധ്വനം
ശ്രോത്ര-രന്ധ്ര ത്തിൽ പുക്കു സങ്കടപ്പെടുക്കുന്നു: || 256
മുററും ഈ മഹാരണ്യേ വാസവും വെടിഞ്ഞു, ഞാൻ
മറെറാരു-വനാന്തരം പ്രാപിപ്പാൻ ഭാവിക്കുന്നു. || 257
കണ്ഠശബ്ദത്തെ കേട്ടാൽ, ഊഹിക്കാ'ം അവൻ ഏതും
കുഞ്ഞൻ അല്ല'ഹോ, മഹാ-വിക്രമി, മഹാ-വീരൻ! || 258
രണ്ടു-പക്ഷം ഇല്ലി'നിക്കാ'യവൻ-തന്നെ കേട്ടും
കണ്ടും കൊണ്ടി'വിടത്തിൽ പാൎക്ക വൈഷമ്യം-തന്നെ." || 259

എന്നതു കേട്ടു മുദാ ചൊല്ലിനാൻ, ദമനകൻ:
"എന്നുടെ സ്വാമി വൃഥാ ചാഞ്ചല്യം തുടങ്ങേ'ണ്ട! || 260
ശബ്ദ-മാത്രത്തെ കേട്ടു ശങ്കിപ്പാൻ എന്തു മൂലം?
ശക്തിമാൻ അല്ലൊ, ഭവാൻ, എന്തിനു പേടിക്കുന്നു? || 261
ആർകളിൽ ജലം പൊങ്ങി, സേതു-ഭഞ്ജനം ചെയ്യും:
ആറു-കണ്ണുങ്ങൾ പുക്കാൽ മന്ത്രവും ഭേദിച്ചീടും: || 262
ഏഷണി പ്രയോഗിച്ചാൽ, സ്നേഹവും നശിച്ചീട്ടും:
ഭീഷണി-വാക്കു കൊണ്ടു ഭീരുക്കൾ ഭയപ്പെട്ടും. || 263
—കണ്ടേ'പ്പോൾ, അതിൽ ബഹു-മാംസം ഉണ്ടെ'ന്നു തോന്നി,
ചെണ്ടയിൽ ഉൾപ്പുക്കപ്പോൾ, ചർമ്മവും ഒരു-മര- || 264
-ക്കണ്ടവും മാത്രം-തന്നെ കണ്ടതു'ള്ളു ഞാൻ—എന്നു
പണ്ടൊ'രു-ജംബു പറഞ്ഞി'ങ്ങിനെ കേട്ടിട്ടു'ണ്ടു." || 265
"ചൊല്ലെ'ടോ പുരാ-വൃത്തം" എന്നു കേസരി-ശ്രേഷ്ഠൻ
"ചൊല്ലുവൻ ശ്രവിച്ചാലും" എന്നു'ടൻ, ദമനകൻ. || 266

## 2. കുറുനരിയും ചെണ്ടയും.

പണ്ടൊ'രു-കുറുനരി, ഭക്ഷണം കിട്ടായ്കയാൽ,
കുണ്ഠിതം പൂണ്ടു വിശന്നി'ങ്ങിനെ നടക്കുംപോൾ || 267
കുത്രചിൽ പ്രദേശത്തു യുദ്ധ-ഭൂതലം കണ്ടു;
തത്ര സൈന്യങ്ങൾ ചത്തു കിടക്കുന്നതും കണ്ടു; || 268
അത്ര 'യല്ലൊ'രു-പൊണ്ണ-ച്ചെണ്ടയും കണ്ടാൻ, അവൻ:
തത്രനിന്നൊ'രു-ശബ്ദം ശ്രവിച്ചു ഭയപ്പെട്ടാൻ; || 269
വായു വന്ന'ടിക്കുംപോൾ ആയതു താനെ-തന്നെ
തോയദ-ധ്വനി പോലെ ശബ്ദിക്കുന്നതും കേട്ടു || 270
—എന്തുവാൻ ഇത'ങ്ങൊ'രു ജന്തുവായ് വരും എന്നാൽ
ബന്ധു-വാരി'നിക്ക'യ്യോ! നമ്മെയും കൊല്ലും, ഇവൻ. || 271
അന്തികേ ചെന്നു നോക്കിക്കൊണ്ടു പോരികെ'ന്നു'ള്ളിൽ
ചിന്തിച്ചു ധൈര്യത്തോടെ മെല്ല മെല്ലവെ ചെന്നാൻ; || 272
ഭക്ഷണത്തിനു വേണ്ടും ചോരയും മാംസങ്ങളും
തൽ-ക്ഷണം ഇതിന'കത്തു'ണ്ടെ'ന്നു തോന്നീടുന്നു;— || 273

ലക്ഷണം ശുഭം നമുക്കേ’ക്ഷാ-ഞാൻ ഉള്ളിൽ പുക്കു
ഭക്ഷണം വഴിപോലെ ചെയ്കു—‘യെന്നു’റച്ചവൻ || 274
ചർമ്മത്തെ കടിച്ചോ’രു-ദ്വാരം ഉണ്ടാക്കി ‘ക്കൊണ്ടു
ദുർമ്മോഹി സൃഗാലൻ അങ്ങ’കത്തു പ്രവേശിച്ചാൻ: || 275

ആയവൻ അപ്പോൾ ഉരചെയ്യോ’രു-ശ്ലോകാർത്ഥം, ഞാൻ
മായം എന്നിയെ ചൊന്നേൻ, “കണ്ട ‘പ്പോൾ അതിലെ”ന്നു. || 276
ആയതു മനസ്സിൽ വെച്ചി’ങ്ങിനെ പറഞ്ഞു, ഞാൻ:
ആയത-ധ്വനം കേട്ടു ഭീതി ‘യെന്തി’ത്ര, വൃഥാ? || 277
കേവലം-മഹാ-ശബ്ദം കേൾക്കുന്ന വനം-തന്നിൽ
സാവധാനനാം അഹം ചെന്നി’ഹ വന്നീടുന്നേൻ; || 278
എന്തൊ’രു-ശബ്ദം എന്നും എന്തൊ’രു-ജന്തു ‘വെന്നും
എന്തൊരു-‘ഭാവം എന്നും ഒക്കവെ ബോധിക്കുന്നേൻ.” || 279

ഇ-‘ത്തരം ഉരചെയ്തു, ധൃഷ്ടനാം ക്രോഷ്ടാ-പ്രൌഢൻ
സത്വരം സഞ്ജീവക-ക്കാള-തൻ-മുന്നിൽ ചെന്നു || 280
“ആരെ’ടോ താൻ?” എന്നവൻ ചോദിച്ച നേരം, വൃഷം
നേരു-വാക്കു’രചെയ്തു; “ഞാൻ ഒരു കാള-ക്കൂററൻ; || 281
വർദ്ധമാനൻ എന്നൊ’രു വാണിഭക്കാരൻ നമ്മെ
വർദ്ധിപ്പിച്ചതും, ഇപ്പോൾ ഇങ്ങിനെ വെടിഞ്ഞതും; || 282
അർദ്ധ-മാർഗ്ഗത്തിൽ വീണു കാൽ ഒടിഞ്ഞ’വനിയിൽ
അർദ്ധ-മാസത്തിൽ പുറം ദുഃഖിച്ചു കിടന്നു, ഞാൻ; || 283
ദേവ-കാരുണ്യം കൊണ്ടു ദണ്ഡവും ശമിച്ചു, ഞാൻ
ഏവം ഇ-പ്രദേശത്തു സൌഖ്യം ആയ് നടക്കുന്നേൻ”. || 284
ചൊല്ലിനാൻ, ദമനകൻ: നമ്മുടെ സ്വാമി വീരൻ
ചൊല്ലേറും മഹാ-സിംഹം പിംഗലകാഖ്യൻ ധീരൻ || 285
ചൊല്ലി വിട്ടിതു, നമ്മെ, സത്വരം കൂട്ടിക്കൊണ്ടു
ചെല്ലുവാൻ, ഭവാനെ, ‘യങ്ങെ’ത്രയും കൌതുഹലാൽ; || 286
സമ്മതം ഇദം എങ്കിൽ, സ്വാമിയോടു’ണർത്തിച്ചു
സത്വരം വരാം” എന്നു കേട്ടപ്പോൾ സഞ്ജീവകൻ: || 287
“സിംഹ-നായകൻ മഹാ-വീര്യവാൻ; അവൻ നമ്മെ
സംഹരിക്കി’ല്ലെന്നാ’കിൽ, സംശയം വിനാ വരാം.” || 288

"വിശ്വസിച്ചവർകളെ വഞ്ചനം ചെയ്യീട്ടുമോ,
വിശ്വ-വിശ്രുതൻ വീരൻ വിക്രമി മൃഗാധിപൻ?" ‖ 289
"എങ്കിൽ, ഞാൻ വരാം" എന്നു കാള ചോന്നതു കേട്ടു
കിങ്കരൻ ദ മ ന ക ൻ വന്നിതു, സിംഹാന്തികേ; ‖ 290
വന്ദനം ചെയ്തു ചൊന്നാൻ; "ചണ്ഡനാം സമീരണൻ,
മന്ദം എന്നിയേ, വിശ്വം ഇളക്കും എന്നാകിലും, ‖ 291
എത്രയും അസാരമായ്യു'ള്ളോ'രു-തൃണങ്ങളെ
ധാത്രിയിൽനിന്നു പറിച്ചീട്ടുമോ, മഹാമതേ? ‖ 292
ഉന്നതങ്ങളായ്യു'ള്ള വൃക്ഷങ്ങൾ എല്ലാം പാടെ
ഭിന്നം ആക്കുവാൻ, കുറവൊ'ട്ടുമേ ഇല്ല താനും: ‖ 293
വീര്യ്യം ഉള്ളവൻ മററു വീര്യ്യം ഉള്ളവനോടേ
വിക്രമം പ്രയോഗിപ്പൂ, ദുർബ്ബലന്മാരിൽ അല്ല: ‖ 294
എന്നതു മൂലം ഭവാൻ കാളയെ വധിക്ക'യില്ല—
എന്നൊ'രു-വിശ്വാസംകൊണ്ടെ'ത്ര ഞാൻ വരുത്തുന്നേൻ" ‖ 295
എന്നതു കേട്ടു പ്രസാദിച്ചു'രചെയ്തു, സിംഹം:
"നിന്നുടെ സഖിയെ ഞാൻ കൊല്ലുമോ, ദ മ ന ക? ‖ 296
എന്തെ'ടോ, സ ഞ്ജീ വ ക ൻ എന്നു പേർ എന്നു കേട്ടു
ഹന്ത മേ, മഹാസുഖം, ആയവൻ ബന്ധു 'വായാൽ! ‖ 297
താമസം കൂടാതി'ങ്ങു കൊണ്ടുപോന്നാലും, ഭവാൻ!
കാമ-സമ്പ്രാപ്തി-പ്രിയൻ ഞാൻ—എന്നു ബോധിക്കേ'ണം." ‖ 298
അ-പ്രകാരങ്ങൾ ചെന്നു പറഞ്ഞു ദ മ ന ക ൻ
തൽ-പ്രകമ്പത്തെ പോക്കി കാളയെ കൊണ്ടുപോന്നു ‖ 299
നന്ദി രാജനെ സ്വാമി-സന്നിധി-തന്നിൽ ആക്കി
നന്ദി പൂണ്ടെ'രികത്തു സേവിച്ചു നിന്നീടിനാൻ. ‖ 300

അന്നു തൊട്ടു'ന്യോന്യ-സ്നേഹാകുലന്മാരാ'യ് തീർന്നു,
നന്ദി'യാം സ ഞ്ജീ വ ക ൻ പിം ഗ ല-മൃഗേന്ദ്രനും; ‖ 301
അന്യർആം ഭൃത്യന്മാരിൽ ആസ്ഥ യില്ലാതായ് വന്നു
ധന്യൻആം മൃഗേന്ദ്രനു നന്ദി-സമ്പർക്ക-മൂലം: ‖ 302
കാളയും കണ്ഠീ-രവ-ശ്രേഷ്ഠനും ഗുഹാന്തരേ
പാളയം പുക്കു തമ്മിൽ പ്രാണ-വിശ്വാസത്തോടെ ‖ 303
കേളി-സല്ലാപംകൊണ്ടു കേവലം ദിനേ ദിനേ
മേളിച്ചു മഹോത്സവേ ക്രീഡ 'യായി മേവും കാലം,— ‖ 304

ഭൃത്യന്മാർ അമാത്യന്മാർ ചേൎച്ചക്കാർ ബന്ധുക്കളും
നിത്യ-സേവകന്മാരും പിള്ളരും കാവൽക്കാരും || 305
നിത്യ-വൃത്തിക്കു ലഭിക്കായ്കകൊണ്ടു'(ഹോ, കഷ്ടം!)
പ്രത്യഹം പരാധീന-'പ്പെട്ടു'ഴലുന്ന കാലം, || 306
ഏകദാ ദമനകൻ പൂൎവ്വജൻ കരടനും
വ്യാകുലം പൂണ്ടു തമ്മിൽ സംസാരം തുടങ്ങിനാർ: || 307
ചൊല്ലിനാൻ ദമനകൻ: "നമ്മുടെ സ്വയ'-ങ്കൃതം
(അല്ലയോ?) മഹാ-ദോഷം, ഇങ്ങിനെ സംഭവിപ്പാൻ. || 308
തങ്ങൾ-താൻ ഉണ്ടാക്കുന്ന ദോഷങ്ങൾ-മൂന്നു-കൂട്ടം
സംഗതി-വരും എന്നു സജ്ജനം ചൊല്ലി കേൾപ്പൂ! || 309
മേഷ-യുദ്ധം കൊണ്ടൊ'രു-ജംബുകൻ മരിച്ചു പോൽ;
ആഷാഢഭൂതി-മൂലം നമുക്കും നാശം വന്നു; || 310
തന്തുവായൻെറ മൂലം ദൂതിക്കു നാശം വന്നു;
താന്തന്നെ ദോഷ-ത്രയം ഇങ്ങിനെ ജനിപ്പിച്ചു— || 311
എന്നൊ'രു യതി-ശ്രേഷ്ഠൻ പണ്ടു'രുൾചെയ്തു പോലും
എന്നതു ഭവാൻ കേട്ടിട്ടി'ല്ലയോ, മഹാത്മാവേ?" || 312
"ആയതു കേൾക്കേ'ണം" എന്ന'ഗ്രജൻ ഉരചെയ്താൻ.
പ്രായശോ നിവേദനം ചെയ്തിതു, സഹോദരൻ: || 313

### 3. 4. 5. സ്വയങ്കൃതദോഷങ്ങൾ മൂന്നു കൂട്ടം.

"ദേവശൎമ്മാവെ'ന്നൊ'രു-സന്ന്യാസി പണ്ടു'ണ്ടായി;
കേവലം ബ്രഹ്മ-ധ്യാനം ചെയ്തു മേവുന്ന കാലം: || 314
—എത്രയും ബഹു-ദ്രവ്യം ഉണ്ടായി നമുക്കി,'തു
കുത്ര സംഗ്രഹിക്കേ'ണ്ടു—'വെന്നു'ടൻ വിചാരിച്ചു || 315
തന്നുടെ കുപ്പായത്തിൽ വെച്ചു'ടൻ തുന്നി കെട്ടി
തുന്നൽ ഉണ്ടാക്കി തൻെറ ദേഹത്തിൽ ഇട്ടുകൊണ്ടു || 316
സ്വൈരമായ് നടക്കു'മ്പോൾ, ആഷാഢഭൂതി 'യെന്നു
പേരും ആയൊ'രു-വിപ്രൻ സേവിച്ചു കൂടീടിനാൻ: || 317

*1. By undue trust, 2. From greed, 3. By interference.

—സാരമാം ബഹു-ദ്രവ്യം ഇ-'ദ്ദേഹം കുപ്പായത്തിൽ
ചേരുമാറി'ട്ടു തുന്നി 'ക്കൊണ്ടു'(ല്ലോ?) നടക്കുന്നു; || 318
ഇ-'ദ്ധനം കരസ്ഥം ആക്കീടുന്നതു'ണ്ടു, ഞാനും;
ലുബ്ധനോട'ർത്ഥം കൈക്കൽ ആക്കിയാൽ, ദോഷം ഇല്ല— || 319
ഇ-'ത്തരം വിചാരിച്ചു പാദ-ശുശ്രൂഷ ചെയ്തു
വൃദ്ധനാം സന്ന്യാസിയെ വിശ്വസിപ്പിച്ചു, ധൂർത്തൻ. || 320
—ശുദ്ധൻ ആഷാഢഭൂതി, നന്നി'വൻ! ഇവൻ-കയ്യിൽ
മദ്ധനം സൂക്ഷിപ്പാനായ് കൊടുത്താൽ, ദോഷം ഇല്ല— || 321
ഇത്ഥം അങ്ങു'റച്ചൊ'രു-വാസരേ ഭിക്ഷു-ശ്രേഷ്ഠൻ
സ്നിഗ്ദ്ധനാം അവൻ-കയ്യിൽ കുപ്പായം സമർപ്പിച്ചു || 322
കാനനേ നദി-തന്നിൽ സ്നാനത്തിന്നെ'ഴുന്നെള്ളി
സ്നാനവും ചെയ്തു ജപിച്ചി'ങ്ങിനെ നിൽക്കു 'ന്നേരം, || 323
ഉദ്ധതന്മാരാം രണ്ടു-മേഷങ്ങൾ പരസ്പരം
യുദ്ധം അങ്ങാ'രംഭിച്ചു, വാഹിനീ-തീരന്തന്നിൽ; || 324
ആടുകൾ-രണ്ടും ബഹു ദൂരവെ വാങ്ങി 'ക്കൊണ്ടി'ങ്ങ്
ഓടി വന്നു'ടൻ മുട്ടി പിന്നെയും മാറി 'പ്പോകും— || 325
പിന്നെയും വന്നു മുട്ടും-തമ്മിൽ ഈ-വണ്ണം ഉള്ള
സന്നാഹം ക്രമത്താൽ അങ്ങെ'ത്രയും മുഴുത്ത 'പ്പോൾ, || 326
ഭിന്നമാം മുഖങ്ങളിൽനിന്നു'ടൻ ചോര-'ക്കട്ട
ചിന്നിയും ചിതറിയും ഭൂതലേ പതിക്കുന്നു; || 327
അ-'ന്നേരം ഒരു-ഭോഷൻ ജംബുകൻ ചെന്നു കണ്ടു,
—നന്നിതു ചോര-'ത്തുള്ളി, നമുക്കു പാനം ചെയ്വാൻ— || 328
എന്ന'വൻ വിചാരിച്ചു, മേഷങ്ങൾ വാങ്ങു 'ന്നേരം,
ചെന്നു'ടൻ ചോര നക്കി 'ക്കുടിച്ചു തുടങ്ങിനാൻ; || 329
പെട്ട'ന്നു മേഷങ്ങളും വന്നു മുട്ടു 'മ്പോൾ' മദ്ധ്യേ
പെട്ടൊരു'-കുറുനരി ചതഞ്ഞു ചത്തു വീണാൻ. || 330
അ-'മ്മുനി അ-'പ്പോൾ ഒരു-ശ്ലോക-പാദത്തെ ചൊല്ലി
("ജംബുകോ മേഷയുദ്ധേനേ"തി) താൻ അനന്തരം || 331
കാഷായം ധരിച്ചവൻ ഇങ്ങെ'ഴുന്നെള്ളു 'ന്നേരം,
ആഷാഢഭൂതിയെയും കണ്ടി'ല്ലെന്നതേ വേണ്ടു: || 332
ശേഷം അങ്ങൊ'രു-പാദം പൂരിച്ചു തദാ ("വയം
ആഷാഢഭൂതിനേ"തി) പ്രസ്ഥാനം ചെയ്തു, പിന്നെ. || 333

കുപ്പായം നിറച്ചു’ള്ള പൊന്നു’റുപ്പിക ‘യെല്ലാം
എ-‘പ്പേരും കൊണ്ടുപോയാൻ, ആഷാഢഭൂതി ദ്വിജൻ. ‖ 334
അന്തിയും അടുത്ത ‘പ്പോൾ, സന്ന്യാസി ചെന്ന’ങ്ങൊ’രു-
-തന്തുവായൻെറ വീട്ടിൽ പുക്കു വാണ’രുളിനാൻ. ‖ 335
നൂല്പ നൂല്ക്കുന്ന കൂട്ടം ചാലിയന്മാരിൽ ഒരു-
-ചാലിയൻ കള്ളും കുടിച്ചി’ങ്ങിനെ ചാഞ്ചാടുന്നു: ‖ 336
ആയവൻ കെട്ടി ‘ക്കൊണ്ടു വന്നോ’രു-ചാലിയത്തി
(ആയിരം ധൂളി ചത്തു പിറന്നോൾ എന്നു തോന്നും!) ‖ 337
മാരമാൽ കൊണ്ടു ദാസീ-ദത്തമാം മാൎഗ്ഗത്തൂടെ
ജാരനെ സന്ദൎശിപ്പാൻ ശ്രദ്ധം ആയ് പോക ‘ന്നേരം, ‖ 338
മദ്യപൻ അവളുടെ വല്ലഭൻ തന്തുവായൻ
മദ്ധ്യ-മാൎഗ്ഗത്തിൽ വെച്ചു കണ്ടെ’ത്തി പിടികൂടി: ‖ 339
“എങ്ങു പോന്നെ’ടി, ധൂളി?” എന്നവൻ ചോദിച്ച-‘പ്പോൾ:
“നിങ്ങളെ തിരഞ്ഞു, ഞാൻ വന്നേൻ” എന്ന’വൾ ചൊന്നാൾ ‖ 340
“ഉള്ളിലെ-കപടം ഞാൻ ബോധിച്ചു; കൊള്ളാം, തൊഴിൽ!
കള്ളത്തീ! നിന്നെ തൂണിൽ ബന്ധിച്ചേ, മതി ‘യാവു” ‖ 341
ഇങ്ങിനെ കയൎത്തൊ’രു-ചാലിയൻ കയർകൊണ്ടു
പെണ്ണിനെ തൂണിൽ വരിഞ്ഞു’ങ്ങു പോയ് ഉറങ്ങിനാൻ. ‖ 342
മത്തനാം അവൻ അങ്ങു ചത്ത പോൽ ഉറങ്ങു ‘മ്പോൾ,
അത്തൽ കൂടാതെ, ദാസി തത്ര വന്നിതു, മുദാ. ‖ 343
തന്തുവായ-സ്ത്രീയുടെ ബന്ധനം അഴിച്ച’വൾ
ബന്ധുതായതിന്നുടെ മാഹാത്മ്യം കാട്ടീടുവാൻ ‖ 344
തന്നെ-‘ത്താൻ പാശംകൊണ്ടു ബന്ധിച്ചു നിന്നു, മറ്റെ-
-കന്നൽ-‘ത്താർ-മിഴിയാളെ ജാരങ്കൽ നിയോഗിച്ചാൾ. ‖ 345
കുണ്ഠനാം തന്തുവായൻ അ-‘ന്നേരം ഉണൎന്നു’ടൻ
ശണ്ഠകൾ തുടങ്ങിനാൻ; തന്നുടെ കളത്രത്തെ ‖ 346
ശുണ്ഠിയും കടിച്ചവൻ ഘോഷിക്കു ‘ന്നേരം, ഒന്നും
മിണ്ടാതെ തന്നെ നിന്നു ദൂതിയാം അവൾ താനും: ‖ 347
കണ്ഠകൻ എഴുന്നീറ്റു ദാസി തന്നുടെ മൂക്കു
കണ്ടിച്ചു, കത്തി കൊണ്ടു, കശ്മലൻ മഹാജളൻ! ‖ 348
പിന്നെയും ചെന്നു കിടന്നു’റക്കം തുടങ്ങിനാൻ:
അ-‘ന്നേരം അവിടേക്കു ചാലിയത്തിയും വന്നു: ‖ 349

"എന്തെ'ടോ ദൂതി, നിൻെറ വർത്തമാനം?" എന്ന'വൾ:
"എന്തെ'ടോ പറയുന്നു, നമ്മുടെ വൃത്താന്തങ്ങൾ || 350
എന്നെ നീ പാശ-ക്ലേശം വേർവിടുത്ത'യച്ചാലും!"
എന്നതു കേട്ടു പാശം അഴിച്ചു വിട്ടാൾ, അവൾ: || 351
പിന്നെയും മുന്നെ പോലെ തന്നെതാൻ ബന്ധിച്ചുകൊണ്ട്
ഉന്നത-സ്തനി തൂണും ചേർന്നു നില്ക്കുന്ന നേരം || 352
ചാലിയൻ ഉണർന്നു ബോധിച്ചു ചൊന്നാൾ, അവൾ:
"കാലിയെ പോലെ 'യെന്നെ കെട്ടിയിട്ടോ'രു-ദുഷ്ടാ, || 353
നമ്മുടെ നാസാ-ച്ഛേദം ചെയ്യതു പാരം കഷ്ടം!
ദുർമ്മതേ! നീ 'യെൻ-പാതിവ്രത്യം ഓർക്കുന്നീ'ലയൊ? || 354
എന്നുടെ കൌമാരമാം വയസ്സിൽ തുടങ്ങി ഞാൻ
അന്ന്യ-പൂരുഷ-സ്പർശം ചെയ്തിട്ടി'ല്ലെ'ന്നു'ള്ളൊ'രു- || 355
സത്യം ഉണ്ടെ'നിക്ക'തുകാരണം വൈരൂപ്യം തീർന്നു'
അദ്യ ഞാൻ മുന്നേ 'പ്പോലെ മൂക്കിനെ ലഭിച്ചീടും! || 356
പ്രത്യയം-ഇതു ലോകപാലന്മാർ കേട്ടീടേ'ണം!
പ്രത്യേകം പിതൃക്കളും ഒക്കവെ ശ്രവിക്കേ'ണം! || 357
നോക്കെടോ, വന്നു മമ ചന്ദ്രനോടൊ'ക്കും മുഖം!
മൂക്കു കണ്ടാലും, നല്ലോ'ർ എൾ-കുസുമത്തെ പോലെ!" || 358
മൂർഖനാം അവൻ അതു കേട്ട 'പ്പോൾ വേഗം വന്നു
മൂക്കും അ-'മ്മുഖത്തെയും കണ്ട 'പ്പോൾ വിസ്മയിച്ചു || 359
കാല്ക്കൽ വീണ'വൻ കൂപ്പി 'ച്ചൊല്ലിനാൻ: "എൻെറ ദുഷ്ടി-
-വാക്കും ഈ-വ്യാപാരവും ഒക്കെ നീ പൊറുക്കേ'ണം. || 360
തീ-'ക്കനൽ പോലെ നിൻെറ ചാരിത്രം, ചാലി-'പ്പെണ്ണേ:
നീക്കം ഇല്ലെ'ടോ ബാലേ! നിന്നെ ഞാൻ വണങ്ങുന്നേൻ!" || 361
ഇത്ഥം അങ്ങു'രചെയ്തു കെട്ട'ഴിച്ചു' പാന്തികേ
നിർത്തി കണ്ണു-നീർ വാർത്തു പുണർന്നു മേവീടിനാൻ. || 362
തത്ര സംഭവിച്ചൊ'രു- വർത്തമാനങ്ങൾ എല്ലാം
പാർത്തുകൊണ്ട'നങ്ങാതെ ഭിക്ഷുവും വസിക്കുന്നു. || 363
ദാസിക-താനും അ-'പ്പോൾ ഖണ്ഡിതമാ 'യുള്ളൊ'രു-
-നാസികാ-ഖണ്ഡത്തെയും കയ്യിൽ വെച്ചിരിക്കുന്നു: || 364
അ-'ന്നേരം അവളുടെ വല്ലഭൻ ക്ഷൌരക്കാരൻ
വന്നു'ടൻ "ക്ഷൌര-'ക്കത്തി-'സ്സഞ്ചികൊണ്ടു വാ, പെണ്ണേ!" || 365

എന്നതു കേട്ട'ങ്ങൊരു-കത്തി-മാത്രത്തെ എടുത്ത്
അങ്ങോട്ടു കൊടുത്തിതു, നാവിത-സ്ത്രീ 'യാം അവൾ: || 366
നാവിതൻ മഹാ-മൂഢൻ, സഞ്ചി കിട്ടാഞ്ഞു, പാരം
കോപിച്ചു, ഖൾഗം എടുത്തെ'റിഞ്ഞാൻ, അകത്തേക്കു; || 367
"അയ്യയ്യോ മാ-ലോകരേ! നമ്മുടെ ഭർത്താവിന്റെ
കയ്യാൽ എൻ-മൂക്കു പോയി; മൂഢനാം മഹാ-പാപി || 368
മൂർച്ചയുള്ളോ'രു-കത്തി കൊണ്ടെ'റിഞ്ഞ'വൻ എന്റെ
മൂക്കു കണ്ടിച്ചാൻ, ഇതു കണ്ടാലും, ശേഷം ഖണ്ഡം!" || 369
ഇങ്ങിനെ പലരെയും വിളിച്ചു കാട്ടീടിനാൾ.
(അംഗനാ-ജനത്തോ'ളം ദുർബ്ബുദ്ധി മറ്റാർക്കു'ള്ളു?) || 370
അ-'ക്കഥാ കേട്ടു നൃപൻ കല്പിച്ചു, ഭടന്മാരും
ചിക്കെ'ന്നു വന്നു പിടിപെട്ടിതു, ക്ഷുരകനെ: || 371
"നോക്കെ'ടോ, മൂഢ! നീ 'യി-'പ്പെൺ പിറന്നവളുടെ
മൂക്കു ഖണ്ഡിപ്പാൻ എന്തു കാരണം, ദുരാത്മാവേ? || 372
ആർക്കുമെ തോന്നാതു'ള്ള ദുഷ്കർമ്മം ചെയ്തു നിന്റെ
നാക്കു കണ്ടിച്ചു തീയിൽ എരിച്ചേ മതി 'യാവു: || 373
പെണ്ണിനെ ദ്രോഹിച്ചവൻ ശൂലാഗ്രേ നക്ഷത്രങ്ങൾ
എണ്ണി'ക്കൊണ്ട'നേകം നാൾ ഇങ്ങിനെ കിടക്കേ'ണം." || 374
എന്നതു കേട്ടു സന്ന്യാസീശ്വരൻ ഉരചെയ്തു:
"കൊന്നുപോകേ'ണ്ട, വൃഥാ, ഭീതനാം ക്ഷുരകനെ! || 375
ദാസി 'യാം ഇവളുടെ നാസികാ-ച്ഛേദം ഇ-'പ്പോൾ
നാവിതൻ അല്ല, ചെയ്തു; നാം എല്ലാം ബോധിക്കുന്നു || 376
തന്തുവായി 'യാം നാരീ-കാരണം മഹാ-മൂഢൻ
തന്തുവായൻ-താൻ ഇതു ചെയ്തതു, ഭടന്മാരേ! || 377
ശ്ലോകാർത്ഥം ഒന്നു ചൊല്ലി ബോധവും വരുത്തീടാ'ം:
ലോകാപവാദം തീരും, നാവിതന്ന'തു കേട്ടാൽ: || 378
മേഷ-യുദ്ധംകൊണ്ടൊ'രു-ജംബുകൻ നശിച്ചുപോയ്;
ആഷാഢഭൂതി-മൂലം നമുക്കും നാശം വന്നു; || 379
തന്തുവായന്റെ മൂലം ദൂതിക്കു നാശം വന്നു;
താൻ-തന്നെ ജനിപ്പിച്ചോ'ര'-നർത്ഥ-ത്രയം, ഇദം." || 380
ഇ-'ത്തരം അരുൾചെയ്തു സന്ന്യാസി ഗമിച്ചിതു;
തത്വമായി ഭടന്മാർക്കും ബോധിച്ചു വഴി പോലെ || 381

ശിഷ്ടനാം ക്ഷുരകനെ രക്ഷിച്ചു സമ്മാനിച്ചു;
ദുഷ്ടയാം ക്ഷുരകിയെ ദൂരവെ വിസൎജ്ജിച്ചു; || 382
തന്തുവായിക്കും ഒരു-വൈരൂപ്യം നൽകി വിട്ടു;
തന്തുവായനെ 'ക്കൊണ്ടു പിഴയും ചെയ്യിപ്പിച്ചു.—" || 383

എന്നതു കേട്ടു മുദാ ചൊല്ലിനാൻ, കരടകൻ:
"നന്നിതു, സഹോദര! നീതി-ഭേദങ്ങൾ എല്ലാം; || 384
നമ്മുടെ കാൎയ്യംകൊണ്ടു ചിന്തിക്ക, ദമനക!
നന്മ മേൽ പ്രജകൾക്കു വൎദ്ധിപ്പാൻ എന്തു വേണ്ടു?" || 385
നല്ലതു വരാൻ വഴി ചൊല്ലിനാൻ, ദമനകൻ:
"വല്ലതും ഉപായം ഒന്നു'ണ്ടാകും, വിചാരിച്ചാൽ. || 386
നഷ്ടമാം കാൎയ്യം പുനഃ സത്വരം ബോധിപ്പാനും
പുഷ്ടമാം കാൎയ്യം പരിപൂൎണ്ണംആയ് വരുത്താനും || 387
പ്രാപ്തമാം അനൎത്ഥത്തെ ക്ഷിപ്രം അങ്ങൊ'ഴിപ്പാനും
പാത്രമാം, മന്ത്രം; പരം, യന്ത്രം;—എന്ന'റിയുന്നു. || 388
പിംഗലകനും മഹാ-തുംഗനാം വൃഷഭനും
തങ്ങളിൽ കലഹിപ്പിക്കേ'ണം എന്നെ'ന്റെ പക്ഷം." || 389
"അങ്ങിനെ സാധിക്കുമോ?" എന്നിതു കരടകൻ:
"സംഗതി വരുത്തുന്നു'ണ്ടെ"ന്നി'ഹ ദമനകൻ: || 390
"യൽ-കാൎയ്യം ഉപായംകൊണ്ടു'ഞ്ജസാ സാധിക്കുന്നു,
തൽ-കാൎയ്യം പരാക്രമംകൊണ്ടു സാധിക്ക 'യില്ല. || 391
കാക-'പ്പെണ്ണൊ'രു-കടി-സൂത്രത്തെ'ക്കൊണ്ടു മുന്നം
കാള-സൎപ്പത്തെ വധിപ്പിച്ചതു കേട്ടിട്ടി'ല്ലേ?" || 392
"ചൊല്ലെ'ടോ ദമനകാ, കീദൃശം ഇദം?" എന്നു
ചൊല്ലിനാൻ, ദമനകൻ-താനും അഗ്രജനോടു: || 393

## 6. വായസം ഉപായം കൊണ്ടു കാളസൎപ്പത്തെ വധിപ്പിച്ചതു.

ഓക്കം ഉള്ളോ'രു-മരത്തന്നുടെ ശിഖരത്തിൽ
കാക്കയും കാക-'പ്പെണ്ണും കൂടി 'യങ്ങി'രിക്കു 'മ്പോൾ, || 394
കാകി പെററു'ണ്ടാകുന്ന മുട്ടകൾ കാണ്മാൻ ഇല്ല;
ശോകം, ആയതുകൊണ്ടു, കാകനും കാക-സ്ത്രീക്കും; || 395

ഗൂഢംആയ് തിരഞ്ഞ 'ല്പോൾ, തങ്ങടെ മരത്തിൻെറ
കോടരം-തന്നിൽ ഒരു-കൃഷ്ണ-സൎപ്പത്താൻ ഉണ്ടു: || 396
ആയവൻ വന്നു തിന്നു സൎവ്വവും മുടിക്കുന്നു;
ആയതു വിചാരിപ്പാൻ ആരെയും കാണുന്നീ'ല. || 397
വായസിക്കു'തു-കാലം ഗൎഭവും തികഞ്ഞിതു;
വായസം പുറപ്പെട്ടു തന്നുടെ സഖി 'യാകും || 398
ഗോമായു-പ്രവരനോടി-'ക്കഥാ ബോധിപ്പിച്ചു;
ഗോമായു-പ്രവരനും കാകനോടു'രചെയ്താൻ || 399
"കൊക്കെ'ന്നു'ള്ളൊ'രു-പക്ഷി നീററിലെ-മത്സ്യങ്ങളെ
ഒക്കവെ, തക്കം നോക്കി പാൎത്തവൻ കൊത്തി തിന്നും: || 400
ദുൎഘടം-ഇവ ചെയ്യും കൊക്കിനെ, 'യൊരു-ദിനം
കൎക്കടം കടിച്ചാ'ശു കൊന്നതു കേട്ടിട്ടി'ല്ലേ?" || 401
കാകനും പറഞ്ഞിതു: "ഞാൻ അതു കേട്ടിട്ടി'ല്ല;
നീ കഥിക്ക'"ന്നു; തദാ ചൊല്ലിനാൻ, ഗോമായുവും: || 402

## 7. കപടമുള്ള കൊക്കു കൎക്കടത്താൽ കുലപ്പെട്ടതു.

"കൊക്കെ'ന്നു പേർ ആയു'ള്ള വൃദ്ധനാം ഒരു-പക്ഷി
(പൊക്കത്തിൽ പറപ്പാനും ശക്തി 'യില്ല'വനൊ'ട്ടും!) || 403
ചിക്കെ-'ന്ന'ങ്ങൊരു-ദിനം കാനന-സരസ്സിൻെറ
വക്കത്തു ചെന്നു പാരം ദുഃഖിച്ചു വസിക്കു'മ്പോൾ, || 404
കൎക്കടാ-ഖ്യനായു'ള്ള സമൎത്ഥൻ ജല-ജന്തു
കൊക്കിനോടു'രചെയ്താൻ: "എന്തെടോ, താൻ ഇങ്ങിനെ || 405
ദുഃഖിതൻ എന്ന പോലെ, ഭക്ഷണം വെടിഞ്ഞൊ'രു-
-ദിക്കിൽ വന്ന'നങ്ങാതെ പാൎക്കുന്നു? പറഞ്ഞാലും!"— || 406
—"ജീവനം നമുക്കെ,'ടോ, മത്സ്യ-മാംസമേ 'യുള്ളു;
കേവലം അതുകൊണ്ടു ജീവിച്ചു വസിക്കുന്നു; || 407
കൊററി-ജാതികൾക്കെല്ലാം, നീററിലെ-മത്സ്യം അന്യേ
മറെറാ'രു-വക 'യില്ല, കൊററിനെ'ന്ന'റിഞ്ഞാലും. || 408
ഇന്നി'-പ്പോൾ ഒരു-കഥ കേട്ടു, ഞാൻ; കൈവൎത്തന്മാർ
വന്നി'ഹ വല വീശാൻ ഭാവിച്ചു പുറപ്പെട്ടു. || 409
മുക്കോർ വന്നി'വിടത്തെ മത്സ്യത്തെ പിടിച്ചേ'ങ്കിൽ,
പൊക്കം ഇ-ജ്ജനത്തിൻെറ ഭക്ഷണം, എടോ ഞണ്ടേ!" || 410

ഇ-'ത്തരം ബകത്തിന്റെ വാക്കുകൾ കേട്ട നേരം
തത്ര മേവുന്ന മഹാ-മത്സ്യങ്ങൾ ഭയ-പ്പെട്ടു: || 411
വമ്പനാം കൊമ്പൻ-ത്രാവും കണ്ണനും കരി-മീനും
ചെമ്പനും പരൽ-മീനും എന്നിവർ മഹാ-യോഗം || 412
സംഭ്രമത്തോടെ ചെന്നു കൊക്കിനെ തൊഴുതുകൊണ്ട്
അംഭസ്സിൽ നിരന്നു നിന്നി'ത്ഥം ഒന്നുരചെയ്തു: || 413
"ഇ-'ജ്ജനങ്ങളെ ഭവാൻ പാലനം ചെയ്തീടേ'ണം!
ദുർജ്ജനന്മാരായു'ള്ള ദാശന്മാർ അത്ര വന്നു || 414
ഉള്ളത്തിൽ കനിവി'ല്ലാതു'ള്ളവർ വല 'യിട്ടു
വെള്ളത്തിൽ കിടക്കുന്ന ഞങ്ങളെ പിടിക്കാതെ, || 415
കള്ളത്തിൽ ഒരു-തൊഴിൽ അങ്ങുന്നു വിചാരിച്ചു
കള്ളന്മാരുടെ നിർമ്മര്യാദത്തെ നിർത്തീടേ'ണം! || 416
യാതൊ'രെ'ടത്തുനിന്നു സങ്കടം സാധുക്കൾക്കു
ജാതമായ്'അവരോടു കൈതവം പ്രയോഗിക്കാ'ം; || 417
വാമന-വ്യാജം പൂണ്ടു മാബലിയോടു പണ്ടു
ഭൂമി-പാതാളം-സ്വർഗ്ഗം മാധവൻ വീണ്ടി'ല്ലയോ?" || 418
"മത്സ്യ-ശത്രുക്കളാകും ദാശന്മാരോടു ചെന്നു
മത്സരിപ്പതിന്ന'ഹോ കൊക്കുകൾ മതി 'യാമോ? || 419
മുററും ഇന്നു'പകാരം ഇത്ര-മാത്രം ഞാൻ ചെയ്യാ'ം—
മററൊ'രു-ജലാശയേ നിങ്ങളെ കൊണ്ടുചെന്നു, || 420
കററം എന്നിയെ, തത്ര പാർപ്പിക്കാ'ം; അവിടത്തിൽ
ചെററും ഇ-'ദ്ദാശന്മാരെ പേടിക്കവേണ്ട, താനും." || 421
ഇങ്ങിനെ ബകത്തിന്റെ ചൊൽ കേട്ടു മത്സ്യങ്ങളും:
"അങ്ങിനെ കൊള്ളാ'ം" എന്നു പറഞ്ഞു പിരിഞ്ഞിതു. || 422
അന്നു തൊട്ടോ'രോ-ദിനം ഓരോരോ-മത്സ്യങ്ങളെ
ചെന്നു'ടൻ കൊത്തി 'ക്കൊണ്ടു മററൊ'-രു-ഗൂഢ-സ്ഥലേ || 423
കൊണ്ടുചെന്ന'-'മ്മത്സ്യത്തെ ഭക്ഷിച്ചു, മഹാ-മൂഢൻ:
രണ്ടു-മൂന്നു-മാസങ്ങൾ ഇങ്ങിനെ കഴിഞ്ഞിതു: || 424
—ഉണ്ടി തിനൊ'രു-വ്യാജ്യം—എന്നു ശങ്കിച്ചു, തദാ,
ഞണ്ടു ചെന്നു'രചെയ്തു, കൊക്കിനോടൊ'രു-ദിനം: || 425
"ഇന്നു നീ നമ്മെ കൊണ്ടു പോകെ'ടോ, ബകാധീശ!
നന്നു പോൽ, അ-പ്രദേശം, നമുക്കു വാണീടുവാൻ." || 426

എന്നതു കേട്ടു ബകം ചിന്തിച്ചാൻ:—കളീരത്തെ
കൊന്നു തിന്നി'തിനു'ള്ള സ്വാദും ഇന്ന'റിഞ്ഞീടാ'ം— || 427
ഇത്ഥം അണ്ടു'റച്ചവൻ അങ്ങിനെ കൊത്തിക്കൊണ്ടു
തത്ര നിന്നാ'ശു വദ്ധ്യ-സ്ഥാനത്തെ പ്രവേശിച്ചു; || 428
തൽ-പ്രദേശത്തു ബഹു-മത്സ്യാസ്ഥി-'ക്കൂട്ടം കണ്ടു
ക്ഷിപ്രം ആശയേ ചിന്തിച്ചീടിനു, കളീരേന്ദ്രൻ: || 429
—തൽ-ക്ഷണം മഹാ-ദുഷ്ടൻ മത്സ്യത്തെ 'ക്കൊണ്ടു'ന്നി'ഹ
ഭക്ഷണം കഴിക്കയോ ചെയ്യുന്നു, വിലക്ഷണം? || 430
എങ്കിൽ, ഞാൻ ഇവനുടെ സംഹാരം ചെയ്തീടുന്നേൻ:
ശങ്ക 'യില്ലി,'നിക്കതു സാധിക്കും, ദൈവാശ്രയാൽ: || 431
സാദ്ധ്യം അല്ലെ'ങ്കിൽ, തന്റെ പ്രാണനെ 'യുപേക്ഷിക്കാ'ം;
സാധു-രക്ഷണാർത്ഥമായ് മരിച്ചാൽ, മോക്ഷം ഫലം: || 432
യുദ്ധം ചെയ്തി'ല്ലെ'ങ്കിലും, മൃത്യു നിശ്ചയം, ഇപ്പോൾ;
യുദ്ധത്തിൽ രണ്ടും വരും; സംശയ-സ്ഥാനം, യുദ്ധം: || 433
അങ്ങിനെ വരും ദിക്കിൽ, തന്നുടെ ശക്തിക്കൊ'ക്കും
സംഗരം ചെയ്യാ'ം, എന്നു സാധുക്കൾ ചൊല്ലി 'ക്കേൾപ്പു.— || 434
കർക്കടകാധീശ്വരൻ ഇങ്ങിനെ വിചാരിച്ചു
കൊക്കിന്റെ കൊക്കിൽനിന്നു കുതിച്ചു ചാടീടിനാൻ: || 435
വക്കാണം തുടങ്ങിനാൻ, ഉൽക്കട-കോപത്തോടെ!
ധിക്കാരം കണ്ടു കൊക്കും കോപിച്ചു യുദ്ധം ചെയ്തു: || 436
കുണ്ഠതാപം വെടിഞ്ഞു'ടൻ ഞണ്ടു-താൻ ബകത്തിന്റെ
കണ്ഠത്തിൽ കടിച്ചു'ടൻ അഞ്ജസാ കുലചെയ്തു. || 437

"ചൊല്ലിയേൻ, അതുകൊണ്ടു, ശത്രു-നിഗ്രഹം ചെയ്വാൻ
വല്ലതും ഉപായം ഉണ്ടായ് വരും, സാധുക്കൾക്കും." || 438
"എന്തു ഞാൻ ചെയ്വൻ, ഇപ്പോൾ," എന്നു ചോദിച്ചു, കാകൻ
ബന്ധു 'വാം ക്രോഷ്ടാവു'രചെയ്തു, നല്ലു'പദേശം: || 439
"അന്തികേ നൃപാലയേ ഭൂപന്റെ മഹിഷി 'യാം
മന്തിഗാമിനി 'യുണ്ടു, വാപിയിൽ കളിക്കുന്നു; || 440
ഉന്നത-സ്തനി-തന്റെ പൊന്നരഞ്ഞാണം കഴിച്ച്
അന്യ-ഭാഗത്തു വെച്ചു മുങ്ങുവാൻ ഭാവിക്കും പോൾ, || 441

സത്വരം പറന്നു ചെന്നു'ത്തമം കടി-സൂത്രം
കൊത്തി നിൻ-കൊക്കിൽ ആക്കി കൊണ്ടു പോന്നാലും, സഖേ! || 442
ആയതു മരത്തിൻെറ തുഞ്ചത്തു തൂക്കി 'ക്കൊണ്ടു
വായസ ഭവാൻ അനങ്ങാതെ 'യങ്ങി'രുന്നാലും! || 443
ആ-വഴി വരുന്നോ'-രു-പാന്ഥന്മാർ അതു കണ്ടാൽ,
ആയതു കരസ്ഥം ആക്കീട്ടുവാൻ യത്നം ചെയ്യും: || 444
ഉന്നത-ദ്രുമം-തന്നിൽ ഏറുവാൻ തുടങ്ങും പോൾ,
പന്നഗം അതിൽനിന്നു പത്തിയും ഉയൎത്തീടും: || 445
ദംശിപ്പാൻ വരുന്നോ'രു-സൎപ്പത്തെ പഥികന്മാർ
സംശയം കൂടാതെ'വർ തല്ലി നിഗ്രഹിച്ചീടും: || 446
അങ്ങിനെ വന്നാൽ, നിൻെറ സങ്കടം എല്ലാം തീരും;
തങ്ങൾക്കു പാമ്പിൻ-പക സംഭവിക്കയും ഇല്ല." || 447
കാകനും, അവൻ പ്രബോധിപ്പിച്ചോ'രു'-പായത്തെ
വ്യാകുലം കൂടാതെ'നുഷ്ഠിച്ചിതു, കുതൂഹലാൽ: || 448
അങ്ങിനെ തന്നെ കൃഷ്ണ-ഭോഗി-തൻ-വിനാശവും
സംഗതി വന്നിതെ',തുകൊണ്ടു ഞാൻ ഉരചെയ്യേൻ: || 449
—യൽ-കാൎയ്യം ഉപായം കൊണ്ടെ'ഞ്ജസാ സാധിക്കുന്നു,
തൽ-കാൎയ്യം പരാക്രമംകൊണ്ടു സാ'ദ്ധ്യം അല്ലെ'ന്നു.— || 450
"ബുദ്ധി 'യുണ്ടെ'ങ്കിൽ, അവനാ'യതു ബലംതന്നെ;
ബുദ്ധി 'യില്ലെ'ങ്കിൽ അവനൊ'ട്ടുമേ ബലം ഇല്ല. || 451
ബുദ്ധിമാൻ ഒരു-മുയൽ പണ്ടൊ'രു-സിംഹത്തിനെ
സിദ്ധി പൂകിച്ചാൻ; അതും അഗ്രജൻ കേട്ടിട്ടി'ല്ലേ?" || 452
"ആയതു മാത്രം കേട്ടിട്ടി'ല്ലെ," ന്നു കരടകൻ.
"ഭൂയസാ വദാമി, ഞാൻ" എന്നു'ടൻ ദമനകൻ. || 453

## 8. ശശം കൌശല്യേന സിംഹസംഹാരം ചെയ്തതു.

"പണ്ടു'ണ്ടു മദോൽക്കടൻ എന്നൊ'രു-മഹാ-സിംഹം
കണ്ടെ'ത്തും മൃഗങ്ങളെ 'യൊക്കവെ ഭക്ഷിക്കുന്നു; || 454
കുണ്ഠിതം പൂണ്ടു മൃഗ-'ക്കൂട്ടങ്ങൾ സ്വരൂപിച്ചു
കൊണ്ടവർ മൃഗേന്ദ്രനെ പ്രാപിച്ചു ചൊല്ലീടിനാർ: || 455

''തമ്പുരാനൊ'രു-കഴിവു്'ണ്ടെ'ങ്കിൽ, അടിയങ്ങൾ
തങ്ങൾ-തന്നുടെ രാജ്യത്തി'രുന്നു പൊറുത്തീടാ'ം: || 456
ശക്തി 'യില്ലെ'ന്നു വന്നാൽ,—ഇങ്ങിനെ ദുരാചാരം
ശക്തിമാൻ തുടങ്ങിയാൽ,—ദിക്കുകൾ നശിച്ചുപോം: || 457
രക്ഷണം ചെയ്യേണ്ടുന്ന രാജാക്കൾ പ്രജകളെ
ഭക്ഷണം ചെയ്യുാൽ, പാരം കഷ്ടം എന്നതേ വേണ്ടു! || 458
ഇ-ക്ഷണം നിൎമ്മൎയ്യാദം കാട്ടുന്ന പ്രഭുക്കളെ
ശിക്ഷണം ചെയ്യാൻ കാലൻ എന്നിയേ മററാ'രു'ള്ളു? || 459
ഓരോരൊ-ദിനം തോറും, ഓരോരൊ-മൃഗങ്ങളെ
ആരോമൽ ഭുജിച്ച'രുളേ'ണമേ, സ്വാമിൻ ഭവാൻ! || 460
ഊഴം ഇട്ട'ടിയങ്ങൾ തമ്പുരാൻ-തിരു-മുമ്പിൽ,
ഊനം എന്നിയേ, വരാ'ം: ആയതു ഭുജിച്ചാലും, || 461
പക്ഷി-രാജനും പണ്ടു പാമ്പുകൾ, ദിനം തോറും,
ഭക്ഷിപ്പാൻ ക്രമത്താലെ വ്യവസ്ഥ വെച്ചതു പോലെ." || 462
''അങ്ങിനെ ചെയ്യാ'ം" എന്നു സിംഹവും ഉരചെയ്തു;
മംഗലം കലൎന്നി'ട്ടു പോന്നിതു, മൃഗങ്ങളും. || 463
അന്നു തൊട്ടോ'-രൊ-മൃഗം ഓരൊ-വാസരങ്ങളിൽ
ചെന്ന'ട്ടു സിംഹത്തിന്നു ഭക്ഷണം ഏകീടുന്നു. || 464
ഇത്ഥം അങ്ങൊ'രു-മാസം ചെന്ന 'പ്പോൾ, വിദഗ്ദ്ധനായി
വൃദ്ധനാം ഒരു-ശശത്തിനും അന്ന'ഴം വന്നു: || 465
—നമ്മുടെ മൃത്യു-ദിനം വന്നിതു, മഹാ-കഷ്ടം!
ജന്മം ഉണ്ടെ'ങ്കിൽ, മൃത്യു-പ്രാപ്തിയും ദൃഢം, അല്ലോ? || 466
ദുൎമ്മരണം എന്നതു സങ്കടം; അതും എന്റെ
കൎമ്മ-ദോഷം എന്ന'ല്ലാതൊ'ന്നുമെ ചൊൽവാൻ ഇല്ല! || 467
വല്ലതും ഉപായം-ഒന്നു'ണ്ടാക്കി സിംഹേന്ദ്രനെ
കൊല്ലുക-തന്നെ നല്ലു, കില്ലു'തിനി'ല്ല, തെല്ലും! || 468
ബുദ്ധിമാൻ വിചാരിച്ചാൽ, വല്ല കാൎയ്യം എന്നാലും
സിദ്ധിപ്പാൻ തടവി'ല്ലെ'ന്നു'ററക്കാർ പറയുന്നു:— || 469
തെററെ'ന്നു വിചാരിച്ചു. തത്ര ചെല്ലുവാൻ കാലം
തെററിച്ചു മന്ദം മന്ദം നടന്നു ചെന്നു, മുയൽ. || 470
നിത്യവും ശീലിച്ചൊ'-രു-കാലത്തു കാണായ്കയാൽ
ക്ഷുത്തുകൊണ്ടു'വശനാം സിംഹവും കോപിച്ചിതു: || 471

‘‘എന്തെ’,ടോ, നേരം വൈകാൻ കാരണം, ശശാധമ!
ഹന്ത! ഞാൻ വിശപ്പുകൊണ്ടേ’ത്രയും ദുഃഖിക്കുന്നു.” || 472
കൈകളും കൂപ്പി ‘ക്കൊണ്ടു പറഞ്ഞു, ശശം: ‘‘കാലം
വൈകുവാൻ മൂലം, സ്വാമിൻ, ഏഷ-ഞാൻ ഉണൎത്തിക്കാ’ം! || 473
മററൊ’-രു-സിംഹം മാൎഗ്ഗേ വന്നു’ടൻ നമ്മെ തിന്മാൻ
ഏററവും മുതിൎന്നു’ടുത്തീടിനാൻ, മഹാ-ഘോരൻ; || 474
മുററും അ-‘ത്തടിയനെ പേടിച്ചു കാട്ടിൽ കൂടെ
മററൊ’-രു-വഴി വളച്ചി’ങ്ങി’ഹ വിട-കൊണ്ടേൻ: || 475
കുററം ഇല്ലെ’ടിയനെ’ന്നോ’ൎത്തു രക്ഷിച്ചീടേ’ണം;
കുററുകാരന്റെ പിഴ സ്വാമികൾ സഹിച്ചീടും; || 476
മററു-സിംഹങ്ങൾ വന്നു വമ്പുകൾ കാട്ടുന്നതു
മാററുവാൻ സ്വാമി യല്ലാതാ’രു’ള്ളു, മഹീ-തലേ?” || 477
“എങ്ങെ’ടോ മഹാ-മൂഢൻ-? നമ്മുടെ വനേ വരാൻ
സംഗതി എന്തു? വേഗാൽ സംഹരിക്കുന്നു’ണ്ടു, ഞാൻ || 478
തൽ-ക്ഷണം അ-‘സ്സിംഹത്തെ കൊല്ലാതെ, നമുക്കി’നി
ഭക്ഷണ-ഭാവം ഇല്ല; കുത്ര മേവുന്നു, ഭോഷൻ?” || 479
ഇങ്ങിനെ സിംഹത്തിന്റെ ഹുങ്കൃതി കേട്ടു, ശശം:
‘‘ഇങ്ങോട്ടേക്കെ’ഴുന്നെള്ളാ’ം’’ എന്നവൻ വഴി കാട്ടി, || 480
എത്രയും കുണ്ടു’ള്ളോ’രു-കൂപത്തിൻ-തീരേ ചെന്നു:
‘‘തത്ര നിന്നു’രുൾചെയ്തു തൃക്കണ്പാൎത്തു’രുളേ’ണം’’ || 481
കൂപത്തിൻ-മീതെ നിന്നു നോക്കിയാൽ, സിംഹത്തിന്റെ
രൂപത്തെ കീഴെ ‘കാണാ’ം സ്വാമിയെ പോലെ തന്നെ.” || 482
എന്നതു കേട്ടു, സിംഹം കോപിച്ചു കൂപത്തിന്റെ
സന്നിധൌ നിന്നുകൊണ്ടു കീഴ്പെട്ടു നോക്കീടിനാൻ; || 483
തന്നുടെ പ്രതിരൂപം പോലെ, കൂപത്തിൽ കണ്ടു
തന്നുടെ പ്രതിയോഗി-സിംഹം എന്നോ’ൎത്തു, മൂഢൻ || 484
ഊററത്തിൽ സിംഹ-നാദം ചെയ്തു ‘പ്പോൾ കിണററിന്നും
മാറെറാലികൊണ്ടു മഹാ-സിംഹ-നാദത്തെ കേട്ടു: || 485
‘‘എന്നുടെ ശബ്ദം പോലെ നീ കൂടെ തുടങ്ങിയാൽ,
നിന്നുടെ ശരീരത്തെ ഭഗ്നം ആക്കുന്നു’ണ്ടു, ഞാൻ.” || 486
എന്ന’വൻ പറഞ്ഞ ‘പ്പോൾ, അങ്ങിനെ-തന്നെ കൂപം
തന്നിൽനിന്നു’ടൻ പ്രതി-ശബ്ദവും ഉണ്ടായ്‌ വന്നു: || 487

''കൊല്ലുന്നു'ണ്ടു ഞാൻ നിന്നെ'' എന്നവൻ പറഞ്ഞ 'പ്പോൾ,
''കൊല്ലുന്നു'ണ്ടു ഞാൻ, നിന്നെ''എന്നി'ങ്ങും കേൾപ്പാ'റാ'യി; || 488
ക്രുദ്ധനാകിയ സിംഹം കണ്ടു-കൂപത്തിൻ-ഉള്ളിൽ
സത്വരം കുതിച്ചു ചാടീടിനാൻ, മഹാ-ജളൻ; || 489
ഉള്ളത്തിൽ മദം ഏറും മൂഢനാം അവൻ ക്രമേ
വെള്ളത്തിൽ മുങ്ങി പൊങ്ങി കൈ-കാലും കുഴഞ്ഞു' (ഹോ) || 490
വെള്ളവും കടിച്ചാശു പള്ളയും വീൎത്തു പൊട്ടി
തൊള്ളയും പിളൎന്നു'വൻ ചത്തു,പോയെ'ന്നേ വേണ്ടു. || 491
വൃദ്ധനാകിയ ശശം ബുദ്ധി-കൌശല്യം കൊണ്ടു
ശത്രു-സംഹാരം ചെയ്തു ബുദ്ധി-മാഹാത്മ്യം ഇദം.'' || 492

"ഭദ്രം അസ്തു തേ, സഖേ! കാൎയ്യ-സിദ്ധയേ, ഭവാൻ!"
അദ്രി-കന്ദരേ ചെൽകെ'ന്നു'ക്തവാൻ, കരടകൻ. || 493

നന്ദി-പിംഗലകന്മാർ മേളിച്ചു വസിക്കുന്ന
കന്ദരം-തന്നിൽ ചെന്നു വന്ദിച്ചു, ദമനകൻ. || 494
''രണ്ടു-വാക്കു'ടിയനു ഗ്രദ്ധമായു'ണൎത്തിപ്പാൻ
ഉണ്ടു;'തിനു'വസരം ഉണ്ടാമോ, മഹാമതേ?'' || 495
എന്നതു കേട്ടു സിംഹം മറ്റൊ'രു-ഗ്രഹ-തന്നിൽ
ചെന്നി'രുന്നു'രചെയ്തു: ''വന്നാലും, ദമനകാ! || 496
നിന്നുടെ ഹിതം എല്ലാം എന്നോടു കഥിക്ക, നീ!''
എന്നതു കേട്ടു ചൊന്നാൻ, ഗ്രദ്ധം ആയി, ദമനകൻ: || 497
''തമ്പുരാനു'ടിയനിൽ ഉള്ളൊ'രു'-സ്നേഹം കൊണ്ടു
കമ്പം ഉണ്ടായി'ല്ല'ല്ലി? എന്നൊ'രു-ശങ്ക-മൂലം || 498
സംപ്രതം അപരാധം പേടിച്ചു'ങ്ങു'ണൎത്തിപ്പാൻ
സംശയിക്കുന്നു; തഥാ വിദ്വാന്മാർ കഥിക്കുന്നു;— || 499
—കാൎയ്യങ്ങൾ വിചാരിപ്പാൻ കാരിയക്കാരൻ ആക്കി,
കല്പിക്കാത്തവൻ വന്നു കാൎയ്യങ്ങൾ അറിയിച്ചാൽ, || 500
മന്നവന്മാൎക്കു തങ്കൽ മുന്നമെ 'യുള്ള സ്നേഹം
ഭിന്നമായ് വരും, തന്റെ ദുസ്സാമൎത്ഥ്യത്തെ 'കൊണ്ടു.'' || 501
സാദരം ഉരചെയ്തു, പിംഗലകനും, തദാ:
''സോദര-സ്നേഹം നിങ്കൽ ഉണ്ടി'നിക്കെ'ടോ സഖേ! || 502

എന്തു നീ ‘യുരചെയ്യാൻ ഭാവിച്ചു, ദമനക?
അന്തരം കൂടാതെ’തു ചൊൽക, നീ മടിയാതെ.” || 503
ഉക്തവാൻ ദമനകൻ: “നമ്മുടെ സഞ്ജീവകൻ
ശക്തൻ എങ്കിലും, മഹാല്പജ്ഞൻ—എന്ന’റിയേ’ണം. || 504
ശക്തികൾ മൂന്നു വിധം; ഉത്സാഹം, പ്രഭുത്വവും,
യുക്തി-യുക്തമാകുന്ന മന്ത്രവും—ഇവ-മൂന്നും || 505
സമ്പൂർണ്ണം മമ സ്വാമിക്കാ’യതു സഞ്ജീവകൻ
സമ്പ്രതി നിന്ദിക്കുന്നു, ഞങ്ങളും കേൾക്ക ‘ത്തന്നെ || 506
എന്തിനു പല-വസ്തു ചൊല്ലുന്നു? സഞ്ജീവകൻ
നിൻ-തിരുവടിയുടെ രാജ്യത്തെ കാംക്ഷിക്കുന്നു.” || 507
ആയതു കേട്ടു, കിഞ്ചിൽ ഭീതിയും ആശ്ചര്യവും
ആശയേ ജനിക്കയാൽ, മിണ്ടാതെ നിന്നു, സിംഹം. || 508
പിന്നെയും ദമനകൻ ചൊല്ലിനാൻ: “മമ സ്വാമി-
-തന്നുടെ പ്രധാന-മന്ത്രീശ്വരൻ സഞ്ജീവകൻ; || 509
എന്നതിൽ വരുന്നോ’രു-ദോഷവും ഉണർത്തിക്കാ’ം.
(എന്നുടെ സൃഷ്ടി ‘യല്ലാ, വിദ്വാന്മാർ പറയുന്നു.) || 510
ഉന്നതനായു’ള്ളോ’രു-മന്ത്രി-തൻ കഴുത്തിലും
മന്നവൻ-കഴുത്തിലും പാദങ്ങൾ-രണ്ടും വെച്ചു || 511
നിൽക്കുന്നു, രാജ്യ-ശ്രീ-താൻ! ആയവൾ ഒരുത്തനെ
തക്കത്തിൽ ഉപേക്ഷിക്കും, സ്ത്രീ-സ്വഭാവത്തിൻ-മൂലം; || 512
രണ്ടു-പേർ-പുരുഷന്മാർ ഉണ്ടായാൽ, വേശ്യാ-സ്ത്രീയും
രണ്ടു-പേരിലും തുല്യ-സ്നേഹ ‘യായ് വരികി’ല്ല; || 513
ലോക-സമ്മതം മഹാ-ചാഞ്ചല്യം ഉണ്ടാകയാൽ
ഏകനെ പരിത്യജിച്ചന്യനെ സ്വീകരിക്കും; || 514
രാജലക്ഷ്മിയും തഥാ മന്ത്രിയെ ത്യജിച്ചു തദ്-
-രാജനെ പരിഗ്രഹിച്ചീടിനാൽ എന്തു വരും— || 515
ഭൂപനെ ത്യജിച്ചു തൻ-മന്ത്രിയെ ഭജിച്ചെ’ന്നും
ഭൂയസാ വരും—ഏവം കാണുന്നു, പലേ’ടവും; || 516
എന്നതുകൊണ്ടു ചൊന്നേൻ ഏക-മന്ത്രിയെ തന്നെ
മന്നവൻ പ്രധാനി ‘യായി കല്പിച്ചാൽ, ഹിതം വരാ. || 517
ലോകങ്ങൾ വിചാരിപ്പാൻ ഒക്കവെ പ്രമാണമായ്
ഏകനെ തന്നെ നൃപൻ മന്ത്രിയായു’റപ്പിച്ചാൽ, || 518

ആയവന്നു'ള്ളിൽ അഹംഭാവവും വൎദ്ധിച്ചീടും;
കാൎയ്യങ്ങൾക്കു'പേക്ഷയും ഉണ്ടാകും, ക്രമത്താലെ; || 519
തന്നുടെ താന്തോന്നിത്വം മുഴത്തു പതുക്കവെ
തന്നെ വൎദ്ധിപ്പിച്ചൊ'രു-സ്വാമിയെ ദ്വേഷിച്ചീടും; || 520
മിക്കവാറിന്നും തനിക്കു'ൽക്കൎഷം വൎദ്ധിക്കുംപോൾ,
പൊക്കമാം അധീശനും മക്കളും ബന്ധുക്കളും. || 521
നിത്യവും തനിക്കു-പകാരത്തെ ചെയ്യുന്നോരിൽ
പ്രത്യുപകാരം ചെയ്യും മൎത്ത്യനെ കാണ്മാൻ ഇല്ല. || 522
തന്നുടെ സ്ഥാനം വന്നാൽ, ആയതു സാധിപ്പിച്ച
മന്നനെ മറന്നുപോം, അപ്പോഴെ, മഹാ-പാപി! || 523
അ-'ക്കണക്കു'ള്ള ദുഷ്ടൻ മൃത്യുപോവതിൻ-മുമ്പെ'.
ഛിക്ക'ന്നെ പരിത്യജിച്ചീടുന്ന നൃപൻ നൃപൻ. || 524
അന്നത്തിൽ വിഷം കണ്ടാൽ, ആകവെ ത്യജിക്കേ'ണം;
പിന്നെ താൻ അതിൽ ഒട്ടും ആഗ്രഹിക്കയും വേണ്ട. || 525
പല്ലുകൾ ഇളകിയാൽ, അപ്പോഴെ പറിക്കേ'ണം;
തെല്ലു'പേക്ഷിച്ചാൽ, ശേഷം ഉള്ളതും ഇളകി 'പോം || 526
ദുഷ്ടനാം അമാത്യന്റെ കൂട്ടുകാരരെ കൂടെ
വെട്ടി'ന്നു മൂല-ച്ഛേദം ചെയ്യാതെ, സുഖം വരാ. || 527
തൊട്ടു തിന്നവരുടെ മക്കൾക്കും പെണ്ണുങ്ങൾക്കും
തട്ടും ഇ-'ദ്ദോഷം; അവൎക്കി'ണങ്ങും ഇല്ലാതാ'കും. || 528
നമ്മുടെ സഞ്ജീവകൻ സ്വാതന്ത്ര്യം തുടങ്ങുന്നു.
സമ്മതം അല്ലി'പ്രജകൾക്കി'വൻ കാൎയ്യക്കാരൻ. || 529
നാളേക്കു ഗുണം വരുത്തീടുവാൻ വിചാരം ഇ-'
'ക്കാളെക്കു ഭവിക്കുമോ? കാൎയ്യം ഒന്നു'റിയാമോ? || 530
കണ്ഠത്തിൽ നുകം വെച്ചു കണ്ടത്തിൽ ഉഴവിന്നു
കൊണ്ടുപോയാ'ക്കേണ്ടുന്ന പണ്ടം അല്ലയോ, 'യിവൻ? || 531
എന്തിനു കാൎയ്യക്കാരൻ ഇങ്ങിനെ 'യൊരുത്തനെ
സന്ധിപ്പിക്കുന്നു, നൃപൻ, താന്തന്നെ പോരാഞ്ഞിട്ടോ? || 532
സ്നേഹവും കാൎയ്യാകാൎയ്യ-ജ്ഞാനവും തികഞ്ഞൊ'രു-
-ദേഹം എന്നാ'കിൽ, അവൻ മന്ത്രി 'യായെ'ന്നാൽ കൊള്ളാ'ം || 533
ലക്ഷണം അല്ലാതു'ള്ള മന്ത്രികൾ രണ്ടു-നേരം
ഭക്ഷണം കഴിച്ചു'റങ്ങീടുവാൻ മാത്രം കൊള്ളാ'ം. || 534

തിങ്ങിന ധനം കണ്ടാൽ, ആഗ്രഹം കൂടാതേയും—
അംഗനമാരെ കണ്ടാൽ, ആശ ‘യില്ലാതെ കണ്ടും— || 535
തങ്ങടെ വൃത്തിങ്കൽ താല്പൎയ്യം ഇല്ലാതേയും—
അങ്ങിനെ ‘യുള്ള പുമാനെ’ങ്ങാ’നും കാണ്മാനു’ണ്ടോ? || 536
തങ്ങടെ ഗ്രഹങ്ങളിൽ സമ്പത്തുള്ളവർ രാജ-
-പുംഗവൻ-തന്നെ സേവിച്ചീടുവാൻ പുറപ്പെടാ. || 537
ശക്തിയും ഇല്ല ഗ്രഹേ ഭുക്തിക്കും ഇല്ലാത്തവർ
ഭക്തിയും ഭാവിച്ചുകൊണ്ടെ’പ്പോഴും പ്രഭുക്കടെ || 538
ഭൃത്യരായിട്ടും ചിലർ, കാൎയ്യസ്ഥന്മാരായിട്ടും
നിത്യരായിട്ടും ചിലർ, കാരിയക്കാരായിട്ടും || 539
പണ്ടാര-മുതൽ എല്ലാം ഭക്ഷിച്ചു വക ‘യാക്കാൻ
ഉണ്ടാകും മനുഷ്യരെ ‘ക്കൊണ്ടെ’ന്തു ഫലം, വിഭോ? || 540
“കല്ലുകൾ ഇല്ലാതു’ള്ള കാനനേ കിളക്കുന്ന
പുല്ലുകൾ ഇവൻ തിന്നു കാനനം വെളിവാ’ക്കാൻ || 541
അല്ലാതെ’ങ്ങൊ’രു-കാൎയ്യം ചിന്തിപ്പാൻ ഇവൻ പോരാ:
വല്ലാത്ത വൃഷഭത്തെ സ്നേഹിപ്പാൻ എന്തു മൂലം?” || 542
പിംഗലകനും ചൊന്നാൻ: “ഇങ്ങിനെ എന്നാ’കിലും,
പുംഗവൻ-തന്നിൽ സ്നേഹം പാരം ഉണ്ടെ’, നിക്കെ’ടോ! || 543
യാതൊരു-ജനത്തിനും യാതൊരു-ജനം പ്രിയം,
(ജാതി-ഹീനൻ ആകിലും, ദുഷ്ട-ശീലൻ എങ്കിലും,) || 544
ആയവന്ന’വൻ പ്രിയൻ, ദുഷ്ടൻ എന്നാലും, തന്റെ
കായത്തെ ഉപേക്ഷിപ്പാൻ ആൎക്കാനും തോന്നീടുമോ?” || 545
ചൊല്ലിനാൻ ദമനകൻ: “ആരുടെ ദോഷം ഇതെ’ന്ന്
ഉ’ള്ളതു വിചാരിച്ചാൽ, സ്വാമി-താൻ ഉപേക്ഷിക്കും. || 546
മററു’ള്ള ഭൃത്യന്മാരെ ‘യൊക്കവെ ‘യുപേക്ഷിച്ചു
മുററും ഈ-വൃഷഭത്തെ പോററുന്ന സ്വാമി-തന്റെ || 547
കുററം അററു’ള്ള രാജ്യം ഹരിപ്പാൻ മോഹിക്കും ഇ’
‘ക്രൂററനിൽ കൂറു’ണ്ടാവാൻ എന്തു (പോൽ) അവകാശം? || 548
പുത്രൻ എന്നാലും ഉററ മിത്രം എന്നാലും സ്വാമിക്ക്
എത്രയും പ്രിയൻ അവൻ എന്നി’ഹ വരു ‘ന്നേരം, || 549
ധാത്രിയിൽ ഉള്ള സമ്പത്തൊ,ക്കവെ തന്നിക്കാ’ക്കും;
ഗാത്ര-മാത്രമേ പിന്നെ സ്വാമിക്കു ശേഷിച്ചീടു. || 550

സജ്ജനാചാരങ്ങളെ ത്യജിച്ചു സദാകാലം
ദുൎജ്ജനാചാരങ്ങളെ സ്വീകരിക്കുന്ന പുമാൻ, || 551
സ്വസ്ഥാന-ഭ്രംശം വരു 'ന്നേരത്തു, ശത്രുക്കടെ
സ്വസ്ഥാനം-തന്നിൽ ചേൎന്നു സ്വാമിയെ ദ്രോഹിച്ചീടും. || 552
കേൾക്കുംപോൾ, ശ്രോത്ര-പ്രിയം അല്ലെ'ന്നു വരികിലും,
ഓൎക്കുംപോൾ, മേലിൽ ഗുണം ആയു'ള്ള വാക്കുകളെ || 553
ചൊല്ലുന്ന ജനം ഉള്ളു, യാതൊരു—നൃപാലയേ,
നല്ലൊ'രു-സമ്പത്തുകൾ അ-'പ്പുരേ വൎദ്ധിച്ചീടും. || 554
പാട്ടിൽ ഉള്ള'മാത്യരെ ത്യജിച്ചു വൃഥാ മറു-
-നാട്ടിൽ ഉള്ളവൎക്ക'ധികാരത്തെ കൊടുക്കുന്ന || 555
ഭൂഭൃത്തുവിന്റെ രാജ്യം ഛിദ്രിപ്പാൻ ഒരു-വ്യാധി
തൽ-പരം മറ്റൊ-'ന്നി'ല്ലെ'ന്നോ'ൎത്തുകൊള്ളേ'ണം, ഭവാൻ!" || 556
ഉക്തവാൻ മൃഗാധിപൻ: "നീ അവന്ന'ഭയത്തെ
ദത്തവാനായി കൂട്ടി 'ക്കൊണ്ടു വന്നി'വിടത്തിൽ || 557
വൎത്തനം ചെയ്യിപ്പിച്ചു, ഞങ്ങളിൽ വിശ്വാസവും
വൎദ്ധനം ചെയ്യിപ്പിച്ചു; നീ 'യതു മറന്നിതോ? || 558
അങ്ങിനെ 'യുള്ള ഭവാൻ ഇങ്ങിനെ വിരോധിച്ചാൽ.
എങ്ങിനെ നമുക്കതു സമ്മതം ആയീടേ'ണ്ടു!" || 559
ചൊല്ലിനാൻ ദമനകൻ: "ഇത്ര ദുസ്സഹൻ എന്നു
തെല്ലുമെ മുന്നം ഗ്രഹിച്ചീ'ല, ഞാൻ, മഹാ-മതേ! || 560
ദുൎജ്ജനങ്ങൾക്കു ബഹു-സല്ക്കാരം ചെയ്യാ'കിലും,
സജ്ജന-സ്വഭാവം ഉണ്ടാക 'യില്ല'റിഞ്ഞാലും: || 561
എണ്ണ തേപ്പിച്ചു പിടിച്ചു,'ഴിഞ്ഞു ദണ്ഡിച്ചാലും
പൊണ്ണനാം ശ്വാവിന്റെ വാൽ വളഞ്ഞേ നില്പു, ദൃഢം! || 562
ദുഷ്ടരാം ബാലന്മാരെ സ്തുതിച്ചു നന്നാക്കുവാൻ
ഒട്ടുമെ എളുത'ല്ല നല്ലൊരു വിദ്വാന്മാൎക്കും: || 563
എപ്പോഴും അമൃതുകൊണ്ടാ'കവെ നനെച്ചാലും,
സൽഫലം പുറപ്പെടീച്ചീടുമോ, വിഷദ്രുമം? || 564
പഞ്ചസാരയും തേനും ചേൎത്ത'ങ്ങു കുഴച്ചിട്ടു
കിഞ്ചനകാലം പരിപാലിച്ചു കിളൎപ്പിച്ചു || 565
എപ്പോഴും ക്ഷീരംകൊണ്ടു നനെച്ചു വളൎത്താലും,
വേപ്പിന്റെ കൈപ്പു ശമിച്ചീടുമോ? ചിന്തിച്ചാലും! || 566

തന്നുടെ യജമാനന്നാ'പത്തു വരാതെ കണ്ട്
അങ്ങിനെ രക്ഷിക്കേ'ണ്ണം എന്നു'ള്ള കൂററുകാരൻ || 567
ഇങ്ങോ'ട്ടു ചോദിച്ചീ'ലെ'ന്നാ'കിലും, ശുഭാശുഭം,
അങ്ങോ'ട്ടു പറഞ്ഞ'റിയിച്ചീടേണം, കൂട'ക്കൂടെ. || 568
ത്യാജ്യനാമവൻ എങ്കിൽ, ആയവൻ ചോദിച്ചാലും
യോജ്യമായതു പറഞ്ഞീട'രുതെ'ന്നു ശാസ്ത്രം. || 569
സങ്കടേ രക്ഷിക്കുന്ന മാനുഷൻ, അല്ലോ, ബന്ധു?
സങ്കടം കൂടാതനുഷ്ഠിക്കുന്നത'ല്ലോ, കൎമ്മം? || 570
ഭൎത്തൃ-ശുശ്രൂഷ ചെയ്യു മേവുന്നോൾ, അല്ലോ, നാരി?
സത്തുക്കൾ ബഹുമാനിക്കുന്നവൻ അല്ലോ, വിദ്വാൻ? || 571
ദുൎമ്മദം ജനിപ്പിച്ചി'ല്ലെ'ങ്കിലേ, ശ്രീ 'യായു'ള്ളു:
ദുൎമ്മോഹം ഇല്ലാത്തവൻ എങ്കിലേ, സുഖി 'യാവൂ: || 572
എങ്ങുമെ തടവി'ല്ലെ'ന്നാ'കിലേ, മന്ത്രം നല്ലൂ:
തിങ്ങിന വിഷയ-ഭ്രാന്തി'ല്ലെ'ന്നേ, പുമാൻ നല്ലൂ: || 573
ഇങ്ങിനെ ഹിതം പറഞ്ഞാലും, എൻ-സ്വാമിക്കി'പ്പോൾ
പുംഗവ-സ്നേഹത്തിനു ഭംഗം ഉണ്ടാകുന്നി'ല്ല. || 574
അത്യയം ഇതുകൊണ്ടു മേൽ വരു 'ന്നേരം, പിന്നെ
ഭൃത്യ-ദോഷം എന്നതേ സംഭവിക്കയും ഉള്ളു. || 575
സ്ത്രീകളിൽ കാമം കൊണ്ടും മദ്യ-പാനാദികൊണ്ടും
ലോകനിന്ദിതനായി സ്വഛന്ദം പ്രവൃത്തിച്ചും || 576
മത്ത-ദന്തിയെ പോലെ മദിക്കും മഹീപതിക്ക്
അത്തൽ വന്ന'കപ്പെട്ടു ബുദ്ധിമുട്ടുന്ന നേരം, || 577
ഭൃത്യ-ദോഷം എന്നതേ ബോധിപ്പൂ; നൃപൻ-തന്റെ
കൃത്യ-ദോഷം എന്നതു ചിന്തിക്ക പോലും ഇല്ല." || 578
പിംഗലൻ ഉരചെയ്താൻ: "എന്തൊ'രു-കാരം ചൊല്ലി
പുംഗവ-പ്രവരനെ വേർവിട്ടുത്ത'യക്കേ'ണ്ടു?" || 579
ചൊല്ലിനാൻ ദമനകൻ: "വേർവിട്ടുത്ത'യച്ചാലും,
വല്ലന്തി വരും നമുക്കാ'യതു ചിന്തിക്കേ'ണ്ണം: || 580
മുററും ഇ-'ക്രൂററൻ മഹാ-ദുൎമ്മദൻ; കയൎത്തുപോയ്
മററൊ-'രു-പ്രബലനെ ചെന്നു സേവിച്ചു പട || 581
കൊണ്ടുവന്നി'-ട്ടിക്കെ'ല്ലാം നഷ്ടം ആക്കീടും ശഠൻ:
കണ്ടതു-കണക്ക-'ല്ല, കശ്മലൻ കയൎക്കും പോൾ: || 582

ഇണ്ടൽ ഉണ്ടാകും നമുക്കെ'ന്ന'ത്രെ തോന്നീടുന്നു.
ശങ്കാ കൂട്ടംപോൽ പിന്നെ സ്നേഹവും വെടിഞ്ഞീടും." ॥ 583
സിംഹവും ഉരചെയ്താൻ: "എന്തി'വൻ ചെയ്യും? നമ്മെ
സംഹരിപ്പതിനി'വൻ പോരുമോ, ദമനക?" ॥ 584
ഉക്തവാൻ ദമനകൻ: "ദുസ്സ്വഭാവികളുടെ
ചിത്തം ആർക്ക'റിയാ'വു? ശീലം ഒന്ന'റിയാതെ ॥ 585
വിട്ടുപോയെ'ന്നാൽ, തരങ്കെട്ടുപോം; ഇഹ വലിച്ച്
ഇട്ടതു-തന്നെ നമുക്കൊ'ട്ടുമേ നന്നായി'ല്ല. ॥ 586
ശീലത്തെ ബോധിക്കാതെ കൊണ്ടു'ന്നു പാർപ്പിക്ക 'യി-
-'ക്കാലത്തു-ചിതം വരാ, വാഴ്വവൻ എന്നാ'കിലും. ॥ 587
ഡിണ്ഡികൻ-മൂലം പണ്ടു മന്ദവിസരിപ്പിണി-'
-'പ്പെണ്ണിന്നു നാശം വന്നു 'വെന്നു ഞാൻ കേട്ടിട്ടു'ണ്ടു. ॥ 588
അ-'ക്കഥ സ്വാമിക്കി'പ്പോൾ കേൾക്കേ'ണം എങ്കിൽ, ചൊല്ലാം,
മക്കുണം പേനും തമ്മിൽ ഉണ്ടായ നേരം-പോക്കു. ॥ 589

## 9. മൂട്ടയുടെ ശീലം ബോധിക്കാതെ അവനെ കൊണ്ടന്നു പാർപ്പിക്കയാൽ പേനിന്നു നാശം വന്നതു.

പണ്ടൊ'രു-പാർത്ഥിവന്റെ പള്ളി-മെത്ത-മേൽ കുടി-
-കൊണ്ടൊ'രു-പേൻ ഉണ്ടായി, മന്ദവിസർപ്പിണ്യാഖ്യ: ॥ 590
പട്ടു-മെത്ത-മേൽ അവൾ മേവുംപോൾ, വന്നാൻ ഒരു-
-മൂട്ട 'യെന്നു'ള്ള ജന്തു, ദൈവ-യോഗത്താൽ അപ്പോൾ. ॥ 591
(മക്കുണം എന്നു പറയുന്നിതു മൂട്ടെക്കു'ള്ള
സംസ്കൃതം; യൂകം എന്നു പേനിന്നും പേരാകുന്നു.) ॥ 592
മക്കുണം വന്ന നേരം യൂക-'പ്പെൺ വഴി പോലെ
സൽകൃതിചെയ്തു മെല്ലെ സ്വാഗതം ചോദിച്ചു'ടൻ, ॥ 593
സൽക്കഥ പറഞ്ഞുകൊണ്ടി'രുന്നു: "ഭവാൻ ഇനി
പോയ്ക്കൊൾകെ"ന്നവൾ ഉരചെയ്തിതു, പതുക്കവെ. ॥ 594
ഡിണ്ഡികൻ മൂട്ടെക്ക'പ്പോൾ ആഗ്രഹം പാരം, യൂക-
-'പ്പെണ്ണിനോടൊ'രുമിച്ചു നാലു-നാൾ പാർത്തീടുവാൻ. ॥ 595
മക്കുണം വിസർപ്പിണി യൂകിയോടു'രചെയ്തു:
"ത്വൽ-കൃപ 'യുണ്ടെ'ന്നാ'കിൽ, ഇന്നേത്തെ-രാത്രി-തന്നിൽ ॥ 596

നിന്നോടു കൂടി വസിച്ചീടുവാൻ ഇങ്ങു മോഹം.
പിന്നെയും ഒരു-മോഹം ഉണ്ടെ'ടോ, വിസൎപ്പിണീ! || 597
തമ്പുരാൻ-തിരു-മേനി-തന്നിലെ-ചോര കടിച്ച്
ഇമ്പമോടി'വിടെ നീ എന്നെയും പാൎപ്പിക്കേ'ണം." || 598
"ക്രൂര-ദന്തങ്ങൾകൊണ്ടു സ്വാമിയെ കടിച്ചു നിൻ-
-പേരു-മാത്രവും കിട്ടാ; പോക, നീ, വൈകീടാതെ!" || 599
ഇ-'ത്തരം പറഞ്ഞോ-'രു-യൂക-കാമിനിയുടെ
കാൽത്തളിർ കൂപ്പി 'ക്കൊണ്ടു മക്കുണം നിൎബ്ബന്ധിച്ചാൻ, || 600
ഖണ്ഡിച്ചു പറഞ്ഞു കൂടായ്കയാൽ, യൂക-സ്ത്രീയും
ഡിണ്ഡികൻ-തന്റെ മതം സമ്മതിച്ചു'രചെയ്തു: || 601
"സ്വാമി-താൻ എഴുന്നെള്ളി കാമിനി-സമേതനായ്
കാമ-ലീലാനന്തരം സുപ്തനാകുന്ന നേരം, || 602
കെല്പോടു കടിച്ചു നീ ചോരയും കടിച്ച'ഥ
അപ്പോഴെ മണ്ടി ഗമിച്ചീടുക, മഹാത്മാവേ!" || 603
എന്നതു കേട്ടു മുദാ മക്കുണം മഹീപതി
വന്നു'ങ്ങു ശയിച്ച 'പ്പോൾ, ചെന്നാശു കടികൂട്ടി. || 604
മന്നവൻ കാവൽക്കാരെ വിളിച്ചു'ങ്ങു'രുൾചെയ്തു:
"എന്നെ വന്നൊ'രു-ജന്തു കടിച്ചു; നോക്കി 'ക്കാണ്മിൻ!" || 605
എന്നതു കേട്ടു കാവൽക്കാർ വന്നു, വിളക്കും ആയ്;
അ-'ന്നേരം ചേട്ടക്കാരൻ മൂട്ട'യങ്ങോ'ടി 'പ്പോയാൻ. || 606
പള്ളി-മെത്ത-മേൽ അവർ സൂക്ഷിച്ചു നോക്കു 'ന്നേരം
"കള്ള-'പ്പേൻ, ഇതാ! കൂവാ പിടിച്ചു കൊന്നീടുവിൻ!" || 607
ഇങ്ങിനെ പറഞ്ഞ'വർ നഖത്തിൽ ആക്കി ഞെക്കി
പേനിനെ സംഹരിച്ചു വന്ദനം ചെയ്തു പോയാർ.— || 608
എന്നതു കൊണ്ടു ചൊന്നേൻ: ഏവൻ എന്നാലും ശീലം
എന്തെ'ന്നു ബോധിക്കാതെ സൽക്കാരം മഹാ-ദോഷം. || 609

"ദ്രോഹിക്കും വൃഷഭം എന്നെ'ങ്ങിനെ ബോദ്ധ്യം?" എന്നു
ചോദിച്ചു, മൃഗേന്ദ്രനും: ചൊല്ലിനാൻ ദമനകൻ: || 610
"മാത്രം ഒന്നു'പദേശിച്ചീടുകിൽ, ഭയം ഭാവിച്ച്
അത്ര പാദാന്തേ വരും; അ-'ന്നേരം ബോധം വരും." || 611

ഇത്ഥം അഞ്ജു’രചെയ്തു വന്ദിച്ചു ദമനകൻ
തത്ര പോയി സഞ്ജീവകൻ-തന്നുടെ മുമ്പിൽ ചെന്നു. || 612
ചോദിച്ചു സഞ്ജീവകൻ: “സൌഖ്യമോ, ദമനക?”
ചൊല്ലിനാൻ ദമനകൻ: “ഭൃത്യന്മാക്കെ’ന്തു സൌഖ്യം? || 613
ആശ്രയിച്ചി’രിക്കുന്നോൎക്കാ’ത്മ-ജീവനിൽ പോലും
വിശ്വാസം ഇല്ല; തനിക്കൊ’ത്തതു ചെയ്തുകൂടാ. || 614
ദ്രവ്യം ഉണ്ടാകു ‘ന്നേരം ഗൎവ്വിക്കാതാ’രാൻ ഉണ്ടോ?
ഭവ്യൻ എന്നാലും, കാമിക്കാ’പത്തു കൂടാതു’ണ്ടോ? || 615
തന്വംഗിമാൎക്കു വശം അല്ലാതെ പുമാൻ ഉണ്ടോ?
മന്നവന്മാൎക്കു ഹിതനായുള്ള നരൻ ഉണ്ടോ? || 616
അന്തകാലയം-തന്നിൽ പ്രാപിക്കാതാ’രാ’ൻ ഉണ്ടോ?
സന്തതം ഇരപ്പാളിക്കു’ൽക്കൎഷം എങ്ങാ’ൻ ഉണ്ടോ? || 617
മൂൎഖന്മാരുടെ കൂട്ട-‘ത്തന്നിൽ ചെന്നു’കപ്പെട്ടാൽ,
സൌഖ്യം ഇങ്ങെ’ന്നു’ള്ളതും ആൎക്കാ’നും ഭവിക്കുമോ? || 618
ഏതൊ’രു-കാലം എന്നും—ആരി’ന്നു ബന്ധു ‘വെന്നും,—
ഏതൊ’രു-ദേശം എന്നും—എപ്പോഴും ചിന്തിക്കേ’ണം! || 619
തന്നുടെ വരവെ’ത്ര—തന്നുടെ ചെലവെ’ത്ര—
തന്നുടെ ശക്തി ‘യെത്ര—താൻ-തന്നെ ആർ എന്നതും— || 620
ഇ-പ്രകാരങ്ങൾ എല്ലാം നേരവും വിചാരിക്കും
സൽപുമാന്മാൎക്കു ദോഷം ഒന്നുമേ വരാനി’ല്ല.” || 621

“ഇ-‘ക്കാലം നമുക്കെ’ന്തു യോഗ്യം?” എന്നതു കനിഞ്ഞ്
അ-‘ക്കാള ചോദിച്ചതിനു’ത്തരം അവൻ ചൊന്നാൻ: || 622
“രാജ-വിശ്വാസംകൊണ്ടു വന്നി’ഹ വസിക്കുന്നു,
പൂജനീയനാം ഭവാൻ—എന്നതു സത്യം-തന്നെ; || 623
എങ്കിലും നൃപന്മാരെ വിശ്വസിക്ക’രുതെ’ടോ!
ശങ്കിച്ചു വസിക്കേ’ണം, സേവകൻ എന്നാ’കിലും. || 624
ദുൎജ്ജനങ്ങളിൽ ചേരും സ്ത്രീകളും നൃപന്മാരും
സജ്ജനങ്ങളിൽനിന്നു ദ്രവ്യം ഉണ്ടാകീ’ല ‘ല്ലോ? || 625
നീച-ജാതിക്കേ ധനം വൎദ്ധിപ്പൂ; മഴ പെയ്താൽ
നീച-ദിക്കിലേ നില്പു വെള്ളം—എന്നതു ദൃഢം || 626

ദുഷ്ടന്മാരായ്യു’ള്ളവർ മന്നവന്മാൎക്കു പാരം
ഇഷ്ടന്മാരായി കാണുന്നി’ല്ലയോ, കാള-ശ്രേഷ്ഠാ? || 627
ശിഷ്ടന്മാർ ഗുണം പറഞ്ഞെ’ങ്കിലും, തത്ര നിന്നു
ഭ്രഷ്ടന്മാരാകുന്നതും സ്പഷ്ടമെ കാണുന്നി’ല്ലേ?” || 628
എന്നതു കേട്ടു ചൊന്നാൻ, ശങ്കയാ, സഞ്ജീവകൻ:
“എന്നോടു മഹാ-സിംഹം കോപിച്ചീടുമോ, സഖേ?” || 629
ചൊല്ലിനാൻ ദമനകൻ: “കാരണം കൊണ്ടു കോപം
വല്ലജാതിയും ഉണ്ടാം; ആയതു തീരും, താനും: || 630
കാരണം കൂടാതെ താൻ കോപിക്കും നൃപന്മാരെ
വാരണം ചെയ്വാൻ ആരാ’ൻ ഉണ്ടാമോ, മഹാമതേ? || 631
രാത്രിയിൽ ഒരു-സിംഹം തന്നെ വന്നൊ’രു-ശബ്ദം
ഓൎക്കാതെ തടവിനാൻ; അതിനാൽ നാശം വന്നു. || 632
രാത്രിയിൽ ഒരു-ശശം പെണ്കുതിര-തൻ-മുമ്പിൽ
പേൎത്തു ചെന്നതിൻ-മൂലം ആയവൻ അറുതി ‘യായി. || 633
രാത്രിയിൽ ഒരു-ഹംസം വെൺ-കുമുദം എന്നോ’ൎത്തു
തത്ര മേവുന്ന വെള്ളി-‘പ്പക്ഷിയെ ചെന്നു തൊട്ടു; || 634
അ-‘ന്നേരം അവൻ കൊത്തി, കൈ-വിരൽ വ്രണപ്പെട്ടു
ഖിന്നനാം അന്നം വന്നു പൊയ്ക്കു-തൻ-കരെക്കേ’റി; || 635
വെള്ളാമ്പൽ-പൂക്കൾ അന്നു തൊട്ട’വൻ പിന്നെ കണ്ടാൽ
വെള്ളി-പ്രാവെ’ന്നു കല്പിച്ച’-‘ട്ടിക്കിൽ ചെല്ലുന്നീ’ല. || 636
മൎത്ത്യന്മാർ അസത്യത്തിൽനിന്നു’ടൻ ഭയപ്പെട്ടാൽ,
സത്യത്തിൽനിന്നും ഭീതന്മാർ എന്നു വരും, അല്ലൊ? || 637
വൈദ്യന്മാർ വിദ്വാന്മാരും മന്ത്രികൾ ഇവർ എല്ലാം
സാദ്ധ്യമാം ദ്രവ്യം മോഹിച്ചീ’ശനെ സ്തുതിച്ചു തൻ- || 638
-പത്ഥ്യത്തെ ഗ്രഹിപ്പിച്ചാൽ, ആയവന്ന’പത്ഥ്യം ആം;
മിത്ഥ്യമാം ഇവരുടെ കാൎയ്യവും പ്രയത്നവും.” || 639
ചോദിച്ചു സഞ്ജീവകൻ: “നിന്നുടെ സ്വാമിക്കു ഞാൻ
ആദിക്കും അന്നും ഇന്നും അപ്രിയം എന്തു ചെയ്തു? || 640
വിപ്രിയം ചെയ്യാതൊരു-നമ്മോടു മൃഗാധിപൻ
വിപ്രിയം ചെയ്തീടുമോ? സംഗതി ‘യില്ല, ദൃഢം.” || 641
ഉത്തരം ഉരചെയ്തു, സാദരം, ദമനകൻ:
“ശുദ്ധരാം നിങ്ങൾക്ക’റിയാവതോ, രാജ്ഞാം മതം? || 642

ഏതുമെ ഹേതു വേണ്ട, മന്നവന്മാൎക്കു, ധൂമ-
-കേതു 'വെന്നതു പോലെ ലോകരെ പീഡിപ്പിപ്പാൻ! || 643
സജ്ജനം ചെയ്യോ'രു-'പകാരവും അപകാരം;—
ദുൎജ്ജനം ചെയ്യോ'ര-'പകാരവും ഉപകാരം; || 644
രാജ-സേവ 'യെന്നുള്ളതെ'ത്രയും പരാധീനം;
പൂജനീയരാം യോഗീന്ദ്രന്മാൎക്കും എളുത'ല്ല: || 645
മൂൎച്ച 'യുള്ളോ'രു-കത്തി ലേഹനം ചെയ്യീടുമോ?
മൂൎഖ-'പ്പാമ്പിന്റെ മുഖം ചുംബനം ചെയ്യീടുമോ? || 646
സിംഹത്തെ ചെന്നു പരിരംഭണം ചെയ്യീടുമോ?
സിദ്ധമാം ഇതെ'ങ്കിലും,—സിദ്ധിയാ, നൃപാൎച്ചനം. || 647
നല്ല വസ്തുക്കൾ എല്ലാം നല്ലവരോടു ചേൎന്നേ
നല്ല വൎണ്ണമായ് വരും; വല്ലാതാം, അല്ലെ'ന്നാകിൽ: || 648
നിൎമ്മലം നദീ-ജലം സാഗരം-തന്നിൽ ചേൎന്നാൽ,
നിശ്ചയം പുളിച്ചുപോം എന്ന'തോ കാണുന്നി'ല്ലേ? || 649
സ്വല്പം എങ്കിലും ഗുണം സൽപുരുഷങ്കൽ ചേൎന്നാൽ
ശില്പമാം വൎണ്ണം പ്രകാശിക്കും, എന്ന'റിഞ്ഞാലും! || 650
ചന്ദ്രന്റെ രശ്മി വെള്ളി-'ക്കുന്നിൻ-മേൽ ചേരു 'ന്നേരം,
സാന്ദ്രമായി പതിൻ-മടങ്ങേ'ററവും പ്രകാശിക്കും. || 651
സജ്ജനങ്ങൾക്കു ഗുണം ഏററം ഉണ്ടെ'ന്നാ'കിലും,
ദുൎജ്ജനങ്ങളിൽ ചേൎന്നാൽ, ഒക്കവെ നശിച്ചുപോം. || 652
അഞ്ജനാചലേ ശശി-രശ്മികൾ തട്ടു 'ന്നേരം,
അഞ്ജസാ കറുത്തുപോം എന്നതു ബോധിക്കേ'ണം. || 653
നഷ്ടമാം ഉപകാരം, ദുഷ്ടരിൽ ചെയ്യു'ന്നാ'കിൽ;
നഷ്ടമാം സുഭാഷിതം, ദുഷ്പാത്രങ്ങളിൽ ചേൎന്നാൽ; || 654
ഓട്ടു-പാത്രത്തിൽ ദധി പകൎന്നു വെച്ചാൽ, അതു
കൂട്ടുവാൻ നന്നോ? മഹാ-ക്രൂരന്മാൎക്ക'ധീശ്വര! || 655
എത്രയും മഹാ-വനേ ചെന്നു രോദിക്കും പോലെ,—
ചീഞ്ഞോ'രു-ശവത്തിനെ കോപ്പി'ട്ടുവിക്കും പോലെ,— || 656
സാരസം പറിച്ചി'ങ്ങു പറമ്പിൽ നടും പോലെ,—
ഓരു'ള്ള നിലങ്ങളിൽ മാരി പെയ്യുന്ന പോലെ, || 657
ശ്വാവിന്റെ പുച്ഛം ചെമ്മെ നേർ-ആക്കുന്നതു പോലെ,—
കേവലം ബധിരനെ പാട്ടു കേൾപ്പിക്കും പോലെ,— || 658

കണ്ണു കാണാത്തു'ള്ളവൻ കണ്ണാടി നോക്കും പോലെ,—
കൈ-കുറുതായ്യു'ള്ളവൻ കങ്കണം പോട്ടും പോലെ— || 659
ബുദ്ധിയും ഔദാൎയ്യവും വിദ്യ്യയും ഇല്ലാതൊ'രു—
ലുബ്ധനെ സേവിക്കുന്ന ഭോഷൻെറ വിചേഷ്ടിതം. || 660
ചന്ദന-ദ്രുമങ്ങളിൽ സൎപ്പങ്ങൾ ചേൎന്നു കൂട്ടും;—
ചാരു 'വാം നീർ-ആഴിയിൽ നക്രങ്ങൾ വന്നു കൂട്ടും; || 661
നല്ല രാജാക്കന്മാരിൽ ദുൎമ്മന്ത്രി ചേൎന്നു കൂട്ടും;—
നല്ല വേശ്യാസ്ത്രീകളിൽ മൂൎഖന്മാർ ചേൎന്നു കൂട്ടും;— || 662
ഇങ്ങിനെ ഗുണം ഉള്ള വസ്തുകൊണ്ടു'നുഭവം.
എങ്ങുമെ വരത്തി'ല്ല, ദുഷ്ട-സമ്പൎക്ക-മൂലം. || 663
നമ്മുടെ സ്വാമി സിംഹം കാണുന്ന ജനത്തോടു
സന്മുഖം സൌജന്യ്യവും സ്നേഹവും ഭാവിക്കുന്നു; || 664
അങ്ങിനെ 'യല്ല; മനസ്സെ'ത്രയും മഹാ-ക്രൂരം;
തങ്ങൾക്കു പരമാൎത്ഥം എങ്ങെ'ടോ, സ ഞ്ജീ വ ക! || 665
ധൂൎത്തനായ്യു'ള്ള പുമാൻ പാന്ഥന്മാർ വരു 'ന്നേരം
പാൎത്തിരിയാത'ങ്ങൊ'രു പടിക്കൽ ചെന്നു നില്ക്കും; || 666
ചെന്നു'ടൻ കൈക്കു പിടിച്ചാ'ശ്ലേഷം ചെയ്യു കണ്ണിൽ-
-നിന്നു'ങ്ങു ഹൎഷാശ്രുക്കൾ പൊഴിക്കും, മഹാ-കള്ളൻ; || 667
സാദരം കുശല-പ്രശ്നങ്ങളും ചോദിക്കും, താൻ;
ഓദനം ഒരു-വറെറ'ന്നാ'കിലും കൊടുക്കാതെ || 668
വല്ലതും ഒരു-കള്ളം പറഞ്ഞു കബളിച്ചു
മെല്ലവെ ഊൎദ്ധ്വം ആക്കി അയക്കും, ദുൎമ്മാനുഷൻ. || 669
വെള്ളത്തിൻ-മീതെ പോവാൻ കപ്പലും പാറും തോണി
വള്ളവും മഞ്ചി പടവെ'ന്നെ'ല്ലാം താൻ ഉണ്ടാക്കി;— || 670
പെട്ട'ന്ന'ങ്ങി'രുട്ടത്തു രാത്രിയിൽ സഞ്ചരിപ്പാൻ
ചൂട്ടെന്നും വിളക്കെന്നും ആയതു സമ്പാദിച്ചു;— || 671
കാററി'ല്ലാതു'ള്ള നേരം വീശുവാൻ ആല-വട്ടം
ചോററിയും വിശറിയും ഇ-'ത്തരങ്ങളും തീൎത്തു;— || 672
കാട്ടിൽ ഉള്ളാ'ന-'ത്തലവന്മാരെ വശത്താ'ക്കാൻ
തോട്ടിയും കോലും കുന്തം എന്നി'വ 'യുളവാക്കി;— || 673
കുണ്ടു-കൂപത്തിൽ ഉള്ള വെള്ളത്തെ കരെക്കേ'ററി
കൊണ്ടു പോരാനും തുലാ-യന്ത്രവും അങ്ങു'ണ്ടാക്കി;— || 674

ഇങ്ങിനെ 'യുപകാരം എന്തെ'ല്ലാം ചെയ്തു നമുക്ക്,
അങ്ങിനെ 'യുള്ള മഹാ-ധർമ്മിഷ്ഠ-വിദ്വാന്മാർക്കും || 675
ചെന്നെ'ടം നശിപ്പിക്കും ദുർജ്ജനങ്ങടെ ചിത്തം
നന്നാ'-ക്കി വെപ്പാൻ ഒരു-കൌശലം തോന്നി'ല'ല്ലോ?" || 676

ഇങ്ങിനെ ദമനകൻ ദുർജ്ജനങ്ങളെക്കൊണ്ടു
തിങ്ങിന വൈരത്തോടെ ദൂഷിക്കുന്നതു കേട്ടു || 677
ശുദ്ധനാം സഞ്ജീവകൻ ചിന്തിച്ചു മന-'ക്കാമ്പിൽ—
—ലുബ്ധരാം ജന്തുക്കടെ കൂട്ടത്തിൽ ആയ'ല്ലോ, ഞാൻ || 678
ശഷ്പവും ഭക്ഷിച്ചുകൊണ്ടിരിക്കും നമുക്കി'പ്പോൾ
നിഷ്ഫലം ഇഹ വന്നു സിംഹ-സേവനം, ദുഃഖം! || 679
ക്രോഷ്ടാക്കൾ ഇവർ-തന്നെ സിംഹത്തെ ഭേദിപ്പിച്ചു
മോഷ്ടാക്കളോടു കൂടി വസിച്ചാൽ, ഇതേ വരൂ! || 680
യുക്തികൾ ചില-വസ്തു ഞാൻ കൂടെ പറയുംപോൾ
യുക്തികൾ ഒട്ടു ശമിച്ചീടും, ഇ-ക്രോഷ്ടാവിനും. || 681
ദുർമ്മാർഗ്ഗം തുടങ്ങിയാൽ ദൂരവെ 'യുപേക്ഷിച്ചു
സന്മാർഗ്ഗ-സ്ഥിതന്മാരെ സേവിക്കാ'ം ആപത്തിങ്കൽ,— || 682
ഇങ്ങിനെ വിചാരിച്ചു പുംഗവൻ സഞ്ജീവകൻ
ഭംഗി-വാക്കുകൾ-താനും ഓരോന്ന'ങ്ങു'രചെയ്തു: || 683
"അന്തിവന്ന'ടുക്കുമ്പോൾ പങ്കജം കൂമ്പും എന്നു
ചിന്തിപ്പാൻ ബുദ്ധി 'യില്ലാതോ'രു-വണ്ടിൻ-കൂട്ടം || 684
അന്ധതകൊണ്ടു രാത്രൌ പങ്കജോദരം-തന്നിൽ
ബന്ധനം പ്രാപിക്കുന്നതെ'ന്തൊ'രു കഷ്ടം, സഖേ! || 685
—എന്തി'നി വരും—എന്നു മേല്പെട്ടു വിചാരിപ്പാൻ
ജന്തുക്കൾക്ക'റിവി'ല്ല തെല്ലും എന്നതെ വേണ്ടു! || 686

അന്തിക്കു വിടരുന്ന പിച്ചക-'പ്പൂവും പിന്നെ
ചന്തത്തിൽ കുറു-മൊഴി-മുല്ലയും കൈത-'പ്പൂവും || 687
പങ്കജങ്ങളും ഇത്ഥം സന്മധു-പുഷ്പങ്ങളെ,
ശങ്ക കൂടാതെ, വെടിഞ്ഞീടിന ഭൃംഗങ്ങളും || 688
മത്ത-'വാരണത്തിന്റെ ഗണ്ഡത്തിൽ മദ-ജലം
മെത്ത 'യുണ്ടെ'ന്നു മോഹിച്ചോ'ക്കവെ കൂടെ ചെന്നു || 689

തത്ര മേവുംപോൾ, കണ്ണ്-ഛന്ദ്-താഡനം കൊണ്ടു
ചത്തുപോക’ല്ലാതൊരു-ലാഭം ഇല്ല’-വെക്കേ’,ടോ!— ‖ 690
—എന്നതു പോലെ, ഖലന്മാരുടെ മുമ്പിൽ ചെന്നാൽ
തന്നുടെ പ്രാണങ്ങൾക്കും ഹാനി ‘യുണ്ടാകും, ധ്രുവം! ‖ 691
ദുഷ്ട-ഗോമായു-വ്യാഘ്ര-ധ്വാംക്ഷന്മാർ ഒക്കെ കൂടി
ഒട്ടകത്തിനെ കുലചെയ്തതു കേട്ടിട്ടി’ല്ലേ?” ‖ 692
“അ-’ക്കഥ മാത്രം കേട്ടിട്ടി’ല്ലേ’ന്നു” ദമനകൻ;
“കേൾക്ക നീ” ‘യെന്നു വൃഷഭോത്തമൻ സഞ്ജീവകൻ: ‖ 693

## 10. കുറുക്കൻ മുതലായ കള്ളസ്നേഹിതരാൽ ഒട്ടകത്തിൻ നാശം.

“കാനനേ മദോൽക്കടൻ എന്നു പേരോടും കൂടെ
മാനശാലിയാം ഒരു-സിംഹത്താൻ ഉണ്ടായി, പോൽ. ‖ 694
കാകനും ഗോമായുവും വ്യാഘ്രവും ഇവർ-മൂന്നു
കാര്യക്കാരരും അവനു’ണ്ടായി, സമർത്ഥന്മാർ. ‖ 695
ധൃഷ്ടരാം അവർ വനേ സഞ്ചരിക്കുംപോൾ നല്ലോ’ർ-
-ഒട്ടകം വരുന്നതു കണ്ടു’വർ ചോദിച്ചിതു: ‖ 696
“എങ്ങുന്നു വരുന്നു താൻ? ഏതു ജാതിയിൽ ഉള്ളു?
ഇങ്ങിനെ നടപ്പാനും കാരണം എന്തു, സഖേ?” ‖ 697
ഒട്ടകം പറഞ്ഞിതു: “വാണിഭക്കാരന്മാർക്കു
കെട്ടുകൾ ചുമക്കുന്നോ’ർ-ഒട്ടകം ഞാൻ ആകുന്നു; ‖ 698
കെട്ടുകൾ പേറി ‘പ്പേറി വലഞ്ഞു കൂട്ടക്കാരെ
വിട്ടു, ഞാൻ, ഒയിച്ചി’ഹ കാട്ടിൽ സഞ്ചരിക്കുന്നു.” ‖ 699
മന്ത്രി-വീരന്മാർ അതു കേട്ടു’ ‘പ്പോൾ ഹിതാഹിതം
മന്ത്രിച്ചു വശത്താ’ക്കി സ്വാമിയെ കാണിപ്പിച്ചു; ‖ 700
സ്വാമിയും കഥനകൻ എന്നൊ’രു-പേരും നൽകി
സ്വാധീനം ആക്കി ‘ക്കൊണ്ടു മേളിച്ചു മേവും കാലം ‖ 701
“തന്നുടെ ഭൃത്യന്മാർക്കും തനിക്കും ചിലവിന്നു
ചെന്നു’ടൻ മൃഗങ്ങളെ കൊന്നു കൊണ്ടു’ന്നീടുവാൻ ‖ 702
അംഗ-വൈകല്യം കൊണ്ടു നമുക്കു പരാധീനം;
നിങ്ങൾ ഇന്ന’മാത്യന്മാർ കൊണ്ടു’ന്നു പൂരിക്കേണം. ‖ 703

പണ്ടു നാം ജനിച്ച'ന്നേ കാൽക്കൊ'രു-മുടവു തെല്ല്
ഉണ്ടു'; ഇ-മൂലം വനേ സഞ്ചാരം എളുത'ല്ല; || 704
ഭൃത്യ-വൎഗ്ഗങ്ങൾ എല്ലാം, ഭക്ഷണം ഇല്ലായ്കയാൽ,
ചത്തപോൽ വശംകെട്ടു കാനനേ കിടക്കുന്നു. || 705
വ്യാഘ്രവും ഗോമായുവും കാകനും ഇവർ-മൂന്നും
ശീഘ്ര-ഗാമികൾ അല്ലോ, മന്ത്രി-പുംഗവന്മാരേ? || 706
നിങ്ങൾക്കു വഴിപോലെ ഭുക്തിയും ചെയ്തുകൊള്ളാ'ം."
ഇങ്ങിനെ മദോൽക്കടൻ കല്പിച്ചോ'ര'-നന്തരം, || 707
തൽക്ഷണം സചിവന്മാർ കാനനങ്ങളിൽ നീളെ
ഭക്ഷണാൎത്ഥങ്ങൾ തിരഞ്ഞൊ'ങ്ങുമേ ലഭിക്കാഞ്ഞു || 708
ഇങ്ങു പോന്നി'രുന്നുകൊണ്ടൊ',ട്ടകം ഗ്രഹിയാതെ,
തങ്ങളിൽ വിചാരിച്ചു, വായസം ഉരചെയ്തു;— || 709
"എന്തെ'ടോ, കഥനകൻ എന്നു'ള്ള രൂപത്തെക്കൊണ്ടു്
എന്തൊ'രു-കാൎയ്യം നമുക്കെ'ന്നതു വിചാരിപ്പിൻ! || 710
കള്ളനു മാംസം വേണ്ട; കാനനേ പെരുത്തോ'രു-
-മുള്ളു'ള്ള വള്ളി ഭുജിച്ചെ'ങ്കിലേ, രുചി 'യുള്ളു! || 711
ഇന്നേത്തെ ചെലവനീ'-'യൊട്ടകം കൊള്ളാ'ം, നമുക്കു്."
എ'ന്നതു കേട്ടു ചൊന്നാർ, വ്യാഘ്രവും ഗോമായുവും: || 712
"സ്വാമി-താൻ അഭയവും കൊടുത്തു പാൎപ്പിക്കുന്നു;
നാം ഇപ്പോൾ വധിക്ക 'യെന്നു'ള്ളതു ഹിതം വരാ." || 713
"എങ്കിൽ, നാം ചാകേ 'യുള്ളു!"യെന്നു കാകനും ചൊന്നാൻ:
എന്നതു കേട്ടു പറഞ്ഞീടിനാർ, ഇരുവരും: || 714
"പട്ടിണി കിടക്കുന്ന സ്വാമിയെ 'ക്കൊണ്ടു-തന്നെ
ഒട്ടകത്തിന്റെ വധം സമ്മതിപ്പിക്ക വേണം || 715
എത്രയും വിശക്കുംപോൾ, പെററ മാതാവു-തന്നെ
പുത്രനെ കൊന്നു തന്റെ പ്രാണത്തെ രക്ഷിക്കുന്നു. || 716
മുട്ടുമ്പോൾ സൎപ്പ സ്ത്രീയും താൻ പ്രസവിച്ചു'ള്ളോ'രു—
മുട്ടകൾ, ഒട്ടും മടിക്കൂടാതെ, ഭക്ഷിക്കുന്നു; || 717
തന്നുടെ ജഠരത്തെ രക്ഷിപ്പാൻ ശരീരികൾക്കു്
ഇന്നതേ ചെയ്യാവു എന്നി'ല്ല',ടോ കാൎയ്യക്കാരേ! || 718
ക്ഷുത്തു വൎദ്ധിക്കു 'ന്നേരം കാരുണ്യം ഇല്ലാതാകും,
സത്തുക്കൾക്കു പോലും; ഈ ജന്തുക്കൾക്കെ'ന്തു, പിന്നേ? || 719

ഇ-'ത്തരം വിചാരിച്ചു, മൂവരും ഒരുമിച്ചു
സത്വരം ചെന്നു മഹാ-സിംഹത്തെ ക്കുമ്പീടിനാർ. || 720
കാകൻ അങ്ങു'ണർത്തിച്ചു: "ഭക്ഷണ-ദ്രവ്യങ്ങളിൽ
ഏകം എന്നാലും ലഭിച്ചില്ല', ഹോ, കാന്താരത്തിൽ" || 721
"എന്തു'പായം?" എന്നു ചോദിച്ചു മ ദോ ൽ ക്ക ട ൻ
"ജന്തു-ഹിംസ 'യല്ലാതെ, പിന്നെ, 'യെന്തെ'?"ന്നു കാകൻ: || 722
"ഭക്ഷിപ്പാൻ 'യെന്തു വക കണ്ടു, നീ?"യെന്നു സിംഹം;
"ഭക്ഷിപ്പാൻ ക ഥ ന ക-ധ്വംസനം," എന്നു കാകൻ: || 723
സിംഹവും ചെവി പൊത്തി 'ക്കൊണ്ടു താൻ ഉരചെയ്തു:
"സാഹസം (ശിവ! ശിവ!) ചെയ്യ്'രുതൊ'രു-നാളും! || 724
അന്ന-ദാനവും പിന്നെ ഗോ-ദാനം ഭൂമി-ദാനം
തന്നുടെ ദേഹ-ദാനം ഇ-'ത്തരം ദാനങ്ങളിൽ || 725
ഉത്തമം അഭയ-ദാന-വ്രതം മഹത്തരം;
തത്ത്'ഥാ മയാ കൃതം; എങ്ങിനെ മോചിക്കേ'ണ്ടു! || 726
അശ്വ-മേധാദിയാഗം ചെയ്യുള്ള ഫലത്തെ 'ക്കാൾ
ആശ്രിത-ത്രാണത്തിനു പുണ്യം ഏറുന്നു, നൂനം!" || 727
എന്നതു കേട്ടു കാകൻ ചൊല്ലിനാൻ:" ഇതു സത്യം-
-തന്നെ 'യെങ്കിലും, ഒരു-ശാസ്ത്രം ഉണ്ടു'ടിയനും. || 728
ഏകനെ ത്യജിച്ചിട്ടും കുലത്തെ രക്ഷിക്കേ'ണം;
ആകുലം എന്ന്യേ കുലം ത്യജിക്കാ'ം, ഗ്രാമസ്യാ'ർത്ഥേ; || 729
ഗ്രാമത്തെ ത്യജിച്ചീടാ'ം, രാജ്യ-രക്ഷണം ചെയ്വാൻ;
ഭൂമിയെ ത്യജിച്ചീടാ'ം, ആത്മ-രക്ഷണം ചെയ്വാൻ; || 730
തമ്പുരാൻ അറിയേ'ണ്ടു; വാശ്ശുതും അടിയങ്ങൾ
സാമ്പ്രതം അശനാർത്ഥം ഉണ്ടാക്കി 'ക്കൊണ്ടുവരാ'ം. || 731
ഒട്ടകം തന്നെ-'ത്തന്നെ ഭക്ഷിപ്പാൻ അനുവാദം
പെട്ട'ന്നു നൽകും; അതിനുള്ള കൌശലം ഉണ്ടാ'ം." || 732
എന്നതു കേട്ടിട്ടൊ'ന്നും മിണ്ടാതെ നിന്നു, സിംഹം.
—നന്നിതു, മൌനം അനുവാദം—എന്ന'വർ വെച്ചു || 733
മൂവരും കൂടി ചെന്നു വന്ദിച്ചു നിന്നാർ, അവർ.
മുല്പാടു കാകൻ ചൊന്നാൻ: "എന്നെ ഹിംസിക്ക സ്വാമിൻ!" || 734
"നിന്നുടെ ശരീരത്തിൽ എന്തു'ള്ളു, മാംസം? ഭോഷ്ക!
നിന്നെ ഹിംസിക്ക 'യില്ലെ"ന്നു'ക്തവാൻ, മ ദോ ൽ ക്ക ട ൻ; || 735

“എന്നെ ഹിംസിക്കാ’ം” എന്നു ഗോമായു പറഞ്ഞ ‘പ്പോൾ
മുന്നം ഉക്തമായതു സിംഹവും ഉരചെയ്തു; || 736
“രണ്ടുപേരെക്കാൾ മാംസം ഏറ ‘യുണ്ടെ’നിക്കെ’,ന്നെ
കൊണ്ടു ഭക്ഷണം ഇന്നു ചെയ്യാലും, തമ്പുരാനെ!” || 737
ഇ-‘ത്തരം വ്യാഘ്രം ചെന്നു കേൾപ്പിച്ച വാക്യത്തിന്നും
ഉത്തരം മുന്നെ-‘പ്പോലെ ചൊല്ലിനാൻ, മ ദോ ൽ ക്ക ട ൻ; || 738
—എന്നെ നിഗ്രഹിക്ക ‘യില്ലെ-’ന്നൊ’രു-വിശ്വാസത്താൽ
ചെന്നു’രച്ചെയ്യാൻ; “എന്നെ കൊൽകെ”ന്നു ക ഥ ന ക ൻ. || 739
വ്യാഘ്രവും ഗോമായുവും എന്നതു കേട്ട നേരം
ശീഘ്രം ഒട്ടകത്തിനെ പിളൎന്നു കൊന്നീടിനാർ: || 740
സിംഹവും മന്ത്രികളും ഉഷ്ട്രത്തെ ഭുക്തിക്കാ’യി
സംഹരിച്ചിതു മുന്നം ഇങ്ങിനെ കേട്ടിട്ടുണ്ടു.— || 741
—എന്നതുകൊണ്ടു ചൊന്നേൻ-ശുദ്ധരാം സാധു-ജനം
ദുൎന്നയന്മാരിൽ ചേൎന്നാൽ, ദൂഷണം അകപ്പെട്ടും.” || 742

പിന്നെയും പറഞ്ഞിതു സാധുവാം സ ഞ്ജീ വ ക ൻ:
“മന്നവന്മാരെ സേവിച്ചീടുവാൻ മഹാ-യത്നം. || 743
മന്നവന്മാരും പിന്നെ ക്ഷുദ്രന്മാരോടു ചേൎന്നാൽ,
തന്നുടെ ഗുണം വൃഥാ-ഭ്രതമാം, അസംശയം. || 744
നാട്ടു-വാഴി ‘യാം നൃപൻ ഹീന-ജാതി ‘യെങ്കിലും
കൂട്ടുന്ന പരിജനം നന്നെ’ങ്കിൽ താനും, നന്നാം. || 745
ഗൃദ്ധ്രം എങ്കിലും അരയന്നങ്ങൾ ഭൃത്യരാ’യാൽ,
ഉത്തമൻ അവൻ എന്നു വന്നീടും ക്രമത്താലെ. || 746
മാംസത്തെ ഭുജിക്കുന്ന ഗൃദ്ധ്രങ്ങൾ ഭൃത്യർ ആയാൽ,
ഹംസവും ഇളപ്പെട്ടു നീചനായ് വരും, ദൃഢം. || 747
കഷ്ടം ഇ-‘സ്സിംഹേന്ദ്രനു നമ്മിൽ ഉള്ളോ’രു-സ്നേഹം
ദുഷ്ടനാം ഒരു-മന്ത്രി മന്ത്രിച്ചു വേർപെടുത്തു. || 748
അങ്ങിനെ വരും, താനും, ദുൎജ്ജനം കൂട ‘ക്കൂടെ
സംഗതി നോക്കി ‘ക്കൊണ്ടും ഏഷണി പ്രയോഗിച്ചാൽ, || 749
എങ്ങിനെ ‘യറിഞ്ഞു പോകായിന്നു, മഹാ-ജനം:
എങ്ങുമെ ഖലന്മാൎക്കോ താഴ്ച ‘യില്ലെ’ല്ലോ താനും: || 750
വാക്കിനാൽ ബുധന്മാരെ ദൂഷണം ചൊല്ലി ചൊല്ലി
നാക്കിനു തഴമ്പു’റച്ചീടിന കൂട്ടം അല്ലോ? || 751

ദുഷ്ടന്മാർ പല-വിധം ഭേദ്യത്തെ ചെയ്യു'ങ്കിലും,
ഒട്ടുമെ ഭേദിക്ക 'യില്ല'ത്തമ-ക്ഷിതീശ്വരൻ. ‖ 752
രാജ-തേജസ്സും ഇടി-'ത്തീയും എന്നിവ-രണ്ടും
തേജസാം സമൂഹത്തിൽ എത്രയും ഉൽകൃഷ്ടങ്ങൾ; ‖ 753
മുന്നം ഞാൻ പറഞ്ഞതു സൎവ്വത്ര പ്രകാശിക്കും;
പിന്നെ ഞാൻ ചൊന്നതൊ'രു-ദിക്കിൽ മാത്രമേ 'യുള്ളൂ. ‖ 754
തത്രനിന്ന'പായത്തെ ശങ്കിച്ചു സിംഹത്തിന്റെ
ശത്രു-സിംഹത്തെ ചെന്നു സേവിപ്പാൻ ഭാവം ഇല്ല. ‖ 755
അങ്ങിനെ ചെയ്യാ'ം എന്നു ചൊല്ലുന്നു, ശാസ്ത്രങ്ങളിൽ;
ഇങ്ങോട്ടു ദ്രോഹിക്കുന്നോൻ തൽ-ഗുരു 'വെന്നാ'കിലും, ‖ 756
ദുൎമ്മദം തുടങ്ങിയാൽ, ദൂരവെ 'യുപേക്ഷിച്ചു
സന്മാൎഗ്ഗ-സ്ഥിതന്മാരെ സേവിക്കാ'ം ആപത്തിങ്കൽ: ‖ 757
ആയതു നമുക്കി'-'പ്പോൾ ഭാവം ഇല്ല;'വനോട'ങ്ങ്
ആയ വണ്ണം ഞാൻ യുദ്ധം ചെയ്വതിന്നൊ'രുമ്പെട്ടേൻ. ‖ 758
ആയുധം നമുക്കി'പ്പോൾ എപ്പോഴും പിരിയാതെ
ആയതങ്ങളാം രണ്ടു-കൊമ്പുകൾ ഉണ്ടു, താനും. ‖ 759
യാഗങ്ങൾ ചെയ്തു ചിലർ സ്വൎഗ്ഗത്തെ പ്രാപിക്കുന്നു;—
യോഗങ്ങൾകൊണ്ടു ചിലർ ദ്യോവിനെ ഗമിക്കുന്നു;— ‖ 760
ദാനങ്ങൾകൊണ്ടു ചിലർ സ്വൎല്ലോകം ഗമിക്കുന്നു;—
മൌനങ്ങൾകൊണ്ടു ചിലർ മോക്ഷത്തെ പ്രാപിക്കുന്നു;— ‖ 761
ഇത്ഥം ഉള്ളതിൽ എല്ലാം ഉത്തമം ജനങ്ങൾക്കു
യുദ്ധത്തിൽ മരിച്ചു'ടൻ സത്വരം സ്വൎഗ്ഗപ്രാപ്തി. ‖ 762
ഭൂരി-കൎമ്മങ്ങൾകൊണ്ടു ദിവ്യരാകുന്നു, ചിലർ;—
വൈരി-നിഗ്രഹംകൊണ്ടു ഭവ്യരാകുന്നു, ചിലർ;— ‖ 763
രണ്ടു-സൌഖ്യവും മഹാ-വീരന്മാർ സംഗ്രാമത്തെ
കൊണ്ടു താൻ ലഭിക്കുന്നു, ദേഹ-മോചനം ചെയ്വാൽ; ‖ 764
അല്ലാതെ ശത്രുക്കളാൽ ദത്തമാം ചോറും തിന്നു
വല്ലാതെ വസിക്കയും ചാകയും ഒരു-പോലെ; ‖ 765
യാതൊ'രു-ദിക്കിൽ യുദ്ധം ചെയ്തീ'ലെ'ന്നാലും മൃത്യു—
ചെയ്തു വെന്നാ'കിൽ, പിന്നെ സംശയം എന്തേ 'യുള്ളൂ, ‖ 766
അ-'ദ്ദിക്കിൽ വരു 'ന്നേരം സംഗരം യോഗ്യം എന്നു
വിദ്വാന്മാർ പറയുന്നു; തട്ടിക്ക വന്നു മമ." ‖ 767

ഉക്തവാൻ ദമനകൻ: "ശത്രുവാം ജനത്തിന്റെ
ശക്തി താൻ അറിയാതെ പിണങ്ങും ജനങ്ങൾക്കു || 768
ടിട്ടിഭന്തന്നിൽനിന്നു വാരിധിക്കെ'ന്ന പോലെ,
കിട്ടീടും പരാഭവം എന്നതു ബോധിക്കേ'ണം." || 769
"അ-'ക്കഥ ശ്രവിക്കേ'ണം" എന്നുടൻ, സഞ്ജീവകൻ:
സത്കഥാ-വിശാരദൻ ചൊല്ലിനാൻ, ദമനകൻ. || 770

## 11. കുളക്കോഴി സമുദ്രത്തെ ജയിച്ചതു.

"ടിട്ടിഭം എന്നുള്ളോ'രു-പക്ഷിയും അവനുടെ
കെട്ടിയ പെണ്ണും കൂടി സാഗര-തടം-തന്നിൽ || 771
കിട്ടിയ ശിശു കൃമി-കീടാദി-മാംസത്തെക്കൊണ്ട്
അഷ്ടിയും കഴിച്ചുകൊണ്ടാ'സ്ഥയാ മേവും കാലം, || 772
(ടിട്ടിഭം എന്നാൽ, കുള-'ക്കോഴി 'യെന്നറിയേണം.)
ടിട്ടിഭ-സ്ത്രീക്കു ഗർഭം പൂർണ്ണമായതു-കാലം, || 773
ടിട്ടിഭത്തോടു ചൊന്നാൾ: "ഇന്നു ഞാൻ പ്രസവിച്ച
കുട്ടികൾ ഉണ്ടായ് വരും; ഈററുനോവുണ്ടു, കിഞ്ചിൽ: || 774
ഏതൊരു-ദിക്കിൽ വേണ്ടു, നമുക്കു, പ്രസവം?" എന്ന്
ആതുരീ-ഭാവത്തോടെ ചോദിച്ച നേരം, പക്ഷി; || 775
"വാരിധി-തീരേ പെററുകൊൾക"യെന്നു'ര ചെയ്തു
"വാരിധി-തീരം അപായ-സ്ഥാനം" എന്ന'ങ്ങ'വൾ; || 776
ഉക്തവാൻ കുള-'ക്കോഴി: "സാഗരം നമ്മെ വെൽവാൻ
ശക്തൻ അല്ലെ',ടോ, ബാലേ! ശങ്ക എന്തിനു, പാഴിൽ?" || 777
ടിട്ടിഭി ചൊന്നാൾ:" അംബു-രാശിയും നീയും തമ്മിൽ
ഒട്ടുമേ 'യടുക്കയില്ലെ;' ന്തൊ'രു-മോഹം, നാഥ? || 778
തന്നെ-താൻ അറിക 'യെന്നു'ള്ളതു വൈഷമ്യമായി
വന്നുപോം; അതു-മൂലം ആപത്തു ഭവിച്ചീടും. || 779
തന്നുള്ളിൽ വിചാരം ഉണ്ടെ'ന്നാ'കിൽ, അനർത്ഥങ്ങൾ
വന്നുപോകയും ഇല്ല;—വൈവശ്യം എങ്ങും ഇല്ല." || 780
ചൊല്ലിനാൻ, അതു-നേരം, ടിട്ടിഭം മഹാ-ധീമാൻ:
വല്ലഭേ, വരിക! നീ വാക്കുകൾ കേൾക്കേ വേണ്ടു; || 781
ബന്ധുക്കൾ പറയുന്ന സൽഗുണം ഗ്രഹിക്കാത്ത
ജന്തുക്കൾ മൂഢത്വംകൊണ്ട'ധരായ് പതിച്ചീടും. || 782

ബന്ധു-വാക്യത്തെ ശ്രവിക്കായ്കകൊണ്ടൊ'രു-കൂർമ്മം,
ബന്ധം എന്നിയെ, വീണു ചത്തുപോയെ'ല്ലോ, മുന്നം? || 783

## 11. ബന്ധുവാക്യം കേളാത്ത ആമയുടെ അപായം.

“എങ്ങിനെ 'യതെ”ന്ന'വൾ “കേട്ടാലും” എന്നു കാന്തൻ:
“അങ്ങൊ'രു-ദിക്കിൽ ഒരു-വാപിയിൽ മേവീടുന്ന || 784
കച്ഛപം കംബുഗ്രീവം എന്നു പേർ സരസ്സിന്റെ
കച്ഛത്തിൽ സുഖിച്ചു മേവീടിനാൻ, മഹാഭാഗ്യൻ. || 785
സങ്കടേ സഹായിപ്പാൻ മിത്രങ്ങൾ-രണ്ടു'ണ്ടു, പോൽ;
സങ്കടൻ വികടനും രാജ-ഹംസന്മാർ, അവർ. || 786
വൎഷം ഇല്ലായ്കകൊണ്ടു, ഖിന്നരാമവർ തമ്മിൽ
കഷ്ട-സന്താപംകൊണ്ടു താന്തന്മാർ ഉരചെയ്തു: || 787
“മറ്റൊ'-രു-സരസ്സിങ്കൽ പോക, നാം, എടോ! വെള്ളം
വറ്റുക 'യില്ലാതു'ള്ള വാപികൾ പലതു'ണ്ടു; || 788
നമ്മുടെ കംബുഗ്രീവ-കൂർമ്മത്തോട'റിയിച്ചു
സമ്മതി വരുത്തി 'ക്കൊണ്ടാ'ശു പോകേ'ണം, താനും,” || 789
ഇങ്ങിനെ കൂർമ്മത്തോടു ചെന്ന'വർ ധരിപ്പിച്ചു.
“നിങ്ങൾ പോകുന്ന ദിക്കിൽ ഞാൻ കൂടെ പോന്നീടുവൻ; || 790
നിങ്ങൾക്കു ചിറകു'ണ്ടു പറന്നു പോകാ'ം, അല്ലോ?
എങ്ങിനെ നമ്മെ 'ക്കൂട കൊണ്ടുപോകുന്നു, നിങ്ങൾ?” || 791
“ഞങ്ങൾ ചൊന്നതുപോലെ കേൾക്കും എന്നാ'കിൽ നിന്നെ
ഞങ്ങൾ കൊണ്ടു'ങ്ങു പോകുന്നു'ണ്ടെ”ന്നു ഹംസങ്ങളും: || 792
“ഒന്നുമെ ഉരിയാടാത'ങ്ങിനെ പാർത്തീടേ'ണം.”
എന്നതു “ചെയ്യാം” എന്നു കൂർമ്മവും ഉരചെയ്തു. || 793
നീളം ഉള്ളോ'രു-കോലും കൊത്തി 'ക്കൊണ്ടു'ന്നു ചൊന്നാർ:
“മേളമോടി'-'ക്കോലിൻ-മേൽ കടിച്ചു തൂങ്ങി 'ക്കൊൾക; || 794
ഹംസങ്ങൾ ഞങ്ങൾ രണ്ടു-പേരും ആയി, പതുക്കവെ
അംസത്തിൽ ഏറ്റി 'ക്കൊണ്ടു പറന്നു ഗമിച്ചീടാ'ം. || 795
മിണ്ടു'രുതൊ'ന്നും, ഭവാൻ! ഒന്നു'രിയാടി 'പ്പോയാൽ,
ചെണ്ടകൊട്ടുമെ, സഖേ! കച്ഛപ! കംബുഗ്രീവ!” || 796
“അങ്ങിനെ”യെന്നു കൂർമ്മം കോലിൻ മേൽ കടിച്ചു'ടൻ
തൂങ്ങിനാൻ; അന്നങ്ങളും കൊണ്ടു'ങ്ങു പറന്നിതു. || 797

അങ്ങാടി-'ത്തെരുവിന്റെ മേൽ-ഭാഗേ ചെല്ലു 'ന്നേരം,
അങ്ങാടിക്കാർ എല്ലാരും താഴത്തു വന്നു കൂടി || 798
"നോക്കെ'ടോ! മേൽ-ഭാഗത്തെക്കെ'ന്തൊ'രു-കൂട്ടം പറന്ന്
ഊക്കോടെ ഗമിക്കുന്നു; പണ്ടെ'ങ്ങും കണ്ടിട്ടി'ല്ല." || 799
ഇങ്ങിനെ പലർ കൂടി കൈ-കൊട്ടി ചിരിച്ച'പ്പോൾ,
തിങ്ങിന കോലാഹലം ഉണ്ടായി, മഹീ-തലേ. || 800
ആഘോഷം കേട്ടു ഭയ-പ്പെട്ടോ'രു-കമഠമാം
ആ-ഭോഷൻ വായും പിളൎന്ന് "യ്യയ്യോ" എന്നു ചൊന്നാൻ. || 801
അ-'ക്കോലും കടി-വിട്ടു കച്ഛപം കീഴ്പ്പെട്ടേക്കു
വെക്കെ'ന്നു പതിച്ചിതു, ചൊൽക്കീഴില്ലായ്ക-മൂലം-
മിണ്ട'രുതെ'ന്നു ഹംസം ചൊന്നതു കൂട്ടാക്കാതെ || 802
ചുണ്ടുകൾ രണ്ടും പിളൎന്നൊ'ന്ന'വൻ പറഞ്ഞ 'പ്പോൾ, || 803
തണ്ടുതപ്പിക്കു കടി-വിട്ടു, പോയ'ധോഭാഗേ.
കണ്ടു നിൽക്കുന്ന ഭടന്മാർ ചെന്നു പിടി-കൂടി. || 804
കൈ കൊണ്ടു ഞെക്കി 'ക്കൊന്നു കണ്ടിച്ചു കലത്തിൽ ഇട്ടു
ആകവെ പാകം ചെയ്തു ഭക്ഷിച്ചാർ' എന്നേ വേണ്ടു! || 805
—എന്നതു കൊണ്ടു ചൊന്നേൻ: ബന്ധുക്കൾ കനിവോടെ
ചൊന്നതു കൂട്ടാക്കാതെ, ഇങ്ങിനെ വിനാശവും. || 806
പിന്നെയും ഉരചെയ്തു ടിട്ടിഭം: "മമ പ്രിയേ!
നിന്നെ ഞാൻ ഇനി 'യൊന്നു പറഞ്ഞു ബോധിപ്പിക്കാം': || 807

## 13. സങ്കടത്തിൽ മൂന്നു മത്സ്യങ്ങൾ വ്യാപരിച്ചതു.

പണ്ട' 'നാഗതവിധാതാവെ'ന്ന'ങ്ങൊ'രു-മത്സ്യം
രണ്ടാ'മൻ പ്രത്യുൽപന്നമതി 'യെന്നൊ'രു-മത്സ്യം, || 808
യൽഭവിഷ്യൻ എന്നൊ'രു-മൂന്നാ'മൻ മഹാ-മത്സ്യം.
അൽഭുതം ഇവരുടെ വൃത്താന്തം കേട്ടീടേ'ണം. || 809
നല്ലൊ'രു-വാപി-തന്നിൽ മൂവരും ഒരുമിച്ചു,
അല്ലൽ കൂടാതെ, തത്ര സുഖിച്ചു മേവും കാലം, || 810
ദാശന്മാർ ധന്നു വല വീശുവാൻ പുറപ്പെട്ടു:
ദാശന്മാർ അവർ-തമ്മിൽ പറഞ്ഞു, പതുക്കവെ: || 811

"ഇ-'സ്സരസ്സിങ്കൽ വെള്ളം ഏററം ഇല്ലെ'ടോ! നല്ല
മത്സ്യങ്ങൾ അനേകം ഉണ്ട'ത്രെ; നാം ഇറങ്ങുക." || 812
ആയവർ പറഞ്ഞതു കേട്ടുകൊണ്ട' നാഗതൻ,
മായം എന്നിയെ, മററു-രണ്ടു-പേരോടു ചൊന്നാൻ; || 813
"പോക നാം, വൈകീടാതെ, മററൊ'-രു-തടാകത്തിൽ
ശോകം-ഒന്ന'കപ്പെട്ടും, അത്ര നാം പാൎത്തീടുകിൽ." || 814
ഉൽപന്നമതി പറഞ്ഞീടിനാൻ "വരും എന്നു
കല്പിച്ചു ഭയപ്പെട്ടുന്നെ'ന്തിനു, പാഴിൽ-തന്നെ? || 815
ആപത്തു വന്നാൽ, ഉടൻ ചിന്തിക്കാ'ം, എന്നേ വേണ്ടു!
ആപത്തിന്ന'വകാശം ഇല്ലി'-'പ്പോൾ നമുക്കെ',ടോ! || 816
ദുൎഘടം വരു 'ന്നേരം, ഉൾ-'ക്കാമ്പിൽ ഉപദേശം
തക്കത്തിൽ തോന്നുന്നവൎക്കെ'ങ്ങുമെ തടവി'ല്ല." || 817
യൽഭവിഷ്യൻ എന്നു'ള്ള മത്സ്യത്തിന്നു'ള്ളിൽ ഭയം
ഉത്ഭവിച്ചി'ല്ല, തെല്ലും; മേവിനാൻ, അനങ്ങാതെ. || 818
മുററും ഇങ്ങ' നാഗതൻ പേടിച്ചു പുറപ്പെട്ടു
മറെറാരു ജലാശയം പ്രാപിച്ചു മരുവിനാൻ. || 819
പിറെറ-നാൾ പുലർ-കാലേ ദാശന്മാർ വാപി-തന്നിൽ
തെററ'ന്നു വല 'യിട്ടു മീൻ-പിടി തുടൎന്ന'പ്പോൾ, || 820
ഉൽപന്നമതി-മത്സ്യം ചത്തപോല'നങ്ങാതെ
അപ്പു-തൻ-മീതെ വായും പിളൎന്നു കിടന്നിതു || 821
ചത്തു 'വെന്നോ'ൎത്തു മുക്കോൻ പിടിച്ചു കര 'യേററി
തത്ര വെച്ചു'റപ്പിച്ചു പോന്നിതു, വല വീശാൻ. || 822
മുക്കോർ അങ്ങ'കന്ന'പ്പോൾ, ചെന്നൊ'രു-ചളി-തന്നിൽ
പുക്കു കൊണ്ടി'രുന്നിതു, ദാശന്മാർ ഗമിപ്പോ'ളം. || 823
ഉൽപന്നമതിമത്സ്യം അങ്ങിനെ ജീവിച്ചിതു.
യൽഭവിഷ്യനാം മത്സ്യം സംഭ്രമിച്ചു'ഴലുംപോൾ, || 824
ദാശന്മാർ വല 'യിട്ടു പിടിച്ചു തല്ലി കൊന്നു
പാശങ്ങൾ കൊണ്ടു കെട്ടി ചുമന്നു കൊണ്ടുപോയാർ. || 825
—എന്നതുകൊണ്ടു ചൊന്നേൻ: ആപത്തു ശമിപ്പിപ്പാൻ
അ-'ന്നേരം ഒന്നു തോന്നും, ദൈവം (അല്ലയോ?) സാക്ഷി." || 826

ടിട്ടിഭി സമുദ്രത്തിൻ തീരത്തു പ്രസവിച്ചു,
മുട്ടകൾ-നാല'ഞ്ചു'ണ്ടു ഭൂമിയിൽ വീണ ശേഷം, || 827
പെട്ട'ന്നു സമുദ്രവും വേരലച്ചതിൽ കൂടെ
തട്ടി 'യിട്ടു'രുട്ടി 'ക്കൊണ്ടോ'കവെ കൊണ്ടുപോയാൻ. || 828
ടിട്ടിഭി കരഞ്ഞുംകൊണ്ട'ങ്ങു ചെന്ന'റിയിച്ചു:
ടിട്ടിഭൻ പറഞ്ഞിതു: "വല്ലഭേ! ഖേദിക്കേ'ണ്ട! || 829
വല്ലതും യത്നം ചെയ്തു വാരിധി-തന്നിൽനിന്നു
മെല്ലവെ പുത്രന്മാരെ ഞാൻ ഇങ്ങു വരുത്തുവൻ." || 830
എന്നുര'ചെയ്തു പക്ഷി-സംഘത്തെ 'യെല്ലാം അവൻ
ഒന്നൊ'ഴിയാതെ കണ്ടു വരുത്തി സ്വരൂപിച്ചു || 831
പക്ഷി-സംഘത്തോടൊ'ന്നിച്ച'-'പ്പോഴെ പുറപ്പെട്ടു
പക്ഷിരാ-ജനാം ഗരുഡൻ വസിക്കുന്ന ദിക്കിൽ || 832
ചെന്നു വന്ദിച്ചു-നിന്നു കാൎയ്യവും ഉണൎത്തിച്ചു.
തന്നുടെ ജാതി-സ്നേഹാൽ താൎക്ഷ്യനും ചെന്നു മുദാ || 833
പാൽ-'ക്കടൽ-തന്നിൽ പള്ളി-കൊള്ളുന്ന ഭഗവാനോട്
ഇ'ക്കഥ ബോധിപ്പിച്ചു വന്ദിച്ചു നിന്നീടിനാൻ. || 834
വൈകുണ്ഠൻ വരുണനെ വിളിച്ചി'ങ്ങ'രുൾ ചെയ്തു:
"വൈകാതെ ടിട്ടിഭൻെറ മുട്ടകൾ കൊടുത്താലും!" || 835
കല്പന കേട്ട' 'പ്പോഴെ വന്ദിച്ചു, വരുണനും;
കെല്പോടെ കൊടുത്തിതു, മുട്ടകൾ എല്ലാം, തദാ. || 836

ഇ-'ക്കഥാപ്രസംഗത്തിന്ന'ൎത്ഥത്തെ വിചാരിച്ചാൽ,
വിക്രമം ഏറുന്നോ'രു-വൈരിയോട'മർ ചെയ്വാൻ || 837
ദുൎബ്ബലന്മാൎക്കു മനസ്സു'ണ്ടാക 'യില്ലെ'ന്നൊ'രു-
-സൽഫലം ഇതുകൊണ്ടു സംഭവിച്ചീടും, സഖേ!" || 838

ഇങ്ങിനെ ദമനകൻ ചൊന്നതു കേട്ടു, മഹാൻ
ഇംഗിതം അറിഞ്ഞു'രചെയ്തിതു, സഞ്ജീവകൻ: || 839
"സംഗരം ഭവിക്കുമ്പോൾ പിംഗലൻ-തൻെറ ഭാവം
എങ്ങിനെ'യെന്നും അപ്പോൾ സംഗതി'യെന്നും ചൊൽക" || 840
"ചൊല്ലിനാൻ ദമനകൻ:" ചോടുകൾ ഉറപ്പിച്ചു
പല്ലുകൾ പുറത്താ'ക്കി വക്ത്രവും പിളൎന്നി'വൻ || 841

കണ്ണുകൾ ചുവപ്പിച്ചു കണ്ണങ്ങൾ കൂപ്പിച്ചൊ'രു-
ദണ്ഡ'-തു പോലെ വാലും ഉയർത്തി 'ക്കൊണ്ടു, സിംഹം || 842
നില്ക്കുന്നു കാണാം'; അതു-നേരത്തു ഭവാൻ ചെന്നു
വക്കാണത്തിനു തുടങ്ങീടുക, മഹാത്മാവേ!" || 843

ഇത്ഥം അങ്ങു'രചെയ്തു പോന്നിതു ദമനകൻ.
ബുദ്ധിമാൻ കരടനെ പ്രാപിച്ചു കൂപ്പീടിനാൻ. || 844
"എന്തെ'ടൊ ദമനകാ! നിന്നുടെ മനക്കാമ്പിൽ
ചിന്തിച്ച കാര്യ്യം സിദ്ധം ആയിതോ, വഴി പോലെ?" || 145
ഇങ്ങിനെ കരടകൻ ചോദിച്ചു; ദമനകൻ:
"അങ്ങിനെ ഭേദോപായം സിദ്ധം." എന്നു'രചെയ്തു. || 846
മുന്നമെ-തന്നെ കിഞ്ചിൽ ഭിന്നമായ്', അവർ-തമ്മിൽ;
പിന്നെ ഞാൻ വഴിപോലെ വേർ-പെടുക്കയും ചെയ്തും. || 847
അർദ്ധ-ഭിന്നമായു'ള്ള സാധനം ഭേദ്യം ചെയ്വാൻ
ബുദ്ധിമാന്മാർക്കു തെല്ലും വൈഷമ്യം ഇല്ല; 'യെല്ലോ?" || 848

സാരനാം ദമനകൻ സിംഹ-സന്നിധൌ ചെന്നു
സാരമാം ഉപദേശം ചെയ്തിതു, പരിചോടെ: || 849
"പുംഗവൻ വരു'ന്നേരം, യുദ്ധ-സന്നാഹം കൂട്ടി
തുംഗമാം ലാംഗൂലവും ഉയർത്തി കയർത്തൊ'രു- || 850
-ഭാവവും ഭാവിച്ചി'രുന്നീടുക, മമ സ്വാമിൻ!
സാവധാനത വേണം; സംഗരം ഉണ്ടായ് വരും." || 851

എന്നതു കേട്ടു, സിംഹം അങ്ങിനെ സ്ഥിതി-ചെയ്താൻ.
അ-'ന്നേരം അ-'വിടത്തിൽ ചെന്നിതു, സഞ്ജീവകൻ. || 852
മുന്നമെ ദമനകൻ ചൊന്നതു പോലെ തന്നെ
സന്നാഹത്തോടു നിൽക്കും സിംഹത്തെ കണ്ടു, വൃഷം || 853
കൊമ്പുകൾ ഉയർത്തിക്കൊണ്ടു'ടുത്തു, യുദ്ധം ചെയ്വാൻ;
വമ്പനാം പഞ്ചാനന-ശ്രേഷ്ഠനും ഒരുമ്പെട്ടാൻ; || 854
എത്രയും ഭയങ്കരം യുദ്ധം ഉണ്ടായി, തമ്മിൽ,
വൃത്രനും മഹേന്ദ്രനും തങ്ങളിൽ യുദ്ധം പോലെ. || 855
—ഊക്കേ'റും വൃഷഭന്റെ മുക്കുറ-ഘോഷങ്ങളും,
മുഷ്ക്കേറും സിംഹത്തിന്റെ സിംഹ-നാദ-ഘോഷവും, || 856

കുത്തുകൾ, ഇടി-കടി-മാന്തുകൾ, തട്ടും മുട്ടും,—
ക്രുദ്ധരാം അവരുടെ യുദ്ധം എത്രയും ഘോരം! || 857
ദുൎവ്വിധം അതു കണ്ടു പറഞ്ഞു, കരടകൻ:
ദുൎമ്മതേ! ദമനക: നിന്നുടെ ദുരാചാരം || 858
ദുൎന്നയ-പ്രയോഗത്താൽ ഇങ്ങിനെ മമ സ്വാമി
ദുഷ്പ്രമേയത്തിൽ പതിച്ചിടിനാൻ, കഷ്ടം! കഷ്ടം! || 859
സാമവും ദാനം ഭേദം ദണ്ഡം—എന്നിവ നാലിൽ
സാമം എന്നതേ സമാരംഭിച്ചീടാ’വൂ, സഖേ! || 860
സാമത്തെ പ്രയോഗിച്ചാൽ, ഒക്കവെ സാധിച്ചീടും;
കാമത്തിന്ന’നുകൂലം കാൎയ്യവും സാധിച്ചീടും. || 861
ദാനഭേദാദി-മൂന്നു എങ്ങുമെ ചിതം വരാ!
മാന സംഖ്യാനം ചെയ്യാൻ മാത്രമേ കൊള്ളിക്കാ’വൂ || 862
സൂൎയ്യ-രശ്മികൾ കൊണ്ടും പാവക-പ്രഭ കൊണ്ടും
സൂൎയ്യ-കാന്താദി മണി-ശ്രേണി-തേജസ്സു കൊണ്ടും || 863
വൈരമാം അന്ധകാരം ശമിക്ക ‘യില്ല, ദൃഢം;
സാരമാം സാമം കൊണ്ടേ ശമിപ്പൂ, ദമനക! || 864
—മന്ത്രി-രാജൻെറ മകൻ ഞാൻ—എന്നു മദിച്ചു നീ
മന്ത്രിച്ചു മമ സ്വാമിക്കാ’പത്തു വലിച്ചിട്ടാൻ. || 865
എന്തി’നി കഴിഞ്ഞതു ചിന്തിച്ചാൽ, ഫലം വരാ.
ദന്തി-വൈരിയും വൃഷ-ശ്രേഷ്ഠനും ഇവർ തമ്മിൽ || 866
സന്ധിപ്പാൻ ഉപായത്തെ ചിന്തിക്ക, സഹോദര;
സന്ധി ‘യെന്നു’ള്ള നീതി സൎവ്വദാ മനോഹരം; || 867
തങ്ങളിൽ കടി-പിടി-കൂട്ടുവാൻ പലർ ഉണ്ടാം;
തങ്ങളിൽ പറഞ്ഞു ചേൎക്കുന്നവർ പാരം തുച്ഛം. || 868
ഭിന്നിക്കും ജനങ്ങളെ ചേൎക്കുന്ന പുരുഷനും,
സന്നിക്കു ചികിത്സിച്ചു ശമിപ്പിപ്പവൻ-താനും, || 869
തന്നുടെ സാമൎത്ഥ്യത്തെ കാട്ടേ’ണം, എങ്കിൽ, തമ്മിൽ
ഭിന്നരും സന്നിക്കാരും ഉണ്ടെന്നേ ഫലം വരൂ! || 870
മററു’ള്ള സ്ഥാനങ്ങളിൽ ആ-വിധം വിദ്വാന്മാരും
മററു’ള്ള മൂഢന്മാരും ഏതുമേ ഭേദം നാസ്തി. || 871
നീച-മാൎഗ്ഗത്തിൽ ചെന്നു ചാടുന്ന പ്രഭുക്കളും,
നീർ-ആഴം ഉള്ള കൂപേ പതിക്കും പശുക്കളും, || 872

മേല്പെട്ടു കരേറുവാൻ എത്രയും പരാധീനം;
കീഴ്പെട്ടു പതിപ്പതിനെ'ത്രയും എളുപ്പമാം; || 873
ചൊല്ലെ',ടോ, ദമനക, നീ തന്നെ മുന്നം ശ്രമിച്ച'
അ'ല്ലയോ, സഞ്ജീവക-'ക്കാളയെ കൊണ്ടുവന്നു? || 874
സൽഗുണൻ മമ സ്വാമി, കാള വന്നതിൽ പിന്നെ,
നിൎഗ്ഗുണൻ നിരീശ്വരനായ് വന്നു, മഹാകഷ്ടം! || 875
മന്നവൻ ഗുണവാൻ എന്നാ'കിലും, ദുൎമ്മന്ത്രികൾ
വന്നു ചേരുംപോൾ, ആൎക്കും വേണ്ടാതായ് വരും, നൃപൻ. || 876
നൽ-'ക്കുളങ്ങളിൽ ജലം നിൎമ്മലം എന്നാ'കിലും
നക്രം ഉണ്ടെ'ന്നു കേട്ടാൽ, ആരാ'നും ഇറങ്ങുമോ? || 877
ഗോപിതമാകും ദിക്കിൽ എ-പ്പോഴും അധിവാസം
ഭൂപതി-പ്രവരന്മാൎക്കൊ'ട്ടുമേ ഗുണം അല്ല. || 878
സജ്ജനങ്ങടെ മദ്ധ്യേ സൎവ്വരും വസിക്കേ'ണം.
ദുൎജ്ജനങ്ങളോടു'ള്ള സമ്പൎക്കം ത്യജിക്കേ'ണം || 879
സൎവ്വ'സമ്മത-ഗുണം ഉള്ളോ'രു-സചിവന്മാർ
സൎവ്വദാ സഹ-സ്ഥിതന്മാരായാൽ, മഹാസുഖം, || 880
മാധുൎയ്യം ഭാവിക്കയും, മാനസേ കപടവും
ജാതമാം അമാത്യന്മാർ കേവലം വിഷം-തന്നെ! || 881
ബുദ്ധിയിൽ പര-ദ്രോഹം ചിന്തിച്ചു മേവും ഭവാൻ
ബുദ്ധിമാൻ അല്ലെ'ന്നതും വന്നീടും, ദമനക! || 882
ശാഠ്യത്തെ വിടാതെ കണ്ടു'ള്ളൊ'രു-സൌഹാൎദ്ദവും,
മൌഢ്യം വേർ-വിടാതെ കണ്ടു'ള്ളോ'രു-ധൎമ്മങ്ങളും || 883
ലോകരെ ദ്വേഷിച്ചുകൊണ്ടു'ണ്ടാക്കും ധനങ്ങളും,
ലൌകികം കൂടാതു'ള്ള സാധു-സൽക്കാരങ്ങളും, || 884
നിത്യവും സുഖിച്ചി'രുന്നു'ള്ള വിദ്യാഭ്യാസവും,
ചിത്ത-പാരുഷ്യത്തോടെ കാമിനീ-സംസൎഗ്ഗവും, || 885
ഇച്ഛിക്കും പുരുഷന്മാർ എത്രയും അധമന്മാർ;
തുച്ഛ-ബുദ്ധികൾ അവർ എന്നു ബോധിക്ക, ഭവാൻ! || 886
ബാലക! ദമനക! നിന്നുടെ പിതാവിന്റെ
ശീലം ഇന്നു'പമിക്കാ'ം, നിന്നുടെ ശീലം കണ്ടാൽ. || 887
താതന്റെ സ്വഭാവവും പുത്രന്റെ സ്വഭാവവും
ഭേദം ഇല്ലെ'ന്നു പറയുന്നതു പരമാൎത്ഥം. || 888

കൈത-മേൽ ഉണ്ടാകുന്ന കാൎയ്യങ്ങൾക്കു മുള്ളു'ണ്ടെ'ല്ലോ?
കൈതവ-പ്രയോഗങ്ങൾ താതങ്കൽനിന്നു'ണ്ടായി. || 889
എന്തിന്നു ഹിതോപദേശത്തെ ഞാൻ ചെയ്തീടുന്നു?
ചിന്തയിൽ നിണക്കൊ'രു-നേർ-വഴി കാണുന്നി'ല്ല. 890
നല്ലൊ'രു-കട്ടപ്പും ഉള്ളാ'യുധം കല്ലിൽ വെച്ചു
തല്ലിയാൽ, വളയുമോ! പൊട്ടുകേ 'യുള്ളു, ദൃഢം! || 891
"നല്ലൊ'രു-സൂചീമുഖീ-പക്ഷി-താൻ കരങ്ങിന്നു
നല്ലതു പറഞ്ഞിട്ടു, തനിക്കു, നാശം വന്നു." || 892
"എങ്ങിനെ 'യതെ"ന്നുടൻ ചോദിച്ചു ദമനകൻ;
"എങ്കിൽ, നീ കേൾക്കേ"ന്നു'രചെയ്തിതു കരടകൻ. || 893

## 14. കുരങ്ങിന്നു നല്ലതു പറഞ്ഞ പക്ഷിയുടെ അപായം.

മൎക്കട-ക്കൂട്ടം മഹാ-ശീതത്തെ സഹിയാഞ്ഞു
ഒക്കവെ വിറെച്ചൊ'രു-ദിക്കിൽ വന്നിരിക്കുംപോൾ || 894
തീ-'ക്കനൽ തിരഞ്ഞൊ'രു-വാനരൻ പുറപ്പെട്ടാൻ.
—നീക്കം ഇല്ലെ',ടോ, നല്ല തീ 'യിതാ പറക്കുന്നു.— || 895
എന്നു നിശ്ചയിച്ച്'വൻ ചെന്നു'ടൻ മിന്നാമിനുങ്ങ്
എന്നുള്ള പ്രാണികളിൽ ഒന്നിനെ പിടി-പെട്ടാൻ. || 896
(വൃക്ഷത്തിൽ പ്രകാശം ഉണ്ടു,'-'ജ്ജന്തു പറക്കുംപോൾ.)
പൊട്ടൻ-താൻ അതു കണ്ടു പാവകൻ എന്നു'റച്ചു, || 897
കൂട്ടക്കാർ ഇരിക്കുന്ന യോഗത്തിൽ കൊണ്ടുവന്നു,
ചെണ്ടക്കാരനും ഊതി കത്തിപ്പാൻ തുടങ്ങുന്നു: || 898
അന്നേരം സൂചീമുഖൻ എന്നൊ'രു-പക്ഷി മെല്ലേ
ചെന്ന്'ങ്ങു കരങ്ങിന്റെ കൎണ്ണത്തിൽ മന്ത്രിച്ചിതു: || 899
"വഹ്നി 'യല്ലി'തു, സഖേ! വാനര! മിന്നാമിനുങ്ങ്
എന്നൊരു'-പ്രാണി 'യിത;'ങ്ങൂ'തിയാൽ, എരിയുമോ!" || 900
എന്നതു കേട്ടു കയൎത്തീടിനാൻ, കരങ്ങച്ചാർ:
"എന്തെടോ നിന്നോടുണ്ടോ ചോദിച്ചു?" 'വെന്ന്'ങ്ങ'വൻ || 901
പക്ഷിയെ പിടിച്ചാ'ശു പാറ-മേൽ അടിച്ചു'ടൻ
തൽ-ക്ഷണം കലചെയ്തു ഭക്ഷണം കഴിച്ചിതു. || 902

എന്നതു കൊണ്ടു ഞാനും നാനാമ്യശ്ലോകം ചൊന്നേൻ
എന്നുടെ ദമനക! ദുഷ്പ്രയത്നങ്ങൾ വൃഥാ: || 903
തന്നുടെ ബുദ്ധികൊണ്ടും തന്നുടെ ശക്തികൊണ്ടും
തന്നുടെ ദ്രവ്യംകൊണ്ടും തന്നുടെ ധൎമ്മംകൊണ്ടും || 904
ഗോത്രത്തെ രക്ഷിക്കുന്നതേ'തൊ'രു-പുമാൻ-അവൻ
പുത്രനായ് വരും മാതാവ'ല്ലയോ, മാതാവെ'ടോ?" || 905

ഇങ്ങിനെ കരടകൻ ചൊല്ലിയ വാക്കു കേട്ടു
മങ്ങിന മുഖത്തോടെ ഭൂതലം നോക്കിക്കൊണ്ടു || 906
കുഞ്ചിതം വഴിപോലെ തോന്നിച്ചു, ദമനകൻ
മിണ്ടാതെ നിന്നു;'ങ്ങു'രചെയ്തിതു കരടകൻ: || 907
"ദുഷ്ടബുദ്ധിയും ധൎമ്മബുദ്ധിയും ഇരുവരിൽ
ദുഷ്ടബുദ്ധിയാമവൻ തന്നുടെ പിതാവിനെ || 908
വല്ലാത്ത സ്ഥലത്തിങ്കൽ കൊണ്ടുപോയി പാൎപ്പിക്കയാൽ,
വല്ലാതെ മരിപ്പിച്ചാൻ എന്നതു കേട്ടിട്ടി'ല്ലേ?" || 909
"അഗ്രജ! നമുക്ക'തു കേൾക്കേ'ണം" എന്നു തമ്പിക്ക്
ആഗ്രഹം സാധിപ്പിപ്പാൻ ഉക്തവാൻ, കരടകൻ: || 910

## 15. ദുഷ്ടബുദ്ധിയും ധൎമ്മബുദ്ധിയും.

ചെട്ടികൾ വസിക്കുന്ന പട്ടണം തന്നിൽ ഒരു-
-ചെട്ടിക്കു രണ്ടു-മക്കൾ ഉണ്ടായി വളൎന്നിതു. || 911
അഗ്രജൻ ദുഷ്ടബുദ്ധി സോദരൻ ധൎമ്മബുദ്ധി;
വ്യഗ്രം എന്നിയെ, സുഖിച്ച'ങ്ങിനെ മേവും കാലം, || 912
അൎത്ഥം ആൎജ്ജിപ്പാൻ അവർ, അന്യ-ദേശങ്ങൾ തോറും,
സ്വസ്ഥരായ് നടക്കുംപോൾ, ഏകദാ വനാന്തരേ || 913
ജ്യേഷ്ഠനാം ദുഷ്ടബുദ്ധി മുൻ-ഭാഗേ നടക്കുന്നു;
പൃഷ്ഠഭാഗത്തു നടന്നീടിനാൻ, ധൎമ്മബുദ്ധി. || 914
കാട്ടിൽ അങ്ങൊ'രു-മരം മുഴങ്ങി വീഴ 'ന്നേരം,
മൂട്ടിൽനിന്നൊ'രു-നിധി-കുംഭവും പ്രകാശിച്ചു. || 915
ധൎമ്മബുദ്ധിക്കു കിട്ടി തൽ-കുംഭം മഹാ-ധനം
നിൎമ്മല-സ്വൎണ്ണംകൊണ്ടു പൂൎണ്ണം, എത്രയും സാരം. || 916

കുട്ടകം ഉരുട്ടി 'കൊണ്ടി'ങ്ങിനെ ചെന്നു മുദാ
ദുഷ്ടബുദ്ധിയോടു'ര ചെയ്തിതു, സഹോദരൻ: || 917
"അഗ്രജ! നമുക്കൊ'രു നിക്ഷേപം ലഭിച്ചിതു:
ദുർഗ്രഹം ഇതു; ഭവാൻ കൂടവെ പിടിക്കേ'ണം" || 918
വള്ളികൾ കൊണ്ടു കെട്ടി തണ്ടും ഇട്ടെടുത്ത'വർ
മെല്ലവെ നടന്നു തൻ-പട്ടണം അടുത്ത 'പ്പോൾ, || 919
ദുഷ്ടബുദ്ധിയും ചൊന്നാൻ: "സോദര! നമുക്കി'തു
പട്ടണം പ്രവേശിപ്പിച്ചീടിനാൽ, ദോഷം വരും; || 920
അത്ര നല്ലൊ'രു-ദിക്കിൽ കുഴിച്ചു സ്ഥാപിച്ചുകൊണ്ട്
അത്ര-മാത്രവും കൈക്കൽ എടുത്തു പോക നല്ലു." || 921
"അങ്ങിനെ" എന്നു ധർമ്മബുദ്ധിയും അനുവദിച്ച്
അങ്ങൊ'രു-പെരു-മരം തന്നുടെ മൂലത്തിങ്കൽ || 922
കുട്ടകം കുഴിച്ചിട്ടു മണ്ണുകൊണ്ടാ'ച്ഛാദിച്ചു
പട്ടണം പുക്കു ഗൃഹേ മേവിനാർ, ഇരുവരും. || 923
ഒട്ടു-നാൾ കഴിഞ്ഞ പ്പോൾ ഒളിച്ച'ങ്ങൊ'രു-ദിനം
ദുഷ്ടബുദ്ധി-താൻ ചെന്നു കുട്ടകം കയ്യിൽ ആക്കി || 924
അന്നു രാത്രിയിൽ-തന്നെ കൊണ്ട'ന്നു പണിപ്പെട്ടു
തന്നുടെ പുര-മുറിതന്നിലെ കുഴിച്ചിട്ടാൻ. || 925
പെട്ട'ന്ന'ങ്ങൊ'രു-ദിനം ധർമ്മബുദ്ധിയെ വിളിച്ച്
ഇഷ്ട-ഭാവം പൂണ്ടു'രചെയ്തിതു, ദുഷ്ടബുദ്ധി: || 926
"പണ്ടു നാം സ്ഥാപിച്ചോ'രു-കുട്ടകം ഇങ്ങു-തന്നെ;
കൊണ്ടുപോരേ'ണം; ഇനി കൊണ്ട'ന്നാൽ ദോഷം ഇല്ല." || 927
എന്നതു കേട്ടു ധർമ്മബുദ്ധി താൻ മഹാശുദ്ധൻ
ചെന്നു നോക്കുന്ന നേരം കുട്ടകം കണ്ടീ'ല'ല്ലോ? || 928
പട്ടണേ ചെന്നു ദുഷ്ട-ബുദ്ധിയോടു'രചെയ്തു:
"കുട്ടകം ഭവാൻ-തന്നെ മോഷ്ടിച്ചു കൊണ്ടുപോന്നു." || 929
"കട്ടതു നീ-താൻ!" എന്നു ദുഷ്ടബുദ്ധിയും; "ഇതു
കട്ടതു ഭവാൻ!" എന്നു ധർമ്മബുദ്ധിയും; തമ്മിൽ || 930
ശണ്ഠ 'യിട്ടി'രുവരും രാജ-ധാനിയിൽ എത്തി
കണ്ടത കൂടാത'റിയിച്ചിതു, നൃപനോടു. || 931
ധർമ്മ-രക്ഷണത്തിനു ശക്തരാം കാര്യക്കാരെ
ധാർമ്മികൻ നരപതി കല്പിച്ചു നിയോഗിച്ചു. || 932

“ധൎമ്മബുദ്ധിയാം ഇവൻ കട്ടുകം കട്ടാൻ” എന്നു
ദുൎമ്മദത്തോടെ ദുഷ്ടബുദ്ധിയും ഉരചെയ്തു. || 933
“സാക്ഷിക്കാർ എങ്ങു ചൊൽവിൻ!” എന്നു മന്ത്രികൾ ചൊന്നാർ
“സാക്ഷിയായതു വൃക്ഷം.” എന്നവൻ ഉരചെയ്തു || 934
“വാശ്ശുതും അടുത്ത നാൾ, വൃക്ഷത്തിൻ മൂലേ ചെന്നിട്ട്
ഈശ്വര-പരീക്ഷയും ചെയ്യേ’ണം ഇരുവരും; || 935
അഗ്നിക്കിൽ ചെന്നു വിരൽ മുക്കേ’ണം ഇരുവരും;
അദ്യ പോയ് കൊൾവിൻ നാളെ ഞങ്ങളും വരുന്നുണ്ടു.” || 936
അങ്ങിനെ പറഞ്ഞാ’ശു പിരിഞ്ഞാർ, അമാത്യന്മാർ
തങ്ങളും ഇരുവരും പോന്നി’ങ്ങു ഗൃഹം പുക്കാർ. || 937
അന്തിക്കു ദുഷ്ടബുദ്ധി അച്ഛനാം ശ്രേഷ്ഠീന്ദ്രന്റെ
അന്തികം-തന്നിൽ ചെന്നു നിന്നുകൊണ്ടു’രചെയ്തു: || 938
“താതൻ അങ്ങൊ’രു-വാക്കു പറഞ്ഞെ’ങ്കിൽ, ഇ-ദ്രവ്യം
താമസം കൂടാതി’ങ്ങു ലഭിക്കും, ഒക്ക ‘ത്തന്നെ.” || 939
“എന്തു ഞാൻ പറയേ’ണ്ടുന്നാ’,രോടു പറയേ’ണ്ടു,
എന്തൊ’രു കാൎയ്യം?” എന്നു ചോദിച്ചു ജനകനും || 940
അച്ഛൻ ഇന്നൊ’രു-തരു-കോടരം-തന്നിൽ പുക്കു
പ്രച്ഛന്നം വസിക്കേ’ണം, യാമിനി കഴിവോ’ളം. || 941
സൂൎയ്യൻ അങ്ങു’ദിക്കുമ്പോൾ കാൎയ്യക്കാർ അവിടേക്കു
കാൎയ്യങ്ങൾ കേൾപ്പാൻ വരും; ഞങ്ങളും കൂടെ വരും; || 942
ഭവ്യരാം അമാത്യന്മാർ ചോദിക്കു ‘ന്നരം, ഭവാൻ
ദിവ്യ-വാക്യത്തെ പറഞ്ഞീടേ’ണം, നിഗൂഢം ആയി: || 943
—ദ്രവ്യത്തെ മോഷ്ടിച്ചതു ധൎമ്മബുദ്ധി താൻ—എന്നു
സൎവ്വരും കേൾക്കെ പറഞ്ഞീടേ’ണം; എന്നാൽ മതി.” || 944
ദുഷ്ടബുദ്ധിയോടു’രചെയ്തിതു ജനകനും
“നഷ്ടമാം നീയും ഞാനും, ഇങ്ങിനെ ചെയ്തീടിനാൽ; || 945
ഏവനും ഉപായത്തെ ചിന്തിക്കു ‘ന്നേരം തന്നെ,
കേവലം അപായത്തെ ചിന്തിച്ചേ, ഗുണം വരൂ! || 946
സ്വൈരമായി ബകത്തിന്റെ മുട്ടകൾ തിന്നും സൎപ്പം
കീരിയാൽ താനും തന്റെ മക്കളും നശിച്ചല്ലൊ?” || 947
“എങ്ങിനെ ‘യതെ”ന്നുടൻ ചോദിച്ചു, ദുഷ്ടബുദ്ധി;
സംഗതി-പ്രകാരത്തെ ചൊല്ലിനാൻ, ജനകനും: || 948

## 16. ഉപായം ചിന്തിച്ചു കൊക്കിന്നു, അപായം വന്നുപോയതു.

“പൊക്കം ഉള്ളോ’രു-വൃക്ഷേ കൊക്കിന്റെ കളത്രവും
കൊക്കും ആയ് വിനോദിച്ചു തത്ര മേവീടും കാലം, ‖ 949
കൊക്കിന്റെ ഗൃഹിണി പെറ്റുണ്ടാകും ശിശുക്കളെ
ഒക്കവെ ഒരു-സൎപ്പം വന്നുടൻ ഭക്ഷിക്കുന്നു. ‖ 950
ദുഃഖിതനാ’യി ബകം ചെന്നൊ ’രു-വാപി-തീരേ
നില്ക്കുന്ന നേരം, തന്റെ ബന്ധു ’വാം കുളീരകൻ ‖ 951
ചോദിച്ചു:” താൻ എന്തെ’ടോ ഖേദിച്ചു വസിക്കുന്നു?”
ഖേദത്തിൻ മൂലം ബകം അങ്ങിനെ ഗ്രഹിപ്പിച്ചു: ‖ 952
ഞണ്ടും അങ്ങു’പദേശം ചൊല്ലിനാൻ: “മത്സ്യങ്ങളെ
കൊണ്ടുപോയി, കീരി നിത്യം വസിക്കും പൊത്തിൽനിന്നു ‖ 953
പന്നഗം പാൎക്കുന്നോ’രു-സുഷിരത്തോ’ളം ഒക്കെ
ചിന്നി ’യിട്ടേ’ച്ചു ഭവാൻ സ്വസ്ഥനായി’രുന്നാലും! ‖ 954
അ-’ന്നേരം നകുലവും മത്സ്യ-വൃന്ദത്തെ ’യെല്ലാം
തിന്നു തിന്ന’ഹിയുടെ രന്ധ്രത്തിൽ ചെന്നു കേറും; ‖ 955
പന്നഗത്തെയും പുത്രന്മാരെയും എല്ലാം കീരി
കൊന്നൊ’ടുക്കീടും; എന്നാൽ തന്നുടെ താപം തീരും.” ‖ 956
—എന്നതു കേട്ടു ബകം, ബന്ധു ’വാം കുളീരേന്ദ്രൻ
ചൊന്നതു പോലെ ചെയ്തു, പന്നഗം നശിച്ചിതു. ‖ 957
പിന്നെ വന്മരത്തിന്മേൽ കൂടിനെ കണ്ടു, കീരി
ചെന്നു കൊക്കുകളുടെ വംശത്തെ ഒടുക്കിനാൻ. ‖ 958

എന്നതുകൊണ്ടു ചൊന്നേൻ: ഇങ്ങിനെ പ്രയോഗിച്ചാൽ
എന്നു-’ണ്ണി നീയും ഞാനും ജീവിക്ക ’യില്ല, ദുഃഖം.” ‖ 959
ഇ-’ത്തരം പറയുന്ന താതനെ പിടിച്ചവൻ
സത്വരം മരത്തിന്റെ കോടര-ദ്വാരം-തന്നിൽ ‖ 960
കൊണ്ടുപോയൊ’ളിപ്പിച്ചു തിരിച്ചു പോന്നീടിനാൻ.
കണ്ടു ഭാസ്കരൻ ഉദിക്കുന്നതും അതു-നേരം ‖ 961
ദുഷ്ടബുദ്ധിയും ധൎമ്മബുദ്ധിയും ബന്ധുക്കളും
ശിഷ്ടരാം ജനങ്ങളും രാജ-സേവകന്മാരും ‖ 962

പക്ഷവാദികൾ അമാത്യന്മാരും ഒക്ക ചെന്നു.
വൃക്ഷ-മൂലത്തിൽ മഹാ-യോഗം അങ്ങിനെ കൂടി. || 963
കൈ-വിരൽ മുക്കാൻ ഉള്ള വമ്പും ഉണ്ടാക്കിക്കൊണ്ടു
കൈതവം നേരും തിരിച്ചീടുവാൻ നെയ്യും തീയും || 964
വട്ടങ്ങൾ കൂട്ടി'ക്കൊണ്ടു ചോദിച്ചു, സചിവന്മാർ:
"കുട്ടകം മോഷ്ടിച്ചവർ ആരെ'ന്നു പറഞ്ഞാലും!" || 965
ദിവ്യ-ഭാരതി വൃക്ഷകോടരേ നിന്നു'ണ്ടായി:
"ദ്രവ്യത്തെ മോഷ്ടിച്ചതു ധർമ്മബുദ്ധി താൻ!" എന്നു: || 966
ആയതു കേട്ട നേരം എല്ലാരും വിസ്മയിച്ചു.
"മായം എന്നതേ വരൂ" 'വെന്നു'ടൻ ധർമ്മബുദ്ധി || 967
നിശ്ചയം അറിവാനാ'യി വൃക്ഷത്തിൻ മുകൾ ഏറി
കച്ചിയും തൃണങ്ങളും കോടര-ദ്വാരേ വെച്ചു || 968
തീ 'യിട്ടു പുകെച്ച്'പ്പോൾ, അച്ഛനും തല പൊക്കി:
"ചെയ്യൊ'ല്ല, മമ വധം! വീർപ്പു മുട്ടുന്നു, പാരം; || 969
പൊയ്യ'ല്ല, മമ സുതൻ ദുഷ്ടബുദ്ധി-താൻ ഇതു
ചെയ്യിപ്പിച്ചതും; ദ്രവ്യം കട്ടതും അവൻ-തന്നെ. || 970
ഇത്തരം ഉരചെയ്തു കാലൻ-ഊർ പുക്കു, മഹാ-
-വൃദ്ധനാം വണിഗീശൻ, പുത്രന്റെ ചൊൽ കേൾക്കയാൽ. || 971
ധാർമ്മികൻ മഹീ-പതി അ-'ധനം അശേഷമെ
ധർമ്മബുദ്ധിക്കു നൽകി സമ്മാനിച്ച'യച്ചിതു. || 972
ദുഷ്ടബുദ്ധിയെ ശൂലാരോഹണം ചെയ്യിപ്പിച്ചു
പുഷ്ടശോഭമായ് വന്നു, പട്ടണം മനോഹരം. || 973
എന്നതു കൊണ്ടു ചൊന്നേൻ: ദുഷ്ടബുദ്ധിയെ പോലെ
വന്നുപോകൊ'ലാ ഭവാനു, എന്നുടെ സഹോദര," || 974

പിന്നെയും കരടകൻ ചൊല്ലിനാൻ: "ദമനകാ!
നിന്നുടെ ദുസ്സാമർത്ഥ്യംകൊണ്ടു'ഹോ കുല-ക്ഷയം! || 975
വാരി-രാശിയിൽ-ഓളം ആററിലെ ഒഴുക്കുള്ളു;—
നാരി-വിശ്വാസത്തോ'ളം ബന്ധു-സ്നേഹവും ഉള്ളു;— || 976
സൂചക-ശ്രുതി 'യോളം മന്ത്ര-ഗോപനം ഉള്ളു;—
നീച-നന്ദനൻ-ഓളം നിർമ്മല-കുലം ഉള്ളു. || 977

ശാഠ്യം ഉള്ളവരോടു ശാഠ്യവും വേണം, താനും—
പാഠ്യമാം ഒരു-പദ്യം കേട്ടിട്ടി'ല്ലയോ, ഭവാൻ? || 978
ആയിരം-തുലാം ഇരിമ്പൊ'ക്കവെ കൂട്ടി തന്റെ
വായിൽ ആക്കിനാൻ ഒരു-മൂഷികൻ യസ്മിൻ ദേശേ || 979
അദ്ദേശേ ശ്യേനനാകും പക്ഷിയും വണിക്കിന്റെ
പുത്രനെ കൊണ്ടുപോയെ'ന്നു'ള്ളതു വരാത്തതോ?" || 980
"എങ്ങിനെ 'യതെ"ന്നുടൻ ചോദിച്ചു, ദമനകൻ;
"എങ്കിലോ കേൾക്കെ"ന്നു'രചെയ്തിതു, കരടകൻ: || 981

## 17. ശഠന്മാരോടു ശാഠ്യം.

പണ്ടൊ'രു-നഗരത്തിൽ വാണിഭം ചെയ്തു കൂട്ടി
കൊണ്ടൊ'രു-വണിക്കു-താൻ തന്നുടെ സുഹൃത്താകും || 982
വാണിഭക്കാരൻ കയ്യിൽ അമ്പതു-ഭാരം ലോഹം
പ്രാണ-വിശ്വാസ-മൂലം സൂക്ഷിപ്പാൻ കൊടുത്തവൻ || 983
വിത്ത-വിക്രയം ചെയ്വാൻ ഗമിച്ചു തെക്കേ-ദിക്കിൽ
പത്തു-മാസങ്ങൾ തത്ര താമസിച്ചി'ട്ടു വന്നു; || 984
തന്നുടെ സുഹൃത്തോടു ചോദിച്ചു: "സഖേ! മുന്നം
തന്നുടെ പക്കൽ തന്ന ലോഹത്തെ തരികെ',ടോ" || 985
"എന്നുടെ വീട്ടിൽ ബഹു-മൂഷികന്മാർ ഉണ്ടു'വർ
തിന്നുതിന്നി'രിമ്പെ'ല്ലാം ഇല്ലാതായ് വന്നു, കഷ്ടം! || 986
എന്തു ഞാൻ ചെയ്വൻ?" എന്നു ചെട്ടിയും ഉരചെയ്തു.
(ബന്ധു 'വെങ്കിലും, അവൻ എത്രയും മഹാ-ധൂർത്തൻ!) || 987
ആയതു കേട്ടു മറ്റെ-ചെട്ടിയും വിചാരിച്ചു—
—മായം ഇ-'പ്പറഞ്ഞതു; മറച്ചു വെച്ചാൻ; അഹം || 988
പോയതുകൊണ്ടു പറഞ്ഞാൽ, ഇനി ഫലം എന്തെ'?"ന്നു
ആയവൻ പറഞ്ഞി'ട്ടു യാത്രയും ചൊല്ലി പോന്നു. || 989
പിന്നെ 'യങ്ങൊ'രു-ദിനം, തന്നുടെ സുഹൃത്തിന്റെ
നന്ദനൻ കുളിപ്പാനായി പോകുന്ന ദശാന്തരേ, || 990
ചെന്നു'ടൻ പിടി-പെട്ടു വലിച്ചു കൊണ്ടുപോന്നു
തന്നുടെ വീട്ടിൽ ഒരു-ഗൂഢ-സ്ഥാനത്ത'ങ്ങാ'ക്കി || 991
വാതിലും അടെച്ചാ'ശു മുടക്കൻ ഇട്ടു പൂട്ടി,
വാണിഭക്കാരൻ അനങ്ങാ'തങ്ങു വാണീടിനാൻ. || 992

ബദ്ധനായി കിടക്കുന്ന ബാലനാം വണിക്കിന്റെ
വൃദ്ധനായുള്ള താതൻ, പുത്രനെ കാണായ്കയാൽ, || 993
ബദ്ധപ്പെട്ടോ'ടി വന്നു ചോദിച്ചു, സുഹൃത്തോടു:
"പുത്രനെ കണ്ടീലെ'ടോ; താൻ ഉണ്ടോ, കണ്ടു, സഖേ? || 994
അ'-ന്നേരം ഉരചെയ്യാൻ, മറ്റേവൻ: "മഹാമതേ
ഇന്നൊ'രു-പരന്തു വന്നെ'ടുത്തു കൊണ്ടുപോയാൻ." || 995
"പുത്രനു പതിനെട്ടു വയസ്സും; അവനെ 'യി-
-പക്ഷിയാം പരന്തു'ണ്ടോ, കൊണ്ടുപോകുന്നു, സഖേ? || 996
താൻ എന്റെ തനയനെ കൊന്നിതോ, കളഞ്ഞിതോ:
ഞാൻ ഇനി ചെന്നു നാടു-വാഴിയോട'റിയിപ്പൻ." || 997
ഇ-'ത്തരം ഉരചെയ്തു കോയിക്കൽ ചെന്നു വണിക്ക്
എത്രയും വിഷാദിച്ചു കരഞ്ഞു നിന്നീടിനാൻ. || 998
ശ്രേഷ്ഠരാം അമാത്യന്മാർ ചോദിച്ചാർ, അവസ്ഥകൾ:
ചെട്ടിയും ഉരചെയ്യാൻ: "എന്നുടെ തനുജനെ || 999
മറ്റൊ'രു-ചെട്ടി 'യൊളിപ്പിക്കയോ വധിക്കയോ
മുറവും ഇ-'പ്പരമാർത്ഥം അന്വേഷിക്ക'ണം, നിങ്ങൾ: || 1000
പറഞ്ഞാൻ, അവൻ:—ഒരു പരന്തു കൊത്തിക്കൊണ്ടു
പറന്നു പോയെ'ന്നതും—അങ്ങിനെ വരുന്നതോ?" || 1001
എന്നതു കേട്ടു മഹാ-മന്ത്രികൾ വണിക്കിനെ
ചെന്നി'ട്ടു കൂട്ടി'ക്കൊണ്ടു വരുവാൻ നിയോഗിച്ചു; || 1002
ഭൃത്യന്മാർ വണിക്കിനെ കൂട്ടിച്ചു കൊണ്ടു പോന്നു:
സത്യം നീ പറകെ"ന്നു കല്പിച്ചു, കാര്യക്കാരൻ. || 1003
"പുത്രനെ പരന്തു വന്നെ'ടുത്തു കൊണ്ടു പോയെ"ന്ന്
അത്ര നിന്നു'രചെയ്യാൻ, അ-'ച്ചെട്ടി-താനും, അപ്പോൾ. || 1004
"ലൌകികം അല്ലാതു'ള്ള വാക്കുകൾ പറഞ്ഞാൽ, ഈ
ലോകർ സമ്മതിക്കുമോ? ചൊല്ലു',ടോ പരമാർത്ഥം!" || 1005
ഇ'-ത്തരം കയർത്തൊ'രു-മന്ത്രികൾ ചൊന്ന വാക്കിന്ന്
ഉത്തരം ഉരചെയ്തു, പേടികൂടാതെ, ചെട്ടി. || 1006
"ആയിരം-തുലാം ഇരിമ്പൊക്കവെ കൂടെ തന്റെ
വായിൽ ആക്കിനാൻ ഒരു-മൂഷികൻ യസ്മിൻ ദേശേ, || 1007
അദ്ദേശേ പരന്താ'ശു വന്നൊ'രു-വണിക്കിന്റെ
പുത്രനെ കൊണ്ടുപോയെ'ന്നു'ള്ളതു വരാത്തതോ?" || 1008

എന്നതു കേട്ടു ചിരിച്ചീടിനാർ, അമാത്യന്മാർ:
"'മുന്നം ഈ-വണിക്കേ'വം വ്യാജത്തെ പറഞ്ഞിതോ? || 1009
നന്നെ'ടോ! നിന്റെ തല പോവതിന'ട്ടുത്തി;'നി
ചെന്നു'ടൻ ഇരിമ്പെ'ല്ലാം കൊണ്ടു'ന്നു കൊടുത്താലും! || 1010
അ-ന്നേരം കാണാ'ം, നിന്റെ നന്ദനൻ വരുന്നതും.
അന്യായം പറഞ്ഞതിനു'ള്ളൊ'രു-ഫലം ഇ-'പ്പോൾ || 1011
തമ്പുരാൻ കല്പിക്കുന്ന ദ്രവ്യങ്ങൾ ഒക്കെ തിരു-
-മുമ്പിൽ വെക്കേ'ണ്ടി വരും" എന്ന'വർ ഉരചെയ്തു. || 1012
ആയതു കേട്ടു വണിക്കാ'യിരം-തുലാം ഇരിമ്പ്
ആയവൻ-കയ്യിൽ കൊടുത്തേ'ല്പിച്ചോ'ര'നന്തരം, || 1013
ആയവൻ സുതനെയും കൊണ്ടു'ന്നു ദാനം ചെയ്താൻ.
ആയതുകൊണ്ടു-ശഠന്മാരോടു ശാഠ്യം വേണം! || 1014

ഏകദാ പറഞ്ഞതു മനസ്സിൽ കടക്കാതെ,
ലോകരിൽ ഗുണം പറയുന്നതു പാഴിൽ-തന്നെ. || 1015
കല്ലു പോൽ നിന്റെ ചിത്തം, എന്നുടെ ദമനക!
നല്ലതും ആകാത്തതും ഒന്നും നീ അറിയുമോ? || 1016
ശുദ്ധ-ബുദ്ധികൾ പിന്നെ ദോഷങ്ങൾ ഗുണങ്ങളും
ബുദ്ധിയിൽ ആക്കിക്കൊണ്ടു സഞ്ചരിച്ചീടും, സദാ || 1017
മാരുതൻ മഹീ-തലേ ദുൎഗ്ഗന്ധം സുഗന്ധവും.
ചാരു തൻ-വശത്താക്കി കൊണ്ടു'ല്ലോ ചരിക്കുന്നു? || 1018
നാം ഇനി വൈകീടാതെ പോകെ,'ടോ, ദമനക!
സ്വാമിയും വൃഷഭവും തങ്ങളിൽ സമരത്തിൽ || 1019
സ്വാമിക്കോ പരാഭവം, കാളെക്കോ പരാഭവം—
നാം ഇ-'പ്പോൾ അതു ചെന്നു ബോധിച്ചേ, മതി 'യാവൂ. || 1020

ഇങ്ങിനെ പറഞ്ഞു'വർ അങ്ങു ചെല്ലുന്ന നേരം,
തിങ്ങിന വിഷാദവും പൂണ്ടു'ടൻ മഹാ-സിംഹം || 1021
മിത്രമാം സഞ്ജീവക ക്കാളയെ വധിക്കകൊണ്ടു്,
അത്രയും പശ്ചാത്താപം മാനസേ ഭവിക്കയാൽ, || 1022
വക്ത്രവും താഴ്ത്തി തന്റെ കാൽ-വിരൽ- നഖം കൊണ്ടു
ധാത്രിയിൽ വരെച്ചുകൊണ്ടു'ങ്ങിനെ മേവീടുന്നു. || 1023

—തങ്ങളാൽ വർദ്ധിപ്പിക്ക’പ്പെട്ടൊ’രു-ജനങ്ങളെ
തങ്ങളെ ക്ഷയിപ്പിപ്പാൻ, ഒട്ടുമേ യോഗ്യം പോരാ. || 1024
താൻ-തന്നെ വിഷ-വൃക്ഷം എങ്കിലും നട്ടു’ണ്ടാക്കി
താൻ-തന്നെ പിന്നെ ഛേദിക്കുന്നതെ’ത്രയും കഷ്ടം!— || 1025
എന്നെ’ല്ലാം വിചാരിച്ചു വസിക്കും സിംഹത്തിനെ
ചെന്നു വന്ദിച്ചു മന്ത്രി-പുത്രന്മാർ- ഇരുവരും. || 1026
ഉക്തവാൻ, ദമനകൻ: “കുണ്ഠിതം വേണ്ട, സ്വാമിൻ!
യുക്തം ഈ-വധം എന്നു ഞങ്ങൾക്കു തോന്നീടുന്നു. || 1027
താതൻ എന്നാലും തന്റെ ഭ്രാതാക്കൾ എന്നാ’കിലും
മാതുലൻ എന്നാ’കിലും ബന്ധുക്കൾ എന്നാ’കിലും || 1028
വിഗ്രഹം ചെയ്വാൻ വന്നു പിണങ്ങുന്നവർകളെ
നിഗ്രഹം ചെയ്കു-തന്നെ മന്നവന്മാർക്കു ധർമ്മം: || 1029
ആചാര-ഭ്രംശം വന്ന ഗുരുവെ ത്യജിച്ചീടാ’ം:
നീചന്മാരോടു ചേരും നാരിയെ ഉപേക്ഷിക്കാ’ം: || 1030
ധർമ്മത്തെ ‘ധ്വംസിക്കുന്ന പുത്രനെ കളഞ്ഞീടാ’ം:
ദുർമ്മാർഗ്ഗം തുടങ്ങുന്ന മന്ത്രിയെ വെടിഞ്ഞീടാ’ം. || 1031
ചാരുത്വം വിനാ പകൽ കാണുന്ന ശശാങ്കനും,
താരുണ്യം പോയി വളർന്നീടുന്ന കൃശാംഗിയും || 1032
താമര-‘പ്പൂവി-ല്ലാത്ത പൊയ്കയും കണ്ടാൽ നല്ല
കാമനെ പോലു’ള്ളോ’രു-മൂഢനാം പുരുഷനും, || 1033
പാരിലെ ദ്രവ്യം എല്ലാം മോഹിക്കും നരേന്ദ്രനും,
ദാരിദ്ര്യം മുഴുത്തു’ള്ള സജ്ജനങ്ങളും, തഥാ, || 1034
മന്നവന്മാരിൽ ചേർന്നു നില്ക്കുന്ന ദുർമ്മന്ത്രിയും,
എന്നിവ നമുക്കേ-ഴു ശല്യങ്ങൾ, മന-‘ക്കാമ്പിൽ. || 1035
എന്നതുകൊണ്ടു മഹാ-ദുഷ്ടനാം വൃഷഭത്തെ
കൊന്നതുകൊണ്ടു തെല്ലും കുണ്ഠിതം നമുക്കി’ല്ല. || 1036
ക്രൗര്യവും മന-‘ക്കാമ്പിൽ കാരുണ്യം ഇല്ലായ്കയും
വൈരവും വധങ്ങളും കൈതവ-പ്രയോഗവും || 1037
ദൂഷണം മററു’ള്ളോരു-മനുഷ്യർക്ക;’തു-തന്നെ
ഭൂഷണം ഭൂപാലന്മാർക്കെ’ന്നിവ കേട്ടീടുന്നു. || 1038
സത്യം ഉണ്ടെ’ന്നു തോന്നും—വ്യാജം ഉണ്ടെന്നും തോന്നും—
കൃത്യം ഉണ്ടെ’ന്നും തോന്നും— അകൃത്യം എന്നും തോന്നും— || 1039

ലോഭം ഉണ്ടെ'ന്നും തോന്നും— മൌഢ്യം ഉണ്ടെ'ന്നും തോന്നും—
ലാഭം ഉണ്ടെ'ന്നും തോന്നും—ചേതം ഉണ്ടെ'ന്നും തോന്നും— || 1040
മന്നവന്മാൎക്കും വേശ്യാസ്ത്രീകൾക്കും ഒരു-പോലെ
തന്നുടെ ഭാവം തനിക്കൊ'ത്തതു പോലെ കാണാം. || 1041
തമ്പുരാനി'തുകൊണ്ടു സംഭ്രമം ഒട്ടും വേണ്ട—
കമ്പവും വേണ്ട—മനസ്താപവും വേണ്ട—വിഭോ! || 1042
സംഭൃതാനന്ദം സദാ സൎവ്വ-ഭൃത്യന്മാരുടെ
സമ്പത്തു വരുത്തി 'ക്കൊണ്ടെ'ത്ര വാണ'രുളേ'ണം." || 1043
ഇങ്ങിനെ ദമനകൻ ചൊല്ലിനാൻ; അതു തന്നെ
ഭംഗിയിൽ കരടകൻ താനും അങ്ങു'രചെയ്തു. || 1044
പിംഗലകനാം സിംഹം എത്രയും പ്രസാദിച്ചു
മംഗലം വൎദ്ധിപ്പിച്ചു മേവിനാൻ, ശുഭം! ശുഭം! || 1045

ഇതി പഞ്ചതന്ത്രപ്രകരണേ മിത്രഭേദം നാമ പ്രഥമതന്ത്രം സമാപ്തം.

# THE SECOND ART OF POLITY:

## HOW TO GAIN FRIENDS;

Or, the Story of how Laghupatana the Crow, having been a witness of the great friendship between Chitragríva the Pigeon-King, and Hiraṇya the Rat, and of the signal service which Hiraṇya rendered his friend, prevailed upon Hiraṇya to accept him also as a friend, and how they both repaired to live in the society of Mandara the tortoise, a long-standing friend of Laghupatana's; and how Chitrángada the deer was afterwards admitted to their friendship; how they stood by each other in many and great dangers, and were delivered by their mutual friendship, and lived happily ever afterwards.

## മിത്രലാഭം എന്ന ദ്വിതീയതന്ത്രം.

പഞ്ചവൎണ്ണക്കിളിപ്പെൺകിടാവേ! ശുഭേ!*
പഞ്ചതന്ത്രം മഹാശാസ്ത്രം മനോഹരം: ‖ 1
രണ്ടാമതാകും സുഹൃല്ലാഭതന്ത്രവും
കൊണ്ടാടി വൎണ്ണിച്ചു ചൊല്ലു, എടോ, ശാരികേ! ‖ 2

സോമശൎമ്മാഖ്യനാം ഭൂമിദേവോത്തമൻ
ഭൂമിപാലാത്മജന്മാരോടു ചൊല്ലിനാൻ: ‖ 3
"എങ്കിൽ സുഹൃല്ലാഭം എന്നുള്ള തന്ത്രവും
എങ്കൽ ിന്നാ'കൎണ്ണനം ചെയ്യു, ബാലരേ! ‖ 4



*ഇനി വൃത്തഭേദം.

വിത്തം ഇല്ലെ'ങ്കിലും, വിദ്യ യില്ലെങ്കിലും,
ചിത്തത്തിൽ അന്യോന്യ ബന്ധുത്വം ഉള്ളോ'രു ‖ 5
സത്തുകൾക്കെ'ത്തും, സമസ്ത കാൎയ്യങ്ങളും;
വസ്തു ഭേദം ജാതി ഭേദവും ഇല്ലെ,ടോ, ‖ 6
കാകകൂൎമ്മാദി ജന്തുക്കൾക്കു, തങ്ങളിൽ
ഏകാന്ത ബന്ധുത്വം ഉണ്ടാക കാരണം, ‖ 7
ശോക സന്ത്രാസാദി സങ്കടം വേൎവ്വിട്ടു
സാകം എല്ലാവരും സൌഖ്യ മേവീടിനാർ." ‖ 8

"അക്കഥ കേൾക്കേണം!" എന്നു ഭൂപാലന്റെ
മക്കൾ ചോദിച്ചു: പറഞ്ഞു, മഹീ സുരൻ: ‖ 9

"ചൊൽക്കൊണ്ട മിഹിലാരൂപ്യ ഗേഹാങ്കണേ
പൊക്കത്തിൽ നിൽക്കും മഹാ മരത്തിൽ ഒരു ‖ 10
വായസ ശ്രേഷ്ഠൻ വസിക്കുന്നു, തന്നുടെ
ജായയും മക്കളും ഒക്കയും കൂടവെ. ‖ 11
ലഘുപതനൻ എന്നു പേരായ കാകൻ, മുദാ*
ലഘുതരം ഉദിച്ചു, സൂൎയ്യൻ വിളങ്ങും വിധൌ, ‖ 12
ശരവും ഒരു വില്ലും ധരിച്ചോ'രു വേടന്റെ
വരവും അഥ കണ്ടു പേടിച്ചു ചിന്തിച്ചു, താൻ: ‖ 13
—ഇവൻ ഒരു മഹാ പാപി ദുഷ്ട ശീലൻ ശഠൻ!
ശിവ ശിവ! മൃഗങ്ങളെ കൊന്നു തിന്നുന്നവൻ! ‖ 14
പറവകൾ പറക്കുന്ന ദിക്കിലും ചെന്നി'വൻ
പല വക വധിച്ചു ഭക്ഷിക്കും, ഇ കശ്മലൻ! ‖ 15
ഇവനുടെ സമാരംഭം എന്തെ'ന്ന'റിവോ'ളം,
ഇവിടെ അതി ശ്രദ്ധമായ് പാൎക്ക യുള്ളു, വയം— ‖ 16
ഇതി മനസി കാകനും ചിന്ത ചെയ്തീടിനാൻ.
ക്ഷിതിയിൽ അഥ വേടനും ചെന്നു പററീടിനാൻ; ‖ 17
വലയും അഥ കൊണ്ടുവന്നാ'കവെ കാനനേ
നലമൊടു പരക്കവേ കെട്ടി, പ്പുതുക്കവെ ‖ 18

*ഇനി വൃത്തഭേദം.

അടിയിൽ അരിയും നെല്ലും ആകെ വിതെച്ച, താൻ
വടിവൊടു മരം മറഞ്ഞ്'ങ്ങു നിന്നീടിനാൻ. || 19
വലയിൽ അടിപെട്ടു, ചിത്രഗ്രീവൻ എന്നുള്ള
വലിയൊ'രു കപോതവും തന്നുടെ കൂട്ടരും. || 20
വിരവൊടു കിരാതനും മാടപ്പിറാക്കളെ
പരിചൊടു പിടിപ്പതിന്നോ'ടി യെത്തും വിധൌ, || 21
വലയിൽ അടിപെട്ടോ'രു മാടപ്രാക്കൂട്ടങ്ങൾ
വലയും അഥ കൊണ്ടു മേല്പെട്ടു'യൎന്നീടിനാർ; || 22
വനചരനു കണ്ടിതം—പക്ഷിവൃന്ദങ്ങൾ മേൽ
വലയും അഥ കൊണ്ടുപോയെ;'ന്തു ചെയ്യേണ്ടു, ഞാൻ? || 23
ഒരു ദിശി യിതൊ'ക്കെ താഴത്തു വീഴും—എന്നു
കരുതി യവൻ അങ്ങു താഴെ നടന്നീടിനാൻ. || 24
ലഘുപതനകാഖ്യനാം കാകനും പിന്നാലെ
ഘുതരം ഉടൻ പറന്നെ'ത്തിനാൻ, അങ്ങിനെ; || 25
അതു സമയം അന്തിയും ആയിതു; വേടനും
അതു വഴി നടന്നു തൻ വീടു പുക്കീടിനാൻ. || 26
കനിവൊടു കപോതരാജൻ പറഞ്ഞീടിനാൻ:
"ഇനി യൊരു'പദേശം ഇങ്ങു'ണ്ടെ'ടോ, കൂട്ടരേ! || 27
മമ സഖി ഹിരണ്യൻ എന്നു'ണ്ടൊ'രു മൂഷികൻ;
മമതയും അവനു'ണ്ടു; കണ്ടുകൊള്ളാം, ഇനി; || 28
വലയിൽ വലയുന്ന നാം തത്ര ചെന്നാൽ, അവൻ
വലയിതു കടിച്ചു ഖണ്ഡിക്കുമേ, മൂഷികൻ || 29
എലിയൊടു നമുക്കു ബന്ധുത്വം ഉണ്ടാകയാൽ,
ഫലം ഇതു ഭവാന്മാൎക്കു കണ്ടു കൊള്ളാം, ഉടൻ." || 30
ഇതി, ബത, പറഞ്ഞു ചിത്രഗ്രീവപക്ഷിയും,
ഹിതജനവും ഒക്കവേ തത്ര ചെന്നീടിനാർ. || 31
വിവിധപതഗങ്ങളെ കണ്ടു പേടിച്ചു'ടൻ
വിരവൊടു ഹിരണ്യൻ അകം പുക്കു മേവിനാൻ; || 32
നലമൊടു കപോതവും ചെന്നു, വിലമുഖേ,
എലി വരനെയും വിളിച്ചീടിനാൻ, മെല്ലവെ; || 33
വെളിവിൽ അഥ വന്നു'ടൻ, മൂഷികാഗ്രേസരൻ
തെളിവൊടു പറഞ്ഞു, ചിത്രഗ്രീവനോട്'വൻ: || 34

“പ്രിയ സഖേ! ഭവാന്മാൎക്കി'തെ'ന്തൊ'രാ'പത്ത'ഹോ?
നയ ഗുണ നിധേ! സഖേ! ചൊൽകെ'ടോ, സത്വരം.” ‖ 35
വിരവൊടു കപോതവും ചൊല്ലിനാൻ! “മൂഷികാ!
വിധി വിഹിതം ഏവനും ലംഘിച്ചുകൂടുമോ? ‖ 36
ഇവൻ ഇതു ലഭിക്കേണം—ഇന്ന കാലം വേണം—
അവശത ഭവിക്കേണം—അൎത്ഥനാശം വേണം— ‖ 37
ഇതി വിധി വിധിച്ചതു, പ്രാണികൾക്കൊ'ക്കവെ
ഹിതം അഹിതം എങ്കിലും, ലംഘ്യം അല്ലേ'തുമെ.” ‖ 38
തദനു ച ഹിരണ്യനും തത്വം ഒന്നു'ചിവാൻ:
“തവ വചനം എത്രയും സത്യം, (അല്ലോ?) സഖേ! ‖ 39
അനവരതം അംബരേനിന്നു ദൂരസ്ഥമാം
അവനിയിലെ വൃത്താന്തം ഒക്കെ ഗ്രഹിപ്പവൻ ‖ 40
പടുതര വദിശ്ധനാം ഗൃദ്ധ്രനും പാശത്തിൽ
അടിപെടും, ഒരിക്കൽ, എന്നോ'ൎത്തുകൊൾക, ഭവാൻ! ‖ 41
വലിയ കലയാനയും ഘോര സൎപ്പങ്ങളും,
ബലികൾ അവർ എങ്കിലും, മാനുഷന്മാരുടെ ‖ 42
വചനം ഇതു കേൾക്കയും തല്ലുകൾ കൊൾകയും
അവരുടെ നിയോഗേന നിന്നു കൂത്താടിയും ‖ 43
ശിവ ശിവ! തരം കെട്ടുന്നില്ലയോ? പിന്നെയെന്തു്
അതിൽ ഒരു ശതാംശം ഉൽകൎഷം ഇല്ലാത നാം? ‖ 44
സകല ഭുവനങ്ങളിൽ പ്രൌഢ തേജോ ഭര-
-പ്രകടതര മൂൎത്തിയാം സൂൎയ്യനും ചന്ദ്രനും ‖ 45
ഒരു ദശയിൽ അങ്ങ'ഹോ രാഹു വക്ത്രാന്തരേ
വിരവൊടു പതിച്ചു'ഴന്നീടുന്നതില്ലയോ? ‖ 46
സലില നിധി വാരി തന്നുള്ളിൽ ഉള്ളിൽ ചെന്നു
സുലളിത സുഖം പൂണ്ടു സന്തതം മേവുന്ന ‖ 47
വലിയ ജലജന്തുവൃന്ദങ്ങളും വന്നി'ങ്ങു
വലകളിൽ അകപ്പെട്ടു ചാകുന്നതി'ല്ലയോ? ‖ 48
സകല ദിശി മേവുന്ന സൎവ്വ ജന്തുക്കളും
സപദി വിഷയാനലേ ചെന്നു ചാടി ദ്രുതം ‖ 49
സതതം അപി വെന്തു ഭസ്മീഭവിക്കും, ദൃഢം;
സുഖം അസുഖം എന്നു തോന്നുന്നതും നിഷ്ഫലം.”* ‖ 50

*ഇനി വൃത്തഭേദം.

ഇത്ഥം പറഞ്ഞു ഹിരണ്യകൻ മൂഷികൻ
ബദ്ധനായുള്ള ചിത്രഗ്രീവപക്ഷിതൻ- || 51
-പാശം കടിച്ചു മുറിച്ചു സഖിയുടെ
ക്ലേശം കളഞ്ഞു മററുള്ള മാടപ്പിറാ- || 52
-സംഘത്തിന്നുള്ളോരു ബന്ധനം ഖണ്ഡിച്ചു,
സങ്കടം തീൎത്തു സുഖിച്ചു മേവീടിനാൻ. || 53
മാടപ്പിറാക്കൾക്കു നാഥൻ കപോതവും
കൂട ത്തുടൎന്നോ'രു പക്ഷി വൃന്ദങ്ങളും || 54
അന്നേരത്തെ രാത്രിയിൽ തത്ര വസിച്ചുകൊണ്ട്
അന്നപാനാദി കഴിച്ചു യഥാ സുഖം || 55
യാത്രയും ചൊല്ലി ഗമിച്ചോ'ര'നന്തരം,
തത്ര വൃത്താന്തങ്ങൾ കാണ്കയാൽ, കാകനും || 56
എത്രയും പാരം പ്രസാദിച്ചു മൂഷികം
മിത്ര ആക്കീടുവാൻ ഇച്ഛിച്ചു ചൊല്ലിനാൻ: || 57
"ഭോ ഭോ! ഹിരണ്യകാ! വിസ്മയം, വിസ്മയം!
ശോഭനം തൽ; ഭവാൻ മൂഷികാഗ്രേസരൻ. || 58
നിന്നോടു കൂടേ സഖിത്വം ലഭിക്കേണം
എന്നു'ണ്ടു, മോഹം നമുക്കു;'തു ചെയ്ക, നീ!" || 59
എന്നതു കേട്ടു പറഞ്ഞു, ഹിരണ്യകൻ!
"നിന്നെ ഞാൻ ആരെ'ന്ന'റിഞ്ഞീലെ'ടോ, സഖേ." || 60
ചൊന്നാൻ പതനകൻ: "കാകൻ ആകുന്നു, ഞാൻ."
"എന്നാൽ, ഹിതം വരുത്തില്ലെ'"ന്നു മൂഷികൻ: || 61
"തങ്ങളിൽ ചേരുവാൻ സംഗതി യില്ലാത്ത
നിങ്ങളും ഞങ്ങളും തമ്മിൽ ഒന്നിക്കുമോ? || 62
ഭോക്താക്കൾ നിങ്ങളും, ഭോജനം ഞങ്ങളും;
ഓൎത്താൽ, സഖിത്വം ഉണ്ടാകുമോ, വായസാ? || 63
മൂഷികന്മാരെ ഭുജിക്കുന്ന കാക്കെക്കു
മൂഷികന്മാരിൽ കനിവു ജനിക്കുമോ?" || 64
കാകൻ പറഞ്ഞിതു: "നിന്നെ ഭുജിപ്പതിന്ന്
ഏകൻ ഉണ്ടു,'ന്തകൻ എന്നു പേരാമവൻ. || 65
പക്ഷിപ്പരിഷയെ രക്ഷിച്ച നിന്നെ യി
പ്പക്ഷിയാകുന്ന ഞാൻ ഭക്ഷിക്കുമോ, സഖേ? || 66

ദ്വിതീയതന്ത്രം.

തങ്ങളിൽ ഏകൻ കയൎത്തു വെന്നാകിലും,
തങ്ങളിൽ ഏതും ഫലിക്കയില്ലാ, ദൃഢം. ‖ 67
ചൂട്ടെ'രിച്ചു'ണ്ടു സമീപത്തു കാട്ടിയാൽ,
ചൂട്ടു പിടിക്കുമോ, സാഗര വാരിയിൽ? ‖ 68
ക്ഷീണനായുള്ള ചിത്രഗ്രീവ പക്ഷിയെ
ത്രാണനം ചെയ്തു ഭവാനെ ച്ചതിപ്പ'തിന്ന് ‖ 69
ആണുങ്ങൾ ആയുള്ള ഞങ്ങൾ വാഞ്ഛിക്കുമോ?
നാണം ഇല്ലാത്തവൻ ആണല്ല, നിൎണ്ണയം." ‖ 70
മൂഷികൻ ചൊല്ലിനാൻ: "ചാപല്യം എന്നുള്ള
ദോഷം ഇക്കാക ജാതിക്കൊ'ക്ക യുണ്ടെ,ടോ! ‖ 71
ചാപല്യമുള്ളവർ ബന്ധുവായാൽ, ജന്മ-
-സാഫല്യം ഇല്ലാ, വിനാശവും നിൎണ്ണയം. ‖ 72
ശക്യം അല്ലാതുള്ള കാൎയ്യം പ്രയത്നേന
ശക്യം ആക്കീടുവാൻ മോഹം വൃഥാഫലം. ‖ 73
വെള്ളം ഇല്ലാ ദിക്കിൽ വള്ളം നടക്കുമോ?
വെള്ളത്തിൽ ഓടുമോ, ചാടും രഥങ്ങളും? ‖ 74
ദുൎജ്ജനം വന്നു നിറഞ്ഞു, ഭൂമണ്ഡലേ;
സജ്ജനം പാരം ചുരുങ്ങി ച്ചമഞ്ഞിതു. ‖ 75
എന്തെ'ന്നും ഏതെ'ന്നും ആരെന്നും ഇല്ലാത്ത
ജന്തുക്കൾ ബന്ധുക്കളായാൽ, ശരീരികൾക്ക് ‖ 76
എന്തു'ള്ളു സൌഖ്യം, മഹാ മൂഢതാ-രൂപ-
-സിന്ധു-തോയത്തിൽ കിടക്ക യന്യേ, സഖേ? ‖ 77
പണ്ടു'ള്ള ശബ്ദം ഈ ബന്ധു വെന്നുള്ളോ'രു
രണ്ടു'ക്ഷരം കൊണ്ടു കെട്ടി ച്ചമച്ചിതു; ‖ 78
ഇക്കാലം ആയതിന്ന'ൎത്ഥം എന്തായതെ'ന്ന്
ഉൾക്കാമ്പിൽ ഓൎക്കുന്ന മാനുഷൻ ദുൎല്ലഭം. ‖ 79
സാരൻ എന്നാകിലും—മുന്നം തനിക്കു'പ-
-കാരങ്ങൾ ചെയ്യോ'രു ദേഹം എന്നാകിലും— ‖ 80
വീരൻ എന്നാകിലും—വിദ്യാ വിശേഷേണ
ധീരൻ എന്നാകിലും,—വല്ല പുരുഷനെ ‖ 81
കണ്ടാൽ, മനുഷ്യൎക്കു,—ഞാൻ ഇപ്പുരുഷനെ
പണ്ടു കണ്ടിട്ടും ഇല്ലെ'ന്ന ഭാവം സഖേ! ‖ 82

ദ്വിതീയതന്ത്രം.

വേണ്ടാതനത്തിന്നൊ'രുത്തൻ തുടങ്ങിയാൽ,
രണ്ടാമനായി പുറപ്പെട്ടും, മറേറവൻ. || 83
—അന്നവും പാലും കൊടുത്ത്'ങ്ങു തൻമടി-
-തന്നിൽ കിടത്തി ലാളിക്കും മനുഷ്യനെ- || 84
-തന്നെ കടിച്ചു കൊന്നീടുകെ'ന്നല്ലാതെ,
പന്നഗത്തിന്നൊ'രു സംസാരം ഇല്ലെ,ടോ— || 85
എന്നതു പോൽ ഇന്നൊ'രുത്തൻ ഒരുത്തനോട്
അന്യോന്യ സൌഹാർദ്ദം ഇല്ല, ഭൂമണ്ഡലേ. || 86
സ്നേഹം ഇല്ലാതു'ള്ള പെണ്ണിന്നു തന്നുടെ
ദേഹത്തിൽ അർദ്ധം പകുത്തു കൊടുക്കിലും, || 87
തെല്ലു പോലും വശത്താ'കയില്ലെ'ന്ന'ല്ല—
കൊല്ലുവാൻ കൂടെ ശ്രമിച്ചു വെന്നും വരും. || 88
ജാത്യാ വിരുദ്ധമായുള്ളവർ തങ്ങളിൽ
ചേർത്താലും, ആയവർ ചേരുകില്ലാ, ദൃഢം, || 89
പൂച്ചയോടി'ജ്ജനം മൂഷികന്മാർ ചെന്നു
ചേർച്ചെക്കു ഭാവിക്ക നന്നായ് വരുന്നതോ? || 90
അങ്ങോട്ടു'പകൃതി ചെയ്യുതില്ലെ'ങ്കിലും,
ഇങ്ങോട്ടു'പദ്രവിച്ചീടുന്നു, ദുർജ്ജനം || 91
വ്യാഘ്രത്തെ യാരാൻ ഉപദ്രവിച്ചോ, ചെന്നു
ശീഘ്രം കടിച്ചു കൊല്ലുന്നു, പശുക്കളെ: || 92
എന്നതു കൊണ്ടു പറഞ്ഞു, ഞാൻ, വായസാ!—
നന്നല്ല, നാം തമ്മിൽ ഉള്ള സമ്മേളനം.'' || 93
വായസം ചൊല്ലിനാൻ: ''വാക്കിന്നു (ഹന്ത തേ!)
മായ സംബന്ധം ഇല്ലേ'തും, മഹാമതേ! || 94
സാധോ! ഹിരണ്യകാ! സഖ്യം ഭവാനോടു
സാധിക്കയില്ലെ'ങ്കിൽ, എന്തിന്നു ജീവിതം? || 95
പ്രായോപവേശേന കേവലം നമ്മുടെ
കായോപസംഹൃതി ചെയ്യുന്നതു'ണ്ടു, ഞാൻ! || 96
ലോഹവും ലോഹവും തങ്ങളിൽ ചേരുവാൻ
മോഹം ഉണ്ടെ'ങ്കിൽ, ഉരുക്കി ചേർക്കണം: || 97
പക്ഷിമൃഗാദിയെ സ്വാധീനം ആക്കുവാൻ
ഭക്ഷണം മാധുര്യമോടു കൊടുക്കണം: || 98

ദ്വിതീയതന്ത്രം.

വിത്തം കൊടുത്തും ഭയപ്പെടുത്തും മൂഢ-
-മർത്ത്യരെ സ്വാധീനം ആക്കാം, പതുക്കവെ || 99
സാധുക്കൾ തങ്ങളിൽ ചേരുവാൻ ഏകദാ
സന്ദർശനം മാത്രമേ വേണ്ടു, മൂഷികാ! || 100
മൺകുടം വെക്കം പിളർക്കാം; ഇദം പുനഃ
സംഘടിപ്പിപ്പാൻ മഹാ പ്രയത്നം, സഖേ! || 101
പൊൻകുടം പൊട്ടിക്ക വൈഷമ്യം; ആയതു
സംഘടിപ്പിപ്പാൻ പരാധീനം ഇല്ലെ'ടോ! || 102
ദുർജ്ജനാശ്ലേഷവും സജ്ജനാശ്ലേഷവും
ഇ'ച്ചൊന്ന പോലേ ഭവിക്കും, ഹിരണ്യകാ! || 103
ഇന്ന്'തുകൊണ്ടു, ഭവദ്ദർശനാദേ'വ
വന്നിതു, നമ്മുടെ സംബന്ധം, ഉത്തമം." || 104
ചൊന്നാൻ, ഹിരണ്യകൻ: "നന്നെടോ വായസാ
നിന്നോടു സംഗമം ഭംഗം ഇല്ലേ'തുമെ! || 105
സോപകാരം മിത്ര ലക്ഷണം, പ്രായേണ:
സാപകാരം ശത്രു ലക്ഷണം, കേവലം. || 106
ആജീവനാന്തം ഭവിക്കേ'ണമേ, പിണ്ഡ-
-ഭോജിയാം നിന്നോടു സഖ്യം, നമുക്കെ, ടോ!" || 107
ഇത്ഥം, നഖത്തോടു മാംസം കണക്കനെ
ബദ്ധം, തദാ, കാക മൂഷിക സ്നേഹവും. || 108
അന്ന പാനാദി ചെയ്യീടുവാൻ മൂഷികൻ
തന്നുടെ പൊത്തി'ന്നകത്തു പുക്കീടിനാൻ. || 109
തോഷിച്ചു കാകൻ കടുവാ ഭുജിച്ചതിൽ
ശേഷിച്ച മാംസം ഭുജിച്ചു വന്നീടിനാൻ— || 110

കാകൻ പറഞ്ഞു, ഹിരണ്യനോടേ'കദാ:
"പോകുന്നു ഞാൻ, എടോ, മററൊ'രു കാനനേ: || 111
ഇട്ടിക്കിൽ അഷ്ടിക്കു കഷ്ടിച്ചു കിട്ടുന്നത്
ഒട്ടും നമുക്കു സുഖം വരുന്നില്ലെ, ടോ. || 112
അങ്ങൊരു ദിക്കിൽ സരസ്സു'ണ്ടു, നിർമ്മലം;
അങ്ങൊ'രു ചങ്ങാതിയും ഉണ്ടു, ബുദ്ധിമാൻ, || 113

മന്ദരൻ എന്നു പേരായുള്ള മൽബന്ധു
സുന്ദരൻ ധാൎമ്മികൻ കൎമ്മാധിനായകൻ! || 114
മൽസഖി യാകുന്ന മന്ദരൻ വേണ്ടുന്ന
മത്സ്യാദി മാംസം നമുക്കു നൽകീടുവോൻ." || 115
എന്നതു കേട്ടു പറഞ്ഞു, ഹിരണ്യനും:
"എന്നെയും തത്ര നീ കൊണ്ടുപോയീടണം: || 116
കൊററിനു ദുഃഖം നമുക്കും ഉണ്ടി, ട്ടിക്കിൽ:
മറെറാ'രു കൂററുകാരി'ല്ലാഞ്ഞു പാൎക്കുന്നു." || 117
"അത്ര ദുഃഖം തനിക്കെ'ന്തെ?"ന്നു വായസം.
"തത്ര ചെന്നാൽ, കഥിക്കാം" എന്നു മൂഷികൻ. || 118
കാകൻ ഹിരണ്യനെ കൊക്കിൽ ആക്കിക്കൊണ്ടു
വേഗം പറന്ന'ങ്ങു ചെന്നു പററീടിനാൻ || 119
സ്വച്ഛമായുള്ള മഹാതടാകത്തിന്റെ
കച്ഛപ്രദേശേ സുഖിച്ചു വസിക്കുന്ന || 120
കച്ഛപശ്രേഷ്ഠനെ ക്കണ്ടു കല്യാണവും
പൃച്ഛിച്ചു മൂഷികം താഴത്തി'റക്കിനാൻ. || 121
മന്ദരൻ ചോദിച്ചു: "താൻ എന്തെ,ടോ, മൎത്ത്യ-
-മന്ദിരന്തന്നിൽ കരണ്ടു കടക്കുന്ന || 122
മന്ദേതരോത്സാഹിയാം ആഖുവൃദ്ധനെ,
സന്ദേഹം അന്ന്യെ, പിടിച്ചു കൊണ്ടു'ന്നതും?" || 123
കാകൻ പറഞ്ഞിതു: "മൂഷികന്മാരിൽ വെച്ച്
ഏകൻ മഹാരാജരാജൻ ഹിരണ്യകൻ || 124
ലോകപ്രസിദ്ധൻ ഇദ്ദേഹവും ഞാനുമായ്
ഏകാന്തബന്ധുത്വം ഉണ്ടായി, സാംപ്രതം. || 125
തൽഗുണം വൎണ്ണിച്ചു ചൊല്ലുവാൻ വാക്കിനു
വൽഗുത്വം ഏതും മതി യല്ല, മന്ദരാ! || 126
ദൈവാനുകൂല്യേന സഖ്യം തുടങ്ങിയാൽ,
ജീവാവസാനാന്തം, (അല്ലോ?) മഹാത്മനാം. || 127
ഏവം മഹാഗുണം മററുള്ള ഭൂവാസി-
-ജീവ ജന്തുക്കൾക്കു കാണുന്നതി'ല്ലെ, ടോ! || 128
പാശേ പതിച്ചോ'രു മാടപ്പിറാക്കളെ
പാശങ്ങൾ ഖണ്ഡിച്ചു രക്ഷിച്ചു, മൂഷികൻ. || 129

## ദ്വിതീയതന്ത്രം.

ദേശാന്തരേഷു പ്രസിദ്ധനാം ഇദ്ദേഹം
ഈശാനപുത്രനാം വിഷ്ണുന്റെ വാഹനം. || 130
രണ്ടു ശരീരം എന്നേയുള്ളു, ഞങ്ങൾക്കു;
രണ്ടുപേൎക്കും പ്രാണൻ ഒന്നെ'ന്നറിക, നീ! || 131
പണ്ടു പണ്ടേ മമ ബന്ധുവാകും ഭവാൻ
കണ്ടു ബോധിക്കും; ഈ മൂഷികന്റെ ഗുണം." || 132
എന്നതു കേട്ടു പ്രസാദിച്ചു, കച്ഛപം;
മന്ദരൻ മന്ദം പറഞ്ഞു തുടങ്ങിനാൻ: || 133
"അങ്ങുന്നി'വിടേക്കു പോരുവാൻ ഉള്ളോ'രു
സംഗതി യെന്തെ'ന്നു'രചെയ്ക, മൂഷികാ!" || 134
ചൊന്നാൻ, ഹിരണ്യകൻ:" കൂൎമ്മരാജൻ, ഭവാൻ!
എന്നാൽ അതും, കേട്ടുകൊൾക, മഹാമതേ! || 135

## 1. ഭിക്ഷുമഠത്തിൽ ഹിരണ്യകന്നു സംഭവിച്ച ദുഃഖാവസ്ഥകൾ.

ധന്യമാകും മിഹിലാരൂപ്യസന്നിധൌ
സന്ന്യാസിഗേഹം ഉണ്ടേ,ത്രയും പാവനം. || 136
തത്ര ചൂഡാകൎണ്ണനാമധേയൻ ബ്രഹ്മ-
-ഗോത്രപ്രധാനി പരിവ്രാജകോത്തമൻ || 137
വാണ'രുളുന്നു; ദിനേ ദിനേ ഭിക്ഷയാ
പ്രാണമാത്രം വൃത്തി ചെയ്തുകൊണ്ട'ങ്ങിനെ || 138
തത്ര സ്വയംപാകഭിക്ഷ കഴിച്ചു'ടൻ
പാത്രം സുരംഗയിൽ വെക്കും, രജനിയിൽ: || 139
പാത്രത്തിൽ അങ്ങു ശേഷിച്ചോ'രു ഭോജനം
മാത്രം ലഭിക്കും; നമുക്ക'തു ഭോജനം. || 140
അക്കാലം അഗ്ഗേഹേ വന്നു, ബൃഹൽസ്ഫിഗെന്ന്
ആഖ്യനായുള്ളോ'രു സന്ന്യാസി ഭൂസുരൻ. || 141
തത്ര ചൂഡാകൎണ്ണ സന്ന്യാസി-തന്നുടെ
മിത്രമായുള്ള ബൃഹൽസ്ഫിക്കും ആദരാൽ || 142
തത്ര വസിച്ചു പുരാണങ്ങൾ വായിച്ചു
മിത്രസന്ന്യാസിയെ കേൾപ്പിക്കും അന്തരേ, || 143

മൂഷികന്മാരെ ഭയപ്പെടുപ്പാൻ ഉള്ള
ഭീഷണി വാദ്യം മുഴക്കി, ചൂഡാകൎണ്ണൻ: || 144
ആയതു കേട്ടു ചോദിച്ചു, ബൃഹൽസ്ഫിക്കും:
"അയതെ'ന്തി'പ്പോൾ തുടങ്ങി, യോഗീശ്വരാ? || 145
തെല്ലും പുരാണ ശ്രവണത്തിൽ ആഗ്രഹം
ഇല്ലാ, ഭവാനെ,ന്നു തോന്നുന്നു മൽസഖേ!" || 146
"ഇച്ഛയില്ലായ്കകൊണ്ട'ല്ലെ,ടോ, വില്ലുകൊണ്ടു്
ഒച്ചപ്പെടുക്കാതി'രുന്നാൽ, എലി വന്നു || 147
ഭിക്ഷെക്കു വെച്ചിരിക്കുന്ന ചോറൊ'ക്കവെ
ഭക്ഷിക്കും; ആയതുകൊണ്ടി'തു ചെയ്തു, ഞാൻ." || 148
ഭാഷിതം കേട്ടു ബൃഹൽസ്ഫിക്കു'രചെയ്തു:
"മൂഷികന്മാർ-ഒരു കൂട്ടമോ, ഏകനോ?" || 149
"ഏകനേയുള്ളു; സമൂഹം ഇല്ല, സഖേ!"
"ഏകൻ എങ്കിൽ, തന്റെ ഭിക്ഷാന്ന ഭക്ഷണം || 150
ഒന്നു തന്നേ കാൎയ്യം എന്നു വരികയില്ല്;
അന്യപ്രയോജനം ഉണ്ടായ്, വരും, ദൃഢം. || 151
—എള്ളു പകരം കൊടുത്തു താൻ ഇങ്ങോട്ടും
എള്ളു മേടിക്കുന്ന ചണ്ഡാലിമാതാവിന് || 152
അന്യമായിട്ടൊ'രു കാരണം ഉണ്ടെ'ന്നു
ധന്യനാം വിപ്രൻ ഒരുത്തൻ പറഞ്ഞിതു." || 153
"എങ്ങിനെ സംഗതി?" യെന്നു, ചൂഡാകൎണ്ണൻ:
"എങ്കിലോ കേട്ടുകൊൾകെ"-ന്നു, ബൃഹൽസ്ഫിക്കും: || 154

## 2. ഗൂഢമായിട്ടുള്ളൊരു കാരണം.

"ഞാൻ ഒരു വിപ്രന്റെ മന്ദിരേ ചെന്നു'ടൻ
സ്നാനവും ചെയ്തു വസിക്കും ദശാന്തരേ, || 155
ചൊന്നാൻ, ഗൃഹസ്ഥൻ ഗൃഹിണിയോടി"ങ്ങോട്ടു
വന്നാലും! ഒന്നു'ണ്ടു വേണ്ടു നമുക്കെ,ടോ! || 156
നാളെ കറുത്ത വാവൂ'ട്ടുവാൻ ഒന്നുരണ്ടു്
ആളെ ക്ഷണിച്ചേ'ച്ചു പോന്നു, ഞാൻ ഇന്നെ,ടോ. || 157
എള്ളു പുല്ലാജ്യ ഭോജ്യാദി സംഭാരങ്ങൾ
എല്ലാം വഴി പോലെ സംഭരിച്ചീടുക!" || 158

ദ്വിതീയതന്ത്രം.

ചൊല്ലിനാൽ, അപ്പോൾ ഗൃഹിണിയും: “നമ്മുടെ
ഇല്ലത്തൊ’രു വസ്തുവില്ല, സംഭാരങ്ങൾ.” || 159
കോപം കലൎന്നു ചൊന്നാൻ, ദ്വിജൻ: “നിന്നുടെ
ലോഭം ചിതം അല്ലാ; പോ,ടീ വിലക്ഷണേ! || 160
അന്ന’ന്നു കൃത്യം കഴിക്കണം അല്ലാതെ,
ഇന്നേക്കു നാളേക്കു മററന്നാളേക്കെ’ന്നും || 161
അങ്ങിനെ സംഭരിക്കുന്ന മൎത്ത്യന്നു മേൽ
എങ്ങിനെ കൎമ്മം എന്നാ’രാൻ അറിഞ്ഞിതോ! || 162

## 3. ലോഭത്താൽ കുറുക്കൻ അപായം പെട്ടതു.

വണ്ടൊരു കാട്ടാളൻ അസ്ത്രവും ചാപവും
കൊണ്ടു പുറപ്പെട്ടു കാട്ടു പുക്കീടിനാൻ. || 163
മാനിനെ ശസ്ത്രം പ്രയോഗിച്ചു കൊന്നു’ടൻ
താനെ ചുമന്നു നടന്നു പോകും വിധൌ, || 164
വമ്പനായുള്ളോ’രു പന്നിയെ കണ്ടു നല്ല്
അമ്പു പ്രയോഗിച്ച നേരം, അപ്പന്നിയും || 165
വേടനെ ചാടി കടിച്ചു കൊന്നാ’ശു, താൻ
കൂടെ പതിച്ചു മരിച്ചു വീണീടിനാൻ. || 166
ദംഷ്ട്രികൻ എന്നു നാമത്തെ ധരിച്ചോ’രു
ക്രോഷ്ടാവും അപ്പോൾ അവിടേക്കു വന്നിതു || 167
—ഇന്നേക്കു ഭക്ഷണം വേടന്റെ വിഗ്രഹം,
പിന്നെ നാളേക്കു മൃഗത്തിന്റെ ഭക്ഷണം, || 168
പന്നിയെ കൊണ്ടു മററന്നാളും, ഇങ്ങിനെ
തിന്നീടുമാറെ’ന്നു’റച്ചു മനക്കാമ്പിൽ || 169
—ഇന്നി’നി പ്രാതൽക്കു വില്ലിന്റെ ഞാൻ ഇതു
നന്നെ’ന്നു കല്പിച്ചു ചെന്നു കടിച്ചു’ടൻ || 170
കുത്തി കുഴിയെ കലെച്ച വിൽ ജ്യാവിന്മേൽ
എത്തി കടിച്ചു’വൻ ഖണ്ഡിച്ച നേരത്തു, || 171
വില്ലിൻ മുനകൊണ്ടു മാറത്തു നല്ലൊ’രു
തല്ലു കൊണ്ടു’പ്പോഴെ ചത്തു വീണീടിനാൻ. || 172

ദ്വിതീയതന്ത്രം.

എന്നതു കൊണ്ടു പറഞ്ഞു, ഞാൻ: (ബ്രാഹ്മണി!)
അന്ന'ന്നു കൃത്യം കഴിച്ചേ, ചിതം വരൂ.— || 173
എള്ളോടു കൂടെ പ്പചിച്ചിട്ടും ഓദനം
(അല്ലോ?) കൃസാരം എന്നുള്ളോ'രു സാധനം; || 174
ആയതിന്നു തിലം കുത്തി ത്തൊലി കളഞ്ഞ്
ആയ വണ്ണം നീ യുണക്കീടണം, പ്രിയേ!" || 175
പിറേറ ദിനം അവൾ എള്ളു കുത്തി ച്ചേറി
മുററത്തു'ണക്കുവാൻ ചിക്കി നിൽക്കും വിധൌ, || 176
കുക്കുടം വന്നു തൊട്ടു'ങ്ങും ഇങ്ങും ചിന്തി
ദുഷ്ടം ആക്കി ച്ചമച്ചോര'നന്തരം, || 177
ശോധന ചെയ്യാത്തൊരെ'ള്ളു കൊടുത്ത'ങ്ങു
ശോധന ചെയ്തു തിലത്തെ വാങ്ങീടുവാൻ || 178
ഭാവിച്ച ചണ്ഡാലിമാതാവിനോട'ങ്ങു
ചോദിച്ചു, മെല്ലെ; ഗൃഹസ്ഥൻ ദ്വിജോത്തമൻ: || 179
"എങ്ങു പോവാൻ തുടങ്ങുന്നു, നീ?" യെന്നവൻ;
"എള്ളു മാറാൻ ഗമിക്കുന്നു, ഞാൻ" എന്ന'വൾ; || 180
"അങ്ങിനെ യല്ല, ഞാൻ ബോധിച്ചു; മററൊ'രു
സംഗതി കൂട്ടുവാൻ പോകുന്നു!" വെന്ന'വൻ." || 181

എന്നതു കൊണ്ടി'ഹ മൂഷികൻെറ സ്ഥിതിക്ക്
അന്യം പ്രയോജനം ഉണ്ടെ'ന്നു നിർണ്ണയം || 182
ഇത്ഥം പറഞ്ഞു ഖനിത്രേണ ഭൂതലേ
കുത്തി കുഴിച്ചോ'രു നേരത്തു കാണായി || 183
നമ്മുടെ പക്കൽ പ്രയത്നേന ലബ്ധമാം
സ്വമ്മു'ള്ളതൊ'ക്കെ കരസ്ഥം ആക്കീടിനാൻ. || 184
അന്നു തുടങ്ങി ദരിദ്രൻ ആയ് ഏഷ ഞാൻ;
ഇന്നും നിലെക്കു വന്നില്ലെ,ടോ മ ന്ഥ ര ാ! || 185

തുഷ്ടി യില്ലായ്കകൊണ്ടെ'ൻെറ ശരീരവും
പുഷ്ടി യില്ലാതെയാം; എന്തു ചെയ്യാവതും! || 186
വൃഷ്ടി യില്ലാഞ്ഞാൽ, നദികളും വററീടും;
ഇഷ്ടി യില്ലാഞ്ഞാൽ, ദ്വിജന്മാർ ഇളപ്പെട്ടും; || 187

ദ്വിതീയതന്ത്രം.

തുഷ്ടി യില്ലാഞ്ഞാൽ, മനുഷ്യൻ മഹാജളൻ;
കൃഷ്ടി യില്ലാഞ്ഞാൽ, വിളവും കുറഞ്ഞു പോം; ‖ 188
യഷ്ടി യില്ലാഞ്ഞാൽ, നടക്കുമോ വൃദ്ധരും?
സൃഷ്ടി യില്ലാഞ്ഞാൽ, പ്രജകൾ ഉണ്ടാകുമോ? ‖ 189
പട്ടി യില്ലാഞ്ഞാൽ, ഗൃഹത്തിന്നു'റപ്പി'ല്ല;
ചെട്ടി യില്ലാഞ്ഞാൽ, മുഴക്കുമോ വാണിഭം? ‖ 190
കുട്ടി യില്ലാഞ്ഞാൽ, പശുക്കൾ കറക്കുമോ?
ചട്ടി യില്ലാഞ്ഞാൽ, ദരിദ്രൻ പചിക്കുമോ? ‖ 191

കേട്ടു ചൂഡാകൎണ്ണൻ ആകുന്ന സന്ന്യാസി
കേവലം താനേ പറയുന്ന വാൎത്തകൾ: ‖ 192
“അൎത്ഥം ഉണ്ടെ'ങ്കിൽ, സമസ്ത ജന്തുക്കൾ സ-
മൎത്ഥരായീടും; അതില്ലാത്ത പൂരുഷൻ ‖ 193
വ്യൎത്ഥം ശരീരം വഹിക്കുന്നു; സൎവ്വം നി-
-രൎത്ഥം അജ്ജീവന്റെ ജീവസന്ധാരണം. ‖ 194
നമ്മുടെ ഭിക്ഷാന്നഭോജിയാം മൂഷികൻ
സ്വമ്മു നശിച്ചതുമൂലം, പരവശൻ! ‖ 195
ദ്രവ്യം ഉണ്ടെ'ങ്കിലേ, ബന്ധുക്കൾ ഉണ്ടാവു;
ദ്രവ്യം ഇല്ലാത്തവന്നാ'രും ഇല്ലാ, ഗതി! ‖ 196
ദിവ്യൻ എന്നാകിലും, ഭവ്യൻ എന്നാകിലും,
ദ്രവ്യം ഇല്ലാഞ്ഞാൽ, തരം കെടും. നിൎണ്ണയം!” ‖ 197
—ഏവം പറയുന്ന സന്ന്യാസിയെ ച്ചെന്നു
സേവിച്ചു ജീവനം രക്ഷിക്ക ദുൎഘടം. ‖ 198
മറെറാരു ദിക്കിന്നു പോകായ്കിൽ, നമ്മുടെ
മാററിത്വം ഇപ്പോഴൊ'ഴികയില്ലെ'ന്നു ഞാൻ ‖ 199
തെററ'ന്നു ചിന്തിച്ചു'റച്ചു പുറപ്പെട്ടു.
മുററും ഭവാനെ സമാശ്രയിച്ചേൻ, അഹം. ‖ 200
“പൊയ്യ്'ല്ലി,രപ്പാളിയായാൽ, മഹാ കഷ്ടം!
അയ്യോ! മരിച്ചെ'ങ്കിൽ, ആപത്തൊ'ഴിഞ്ഞിതു. ‖ 201
കയ്യും പരത്തി പ്പിടിച്ചു'ങ്ങു യാചനം
ചെയ്യുന്ന ദീനത്വം ഓൎത്താൽ, ജ്വലിക്കുന്ന ‖ 202

തീയിൽ പതിച്ചു ശരീരം ദഹിപ്പിക്കും
ഈയൽ കലത്തിൽ പിറക്ക തന്നെ സുഖം! || 203
കണ്ട ഭോഷ്ക്കൊ'ക്കവേ ജല്പിക്കയെ ക്കാട്ടിൽ,
മിണ്ടാതൊ'രേടത്തി'രിക്ക തന്നെ ഗുണം: || 204
കണ്ട പെണ്ണുങ്ങളെ ദോഷപ്പെടുക്കയിൽ
ഷണ്ഡനായിട്ടു പിറക്ക തന്നെ ശുഭം. || 205
ബൌദ്ധനെ സേവിച്ചു ജീവിക്കയെ ക്കാട്ടിൽ,
ഊൎദ്ധ്വം വലിച്ചു മരിക്ക തന്നെ ശുഭം: || 206
ചെമ്മേ ദരിദ്രനായ്'ത്തവിക്കെ ക്കാട്ടിൽ,
അമ്മെക്കു ഗൎഭം സ്രവിക്ക തന്നെ ഗുണം. || 207
രോഗം പിടിച്ചു വപുസ്സിൻെറ വൎക്കത്തു
വേഗം ക്ഷയിച്ചു പോം എന്ന കണക്കനെ, || 208
—ദേഹി—യെന്ന'ക്ഷരം ചൊല്ലും ജനത്തിൻെറ
ദേഹത്തിൽനിന്നു മാറും മഹാലക്ഷ്മിയും. || 209
ലബ്ധം ആയുള്ളതിൽ തൃപ്തി ഇല്ലാതുള്ള
ലുബ്ധന്നൊ'രിക്കലും സൌഖ്യം ഇല്ലാ, സഖേ! || 210
അല്പം എന്നാലും, ലഭിച്ചതിൽ സന്തോഷം
ഉല്പന്നം ആകുന്ന മാനുഷൻ മാനുഷൻ. || 211
ഇങ്ങിനെ യുള്ളോ'രു സന്തോഷിയാമവന്ന്,
എങ്ങുമേ ചെന്നാൽ, ദുഃഖം വരാൻ ഇല്ലെ,ടോ! || 212
തോൽകൊണ്ടു പാലേ ചെരിപ്പുള്ളവന്നു ഭൂ-
-ലോകങ്ങൾ ചൎമ്മസാദൃശ്യങ്ങൾ, അല്ലയോ? || 213
കിട്ടുന്നതിൽ തൃപ്തി യുണ്ടെ'ങ്കിൽ മാനുഷന്ന്
ഒട്ടും മനഃക്ലേശം ഇല്ലെ,ടോ, മന്ദരാ! || 214
എന്നതുകൊണ്ടു ഞാൻ എപ്പോഴും വൈരാഗ്യം
എന്നുള്ള സൽഗുണം കൈക്കൊണ്ടു, സാംപ്രതം. || 215
ധൎമ്മം ഏതെ'ന്നു ചോദിച്ചാൻ, ഒരു നരൻ—
നിൎമ്മലം കാരുണ്യം എന്ന'തിന്നുത്തരം. || 216
സൌഖ്യം ഏതെ'ന്നു ചോദിച്ചതിന്നു'ത്തരം
മുഖ്യം മഹാവ്യാധി കൂടാതെ വൎത്തനം. || 217
സാദ്ധ്യം എന്തെ'ന്നു ചോദിച്ചതിന്നു'ത്തരം
സാധുസംസൎഗ്ഗേണ വൈരാഗ്യസംഭവം. || 218

ദ്വിതീയതന്ത്രം.

ബോദ്ധ്യം ഏതെ’ന്നു ചോദിച്ചതിന്നു’ത്തരം
ബുദ്ധ്യാ പരാൽപര വിജ്ഞാനം ഉത്തമം. ‖ 219
ഗ്രന്ഥം കരത്തിൽ ഉണ്ടായാൽ, മതി യല്ല;
ചന്തത്തിൽ അർത്ഥം ഗ്രഹിച്ചേ, ഫലം വരൂ! ‖ 220
അന്ധനായുള്ളവൻ ദീപം കരത്തിങ്കൽ
ഏന്തി നടന്നാൽ, വഴി യറിഞ്ഞീടുമോ? ‖ 221
ശാസ്ത്രം ഗ്രഹിച്ചതു കൊണ്ടും മതിയല്ല;
ശാസ്ത്രോക്തം ആചരിക്കാതേ, ഫലം വരാ. ‖ 222
എത്രയും നന്നു, കഷായം, എന്നാകിലും
മാത്രം കടിക്കാതെ, രോഗം ശമിക്കുമോ? ‖ 223
എന്തിന്ന’നേകം പറയുന്നു? താൻ എന്റെ
ബന്ധുവായെ’ന്നെ പ്പൊറുപ്പിക്കിൽ, ഉത്തമം. ‖ 224
തങ്ങടെ സ്ഥാനങ്ങൾ വിട്ടു പോകുന്നവൎക്കു്
എങ്ങുമേ ചെന്നാൽ, സുഖം വരത്തില്ലെ, ടോ! ‖ 225
ദന്തം നഖം. കേശം- ഇത്യാദിയാൽ ഓരു
ചന്തം ഉണ്ട’ംഗേഷു ചേൎന്നിരിക്കും വിധൌ; ‖ 226
പെട്ടന്നു ഗാത്രത്തിൽനിന്നു വിട്ടാൽ, അതു
തൊട്ടാൽ, കുളിക്കേണം എന്നു വന്നില്ലയോ?” ‖ 227

എന്നതു കേട്ടു പറഞ്ഞിതു മന്ദരൻ:
“തന്നുടെ ദിക്കു വെടിഞ്ഞു പോയീടിലും, ‖ 228
തെല്ലും മനോദോഷം ഇല്ലാത്ത പൂരുഷൻ
ചെല്ലുന്ന ദിക്കിൽ സുഖിച്ചിരിക്കായ് വരും. ‖ 229
അന്നങ്ങൾ ആകാശഗംഗാതടേ നല്ല
പൊന്നും സരോജാകരത്തെ ത്യജിച്ചി’ങ്ങു ‖ 230
മന്നിടന്തന്നിലെ പങ്കജപ്പൊയ്കയിൽ
തന്നെ സുഖിച്ചു വസിക്കുന്നതി’ല്ലയോ? ‖ 231
മന്ദതാപവും മഹാവ്യാധിയും, സൎവ്വദാ
സുന്ദരിമാരുമായുള്ള സംസൎഗ്ഗവും, ‖ 232
ജന്മഭൂമിസ്നേഹം എന്നുള്ളതും, മഹാ
ദുൎമ്മോഹികൾക്കേ ഭവിപ്പൂ, ഹിരണ്യകാ! ‖ 233

ദ്വിതീയതന്ത്രം.

ഉത്സാഹവും നല്ല വിദ്യയും ബോധവും
സത്സംഗമങ്ങളും സൽക്കൎമ്മ ധൎമ്മവും || 234
ഇങ്ങിനേയുള്ള ഗുണങ്ങൾ തികഞ്ഞവൎക്ക്,
എങ്ങുമേ ചെന്നാലും, അല്ലൽ ഇല്ലേ,തുമെ. || 235
തന്നുടെ ദിക്കെ’ന്നും അന്യ ദിക്കെ’ന്നും ഇ
ധന്യരാം നിങ്ങൾക്കു ഭേദം ഇല്ലാ, ദൃഢം: || 236
എന്നതുകൊണ്ടു പറഞ്ഞു, ഞാൻ, മൂഷികാ!
നന്നി’ഹ നമ്മോടു കൂട നിവാസവും. || 237
മേഘത്തണലിൽ ഇരുന്നു സുഖിക്കയും,
ശാകാദി സസ്യങ്ങൾ കൊണ്ടു മോദിക്കയും, || 238
യൌവനം ഉള്ളോ’രു നാരിയോടൊ’ന്നിച്ചു
നിൎവ്വേദ ഹീനം വിനോദിച്ചിരിക്കയും, || 239
അല്പകാലം കൊണ്ടു നാസ്തിയാം; ഒട്ടും വി-
-കല്പം ഇല്ലെ’ന്നു ധരിച്ചുകൊൾകാ, ഭവാൻ!" || 240

കാകൻ പറഞ്ഞിതു: സത്യം കഥിപ്പതിന്ന്
ഏകൻ ഭവാൻ ഏവ കൎമ്മചൂഡാമണേ! || 241
സത്തുകൾക്കാ’പത്തു വന്നാൽ നികത്തുവാൻ
സത്തുകൾ തന്നെ സമൎത്ഥരാകും ദൃഢം. || 242
ആന കുഴിയിൽനിന്നാ’നയെ കേറ്റുവാൻ
ആന യല്ലാതെ പിന്നേ’കൻ ഉണ്ടാകുമോ? || 243
കുണ്ടു’ള്ള കായലും തോടും അന്വേഷിച്ചു
കൊണ്ടു നടക്കുന്നു, മത്സ്യാദി ജന്തുക്കൾ; || 244
വേണ്ടും മധുവുള്ള പുഷ്പങ്ങളിൽ ചെന്നു
വണ്ടും മധുരസം ഉണ്ടു മേവീടുന്നു: || 245
രാജഹംസങ്ങളും രാജീവവൃന്ദത്തിൽ
ആജീവനാന്തം വസിക്കുന്നു, മന്ദരാ! || 246
എന്നതു പോലെ ഹിരണ്യൻ തവാന്തികേ
വന്നു വസിക്കുന്നു, ഞാനും അവ്വണ്ണമേ." || 247

ഇത്ഥം പറഞ്ഞ’ങ്ങി’രിക്കും ദശാന്തരേ,
ലുബ്ധകാസ്ത്രത്തെ ഭയപ്പെട്ടൊ’രുമൃഗം || 248

ദ്വിതീയതന്ത്രം.

ചിത്രാംഗൻ എന്നു പേരായവൻ വേഗേന
തത്രാ ഗമിച്ചോ'രു നേരത്തു, മന്ദരൻ || 249
സ്വാഗതം ചോദിച്ചു സൽക്കാരവും ചെയ്തു
വേഗതോ ഭോജനം നൽകി പ്പറഞ്ഞിതു: || 250
"എങ്ങുന്നു താൻ അത്ര വന്നു, മഹാമതേ,
ഞങ്ങളെ ദിക്കിനെ ശുദ്ധം ആക്കീട്ടുവാൻ?" || 251
പാടവമോടെ പറഞ്ഞു, ചിത്രാംഗനും:
"വേടനെ പ്പേടിച്ചു മണ്ടി വരുന്നു, ഞാൻ; || 252
പ്രൌഢരാം നിങ്ങളെ കണ്ട നേരം, നമുക്ക്
ആടൽ എല്ലാം ഇന്നു തീൎന്നു, കൂൎമ്മേശ്വര!" || 353
മന്ദരൻ ചൊല്ലിനാൻ: "ഇട്ടിക്കു തന്നുടെ
മന്ദിരം എന്നു ധരിച്ചുകൊൾക, ഭവാൻ! || 254
ഒന്നിനും ദുഃഖം ഇല്ലെ'ന്നോടു കൂടിയാൽ.
ഇന്നു തുടങ്ങി മൽപ്രാണ തുല്യൻ, ഭവാൻ! || 255
ആഖുപ്രവീരൻ ഹിരിണ്യൻ ഇദ്ദേഹവും
കാകപ്രവീരനും രണ്ടു പേർ മുന്നമെ || 256
അത്രാ ഗമിച്ചിതു, മിത്രഭാവാൽ; ഇന്നു
ചിത്രാംഗനാകും ഭവാനും തഥാ വിധൻ. || 257
മാന്യേ സുഹൃല്ലാഭ സമ്പത്തിനെ യൊഴിച്ച്
അന്യ സമ്പത്തു സമ്പത്തായ് വരുന്നിതോ?" || 258

അത്രാന്തരേ വനേ ഭക്ഷണാൎത്ഥം മൃഗാ
ചിത്രാംഗ സാരംഗം അങ്ങു പോയീടിനാൻ. || 259
മദ്ധ്യാഹ്ന കാലം കഴിഞ്ഞോ'ര'നന്തരം,
മന്ദരൻ താനും ഹിരണ്യനും കാകനും— || 260
എന്തേ വരാഞ്ഞു—ചിത്രാംഗൻ എന്നി'ങ്ങിനെ
സ്വാന്തേ വിചാരിച്ചു ഖേദിച്ചു മേവിനാർ. || 261
കാകൻ മൃഗത്തെ ത്തിരഞ്ഞു പുറപ്പെട്ടു
വേഗം വനാന്തരേ ചെന്നു നോക്കും വിധൌ, || 262
വേടൻ കണി വെച്ച ചൎമ്മ പാശേ ചെന്നു
ചാടി ശ്ശരീരവും കെട്ടുപ്പെട്ടു'ങ്ങിനെ || 263

തത്ര കിടക്കുന്ന ചിത്രാംഗനെ കണ്ടു
സത്രാസശോകേന ചോദിച്ചു, വായസം: || 264
"ഘോര പാശത്തിൽ പതിപ്പതിന്നെ'ന്തൊ'രു
കാരണം, സാരംഗവീര ചൂഡാമണേ?" || 265
"കാരണം പിന്നെ കഥിക്കാം; ഹിരണ്യനെ
പാരാതെ കൂട്ടിച്ചു കൊണ്ടുപോന്നീടുക!" || 266
ഇത്തരം ചിത്രാംഗഭാഷിതം കേട്ട'ങ്ങു
സത്വരം കൊണ്ടു'ന്നു മൂഷികാധീശനെ. || 267
മൂഷികാധീശനും ചോദിച്ചു: "തന്നുടെ
വേഷം എന്തി,ങ്ങിനേ ബദ്ധം ആയീടുവാൻ?" || 268
ചിത്രാംഗനും പറഞ്ഞീടിനാൻ: "ആപന്ന-
-മിത്ര, ഭവാൻ എൻെറ പാശം മുറിച്ചാലും, || 269
അത്യന്ത വൈരിയാം വേടൻ വരും മുമ്പെ!
നിത്യം അല്ലാതുള്ള ദേഹവുംകൊണ്ടു നാം || 270
അങ്ങൊ'രു ദിക്കിന്നു മാറി പ്പുതുക്കവെ
സംഗതിയൊക്ക പ്പറഞ്ഞുകൊള്ളാം, സഖേ!" || 271
"പ്രൌഢനായുള്ള ഞാൻ അന്തികേ നിൽക്കവെ,
വേടനെ പ്പേടിക്കരുതെ"ന്നു, മൂഷികൻ. || 272
"എങ്കിൽ ശ്രവിച്ചാലും!" എന്നു ചിത്രാംഗനും
ശങ്കാവിഹീനം പറഞ്ഞു തുടങ്ങിനാൻ: || 273

## 4. ചിത്രാംഗൻെറ ബാല്യകഥ.

"ആറു മാസം പുക്ക ബാലനായുള്ള നാൾ,
കൂറുള്ള മാതാവു വേർപെട്ടിരിക്കവെ, || 274
വേടൻ വരുന്നതു കണ്ടു ഭയപ്പെട്ടു
കൂടയുള്ള മൃഗക്കൂട്ടങ്ങൾ മണ്ടിനാർ. || 275
ഓടുവാൻ കൂടാഞ്ഞു'ഴലും എന്നെ ത്തദാ
വേടൻ പിടിച്ചു'ങ്ങു കൊണ്ടുപോയീടിനാൻ. || 276
കേടു വരുത്താതെ കൊണ്ടുചെന്നാ'ദരാൽ
നാടുവാഴിക്ക'വൻ കാഴ്ച വെച്ചീടിനാൻ. || 277
ആടും പശുക്കളും രാത്രൌ വസിക്കുന്ന
കൂടു തുറന്ന'തിൽ ആക്കിനാൻ, മന്നവൻ; || 278

വെള്ളവും പുല്ലും നമുക്കു നൽകി സദാ
തെല്ലും മുഷിക്കാതെ നമ്മെ വളൎത്തിതു. || 279
ഏകദാ രാത്രൌ ശയിക്കുന്ന നേരത്തു,
മേഘശബ്ദം കേട്ടു സന്തുഷ്ടനായി ഞാൻ || 280
താനേ മനോരഥം ചിന്തിച്ചു ചൊല്ലിനേൻ:
"ഞാൻ ഏവം എത്ര നാൾ പാൎക്കേണ്ടു, ദൈവമേ! || 281
കാനനേ വൃഷ്ടി ചൊരിയുന്ന നേരത്തു;
ഞാൻ അനേകം മൃഗക്കൂട്ടത്തിൽ ഒന്നിച്ചു || 282
കൂടി ചരിക്കയും ചാടി കളിക്കയും
ഓടിത്തിരിക്കയും തേടി നടക്കയും || 283
എന്നുള്ള ലീലാ വിധങ്ങൾക്കു'ഹോ നമുക്കു്
എന്നു വാൻ സംഗതി കൂടുന്നു, ദൈവമേ!" || 284
എന്നു ഞാൻ താനേ പറഞ്ഞതു ഭൂപാല-
-നന്ദനൻ കേട്ടി'ങ്ങെഴുന്നെള്ളി നിന്നു'ടൻ! || 285
നാലു ഭാഗം നോക്കി ആരെയും കണ്ടില്ല.
—ബാലസാരംഗം മനുഷ്യരെ പ്പോലൊ'രു 286
വാക്കു പറകയോ? എന്തൊ'രു വിസ്മയം
പേക്കുലദേവത വന്നു ബാധിക്കയോ || 287
പേക്കൂത്തു കാട്ടും പിശാചുക്കൾ വന്നി'ങ്ങു
രാക്കൂററിൽ മാനിനെക്കൊണ്ടു മിണ്ടിക്കയോ?— || 288
നീതിജ്ഞൻ എങ്കിലും, ഇങ്ങിനെ ശങ്കിച്ചു
ഭീതിജ്വരം പിടിപെട്ടു വിറെച്ചുകൊണ്ടു് || 289
അന്തഃപുരത്തിൽ പതുക്കെ പ്രവേശിച്ചു
സന്തപ്തനായി ശ്ശയിച്ചു നൃപാത്മജൻ. || 290
—പേയും പിരാന്തും പറഞ്ഞു തിരുമേനി
കായുന്നിതെ'ന്തൊ'രു കഷ്ടം—എന്നി'ങ്ങിനെ || 291
സേവകന്മാരും ജനനിയും ഉണ്ണിക്കു
ദേവതാപീഡ യെന്നോൎത്തു ഗണികനെ || 292
കൂട്ടിച്ചുകൊണ്ടു'ന്നു പ്രശ്നവും വെപ്പിച്ചു
കേട്ടു വിചാരം തുടൎന്നോ'ര'നന്തരം, || 293
ദൈവജ്ഞനാം ഒരു വിദ്വാൻ ഉരചെയ്തു:
"വൈവശ്യം എന്തിന്നു, രാജപുത്ര, വിഭോ? || 294

മൎത്ത്യരെ പ്പോലെ മൃഗങ്ങളും മന്ത്രിക്കും;
അത്യന്ത സങ്കടേ ശങ്കകൂടാത'വർ || 295
ഗൂഢ സ്ഥലങ്ങളിൽ തന്റെ മനോരാജ്യം
ഊഢപ്രമോദം കഥിക്കും, മൃഗങ്ങളും: || 296
എന്നതു കേട്ടു ഭയപ്പെടേണ്ടാ, ഭവാൻ!
ഇന്നു തുടങ്ങി ജ്വരം ശമിക്കും, ദൃഢം." || 297
തത്വം ഗ്രഹിച്ചൊ'രു നേരം, കുമാരനും
ചിത്തം തെളിഞ്ഞു, പനിയും ശമിച്ചിതു: || 298
അന്നേരമെ വന്നു കെട്ട'ഴിച്ചാ'ദരാൽ
എന്നെയും മോചിച്ച'യച്ചു, നൃപാത്മജൻ. || 299
അങ്ങിനെ ബാല്യ കാലത്തിൽ നമുക്കൊ'രു
സംഗതി യുണ്ടായി, ബദ്ധനായീടുവാൻ: || 300
അന്ന'ങ്ങ'നുഭൂതമായുള്ള ബന്ധനം
ഇന്നും നമുക്കു'ത്ഭവിച്ചു, ഹിരണ്യകാ! || 301
എന്നതു കൊണ്ടു പറഞ്ഞു, ശരീരികൾക്കു്
ഇന്നതേ വന്നു'ത്ഭവിപ്പു വെന്നില്ലെ, ടോ!" || 302

അങ്ങിനെ തമ്മിൽ പറഞ്ഞിരിക്കും വിധൌ,
തങ്ങടെ ബന്ധുവാം കൂൎമ്മാധിരാജനും || 303
ബന്ധു വൃത്താന്തം ഗ്രഹിപ്പാൻ പുറപ്പെട്ടു
ബന്ധന സ്ഥാനത്തു ചെന്നിരുന്നീടിനാൻ. || 304
അപ്പോൾ പറഞ്ഞു, ഹിരണ്യകൻ! "ഹന്ത, താൻ
ഇപ്പോൾ ഇവിടേക്കു വന്നതു നന്നല്ല! || 305
കണ്ടകൻ വേടൻ വരുന്ന നേരം, ഞങ്ങൾ
മണ്ടി ത്തിരിപ്പാൻ സമൎത്ഥർ; (അല്ലോ, സഖേ?) || 306
തോയത്തെ വിട്ടു കരെക്കു സഞ്ചാരം ഈ
തോയത്തിൽ ഉള്ള ഭവാന്മാൎക്കു സങ്കടം. || 307
മന്ദ സഞ്ചാരിയാകും ഭവാനെ ശ്ശഠൻ
വന്നു പിടിക്കയില്ല'ല്ലീ, മഹാമതേ?" || 308
മന്ദരൻ ചൊല്ലിനാൻ: "എന്തു ചെയ്യാവതു?
മന്ദ ഭാഗ്യത്വം നമുക്കും വരും എങ്കിൽ, || 309
വന്നതു വന്നു; ഭവാന്മാരെ വേർപെട്ട'ങ്ങു്
ഇന്നു വസിപ്പാൻ എളുതല്ലി,നിക്കെ,ടോ! || 310

ദ്വിതീയതന്ത്രം.

ബന്ധുക്കളോട്ടു വേർപെട്ടാൽ, മനസ്സും അങ്ങ്
അന്ധമായീടും വിഷാദമാം അംബുധൌ || 311
മജ്ജനം ചെയ്യും മമത്വം ഏറീടുന്ന
സജ്ജനത്തിൻെറ സ്വഭാവം ഏവം, സഖേ!" || 312
എന്നു പറഞ്ഞ്'ങ്ങി'രിക്കുന്ന നേരത്തു,
വന്നു, കൃതാന്തനെ പ്പോലെ, കിരാതനും: || 313
അപ്പോൾ ഹിരണ്യൻ മൃഗത്തിൻെറ പാശവും
കെൽപ്പോട്ടു കണ്ടിച്ചു മണ്ടി ത്തിരിച്ചിതു; || 314
ചിത്രാംഗ സാരംഗവും മഹാകാകനും
തത്രനിന്നാ'ശു ഗമിച്ചൊ'ളിച്ചീടിനാർ. || 315
മന്ദം നടക്കുന്ന മന്ദര കൂൎമ്മത്തെ
വന്നു പിടിച്ചു, വനചരൻ, വേഗേന. || 316
വില്ലിൻെറ ഞാണുകൊണ്ടാ'ശു ബന്ധിച്ചൊ'രു
കല്ലിൻെറ ചോട്ടിൽ ഉറപ്പിച്ചു വെച്ചു'ടൻ || 317
മററൊ'രു ജന്തുവെ ചെന്നു കൊന്നീടുവാൻ
മററൊ'രു ദിക്കിന്നു പോയോ'ര'നന്തരം, || 318
കാകൻ മൃഗം മൂഷികൻ മൂവരും തദാ
ശോകം മുഴുത്തു കരഞ്ഞു വിരഞ്ഞു'ടൻ || 319
അന്തികേ വന്നൊ'രു നേരത്തു, മന്ദരൻ
യന്ത്രിതനായ് കിടന്നേ'വം ഉരചെയ്തു: || 320
"എന്തിന്നു കേഴുന്നു, ബന്ധുക്കളെ നിങ്ങൾ?
എന്തി'ങ്ങു സങ്കടം, നിങ്ങൾ ജീവിക്കവെ? || 321
ബന്ധു വെന്നി'ങ്ങിനെ രണ്ട'ക്ഷരം ജഗൽ-
-ബന്ധുവാം സ്രഷ്ടാവു കല്പിച്ചത'ല്ലയോ? || 322
പുത്രൻ സഹോദരൻ മാതാ പിതാക്കൾ ക-
-ളത്രവും ഭൃത്യനും ആപൽ സമാഗമേ || 323
മിത്രങ്ങളെ പ്പോൽ ഉപരിക്കില്ലതു
സത്യം (അതോ'ക്കാ) പുരാണ സാരങ്ങളിൽ. || 324
മിത്രൻെറ പുത്രനാം സുഗ്രീവ വാനരൻ
മിത്ര ഭാവേന വൎത്തിക്കകൊണ്ട,ല്ലയോ, || 325
മിത്ര വംശോത്ഭവൻ ശ്രീരാമചന്ദ്രനും
വൃത്രാരി വൈരിയാം രാത്രിഞ്ചരേന്ദ്രൻെറ || 326

വക്ത്രങ്ങൾ പത്തും ശരം കൊണ്ടു ഖണ്ഡിച്ചു.
ധാത്രീ തലന്തന്നിൽ ഇട്ടു'രുട്ടി ത്തദാ || 327
പത്രികൾക്കാ'ഹാരം ആക്കി ച്ചമെച്ചു ജ-
-ഗത്രയ ത്രാണവും ചെയ്തിതു, രാഘവൻ. || 328
എന്നതുകൊണ്ടു സുഹൃല്ലാഭം ഇങ്ങിനെ
വന്നതു കൊണ്ടു, നമുക്കു വിപത്തിനു || 329
സംഗതി യില്ലി,ഹ; സംശയം ഇല്ലെ,ടോ!
മംഗലം തന്നേ ഭവിക്കും, ക്രമേണ മേ. || 330
അത്രാന്തരേ ഹിരണ്യാഖ്യനാം മൂഷികൻ
ചിത്രാംഗവായസന്മാരോടു ചൊല്ലിനാൻ: || 331
"ചിത്രാംഗ സാരംഗ വീര! ഭവാൻ ചെന്നു
മിത്രാംഗ രക്ഷണം ചെയ്വാൻ സരസ്സുതടേ || 332
ചത്ത പോലേ കിടന്നീടേണം; അന്നേരം
എത്തുന്ന വേടനെ ച്ചെണ്ടകൊട്ടിക്കേണം. || 333
കാക ഭവാനും മൃഗത്തിൻെറ മേൽ ഇരുന്നു്,
ആകുലം കൂടാതെ, കൊക്കിൻ മുനകൊണ്ടു || 334
കൊത്തുന്ന പോലേ നടിക്കേണം; അന്നേരം
അത്യന്തമൂഢനാം വേടൻ—മൃഗം ഇതു || 335
ചത്തു—വെന്നോർത്തു കൃതാർത്ഥനായ് വന്നീടും;
(ഉത്താന ബുദ്ധികൾക്കു'ണ്ടോ, വിവേകവും?) || 336
കാണിനേരം കൊണ്ടു കൂർമ്മത്തെ ബന്ധിച്ച
ഞാണും കടിച്ചു ഖണ്ഡിക്കുന്നതു'ണ്ടു, ഞാൻ; || 337
മന്ഥരൻ വാപിയിൽ ചാടി മുങ്ങും, ദ്രുതം:
മന്ദനാം വേടൻ ഗ്രഹിക്കയും ഇല്ലേ,ടോ! || 338
ഉള്ളിൽ പ്രസാദേന മാനിനെ കെട്ടുവാൻ
വള്ളിയും കണ്ടിച്ചുകൊണ്ടു വനചരൻ || 339
വന്നു'ടുക്കും മുമ്പെ, നാം അങ്ങു മൂവരും
മന്ദേതരം മണ്ടി മാറി ത്തിരിക്കയും!', || 340
ഇത്ഥം പറഞ്ഞ'വർ'പ്രകാരം തന്നെ
സിദ്ധമായ് വന്നിതു സിദ്ധാന്തം, ഒക്കവെ. || 341
ആയതു നേരത്തു വന്നു, വേടൻ:—മൃഗം
ചത്തുപോയ്—എന്നു നിനെച്ചു സന്തുഷ്ടനായ് || 342

ദ്വിതീയതന്ത്രം.

ആയതമായുള്ള വള്ളികൾ കൊണ്ടു ഞാൻ
കായം അശേഷം വരിഞ്ഞു മൃഗത്തിനെ || 343
കെട്ടി യെടുത്ത്’ങ്ങു കൊണ്ടുപോവൻ—എന്നു
അഷ്ടിക്കുറ’ച്ചു പുറപ്പെട്ടു കാനനേ || 344
കെട്ടി പ്പിണഞ്ഞു കിടക്കുന്ന വള്ളികൾ
വെട്ടി ച്ചിതം വരുത്തി ത്തുടങ്ങീടിനാൻ. || 345
സാരതപം ഉള്ളോ’രു കാകനും ആഖുവും
സാരംഗ വീരനും മൂന്നു പേരും തദാ || 346
മന്ദേതരം മണ്ടി യോടി ഗ്ഗമിച്ചിതു.
മന്ഥര കൂർമ്മവും വാരിജലന്തന്നിൽ || 347
മുങ്ങി ത്തിരിച്ചു, ങ്ങു ബന്ധുക്കൾമൂവരും
സംഗിച്ചിരിക്കുന്ന സങ്കേത ഭൂമിയിൽ || 348
ചെന്ന്’ങ്ങു കൂടി സ്സുഖിച്ചു ഗമിച്ചാ’ശു
തങ്ങടെ ദിക്കിനെ പ്രാപിച്ചു മേവിനാർ. || 349
ഒന്നും ലഭിക്കാഞ്ഞു കുണ്ഠിതം പൂണ്ട’ങ്ങു
ചെന്നു ഗൃഹം പുക്കു, മൂഢനാം വേടനും. || 350
മന്ഥരൻ കാകൻ മൃഗവും ഹിരണ്യനും
മന്ദിരം പ്രാപിച്ചു മന്ദേതരോത്സവം || 351
നാലു പേരും കൂടി ലാളിച്ചു മേളിച്ചു
ലീലാ വിലാസേന വാണു, യഥാ സുഖം. || 352

ഇത്ഥം സുഹൃല്ലാഭം എന്നുള്ള തന്ത്രവും
സിദ്ധം സമസ്തം സമാപ്തം. ശുഭം! ശുഭം! || 353

ഇതി ദ്വിതീയതന്ത്രം സമാപ്തം.

# THE THIRD ART OF POLITY:

## ALLIANCE

### SIMULATED TILL THE ENEMY CAN BE EXTERMINATED BY WAR;

Or, the Mortal Strife of the Crows and the Owls; how the Capital of the Crows was surprised by the Owls in a night-attack, and burned; how Méghavarṇa the King of the Crows called a council, in which Chiranjívi his prime minister proposed to go over to the Owls and gain their confidence and destroy them, and how Chiranjívi by this simulated alliance at last succeeded in exterminating the Owls, who with their King Amardda, perished in the flames of thier city.

## സന്ധിവിഗ്രഹം എന്ന തൃതീയതന്ത്രം.

*അന്തികേ വരികെ,ടോ ശാരികേ! മൂന്നാം തന്ത്രം
സന്ധിവിഗ്രഹം എന്നു ചൊന്നതു കഥിക്ക, നീ! || 1

സോമശർമ്മാഖ്യദ്വിജൻ ഭൂമിപാത്മജന്മാരെ
സാമപൂർവ്വമാം നയം ബോധിപ്പിച്ചു’രചെയ്തു || 2
“സന്ധിവിഗ്രഹം ആകും തന്ത്രത്തിൽ ആദ്യശ്ലോകേ
ബന്ധിച്ചോ’ർ അർത്ഥം കേട്ടുകൊൾകെ,ടോ ബാലന്മാരേ! || 3
മുന്നമേ തന്നെ മഹാശത്രുവാം ജനം വന്നു
തന്നുടെ സുഹൃത്ഭാവം പൂണ്ടു മേവുന്നാകിലും, || 4



* ഇനിവൃത്തഭേദം.

തദ്വിധന്മാരെ ചെറ്റും വിശ്വസിക്കരുതെ'ന്നു
തത്വവേദികൾ പറഞ്ഞീടുന്നു, ശിശുക്കളേ! || 5
കാകന്മാർ മുന്നം ഉലൂകങ്ങടെ, വാസസ്ഥാനം
ആകവേ ദഹിപ്പിച്ചു, ഭസ്മം ആക്കിനാർ അല്ലോ?" || 6
തൽപ്രകാരത്തെ കേൾപ്പാൻ ഇച്ഛിച്ചു, കുമാരന്മാർ;
വിപ്രസത്തമൻ ഉരചെയ്തിതു, വഴിപോലെ: || 7

"ഉണ്ടൊ'രു മഹാവനത്തിന്നിൽ അങ്ങൊ'രു ദിക്കിൽ
ഉണ്ടൊ'രു വടവൃക്ഷം, എത്രയും മഹത്തരം. || 8
(കൊണ്ടൽ തൻ നിറം പോലെ നീലയാം പത്രാവലി
കൊണ്ടു,ഹോ; മുഴുത്തൊ'രു കൊമ്പുകൾ കനംകൊണ്ടു || 9
താണു പോം എന്നല്ലൊ'രു ശങ്കകൊണ്ടെ'ന്നു തോന്നും;)
തൂണു പോൽ, ചുഴലവും, വേടുകൾ നിലത്തൂ'ന്നി || 10
കാടുകൾക്കോരോ പുര കെട്ടിയ പോലെ നാലു
കോടുകൾ ഒക്കെ മൂടിക്കൊണ്ടു,ഹോ, നിന്നീടുന്നു. || 11
കൂടുകൾ കൂട്ടി പക്ഷിക്കൂട്ടങ്ങൾ ചുറ്റും മഹാ-
-കോടരങ്ങളിൽ നിറഞ്ഞൊ'പ്പോഴും പാർത്തീടുന്നു. || 12
പോടുകൾ തന്നിൽ മഹാസർപ്പങ്ങൾ തങ്ങൾക്കുള്ള
വീടുകൾ ആക്കിക്കൊണ്ടു സന്തതം മേവീടുന്നു. || 13
മേഘ മാർഗ്ഗത്തോ'ളം അങ്ങു'യന്ന പേരാലിൻ മേൽ
മേഘവർണ്ണൻ എന്നൊ'രു കാക ലോകാധിനാഥൻ || 14
ആകുലം വിനാ ബഹു കാക സൈന്യങ്ങളോടും
സാകം അ-ധ്വാംക്ഷശ്രേഷ്ഠൻ സ്വൈരമായ് വാണീടുന്നു. || 15
ചാരുവാം പേരാൽമരത്തിന്നിൽനിന്ന'ര ക്കാതം
ദൂരവേ യൊരുമഹാശ്വത്ഥ പാദപത്തിന്നിൽ || 16
കൗശികാഖ്യങ്ങൾ ആകും പക്ഷി വൃന്ദങ്ങൾക്കെ'ല്ലാം
ഈശനാം അമർദ്ദനൻ എന്നു പേരായുള്ളവൻ || 17
തത്ര മേവുന്നു, ബഹു മൂങ്ങാക്കൂട്ടങ്ങളോടെ.
രാത്രിയിൽ കണ്ണു കാണ്മാൻ ദണ്ഡം ഇല്ല,വർകൾക്കു, || 18
വായസങ്ങൾക്കു രാത്രൗ കണ്ണുകൊണ്ടു ഫലം ഇല്ല.
കൗശികങ്ങൾക്കു പകൽ കണ്ണുകൊണ്ടു ഫലം ഇല്ല. || 19

രണ്ടു കൂട്ടക്കാർ അവർ തങ്ങളിൽ മഹാവൈരം;
കണ്ടുവെന്നാകിൽ, തമ്മിൽ അപ്പോഴെ കൊത്തി കൊല്ലും. || 20
തങ്ങളിൽ കണ്ടെ'ത്തുവാൻ സംഗതി വരായ്കയാൽ,
അങ്ങിനേ ജീവിച്ചിരിക്കുന്നി,രുകൂട്ടക്കാരും. || 21
ഏകദാ രാജനിയിൽ വീഴ്‌വാൻ അമർദ്ദനൻ
കാകവൃന്ദത്തെ കുലചെയ്യതിന്നൊ'രുമ്പെട്ടു || 22
തൽക്ഷണം ലക്ഷം മൂങ്ങാക്കൂട്ടങ്ങളോടും പേരാൽ-
-വൃക്ഷത്തെ പ്രവേശിച്ചു വളഞ്ഞു ചുഴലവും || 23
കണ്ണു കാണാതുള്ളോരു കാകവൃന്ദത്തെ കൊത്തി
ഖണ്ഡിച്ചു കുലചെയ്തു, ചണ്ഡമാം കോപത്തോടെ || 24
മേഘവർണ്ണനും തന്റെ മന്ത്രിവീരന്മാരാകും
കാകന്മാർ അഞ്ചുപേരും ഏതാനും പ്രജകളും || 25
തെററന്നു ഭയപ്പെട്ടു മറെറാ'രു മരം ചെന്നു
പററി നിന്നൊ'രുവണ്ണം ചാകാതെ ശേഷിച്ചിതു. || 26

പിറെറന്നാൾ പുലർകാലെ വന്നി'ങ്ങു വടം ഏറി
ചുററും അങ്ങി'രുന്ന'വർ കാര്യത്തെ വിചാരിച്ചു; || 27
അഞ്ചുപേർ സ്വത്രൂപികൾ മന്ത്രികൾ മനക്കാമ്പിൽ
ചഞ്ചലം കൂടാതവർ സ്വാമിയെ പ്രണമിച്ചു: || 28
ഏകൻ അങ്ങു' ദ്ദീപകൻ, രണ്ടാമൻ, സന്ദീപകൻ,
മൂന്നാമൻ പ്രദീപകൻ, നാലാമൻ ആദീപകൻ, || 29
അഞ്ചാമൻ ചിരഞ്ജീവി—ഇങ്ങിനെ സചിവന്മാർ
അഞ്ചുപേർ സമർത്ഥന്മാർ എല്ലാരും ഇരിക്കുംപോൾ, || 30
ആരെയും ഭേദം കൂടാതാ'സ്ഥയാ മേഘവർണ്ണൻ
ധീരതകൊണ്ടു പറഞ്ഞീടിനാൻ, മനോഗതം: || 31

"മന്ത്രിവീരന്മാരാകും നിങ്ങടെ നിഗൂഢമാം
മന്ത്രശക്തികൊണ്ട'ല്ലോ, നമ്മുടെ രാജ്യങ്ങളിൽ || 32
സ്ഥാനവും മാനങ്ങളും അങ്കവും ചുങ്കങ്ങളും,
ഊനം എന്നിയേ, വർത്തിച്ചി'ങ്ങിനെ ചേർന്നീടുന്നു? || 33
ഇക്കാലം ശത്രുക്കൾ വന്നി'ങ്ങിനേ ബഹുതരം
ധിക്കാരം പ്രവൃത്തിച്ചു നിഗ്രഹം ഏററം ചെയ്തു; || 34

51310



വന്ന്'തു വന്നു; ഇനി മേല്പെട്ടു പരിഭവം
വന്നുപോകാതെ വൈരി നിഗ്രഹം ചെയ്തുകൊൾവാൻ || 35
എന്തി'നി നല്ലൂ നമുക്കെ'ന്നതു മനക്കാമ്പിൽ
ചിന്തിച്ചു പറഞ്ഞാലും, മന്ത്രി പുംഗവന്മാരേ!" || 36

എന്നതു കേട്ടു പറഞ്ഞീടിനാൻ ഉദ്ദീപകൻ:
"എന്നുടെ മതം ഉള്ളിൽ തോന്നിയതു'ണർത്തിക്കാം: || 37
ഉഗ്രവിക്രമന്മാരാം ശത്രുക്കൾ വന്നു നേർത്താൽ,
വിഗ്രഹം ചെയ്തു ജയിച്ചീടുവാൻ പരാധീനം. || 38
മററൊ'രു ദിക്കിൽ മാറി പാൎക്ക യെന്നതും കൊള്ളാം:—
മററൊ'രു ബലവാനെ സേവചെയ്കിലും, കൊള്ളാം:— || 39
വന്നു'പദ്രവിക്കുന്ന വൈരിയെ തന്നെ ശീഘ്രം
ചെന്ന്'ങ്ങു സമാശ്രയം ചെയ്ക യെന്നാലും, കൊള്ളാം:— || 40
ഇങ്ങിനേ മൂന്നു നയം ദുൎബ്ബലന്മാൎക്കു യോഗ്യം,
തിങ്ങിന ബലം ഉള്ള വൈരികൾ വരുന്നേരം." || 41

ചൊല്ലിനാൻ സന്ദീപകൻ: "ഇദ്ദേഹം പറഞ്ഞതു
നല്ലൊ'രു നീതി മാൎഗ്ഗം എങ്കിലും, ഹിതം വരാ. || 42
തന്നുടെ രാജ്യം വെടിഞ്ഞ്'ന്യ ദിക്കിന്നു പോകും
മന്നവന്മാരും പിന്നെ ശ്വപാക്കളും ഒരുപോലെ! || 43
നാട്ടിൽ അങ്ങി'രിക്കുംപോൾ നല്ലവൻ താനും; മറു-
-നാട്ടിൽ ആയ് വരുന്നേരം എല്ലാൎക്കും പരിഹാസം. || 44
കൈക്കൽ ഉള്ളതും വിററുതിന്നൊ'ക്കെ വക യാക്കി
ദുൎഘട സ്ഥലങ്ങളിൽ ദുഃഖിച്ചു തനിക്കൊ'രു || 45
ചെക്കനും കൂടെ ചൊൽക്കീഴില്ലാതായ് വരും, ക്രമാൽ;
അക്കണക്കാ'കും, നാടു വിട്ടു പോകുന്ന നൃപൻ || 46
കട്ടിലും വിട്ടു കലഹിക്കുന്ന പുരുഷനെ
കെട്ടിയ പെണ്ണും കൂടെ പെട്ടന്നു വെടിഞ്ഞീടും. || 47
തന്നുടെ പ്രജകളും രാജ്യവും നഗരവും
എന്നുള്ള പലാൎത്ഥങ്ങൾ ഒന്നുമേ ചിന്തിക്കാതെ || 48
മാററാനെ കണ്ടപ്പോഴെ മണ്ടി യങ്ങൊ'ളിച്ചു,ഹോ,
മററൊ'രു ദിക്കിൽ പോകും മന്നവന്മാൎക്കു പിന്നെ || 49

DHARMARAM COLLEGE LIBRARY
BANGALORE-29.

തങ്ങടെ നാട്ടിൽ വന്നു വസിപ്പാൻ, താൻ ഉള്ള'ന്നും,
സംഗതി വരികയില്ലെ'ന്നതു ബോധിക്കേണം· ‖ 50
എന്നതുകൊണ്ടു രാജ്യം വിട്ടു പോകരുതെ'ന്നങ്ങ്
എന്നുടെ പക്ഷം!" എന്നു പറഞ്ഞു, സന്ദീപകൻ. ‖ 51

ഉക്തവാൻ, പ്രദീപകൻ: നമ്മുടെ പക്ഷം പിന്നെ
ശക്തിമാനായുള്ളോ'രു ശത്രു വന്നെ'തിൎക്കുംപോൾ, ‖ 52
വാശ്ശുതും ചൊല്ലുംപോലെ കേട്ടു കൊണ്ടു'ദ്ദേഹത്തെ
സംശ്രയിച്ചിട്ടും തന്റെ രാജ്യത്തെ രക്ഷിക്കേണം. ‖ 53
ബാലരും വൃദ്ധന്മാരും സ്ത്രീകളും ദീനന്മാരും
കാലിനു മുടക്കു'ള്ളോർ കണ്ണു കാണാതുള്ളവർ— ‖ 54
ഇങ്ങിനേ ബഹു വിധം രാജ്യ വാസികൾ എല്ലാം
എങ്ങിനെ പൊറുക്കുന്നു, മന്നവൻ മണ്ടി പ്പോയാൽ? ‖ 55
ആയതു വിചാരിക്കാതോ'ട്ടുന്ന നൃപൻ ദൂരേ
പോയ് എന്നാൽ, എങ്ങും പിന്നെ പററുകയില്ല, ദുഃഖം! ‖ 56
നാട്ടിലെ പ്രജകൾക്കു തങ്ങളെ ബന്ധിപ്പിച്ചു
ക്കൂട്ടിച്ചു കൊണ്ടുവരാൻ ഉത്സാഹം ഉണ്ടാകില്ല. ‖ 57
വിശ്രുതന്മാരായുള്ള ഭൂപാലന്മാരെ ചെന്ന'ങ്ങ്
ആശ്രയിച്ചതുകൊണ്ടു ഹാനിയും വരാനില്ല. ‖ 58
ഗംഗയും താനെ ചെന്നു സാദരം സമുദ്രത്തെ
സംഗിച്ചു സേവിച്ചീടുന്നില്ലയോ, കാകേശ്വരാ?" ‖ 59

സ്വാമിയെ ക്കൂപ്പി ത്തൊഴുതീടിനാൻ, ആദീപകൻ
"സാമദാനാദി നമുക്കൊ'ട്ടുമെ മതം അല്ല. ‖ 60
ചണ്ഡരാം ഉലൂകങ്ങൾ ഇജ്ജനങ്ങൾക്കു രാത്രൌ
കണ്ണു കാണ്ക യില്ലെ'ന്നു കല്പിച്ചു നിൎമ്മൎയ്യാദം ‖ 61
നമ്മെ വന്നു'പദ്രവം ചെയ്യുതു ചിന്തിച്ചാലും,
ദുൎമ്മദന്മാരെ ചെന്നു സേവിപ്പാൻ ചിതം ഉണ്ടോ? ‖ 62
അണ്ഡജാധമന്മാരാം അക്കൂട്ടക്കാൎക്കു പകൽ
കണ്ണു കാണ്കയില്ലെ'ന്നു തമ്പുരാൻ ഓൎക്കുന്നില്ലേ? ‖ 63
കാകസംഘത്തെ യോഗം തികച്ചു പകൽ ചെന്നാൽ,
ആകവേ കൊത്തി ക്കൊന്നു പോന്നു കൊള്ളരുതായോ?" ‖ 64

തൃതീയതന്ത്രം.

ഇങ്ങിനേ നാലു മന്ത്രി പ്രൌഢന്മാരുടെ മതം
സംഗ്രഹിച്ച'നന്തരം വായസാധീശൻ, മുദാ, || 65
അൎത്ഥശാസ്ത്രങ്ങൾ എല്ലാം അഭ്യസിച്ചവററിൽ ഉള്ള്-
-അൎത്ഥത്തെ വെളിവാക്കി ച്ചൊല്ലുവാൻ സമൎത്ഥനാം || 66
മന്ത്രിപുംഗവൻ ചിരഞ്ജീവിതൻ മനോഗതം
മന്ത്രം എന്തെ'ന്നു ചോദ്യം ചെയ്യുമ്പോൾ, അവൻ ചൊന്നാൻ; || 67

"നാലുപേർ അമാത്യന്മാർ ഒന്നിച്ചു പറഞ്ഞതു
നാലുമാൎഗ്ഗം എന്നാലും, നന്നിതു വഴിനാലും: || 68
എന്നതിൽ വിശേഷിച്ചൊ'ന്ന'ങ്ങോട്ടു ഗ്രഹിപ്പിപ്പാൻ
മന്ദനാം അടിയന്നു മാനസേ തോന്നുന്നില്ല. || 69
എങ്കിലും, ഒരു വിധം ശാസ്ത്രം അങ്ങ'റിയിക്കാം,
എന്നുടെ ഗുരുക്കന്മാർ അഭ്യസിപ്പിച്ച വഴി. || 70
മന്ത്ര ഗോപനത്തോളം ആവശ്യം മററി'ല്ലെ'ന്നു
മന്ത്രി പുംഗവന്മാരും സ്വാമിയും ബോധിക്കേണം. || 71
കുംഭങ്ങൾ പിളൎക്കും പോൾ ആയതിന്ന'കത്തു'ള്ളോർ
അംഭസ്സു ചോൎന്നു ചോൎന്നു നാസ്തിയായ് വരും; അല്ലോ? || 72
കേവലം ചെച്ചക്കാരെ ഗൂഢമായുള്ള മന്ത്രം
കേൾപ്പിച്ചു തുടങ്ങിയാൽ, മന്ത്രഭംഗവും വരും. || 73
ചെച്ചക്കാർ പലർ ഉണ്ടാം; ആയവൎകൾക്കും ചില
ചാച്ചക്കാർ; അവരുടെ വേഴ്ചക്കാർ ഒരുക്കൂട്ടം: || 74
ചെച്ചക്കാർ അവരുടെ ചാച്ചക്കാർ അവൎക്കുള്ള
വേഴ്ചക്കാർ എന്നു വേണ്ടാ—കേട്ടു കേട്ടൊ'രു പോലെ, || 75
ഗൂഢ സംസാരം നാട്ടിൽ ഒക്കവേ വെളിവായാൽ,
കൂടലർ കുലം ബലപ്പെട്ടുപോം, അതു മൂലം || 76
സന്ധി വിഗ്രഹം യാനം ആസനം ദ്വൈധീഭാവം
സംശ്രയം—നയങ്ങൾ-ഇച്ചൊന്നതു നാലും രണ്ടും: || 77
സാരമാം മന്ത്രത്തിന്നും അംഗങ്ങൾ അഞ്ചാകുന്നു;
കാൎയ്യം ആരംഭിപ്പാൻ ഉള്ളു'പായം പ്രഥമാംഗം; || 78
വിത്തവും പുരുഷകാരങ്ങളും സ്വരൂപിപ്പാൻ
ഉത്തമം വിചാരം എന്നുള്ളതു രണ്ടാം അംഗം, || 79

ദേശകാലങ്ങൾ വിചാരിപ്പതു മൂന്നാം അംഗം;
നാശത്തിൻ പ്രതിക്രിയാചിന്തനം നാലാം അംഗം; ‖ 80
കാൎയ്യസാദ്ധ്യത്തെ കുറിച്ചു'ദ്യോഗം അഞ്ചാം അംഗം:—
കാൎയ്യസാരജ്ഞന്മാർ പണ്ടി'ങ്ങിനേ പറയുന്നു. ‖ 81
സാമവും ദാനം ഭേദം ദണ്ഡവും ഉപായങ്ങൾ
സാമവായികന്മാൎക്കു സാദ്ധ്യങ്ങൾ, ഇവ യെല്ലാം; ‖ 82
ഉത്സാഹ ശക്തി പ്രഭു ശക്തിയും മന്ത്ര ശക്തി—
മത്സ്വാമി ഗ്രഹിക്കേണം; ഈദൃശം നീതി ശാസ്ത്രം. ‖ 83
സംഗരം ചെയ്വാൻ ഇപ്പോൾ സാമൎത്ഥ്യം നമുക്കി'ല്ല
സംഗരത്തിന്നുള്ളോ'രു കാലവും വന്നില്ലി,പ്പോൾ ‖ 84
—ആഹവം ചെയ്കില്ലെ'ന്നാൽ നിശ്ചയം മൃതി, യിപ്പോൾ—
—ആഹവം ചെയ്താൽ മൃത്യു സംശയം എന്നു വരും— ‖ 85
അങ്ങിനെയുള്ളേ'ടത്തു സംഗരന്തന്നെ വേണം.
ഇങ്ങി'പ്പോൾ അപ്രകാരം ആവശ്യം വന്നില്ലെ,ല്ലോ? ‖ 86
നമ്മുടെ രിപുക്കളാം കൌശികന്മാൎക്കും ഇപ്പോൾ
നമ്മെക്കാൾ ബലവീൎയ്യം വിത്തസമ്പത്തും ഏറും: ‖ 87
എന്നതുകൊണ്ടു ബകോടത്തിന്റെ ധൎമ്മം കൈക്കൊണ്ട്
ഒന്നുമേ ഭാവിക്കാതെ നിന്നുകൊണ്ടു,നുക്രമാൽ ‖ 88
സംഗതി വരുന്നേരം സിംഹ ധൎമ്മത്തെ പൂണ്ടു്
സംഗരേ രിപുക്കളെ സംഹരിക്കയും ചെയ്യാം. ‖ 89
വൎദ്ധനം രിപുക്കൾക്കു തങ്ങൾക്കു ശക്തിക്ഷയം;
ബുദ്ധികൊണ്ടി'തു രണ്ടും ഓൎക്കാതെ പുറപ്പെട്ടു ‖ 90
യുദ്ധത്തിന്നൊരുമ്പെട്ടു ചെല്ലുന്നോ'ർ അവിവേകിക്ക്
ഔദ്ധത്യം മാറും എന്ന'ല്ലൂ'ൎദ്ധ്വമായ് മണ്ടി പ്പോരും. ‖ 91
വൈരികൾ ദൂരസ്ഥന്മാർ എങ്കിലും അവരുടെ
ഗൌരവം നിലെപ്പിക്കും, ഉൽകൃഷ്ട മഹീപാലൻ. ‖ 92
എത്രയും വികൃഷ്ടനായുള്ളവൻ സമീപത്തെ-
-ശത്രുവെ പ്പോലും, ജയിച്ചീടുവാൻ ആൾ അല്ല;'ല്ലൊ? ‖ 93
ദൂരവേ വന്ന'ങ്ങു'ദിച്ചീടുന്ന ദിവാകരൻ
പാരിലേ തിമിരങ്ങൾ ഒക്കവേ നീക്കീടുന്നു: ‖ 94
അല്പമാം പ്രദീപത്തെ കത്തിച്ചാൽ, അടുക്കെയുള്ള്
അന്ധകാരങ്ങൾ നിഴൽ പിടിച്ചു നിൽക്കേയുള്ളു ‖ 95

തൃതീയതന്ത്രം.

ശത്രുക്കളുടെ ശക്തി വൎദ്ധിക്കും കാലം, ധീരൻ
കുത്രചിൽ ക്ഷമിചിരുന്നീടുക തന്നേ നല്ലൂ: || 96
തത്ര വൈരികൾക്കെല്ലാം താഴ്ച കാണുംപോൾ, തന്റെ
മിത്രസമ്പത്തും കൂടി ചെന്നങ്ങു നേൎത്തീടണം || 97
ധീരന്മാരായുള്ളൊരു മേദിനീ പാലന്മാൎക്കു
ചാരന്മാർ കണ്ണാകുന്നു; ദൂതന്മാർ വദനവും; || 98
മന്ത്രം എന്നതു ചട്ട; ബുദ്ധിതാൻ അസ്ത്രങ്ങളും:
മന്ത്രികൾ അകമ്പടി കൂട്ടവാൻ മാത്രം കൊള്ളാം; || 99
ജൃംഭിച്ചു മേവും രിപുശ്രീയാകും ഭുജംഗിയെ
സ്തംഭിപ്പിപ്പതിന്നൊരു മന്ത്രമായ് വരും, മന്ത്രം. || 100
അങ്ങിനേയുള്ള മന്ത്രം ഛിദ്രിച്ചു പോയെന്നാകിൽ,
എങ്ങുമേ നിലനില്പാൻ കെല്പും ഇല്ലാതായ് വരും. || 101
സ്വായത്ത സിദ്ധി സചിവായത്ത സിദ്ധി യുഭ-
-യായത്ത സിദ്ധി യെന്നു മൂന്നു വിധം നൃപരിൽ || 102
താന്തന്നെ കാൎയ്യക്ലേശം ചെയ്യുന്നോൻ ആദ്യൻ നൃപൻ:
മന്ത്രിയെത്തന്നെ കല്പിച്ചാക്കുന്നോൻ രണ്ടാം നൃപൻ: || 103
താനും അസ്സചിവനും കൂടവേ വിചാരിച്ചു
സ്ഥാനങ്ങൾ നടത്തുന്ന മന്നവൻ മൂന്നാം നൃപൻ || 104
മന്നവൻതന്റെ പാട്ടിൽ ഏതൊരു കാൎയ്യത്തിന്നും
തന്നുടെ സചിവന്മാർ നില്ക്കും എന്നാകിൽ, ഗുണം! || 105
മന്ത്രഗുപ്തിയും നമുക്കെത്രയും പാരം കൃച്ഛ്രം;
മന്ത്രിപുംഗവന്മാൎക്കും മന്ത്രകൌശലം നാസ്തി; || 106
ദ്രവ്യവും ഇല്ലാ; പുരുഷാരവും പാതി ചത്തു;
ദുൎവ്യയം കൂടാതിന്നി കോപ്പുകൾ കൂട്ടാൻ വേല; || 107
സന്ധി യെന്നതും പിന്നെ സാധിപ്പാൻ പരാധീനം.
സന്തതം വൎദ്ധിക്കുന്ന മത്സരം കൊണ്ടു പാരം || 108
അന്ധന്മാർ-ഉലൂകന്മാർ-വൈരികൾ-അവൎക്കിപ്പോൾ
അന്തരംഗത്തിൽ ഒരു ശാന്തത തെല്ലും ഇല്ല; || 109
സന്ധിക്കു സംസാരിപ്പാൻ ഇല്ലൊരു നേരം, പാൎത്താൽ,
അന്തിക്കുമുമ്പെ, കണ്ണുകാണാത നമുക്കെല്ലാം. || 110
അക്കാൎയ്യം പകൽ ചെന്നു സാധിപ്പാൻ അതും കൂടാ;
അക്കൂട്ടക്കാൎക്കു പകൽ കണ്ണു കാണുകയില്ലെല്ലൊ?" || 111

തൃതീയതന്ത്രം.

മേഘവൎണ്ണനും ചൊന്നാൻ: "എന്തൊ'രു ഹേതുകൊണ്ടു
കാകലോകവും ഉലൂകങ്ങളും തമ്മിൽ വൈരം? || 112
ഇങ്ങിനേ ദേവാസുരം എന്നതു പോലെ മുന്നം
സംഗതി വരാൻ എന്തു കേട്ട'റിയുന്നോ, ഭവാൻ?" || 113
മന്ദഹാസവും പൂണ്ടു പറഞ്ഞു, ചിരഞ്ജീവി:
"മന്ദഭാഗ്യന്മാർ പക്ഷിക്കൂട്ടങ്ങൾ എന്നേ വേണ്ടു! || 114
വ്യാഘ്രചൎമ്മത്തെക്കൊണ്ടു കുപ്പായം ഇട്ടും കൊണ്ടു
ശീഘ്രചാരിയാം ഒരു ഗൎദ്ദഭം വേനൽക്കാലം || 115
സൌഖ്യമായ് സസ്യങ്ങളും ഭക്ഷിച്ചു നടക്കുംപോൾ
വാക്കു ദോഷത്തെക്കൊണ്ടു തനിക്കു നാശം വന്നു." || 116
മേഘവൎണ്ണനും: "അതു കേൾക്കേണം!" എന്നു ചൊന്നാൻ
കാകമന്ത്രീശൻ ചിരഞ്ജീവിയും ഉരചെയ്തു: || 117

## 1. പുലിത്തോൽ ഉടുത്ത കഴുതെക്കു വാക്കുദോഷംകൊണ്ടു നാശം വന്നതു.

"വണ്ടൊ'രു രജകന്റെ വസ്ത്രഭാണ്ഡവും പേറി
കൊണ്ടൊ'രു കഴുത യുണ്ട'ങ്ങാടിത്തെരുവ'തിൽ. || 118
കണ്ടങ്ങൾ തോറും ചെന്നു ധാന്യങ്ങൾ തിന്നുന്നേരം,
കണ്ടവർ എറിഞ്ഞാ'ട്ടി ദൂരവേ മണ്ടിക്കുന്നു. || 119
തന്നുടെ കഴുതെക്കു ഭക്ഷണം ഇല്ലായ്കയാൽ,
തന്നുടെ ഭാണ്ഡം പേറാൻ ശക്തി യില്ലാതാം അല്ലോ? || 120
ഇത്തരം വിചാരിച്ച'ങ്ങേ'കദാ നിൎണ്ണേജകൻ
പുത്തനാം പുലിത്തോലു കൊണ്ടുവന്ന'തുകൊണ്ടു || 121
ഗൎദ്ദഭത്തിന്റെ ദേഹം ആകവേ മൂടി കെട്ടി
തദ്ദിശി സസ്യം തിന്മാൻ വിട്ടിതു, രജനിയിൽ; || 122
കണ്ടത്തിൽ ചാടി സസ്യം ഭക്ഷിച്ചു തുടങ്ങിനാൻ;
കണ്ടെ'ത്തി പ്രഹരിപ്പാൻ വരുന്ന കാവൽക്കാരും || 123
വ്യാഘ്രം എന്നോ'ൎത്തു പേടിച്ചോ'ടിനാർ, കഴുതെക്കു;
ആക്രമിപ്പാനും പരാധീനം ഇല്ലാതായ് വന്നു. || 124
അങ്ങിനേ നാലു പത്തു രാത്രികൾ കഴിഞ്ഞപ്പോൾ,
അങ്ങൊ'രു കാവൽക്കാരൻ കൌശലക്കാരൻ തദാ || 152

ചിത്രകംബളം കൊണ്ടു തന്നുടെ ഗാത്രം മൂടി
തത്ര ചെന്നിതു, വില്ലും ശരവും മറെച്ചു'ടൻ; || 126
ഗൎദ്ദഭം അതു കണ്ടു ഗൎദ്ദഭസ്ത്രീ യെന്നോ'ൎത്തു
ഗൎജ്ജനം ചെയ്തു മദനാൎത്തനായ് അണഞ്ഞിതു; || 127
ഗൎജ്ജനം വികൃതമായ് കേട്ടപ്പോൾ, കാവല്ക്കാരൻ
ഗൎദ്ദഭം ഇതെ'ന്ന'റിഞ്ഞ'സ്ത്രത്തെ പ്രയോഗിച്ചാൻ. || 128
ശബ്ദദോഷത്താൽ അങ്ങു ഗൎദ്ദഭം ശരം ഏററു
ചത്തു വീണിതു, ഭോഷൻ: അങ്ങിനെ യവസാനം. || 129

എന്നതു കൊണ്ടു ചൊന്നേൻ: കാകകൌശികന്മാൎക്കും
തന്നുടെ വാഗ്ദോഷം കൊണ്ടു'ണ്ടായി, മഹാ വൈരം. || 130
പക്ഷി ജാതികൾ ഒക്ക കൂടവെ വിചാരിച്ചു:
—രക്ഷിതാവൊ'രു യജമാനനെ കല്പിക്കേണം! || 161
പക്ഷി വൎഗ്ഗത്തിൽ പടുവാകിയ പുരുഷനെ
പക്ഷി രാജ്യാഭിഷേകം ചെയ്തി'ഹ വാഴിക്കേണം!— || 132
ഇത്ഥം അങ്ങെ'ല്ലാവരും കൂടവെ വിചാരിച്ചു:
—സ്നിഗ്ദ്ധനാം ഉലൂകത്തെ കൊള്ളിക്കാം—എന്നു'റച്ചു || 133
പക്ഷി പട്ടാഭിഷേകത്തിന്നു'ള്ള പദാൎത്ഥങ്ങൾ
പക്ഷവാദികൾ ചെന്നു കൊണ്ടു'ന്നു വട്ടം കൂട്ടി. || 134
ഉത്തമൻ ചകോരവും വന്നിതു, മന്ത്രി ദ്വിജൻ,
സത്വരം കലശങ്ങൾ പൂജിച്ചു തുടങ്ങിനാൻ. || 135
അന്നേരം വന്നാൻ, ഒരു വൃദ്ധനാം മഹാ കാകൻ;
സന്നാഹം ഇതു കണ്ടു ചോദിച്ചു, സഭാന്തരേ: || 136
"എന്തൊ'രു ഭാവം? നിങ്ങൾ ഏവനെ പ്രഭു വാക്കാൻ
അന്തരം വിനാ വട്ടം കൂട്ടുന്നു? കഥിച്ചാലും!" || 137
പക്ഷികൾ ഉരചെയ്താർ: "ഞങ്ങളി'ന്നു'ലൂകത്തെ
പക്ഷി രാജനായ് വെച്ചു വാഴിപ്പാൻ തുടങ്ങുന്നു." || 138
ചൊല്ലിനാൻ വൃദ്ധ ധ്വാംക്ഷൻ: "നല്ലൊരു നീതി മാൎഗ്ഗം
അല്ലി'തു; ഭവാന്മാൎക്കെ,ന്തിങ്ങിനേ തോന്നീടുവാൻ? || 139
വംശ ശുദ്ധി യില്ലാത്ത കൌശികന്മാൎക്കു രാജ്യം,
സംശയം കൂടാത'ഹോ, കൊടുത്താൽ, സുഖം വരാ. || 140

തൃതീയതന്ത്രം.

എന്തൊ'രു പരമ്പരാബന്ധം, ഇട്ടിവാന്ധന്മാൎക്ക് ?
എന്തൊ'രു സദാചാരം ആചരിക്കുന്നോർ, ഇവർ? || 141
സൎവ്വദാ കോപംകൊണ്ടു കറുത്ത ഭാവത്തോടെ
പൎവ്വത ഗുഹകളിൽ ഒളിച്ചു പകൽ എല്ലാം, || 142
രാത്രിയിൽ പുറപ്പെട്ടു ഭക്ഷണം തെണ്ടിക്കൊണ്ടു
ധാത്രിയിൽ ഇരുട്ടത്തു സഞ്ചരിക്കുന്ന ക്രൂരർ! || 143
പക്ഷികൾക്കെ'ജമാനനായ് വരുന്നേരം, പകൽ
കുത്ര നിന്നി'വൻ രാജ്യം രക്ഷിച്ചു പുലൎത്തുന്നു? || 144
യൽ കുലന്തന്നിൽ ഒരു വിശ്രുതൻ ഉണ്ടെ'ങ്കിലേ
തൽ കുലേ ജനിക്കുന്നോൎക്കു'ൽകൎഷം ഉണ്ടായ് വരും. || 145
ചന്ദ്രസേവിയാം ശശപ്രൌഢൻ അങ്ങു'ണ്ടാകയാൽ,
അന്ന്യനാം ഒരു ശശം ദന്തിയെ ജയിച്ച'ല്ലൊ?" || 146
"എങ്ങിനെ ജയിച്ചു?" എന്നു പക്ഷികൾ ചോദിച്ചപ്പോൾ,
"എങ്കിലോ കേൾക്കെ?" 'ന്നു'രചെയ്തിതു, കാകാധീശൻ: || 147

## 2. മുയൽ തൻ കുലശ്രേഷ്ഠത്വംകൊണ്ടു ആനയെ ജയിച്ചതു.

"ഭൂതലേ പന്തീരാ'ണ്ടു വൎഷം ഇല്ലായ്കമൂലം,
ഭൂതജാലങ്ങൾ ഒക്കെ ശോഷിച്ചു വശം കെട്ടു. || 148
കാനനേ മഹാഗജക്കൂട്ടങ്ങൾ ദാഹംകൊണ്ടു
ദീനത പൂണ്ടു ഗജശ്രേഷ്ഠനോട'റിയിച്ചു: || 149
"കുംഭിരാജനായുള്ള തമ്പുരാൻ തിരുവടി
കുമ്പിട്ടും ജനങ്ങളെ ക്കാത്തു'രുളേണം, നാഥ! || 150
കാട്ടിലെ കുളം തോടും പല്വലങ്ങളും വറ്റി
കാട്ടാനക്കൂട്ടങ്ങൾക്കും മറ്റുള്ള ജന്തുക്കൾക്കും || 151
തോയപാനത്തിനെ'ങ്ങും സംഗതി വരായ്കയാൽ,
കായങ്ങൾ മെലിഞ്ഞേ'റ്റം, നടപ്പാൻ മേലാതായി. || 152
ഏതൊ'രു ദിക്കിൽ ജലം ഉള്ളതെ'ന്നന്വേഷിപ്പാൻ,
ദൂതരെ കല്പിച്ചയച്ചീടുക വേണം, സ്വാമി!" || 153
എന്നതു കേട്ടു ഗജശ്രേഷ്ഠനും വനേ വനേ
ചെന്ന'ങ്ങു വിചാരിപ്പാൻ, ദൂതരെ നിയോഗിച്ചു; || 154

ആയതിൽ ഒരു ദൂതൻ വന്നു നിന്ന'റിയിച്ചു:
"തോയ പൂൎണ്ണയാം ഒരു വാപി യുണ്ടൊ'രു ദിക്കിൽ || 155
ചന്ദ്രകാസരസ്സ്'ന്നു നാമവും കേട്ടേൻ! അതിൽ
സാന്ദ്ര ശീതളം ജലം നിൎമ്മലം നിരന്തരം; || 156
അത്ര നിന്നൊ'രു കാതം മാത്രമേ വഴി യുള്ളു;
തത്രചെന്ന'ംബു ക്രീഡാ സ്നാന പാനങ്ങൾ സുഖം." || 157
എന്നതു കേട്ടു ഗജ രാജനും വൃന്ദങ്ങളും
നന്ദി പൂണ്ടവിടേക്കു സത്വരം പുറപ്പെട്ടു. || 158
ചന്ദ്രകാസരസ്സിന്റെ തീരത്തു വസിക്കുന്ന
സുന്ദര ശശങ്ങടെ വൃന്ദം ഉണ്ട'നവധി. || 159
ദന്തി യൂഥങ്ങൾ ചെന്നു ചവിട്ടി ശശങ്ങടെ
പങ്ക്തിയെ പ്പാടേ കൊന്നു തുടങ്ങി, മാൎഗ്ഗങ്ങളിൽ. || 160
അന്നേരം ശശങ്ങൾക്കു നാഥനാം ശിലീമുഖൻ
തന്നുടെ കാൎയ്യക്കാരെ വരുത്തി വിചാരിച്ചു: || 161
"നമ്മുടെ സരസ്സുടേ വാരണ ക്കൂട്ടം വന്നു
നമ്മുടെ പ്രജകളെ ച്ചവിട്ടി ക്കൊന്നീടുന്നു. || 162
—എന്തൊരു മാൎഗ്ഗം വേണ്ടു, ദന്തി വൃന്ദത്തെ നീക്കാൻ—
എന്നതു ചിന്തിക്കേണം!" എന്നുള്ള മൊഴി കേട്ടു || 163
ചിന്തിച്ചു വിജയൻ എന്നുള്ളൊ'രു ശശാമാത്യൻ:
"ദന്തി രാജനെക്കൊണ്ടു കൂട്ടത്തെ പിരിപ്പിക്കാം. || 164
ചന്ദ്രകാസാരന്തന്നിൽ വന്നിറങ്ങീടും മുമ്പെ
ചെന്നു ഞാൻ ഗജേന്ദ്രനെ പറഞ്ഞു നിൎത്തീടുന്നേൻ." || 165
ദക്ഷനാം ശിലീമുഖൻ ചൊല്ലിനാൻ: "വിജയൻ എന്ന്
എട്ടു ദിക്കിലും പുകൾപൊങ്ങിന മുയൽ, ഭവാൻ! || 166
ഒട്ടുമേ കാലക്ഷേപം കൂടാതെ, ചെന്നു ഗജ-
-ക്കൂട്ടത്തെ പിരിച്ച'യച്ചീടുക, മഹാബാഹോ! || 167
"അങ്ങിനെ" യെന്ന'ങ്ങു'രചെയ്തിതു, വിജയനും
തുംഗനാം ഗജേന്ദ്രനെ പ്രാപിച്ചു വിചാരിച്ചു: || 168
—പ്രാണിക്കു, ഗജങ്ങളോട'ടുത്താൽ, നാശം വരും.
ഘ്രാണിക്കും പോലെ വന്നു വധിക്കും, സൎപ്പങ്ങളും! || 169
പുഞ്ചിരിയിട്ടുംകൊണ്ടു കൊല്ലിക്കും, ഭൂപാലന്മാർ;
വഞ്ചിക്കും, ഖലന്മാരും ചേൎന്നു നിസ്സൂവേ തന്നെ; || 170

വമ്പനാം കുലയാന കൊമ്പന്റെ പിറകിലും
മുമ്പിലും ഇടം വലം രണ്ടു ഭാഗത്തിങ്കലും || 171
ചെന്നു നില്ക്കരുതോ,രു നേരവും! തന്റെ പാട്ടിൽ
വന്നു വെന്നുള്ള ബുദ്ധി തോന്നിയാൽ, നാശം വരും. || 172
എന്നതുകൊണ്ടു ഞാനും പൎവ്വതമുകൾ ഏറി
നിന്നുകൊണ്ടി'വനോടു കല്യാണം പൃച്ഛിക്കുന്നേൻ.— || 173
ഇത്തരം വിചാരിച്ചു ബുദ്ധിമാൻ വിജയാഖ്യൻ
സത്വരം ഗിരിമുകൾ ഏറി നിന്നു'രചെയ്താൻ: || 174
"നാഗരാജാവിനും തൻ മന്ത്രിമാതംഗങ്ങൾക്കും
സ്വാഗതം ഭവിക്കുന്നോ, ഭോഗസൌഖ്യവും എല്ലാം? || 175
രോഗങ്ങൾ കാൎശ്യക്ഷയം ഇത്യാദി ദുഃഖത്തോടു
യോഗം എന്നിയേ, വനേ വാണു'രുളുന്നീലയോ? || 176
എന്നതു കേട്ടു ഗജശ്രേഷ്ഠനും കൂട്ടക്കാരും
—എന്തൊരു മഹാത്ഭുതം! ആരുവാൻ പറയുന്നു?— || 177
ഇങ്ങിനെ വിചാരിച്ചു മേല്പെട്ടു നോക്കുന്നേരം
അങ്ങിരുന്നു'രചെയ്തു, സാദരം വിജയനും: || 178
"താരകാധിപനാകും ചന്ദ്രനാം ഭഗവാന്റെ
"ചാരനാം ഒരു ശശം ഞാൻ എന്നു ധരിച്ചാലും || 179
നമ്മുടെ കുലത്തന്നിൽ ശ്രേഷ്ഠനാം ഓരു മുയൽ
ചന്ദ്രനെ സ്സേവിച്ചു(ല്ലോ?) മേവുന്നു, സദാകാലം. || 180
ചന്ദ്രൻ ഇജ്ജനങ്ങൾക്കു നിത്യസൌഖ്യത്തിനായി
ചന്ദ്രകാസാരം ഭൂമൌ നിൎമ്മിച്ചു, മനോഹരം: || 181
ആയതു കാപ്പാൻ എന്നെ കല്പിച്ചു, നിശാകരൻ.
(ന്യായം അല്ലാതെ, വിഭോ, ദൂതന്മാർ പറയുമോ?) || 182
—ചന്ദ്രകാസാരത്തന്നിൽ ആനകൾ അനവധി
വന്നി'റങ്ങിയാൽ, വെള്ളം ആകവേ കലങ്ങി പോം— || 183
എന്നതു കേട്ടു ഗജശ്രേഷ്ഠനെ ധരിപ്പിപ്പാൻ
എന്നുടെ സ്വാമി ചന്ദ്രൻ ഞങ്ങളെ നിയോഗിച്ചു. || 184
തന്നുടെ ഹിതന്മാൎക്കു ശീതളൻ നിശാകരൻ
തന്നുടെ ശത്രുക്കളെ താപിപ്പിക്കയും ചെയ്യും. || 185
കൈരവങ്ങൾക്കു കാന്തി നൽകുന്ന നക്ഷത്രേശൻ
വൈരം ഉള്ളു'ംഭോജത്തെ കുഞ്ചിതം ആക്കുന്നില്ലേ?" || 186

തുരീയതന്ത്രം.

എന്നതു കേട്ടു ഭയപ്പെട്ടൊരു ഗജശ്രേഷ്ഠൻ
തന്നുടെ കൂട്ടക്കാരെ പിരിച്ച'ങ്ങ'യച്ചുട'ൻ || 187
താനും അശ്ലശത്തോടു യാത്രയും ചൊല്ലി പോയാൻ.

എന്നതുകൊണ്ടു ചൊന്നേൻ: സൽകലന്മാരേ നല്ല! || 188
ക്ഷുദ്രനാം പുരുഷനെ വിശ്വസിച്ചവൎക്കൊ'ട്ടും
ഭദ്രമായ് വരികയില്ലെ'ന്നതു ബോധിക്കേണം. || 189
പണ്ടൊ'രു കപിഞ്ജല പക്ഷിയും ശശകനും
രണ്ടുപേർ മരിച്ചുപോൽ, ക്ഷുദ്ര വിശ്വാസം മൂലം. || 190
"ആയതെ'ങ്ങിനെ?" യെന്നു പക്ഷികൾ ചോദ്യം ചെയ്തു.

## 3. ക്ഷുദ്രവിശ്വാസംകൊണ്ടു പക്ഷിമുയലുകൾക്കു നാശം വന്നതു.

വായസം പറഞ്ഞിതു: "ഞാൻ ഒരു കാലം മുന്നം || 191
കാനനന്തന്നിൽ ഒരു വൃക്ഷത്തിൽ കൂടു കെട്ടി,
ദീനം എന്നിയേ, പല വാസരം വസിച്ചിതു. || 192
കോടരേ കപിഞ്ജലൻ എന്നൊ'രു പക്ഷി വന്നു
കൂടും ഉണ്ടാക്കി തത്ര വാണിതു, യഥാ സുഖം. || 193
സോഹം ആ കപിഞ്ജല പക്ഷിയും തമ്മിൽ പ്രാണ
സ്നേഹമായ് ചമഞ്ഞിതു, കൂടവേ വസിക്കയാൽ. || 194
ഏകദാ സന്ധ്യാഗമേ വന്നില്ല, കപിഞ്ജലൻ.
ശോക കണ്ഠിതം പൂണ്ടു വാണു, ഞാൻ, പുലരോ'ളം; || 195
അക്കാലം കപിഞ്ജലൻ പാൎക്കുന്ന കോടരത്തിൽ
ദീൎഘകൎണ്ണൻ എന്നൊ'രു മുയൽ വന്നകം പുക്കു. || 196
"യോഗ്യം അല്ലെടോ ശശാ, നമ്മുടെ സുഹൃത്താകും
ഭാഗ്യവാൻ കപിഞ്ജലന്തന്നുടെ ഗൃഹന്തന്നിൽ || 197
വന്നു നീ വസിപ്പതു, നിന്നുടെ നിൎമ്മൎയ്യാദം."
എന്നു ഞാൻ വിരോധിച്ചേൻ; ആയവൻ കൈക്കൊണ്ടില്ല; || 198
മൂന്നു നാൾ അഹോരാത്രം ഇങ്ങിനേ കഴിഞ്ഞപ്പോൾ,
വന്നിതു കപിഞ്ജലൻ; ദീൎഘകൎണ്ണനെ കണ്ടു || 199
"ആരെ'ടോ മമ സ്ഥാനേ വന്നിരുന്നതു, മൂഢാ?
ദൂരേ മാറിപ്പോകെ"ന്നു പറഞ്ഞു കപിഞ്ജലൻ. || 200

തൃതീയതന്ത്രം.

ദീൎഘകൎണ്ണനും ചൊന്നാൻ: "ഈദൃശം സ്ഥാനങ്ങളിൽ
ആൎക്കുമേ ഭേദം ഇല്ലെ'ന്നു'ത്തമന്മാർ ചൊല്ലുന്നു. || 201
വാപികൾ തടാകങ്ങൾ കൂപങ്ങൾ വൃക്ഷങ്ങളും
പ്രാപിക്കുന്നവൎക്കെ'ല്ലാം ആവാസസ്ഥലം തുല്യം. || 202
ഞാൻ ഇതിന്നു'ടയവൻ എന്നു'രചെയ്വാൻ ഒരു
സ്ഥാനി യില്ലെ'ന്നു മനുമന്നവൻ ഉരചെയ്തു. || 203
മന്നവന്മാൎക്കു മറ്റു മാദൃശന്മാൎക്കും ഇന്നു
മാനവസ്മൃതി യല്ലാതെ'ന്തൊ'രു പ്രമാണവും? || 204
നാലു പേർ തടസ്ഥന്മാർ ഇക്കാൎയ്യം കേട്ടാൽ, അനു-
-കൂലമായ് പറഞ്ഞീടിൽ, ആയതു ഞാനും കേൾക്കാം. || 205
ഇങ്ങ'വകാശം ഇല്ലെ'ന്നാ'യവർ വിധിച്ചെ'ങ്കിൽ,
ഇങ്ങൊ'രു ശഠതയില്ലാ'ശു ഞാൻ വാങ്ങിക്കൊള്ളാം. || 206
എങ്കിൽ നാം പോക, സഖേ, സല്ലൊ'രു വിശേഷജ്ഞൻ-
-തങ്കൽ ആക്കേണം, കാൎയ്യം; എന്തിന്നു മടിക്കുന്നു?" || 207
ഇങ്ങിനേ കപിഞ്ജലപക്ഷിയും ശശകനും
തങ്ങളിൽ ഒരുമിച്ചു തൽക്ഷണം പുറപ്പെട്ടു. || 208
ഞാനും അങ്ങ'വരുടെ പിന്നാലേ പുറപ്പെട്ടു
ജ്ഞാനം ഉള്ളവർ വിധിക്കുന്നതു കേൾപ്പാനായെ. || 209
"ഏതൊ'രു തടസ്ഥരെ ചെന്നു നാം സേവിക്കേണ്ടു?
കൈതവം ഇല്ലാതവർ എങ്കിലേ, ഗുണം വരൂ." || 210
ദീൎഘകൎണ്ണനോടേ,വം ചോദിച്ചു, കപിഞ്ജലൻ:
ദീൎഘകൎണ്ണനും ചൊന്നാൻ: "ഉണ്ടൊ'രു മാൎജ്ജാരകൻ || 211
യാമുനതീരേ തപം ചെയ്തുകൊണ്ടിരിക്കുന്നു;
മാമുനീശ്വരന്മാരിൽ ഒന്നു പോൽ വസിക്കുന്നു." || 212
ചോദിച്ചു, കപിഞ്ജലൻ: "പൂച്ച മാമുനി കാൎയ്യം
ബോധിച്ചു കണക്കിന്നു തീൎക്കുമോ, വിവാദങ്ങൾ? || 213
ധൂൎത്തനാം വിലാളത്തെ വിശ്വസിക്കാമോ? വ്യാജ-
-മൂൎത്തികൾ മാൎജ്ജാരന്മാർ എന്നു ഞാൻ കേട്ടീടുന്നു" || 214
ചൊല്ലിനാൻ ദീൎഘകൎണ്ണൻ: "നല്ലൊ'രു പൂച്ച ശ്രേഷ്ഠൻ
തെല്ലുമേ കപടം ഇല്ലെ'ന്നു ഞാൻ അറിയുന്നു." || 215
"വാശ്ശതും കണ്ടാൽ, കാണാം; ഈശ്വരൻ (അല്ലൊ?) സാക്ഷി.
വിശ്വസിക്കരുതെ'ന്നു നമ്മുടെ പക്ഷം സഖേ:" || 216

തൃതീയതന്ത്രം.

ഇങ്ങിനേ പറഞ്ഞുംകൊണ്ടാ'യവർ ഇരുവരും
തങ്ങളിൽ ഒരുമിച്ച യാമുനതീരേ ചെന്നു. || 217
ധൂൎത്തനാം ദധികൎണ്ണൻ എന്നുള്ള മാൎജ്ജാരനെ
പാൎത്തു കണ്ടു'ടിമലർ വന്ദിച്ച നിന്നീടിനാർ. || 218
കണ്ണുകൾ തുറന്നു നോക്കീടിനാൻ, ദധികൎണ്ണൻ.
"കൎണ്ണങ്ങൾ വഴിപോലെ കേൾക്കയില്ലി'നിക്കെടോ! || 219
അന്തികേ വന്നു കാൎയ്യം ചൊല്ലുവിൻ! ധൎമ്മാധൎമ്മം
ചിന്തിയാതോ'രു കാൎയ്യം കല്പിക്കി'ല്ലേ'ടോ, ഞാനും. || 220
ധൎമ്മത്തെ ദ്വേഷിച്ചെ'ങ്കിൽ ധൎമ്മവും ദ്വേഷിച്ചീടും:
ധൎമ്മത്തെ രക്ഷിച്ചെ'ങ്കിൽ, ധൎമ്മവും രക്ഷിച്ചീടും: || 221
ധൎമ്മത്തെ വഴിപോലെ സേവിക്കുന്നവൎകളെ
ധൎമ്മം എന്നുള്ള ദൈവം പാലനംചെയ്യും, ദൃഢം. || 222
മററുള്ള ബന്ധുക്കൾ ഇദ്ദേഹം ഉള്ളന്നേയുള്ളു.
മുററും ഇദ്ധൎമ്മബന്ധു, ചത്താലും കൂടെ പോരും: || 223
പ്രാണിഹിംസനത്തോ'ളം അധൎമ്മം മററൊ'ന്നി'ല്ല:
പ്രാണരക്ഷണത്തോ'ളം ധൎമ്മവും മററൊന്നില്ല: || 224
മാതാവെ പോലെ പരസ്ത്രീകളെ കണ്ടീടണം:
മാടോടു പോലെ പരദ്രവ്യത്തെ കല്പിക്കണം: || 225
തന്നെ പോൽ മററുള്ളോരെ കൂടവെ കാണുന്നവൻ
ധന്യപൂരുഷൻ എന്നു ചൊല്ലുന്നു, മഹത്തുക്കൾ." || 226
ധൎമ്മം ഈവണ്ണം പറയുന്നോ'രു മാൎജ്ജരനെ
—ധൎമ്മവാൻ ഇവൻ—എന്നു വിശ്വാസം ഉണ്ടാകയാൽ, || 227
പക്ഷിയും ശശകനും അന്തികേ ചെന്ന നേരം,
തൽക്ഷണം പിടിപെട്ടു മാൎജ്ജാരൻ മഹാപാപി || 228
രക്ഷണം മോഹിച്ചു'ങ്ങു ചെന്നവൎകളെ കൊന്നു
ഭക്ഷണം കഴിഞ്ഞ'വൻ പിന്നെയും താപംചെയ്യാൻ. || 229
അത്തൊഴിൽ എല്ലാം കണ്ടു—ദൈവമേ അയ്യോ!—വെന്നു
ചിത്തത്തിൽ ഉറപ്പിച്ചു ഞാനും ഇങ്ങോട്ടു പോന്നു. || 230

എന്നതു കൊണ്ടു ചൊന്നേൻ: ക്ഷുദ്രനാം ഉലൂകത്തെ
മന്നവൻ ആക്കി വെച്ചാൽ, ഭദ്രമായ് വരത്തില്ല. || 231

വൃദ്ധവായസത്തിന്റെ വാക്കുകൾ കേട്ട നേരം
ബദ്ധസന്തോഷം പക്ഷിക്കൂട്ടങ്ങൾ പറഞ്ഞിതു: || 232
"ധ്വാംക്ഷവൃദ്ധന്റെ വാക്യം ഒക്കവേ പരമാൎത്ഥം!
കാംക്ഷയില്ല്'ഭിഷേകം കൌശികത്തിന്നു ചെയ്വാൻ! || 233
വേഗം ഇസ്സംഭാരങ്ങൾ കൊണ്ട്'ങ്ങു പോയ്ക്കൊണ്ടാലും!
യോഗവും പിരിഞ്ഞാലും! കൌശികാ, നീയും പോക!" || 234
ബുദ്ധിയും കെട്ടു വൈരം മുഴുത്തോ'ർ ഉലൂകവും
വൃദ്ധകാകനോട്ടു'രചെയ്തിതു, കോപത്തോടെ: || 235
"എന്തൊ'രു ദോഷം ചെയ്യേൻ, ഇന്നു, ഞാൻ നിണക്കെ,ടോ?
ചിന്തിതം കാൎയ്യം മുടക്കീടുവാൻ എന്തു മൂലം? || 236
അമ്പുകൊണ്ടു'ള്ള വ്രണം കാലത്താൽ നികന്നീടും:
കൊമ്പുകൾ കണ്ടിച്ചാലും, പാദപം കിളൎത്തീടും: || 237
കാട്ടു തീ വെന്താൽ, വനം പിന്നെയും തെഴുത്തീടും:
കേട്ടുകൂടാത വാക്കാം ആയുധം പ്രയോഗിച്ചാൽ, || 238
കൎണ്ണങ്ങൾക്ക്'കം പുക്കു, പുണ്ണാ'യാൽ, അതു പിന്നെ
പൂൎണ്ണമായ് ശമിക്കയില്ലൊ'ട്ടു നാൾ ചെന്നാൽ പോലും!" || 239
എന്നെ'ല്ലാം ഉരചെയ്തു കൌശികൻ നടകൊണ്ടാൻ.
അന്നു തൊട്ടു'ണ്ടായൊ'രു വൈരം എത്രയും ഘോരം || 240
തങ്ങളിൽ കാകോലൂകന്മാൎക്ക്'തു ശമിക്കയില്ല്."
ഇങ്ങിനെ ചിരഞ്ജീവി പറഞ്ഞു കൂപ്പീടിനാൻ. || 241

മേഘവൎണ്ണനും ഉരചെയ്തിതു: "മഹാത്മാവേ!
കാകമന്ത്രീശ ഭവാൻ ആകുലന്മാരായുള്ള || 242
കാകന്മാൎക്കൊ'രു ജയം കിട്ടുവാൻ ഉപായത്തെ,
വൈകാതെ രാത്രി വരും മുന്നമേ, ചിന്തിക്കണം!" || 243

ഉക്തവാൻ ചിരഞ്ജീവി സന്ധി വിഗ്രഹം രണ്ടും
യുക്തം അല്ലെ'ന്നു വന്നാൽ, പിന്നെ നാൽ ഉണ്ടു, നയം; || 244
എന്നതിൽ യാനം ബലവാന്മാരിൽ വൃഥാ ഫലം:
തന്നുടെ നാശം ഫലം, ആസനം പ്രയോഗിച്ചാൽ: || 245
ആശ്രയിച്ചിട്ടു വേണം, വൈരിഷു ദ്വൈധീഭാവം!
ആശ്രയം തന്നെ മുന്നം ചെയ്ക യെന്നെ'ന്റെ പക്ഷം. || 246

തൃതീയതന്ത്രം.

ജീവനെ ത്യജിച്ചിട്ടും ആശ്രയം കൊണ്ടു കാൎയ്യം
കേവലം സാധിക്കുന്നേൻ, ഇന്നു രാത്രിയിൽ തന്നെ. || 247
വഞ്ചനപ്രവരന്മാർ വൈരികൾ ഉലൂകന്മാർ
കിഞ്ചനപ്രയാസം ഉണ്ടാ’ശ്രയിപ്പാനും, വിഭോ! || 248
ഇഷ്ടിക്കു വേണ്ടി ദ്വിജൻ കൊണ്ടു’ന്ന മേഷത്തിനെ
പട്ടി യെന്നാ’ക്കി വെച്ചു, ദുഷ്ടന്മാർ പലർ കൂടി. || 249
“എങ്ങിനെ യതെ”ന്നു ചോദിച്ചിതു, മേഘവൎണ്ണൻ.
“സംഗതി പറഞ്ഞീടാം!” എന്നു’ര ചിരഞ്ജീവി || 250

## 4. ദുഷ്ടന്മാർ പലർ കൂടി ആട്ടിനെ നായെന്നാക്കി വെച്ചതു.

നാട്ടിലെ പുഷ്ടിക്കി’ഷ്ടിചെയ്യുതിനൊ’രു വിപ്രൻ
ആട്ടിനെ കൊണ്ടു കൊണ്ടു പോരുന്ന മാൎഗ്ഗന്തന്നിൽ || 251
ദുഷ്ടന്മാർ ഒരു കൂട്ടം നായന്മാർ അതു കണ്ടു
ശിഷ്ടനാം ദ്വിജേന്ദ്രനെ ചതിപ്പാൻ വട്ടം കൂട്ടി. || 252
തങ്ങളിൽ പറഞ്ഞൊ’ത്തു മാൎഗ്ഗത്തിന്നി’ടക്കി’ടെ
തങ്ങടെ കൂട്ടം പലദിക്കിലും പാൎത്തീടുവാൻ || 253
അന്തണൻ വരും മുമ്പെ തത്ര തത്ര ചെന്നു’വർ
അന്തികേ മരം മറഞ്ഞൊ’ളിച്ചു മേവീടിനാർ. || 254
ആയതിൽ ഒരു ഭടൻ വിപ്രനെ ച്ചെന്നു കൂപ്പി:
“നായിനെ ക്കൊണ്ടു’ങ്ങെ’ഴുന്നെള്ളുന്നതെ’ന്തെ പോററി? || 255
ഉത്തരം പറയാതെ വിപ്രനും നടകൊണ്ടു
സത്വരം പോകുന്നേരം മറേറാ’രു ഭടൻ വന്നു: || 256
“പട്ടിയെ ക്കെട്ടി ക്കൊണ്ടു പോകുന്നതെ’ന്തു?”ന്ന’വൻ;
“പട്ടി യല്ലെ”ന്നു വിപ്രൻ പിന്നെയും നടകൊണ്ടു. || 257
ആവഴി വരുന്നേരം മറേറാ’രു നായർ വന്നു:
“ശ്വാവിനെ ക്കെട്ടിക്കൊണ്ടു പോകുന്നോ?” എന്നു ചൊന്നാൻ. || 258
ഇങ്ങിനെ മാൎഗ്ഗേ മാൎഗ്ഗേ വന്നവർ എല്ലാം ശ്വാവെന്നു്
ഇങ്ങിനെ പലർ പറയുന്നതു കേട്ടു വിപ്രൻ: || 259
—കണ്ടവർ എല്ലാം ശ്വാവെന്ന’ല്ലാതെ ചൊല്ലുന്നി’ല്ല:
ചെണ്ട കൊട്ടിച്ചു, നമ്മെ (കഷ്ടം!) അങ്ങാടിക്കാരൻ. || 260

ഒന്നു രണ്ടാ'ൾ അല്ലി'പ്പോൾ, വന്നു കാണുന്നോർ എല്ലാം
ഒന്നു പോൽ ഉരചെയ്യാൽ, വിശ്വസിക്കയേ ഉള്ളു!— || 261
ഇത്തരം വിചാരിച്ചു വിപ്രൻ അജ'ജത്തിനെ
സത്വരം ഉപേക്ഷിച്ചു ചെന്നു തൻഇല്ലം പുക്കു. || 262
പെട്ടന്നു നായന്മാരും ഒക്കവെ യോഗം കൂടി
ആട്ടിനെ വെട്ടി ക്കൊന്നു കൊണ്ടുപോയ് വെച്ചു തിന്നു. || 263

എന്നതു കൊണ്ടു ചൊന്നേൻ: വൈരികൾ പലർ കൂടി
ഒന്നിച്ചു നിൽക്കുന്നതു ഭേദിപ്പാൻ പരാധീനം. || 264
ശുശ്രൂഷാദൌ വസിച്ചീടുവിൻ, ഭവാന്മാരും
വിശ്വസിപ്പിച്ചു ചതിച്ചീടുവാൻ പോകുന്നു, ഞാൻ!" || 265

ഇത്ഥം അങ്ങു'രചെയ്തു ശിരസ്സു മുണ്ഡം ആക്കി
ചത്ത കാകന്മാരുടെ ചോരയും എടുത്ത'ണിഞ്ഞ് || 266
എത്രയും വികൃതമാം വിഗ്രഹത്തോടും പോയി
തത്ര കൌശികാവാസം പ്രാപിച്ചു ചിരഞ്ജീവി. || 267
സൂൎയ്യൻ അസ്തമിച്ചപ്പോൾ, ക്രൂരന്മാർ പുറപ്പെട്ടു
വൈരിശേഷത്തെ ക്കൊൽവാൻ വന്നിതു, വടദ്രുമേ || 268
ന്യഗ്രോധദ്രുമന്തന്നിൽ കണ്ടില്ല, കാകന്മാരെ;
വ്യഗ്രത പൂണ്ടുകൊണ്ടി'ങ്ങ'ശ്വത്ഥം മുകൾ ഏറി. || 269
അട്ടിക്കിൽ ചിരഞ്ജീവി വല്ലാതെ വികൃതമായി
ശബ്ദിച്ചാൻ; അതു കേട്ടു കൌശികക്കൂട്ടം ചെന്നു || 270
കാക്കയെ പ്പിടിച്ചു ബന്ധിച്ചുകൊണ്ടു' മട്ടന്റെ
കാൽക്കൽ വെച്ചു'ടൻ വണങ്ങീടിനാർ, ഉലൂകന്മാർ. || 271
"ആരെ'ടോ നീ?"യെന്നു'ലൂകേശ്വരൻ ചോദ്യം ചെയ്തു.
ധീരനാം അവൻ ചൊന്നാൻ: "ഏഷ ഞാൻ ചിരഞ്ജീവി" || 272
"കാകലോകാധീശന്റെ മന്ത്രിപുംഗവൻ ഭവാൻ
ആകുലപ്പെട്ടീ'വണ്ണം വന്നതിനെ'ന്തു മൂലം?" || 273
ചൊല്ലിനാൻ ചിരഞ്ജീവി: "നിന്തിരുവടിയുടെ
ചൊല്ലേറും പ്രഭുത്വവും ശൌൎയ്യാദി ഗുണങ്ങളും || 274
മന്ത്രശാലയിൽനിന്നു വൎണ്ണിച്ചേൻ; അതുമൂലം
മന്ത്രിപുംഗവന്മാരും മേഘവൎണ്ണനും പാരം. || 275

തൃതീയതന്ത്രം.

കയൎത്തു—ശത്രുപക്ഷക്കാരനാം ഇവനുടെ
കഴുത്തു ഖണ്ഡിക്കേണം—എന്നതിൽ ചില ജനം— || 276
—നരച്ച വൃദ്ധ ക്കാക്ക ക്കള്ളന്റെ രോമം പാടെ
ചിരെച്ചു വിട്ടീടുകെ’ന്നെ’ന്നുടെ തമ്പുരാനും || 277
അങ്ങിനെ കല്പിക്കയാൽ, മന്ത്രി വായസന്മാരും
ഇങ്ങിനെ വികൃതം ആക്കീട്ട’വർ വിട്ടീടിനാർ. || 278

എന്നതു കേട്ടു മന്ത്രി-ശ്രേഷ്ഠരെ വേറെ വിളിച്ച
—എങ്ങിനെ വേണ്ടു—വെന്നു ചിന്തിച്ചാൻ, അമട്ടനൻ || 279
ക്രൂരാക്ഷനും വക്രകപോതൻ ദീപ്താക്ഷനും
മുഖ്യരന്മാരാം മൂന്നു മന്ത്രികൾ ഉരചെയ്തു: || 280
“ദൂതരെ കുലചെയ്ക യോഗ്യം അല്ലെ’ന്നു കേൾപ്പൂ.
ഭീതനാം ഇവനുടെ ഭീതിയും ഒഴിച്ചു’ടൻ || 281
നൂതനങ്ങളായുള്ള മാംസ ശോണിതം നൽകി
പ്രീതൻ ആക്കീടേണം എന്നെ’ങ്ങൾക്കു തോന്നീടുന്നു. || 282

ദീനരിൽ കൃപവേണം എന്നതു ധരിച്ചാലും
ധീരാത്മാവ’മട്ടനൻ പിന്നെയും ബകൻ എന്നു || 283
പേരായുള്ള’മാത്യനെ വിളിച്ചു ചോദിച്ചിതു:
“കാക മന്ത്രിയെ കുലചെയ്കയോ മോചിക്കയോ || 284
ലോകവീരനാം ഭവാനെ’ങ്ങിനെ അഭിപ്രായം?
ഉക്തവാൻ ബകാമാത്യൻ:” ദീനനെ കുല ചെയ്ക || 285
യുക്തം അല്ലിതു; സ്വാമിൻ അഞ്ജസാ രക്ഷിക്കേണം.
ബ്രഹ്മരാക്ഷസൻ താനും ചോരനും രക്ഷിച്ചു, പോൽ, || 286
ബ്രാഹ്മണനെയും അദ്ദേഹത്തിന്റെ ഗോക്കളെയും.”
“എങ്ങിനേ?” യെന്നു; “സ്വാമി കേട്ടാലും!” എന്നു ബകൻ

## 5. രാക്ഷസനും ചോരനും ഒരു ബ്രാഹ്മണനെയും പശുക്കളെയും രക്ഷിച്ചതു.

തിങ്ങിന തിമിരത്താൽ പൂൎണ്ണമായോ’രു നിശി || 287
ദുഷ്ടനാം ഒരു ചോരൻ വിപ്രനു പ്രതിഗ്രഹം
കിട്ടിയ പശു രണ്ടു’ണ്ടായതു മോഷ്ടിപ്പാനായി || 288

ബ്രാഹ്മണ ഗേഹം നോക്കി പ്പോകുമ്പോൾ, മാൎഗ്ഗേ ഒരു
ബ്രഹ്മരാക്ഷസനെയും കണ്ടെ'ത്തി, യദൃച്ഛയാ. ‖ 289
"ആരെ'ടോ, താൻ?" എന്ന'ഥ ചോദിച്ചു, ചോരൻ ധീരൻ.
"ആരെ'ടോ താൻ?" എന്ന'ഥ ബ്രഹ്മരക്ഷസ്സും ചൊന്നാൻ. ‖ 290
"തസ്കരൻ,ഞാൻ!" എന്ന'വൻ: "രാക്ഷസൻ, ഞാൻ!" എന്ന'ന്യൻ.
"തസ്കരൻ ഭവാൻ എങ്ങു പോകുന്നു? പറകെ,ടോ!" ‖ 291
"വിപ്രന്റെ ഗൃഹന്തന്നിൽ രണ്ടുഗോക്കൾ ഉണ്ട'തു
ക്ഷിപ്രം മോഷ്ടിപ്പാനായി പോകുന്നു; താൻ എങ്ങെ'ടോ?" ‖ 292
"ഞാനും അദ്വിജേന്ദ്രനെ കൊന്നു തിന്മാൻ പോകുന്നു,
നൂനം!" എന്ന'വർ തമ്മിൽ പറഞ്ഞു തത്ര ചെന്നാർ. ‖ 293
"നില്ലെ'ടാ! മുമ്പിൽ ഞാൻ പോയി വിപ്രനെ ഹനിക്കേണം!"
"നില്ലെ'ടാ! ഞാൻ പോയി മുമ്പിൽ ഗോക്കളെ ഹരിക്കേണം!" ‖ 294
ഇങ്ങിനെ തമ്മിൽ വാദിക്കുന്നതു കേട്ടു വിപ്രൻ
തിങ്ങിന ഭയത്തോടെ പുറത്തു വന്ന നേരം, ‖ 295
ബ്രഹ്മരാക്ഷസൻ ചൊന്നാൻ: "തസ്കരൻ ഇവൻ; തവ
ബ്രഹ്മസ്വം പശുക്കളെ മോഷ്ടിപ്പാൻ വന്നു, വിപ്രാ!" ‖ 296
തസ്കരൻ ചൊന്നാൻ: "എടോ ബ്രാഹ്മണ! ഭവാനെയും
മക്കളെയും ഇന്നി'വൻ കൊന്നു തിന്മാനായ് വന്നു!" ‖ 297
അമ്മൊഴി കേട്ടു മുദാ ഭൂസുരൻ രണ്ടുപേൎക്കും
സമ്മാനം നൽകി അയച്ചീടിനാൻ, വിരവോടെ. ‖ 298

ഞാൻ അതുകൊണ്ടു ചൊന്നേൻ: ജ്ഞാനം ഇല്ലാതു'ള്ളോൎക്കു
ദീനരിൽ കൃപ യുണ്ടാം; പിന്നെ യെന്തീ'ശന്മാൎക്കോ?" ‖ 299

ഉക്തവാൻ ദീപ്താക്ഷൻ എന്നു'ള്ളോ'രു മഹാമാത്യൻ:
"യുക്തം ഏവ, തൽ ബകാമാത്യനാൽ ഉദീരിതം. ‖ 300
പ്രത്യക്ഷം അപരാധം ചെയ്യു വെന്നാലും, പിന്നെ
പ്രത്യക്ഷസ്തുതി കൊണ്ടു ദുൎജ്ജനം പ്രസാദിക്കും. ‖ 301

ഇത്തരം അമാത്യന്മാർ ഒക്കവെ പറഞ്ഞപ്പോൾ
—ഉത്തമം നമുക്കി'പ്പോൾ ആശ്രിതത്രാണം തന്നെ— ‖ 302
എന്നു നിശ്ചയിച്ചു'ടൻ സാദരം ചിരഞ്ജീവിക്ക്
അന്നു തൊട്ടു'ധികാരം കൊടുത്താൻ, അമൎദ്ദനൻ. ‖ 303

തൃതീയതന്ത്രം.

ഉക്തവാൻ ചിരഞ്ജീവി: "കൌശികാധീശ വിഭോ!
ശക്തനാം ഭവാനെ ഞാൻ വൎണ്ണിച്ചു പറകയാൽ, || 304
ക്രുദ്ധനാം കാകാധീശൻ നമ്മെ യങ്ങു'പേക്ഷിച്ചാൻ.
ഉദ്ധതന്മാരാം അവർ ഒക്കവെ ദുഷ്ട ക്കൂട്ടം! || 305
ഒന്നു ഞാൻ നിശ്ചയിച്ചേൻ; ഇന്നു ഞാൻ എന്റെ ദേഹം
വഹ്നിയിൽ ദഹിപ്പിച്ചു: ആശുതാൻ പുനൎജ്ജന്മം; || 306
ആശു ഞാൻ ഉലൂകമായി പിറന്നു, കാകന്മാരെ
ആകവെ കുല ചെയ്യുന്നു'ണ്ടു, ഞാൻ; കണ്ടുകൊൾവിൻ!" || 307

ആയതു കേട്ടു പറഞ്ഞീടിനാൻ; അമട്ട്രനൻ:
"നീ യതു ഭാവിച്ചതു നിഷ്ഫലം എന്നേ വരൂ. || 308
തന്നുടെ ജാതി വെടിഞ്ഞ'ന്യജാതിയിൽ ചെന്നു
പിന്നെ യുത്ഭവിക്കയില്ലേ,വൻ എന്നാലും സഖേ! || 309
സൂൎയ്യനെ പ്രാപിച്ചിട്ടും മേഘത്തെ പ്രാപിച്ചിട്ടും
മാരുതം പ്രാപിച്ചിട്ടും ശൈലത്തെ പ്രാപിച്ചിട്ടും || 310
നിഷ്ഫലം; പിന്നെ തന്റെ ജാതിയിൽ തന്നെ വന്നി'ങ്ങു
ഉത്ഭവിച്ചതേ യുള്ളു, മൂഷികസ്ത്രീ താൻ, മുന്നം." || 311
"എങ്ങിനെ യതെ"ന്നതു ചോദിച്ചു, ചിരഞ്ജീവി:
മൂങ്ങകൾക്ക'ധീശ്വരൻ ചൊല്ലിനാൻ, അമട്ട്രനൻ: || 312

## 6. മൂഷികസ്ത്രീ പിന്നെയും മൂഷികസ്ത്രീയായ് വന്നതു.

"പണ്ടൊ'രു പരന്തൊ'രു മൂഷിക പ്പെൺ കുഞ്ഞിനെ
കൊണ്ടു'ങ്ങു പറക്കുംപോൾ, കൊക്കിൽനിന്ന'ധോഭാഗേ || 313
വീണു പോയത'ങ്ങൊരു മാ മുനി ശ്രേഷ്ഠന്തന്റെ
പാണിയിൽ പതിച്ചിതു, സന്ധ്യാ കൎമ്മം ചെയ്യുംപോൾ; || 314
തന്നുടെ തപോ ബലം കൊണ്ടു'ടൻ തപോ ധനൻ
തന്നുടെ ഗൃഹിണിക്കു പുത്രിയായ് ദാനം ചെയ്തു. || 315
മൂഷിക കുമാരിയെ ത്താപസ കുമാരിയായ്
പോഷിപ്പിച്ചിതു, മുദാ, താപസേന്ദ്രന്റെ ഭാൎയ്യാ. || 316
തൻ മകൾ എന്ന പോലെ താപസീ വളൎത്തൊ'രു
പെൺ മണികന്യാവിനും കല്യാണ കാലം വന്നു || 317

—വീൎയ്യവും സൌന്ദൎയ്യവും വിദ്യയും പ്രഭുത്വവും
ധൈൎയ്യവും ഉള്ളവന്നു പുത്രിയെ കൊടുക്കേണം— || 318
ആൎയ്യനാം മുനിശ്രേഷ്ഠൻ ഇങ്ങിനേ വിചാരിച്ചു
സൂൎയ്യദേവനെ ചെന്നു വന്ദിച്ചു ചൊല്ലീടിനാൻ: || 319
"ഉന്നതപ്രധാനനാം നിന്തിരുവടി മമ
കന്യയെ പ്പാണിഗ്രഹം ചെയ്യേണം, ദിനേശ്വരാ!" || 320
എന്നതു കേട്ടിട്ട'രുൾചെയ്തിതു, ദിനേശനും:
"എന്നെ ക്കാൾ മഹത്തരം മേഘം എന്നറിഞ്ഞാലും! || 321
എന്നുടെ പ്രകാശത്തെ മറെപ്പാൻ പോരും, അവൻ;
എന്നതു കൊണ്ടു, അവൻ നമ്മെ ക്കാൾ മഹാ പ്രഭു." || 322
എന്നതു കേട്ടു മുനി മേഘത്തോട'പേക്ഷിച്ചു:
"എന്നുടെ മകളെ നീ വേട്ടുകൊള്ളേണം, സഖേ!" || 323
വാരിവാഹവും ചൊന്നാൻ: "എന്നെ ക്കാൾ വലിയവൻ
മാരുത ദേവൻ: നമ്മെ കൊണ്ടെ'വൻ നടക്കുന്നു." || 324
മാ മുനീശ്വരൻ ചെന്നു മാരുതനോടു ചൊന്നാൻ:
"മാമകാത്മജെക്കു നീ വല്ലഭനായീടേണം!" || 325
മാരുതൻ അരുൾചെയ്തു: പൎവ്വതം എന്റെ ഗതി
വാരണം ചെയ്യും: അവൻ നമ്മെ ക്കാൾ മഹാരഥൻ." || 326
സൎവ്വതാപസശ്രേഷ്ഠൻ കന്യയെ കൊണ്ടു ചെന്നു
പൎവ്വതത്തോടു ചൊന്നാൻ: വേൾക്ക നീ, കുമാരിയെ || 327
പൎവ്വതം ഉരചെയ്തു: "മൂഷികൻ മഹാ ബലൻ
സൎവ്വതോ നമ്മെ ക്കരണ്ടാ'യവൻ തുളെക്കുന്നു." || 328
മൂഷികന്തന്നെ പ്രാപിച്ചീടിനാൻ, മുനീശ്വരൻ:
"മൂഷികാ! ഭവാൻ എന്റെ പുത്രിയെ വേട്ടീടേണം!" || 329
ചൊല്ലിനാൻ, എലി ശ്രേഷ്ഠൻ:" കല്യാണം കഴിക്കാം; എൻ-
-ഇല്ലത്തു കൊണ്ടു പോവാൻ തെല്ലുണ്ടു, പരാധീനം: || 330
നമ്മുടെ ഗൃഹം ഒരു രന്ധ്രമാത്രമേ യുള്ളു;
പെണ്മണിയാളെ യതിൽ കടത്തി കൂടിവെപ്പാൻ || 331
സാദ്ധ്യം അല്ലെ'ടോ, മുനേ!—സാഹസം ചെയ്യാൽ, അതു
സാദ്ധ്യമായ്വരാ—വെന്നു ശങ്കിച്ചു മടിക്കുന്നു || 332
ഞങ്ങൾക്കു തന്നെ പാരം ഞെരുങ്ങും ഗൃഹത്തിന്നിൽ
മംഗല സ്ത്രീയാം ഇവൾ എങ്ങിനെ പോയിടുന്നു?" || 333

തൃതീയതന്ത്രം.

താപസൻ തപോബലം കൊണ്ടു'ടൻ തൻ പുത്രിയെ
താമസം കൂടാതൊ'രു മൂഷികസ്ത്രീയാക്കിനാൻ: || 334
മൂഷികൻ വിവാഹവും ചെയ്തിതു: മുന്നെ പോലെ
മൂഷിക സ്ത്രീ പിന്നെയും മൂഷികസ്ത്രീയായ് വന്നു. || 335

എന്നതു കൊണ്ടു ചൊന്നേൻ: ജാതിക്കു വിപൎയ്യയം
വന്നു സംഭവിക്കയില്ല',നൃജന്മത്തിൽ പോലും." || 336

ഇങ്ങിനേ പറഞ്ഞു'ലൂകേന്ദ്രനാം അമൎദ്ദനൻ
ഇംഗിതം അവന്നു'ള്ളിൽ ഉള്ളതു ബോധിക്കാതെ || 337
ശത്രു മന്ത്രിയാം ചിരഞ്ജീവിയെ സമ്മാനിച്ചു
മിത്രം ആക്കിനാന'ഹോ,' ബോധമില്ലായ്കു മൂലം; || 338
ബുദ്ധികൌടില്യം ഗ്രഹിയാഞ്ഞു'വൻ സ്വവൈരിയെ
പത്തനപ്രവേശങ്ങൾ ഒക്കവെ ദൎശിപ്പിച്ചു: || 339
"—നിന്നുടെ രാജ്യം ഇദം—എന്നു ബോധിക്ക ഭവാൻ!
—എന്നുടെ മിത്രങ്ങളും പുത്ര ഭാൎയ്യാദികളും, || 340
നിന്നുടെ ഗൃഹം പോലെ, കണ്ടുകൊൾകെ,ടോ ഭവാൻ!
എന്നുടെ ജന ധന സ്ഥാനവും മാനങ്ങളും || 341
ഒക്കവേ നിണക്ക'ധീനങ്ങൾ—എന്നു'രച്ചുകൊണ്ടു്
ഇക്കുലേ സുഖിച്ചു വാഴ്കെ"ന്നും അങ്ങു'രചെയ്തു. || 342
ഭക്ഷണത്തിന്നു വക കല്പിച്ചു നിജ സ്ഥാനേ
രക്ഷണത്തിന്നും ആക്കി സ്വസ്ഥനാം അമൎദ്ദനൻ, || 343
സൂൎയ്യൻ അങ്ങു'ദിക്കും പോൾ, അന്ധരാം കൂട്ടത്തോടെ
സ്വൈരമായി ഉറക്കവും തുടൎന്നാൻ, ഉലൂകേശൻ. || 344
സൂൎയ്യൻ അങ്ങു'ദിച്ചാൽ പിന്ന'സ്തമിപ്പോ'ളം, ഒരു
കാൎയ്യവും വിചാരവും ഭുക്തിയും സംസാരവും || 345
ഒന്നും ഇല്ല,'വിടത്തിൽ മിണ്ടാതെ ശയിക്കുന്നു,
പൊണ്ണനാം കൌശികൻ, തൻ പ്രജകളോടു കൂടെ || 346
ധീരനാം ചിരഞ്ജീവി ശത്രു സംസ്ഥാനങ്ങളിൽ
ദ്വാരങ്ങൾ മതിലുകൾ കോട്ടകൾ കിടങ്ങുകൾ || 347
കൊത്തളം പുറത്തളം കൊട്ടിലും കോലാൽപ്പുറം
കൎത്തളം കളം കുളം കാനന സ്ഥാനങ്ങളും || 348

തൃതീയതന്ത്രം.

ഒക്കവേ പകൽ കണ്ടു ഗ്രഹിച്ചു, വഴിപോലെ,
തക്കത്തിൽ ദഹിപ്പിപ്പാൻ കൌശലങ്ങളും നോക്കി || 349
വൈക്കോല്യം തൃണങ്ങളും പഞ്ഞിയും ഇടക്കി'ടെ
പൊക്കത്തിൽ സ്വരൂപിച്ചു പച്ചില കൊണ്ടു മൂടി. || 350
ചിത്രം ഓരോന്നുണ്ടാക്കി, 'യപ്പുരേ;— ചിരഞ്ജീവി
എത്രയും ഉചിതൻ-എന്നോൎത്തുകൊണ്ടു, ക്രമങ്ങൾ || 351

കാക മന്ത്രിയും പകൽ മുപ്പതു ഘടികയും
ഏക രാജ്യമായ് നടന്നീ'വിധം പ്രയോഗിക്കും. || 352
അന്തി വന്ന്'ടുക്കുമ്പോൾ മന്ത്രശാലയിൽ ചെന്നു
മന്ത്രി ഭാവവും ഭാവിച്ചീ'ശനെ സേവിക്കയും. || 353

അങ്ങിനേ രണ്ടു മാസം കഴിഞ്ഞോ'ര'നന്തരം,
—ഇങ്ങിനേ പാൎത്താൽ, എത്ര നാൾ ഇനി പാൎത്തീടേണ്ടു? || 354
വാശ്ശുതും ക്രിയാ കഴിച്ചീട്ടുകെ'ന്നു'റച്ചു'വൻ
വിശ്വസിപ്പിച്ചു ചതിച്ചീട്ടുവാൻ ഒരുമ്പെട്ടു. || 355
ഏകദാ പുലർകാലേ ക്രമങ്ങൾ ഉറക്കം അങ്ങ്
ആകവെ തുടൎന്നപ്പോൾ, കച്ചിലിൽ കൊള്ളി വെച്ചു || 356
ശുഷ്ക്ക ഗോമയങ്ങളിൽ തീ ക്കനൽ ഇട്ടു നാല്യ-
-ഭാഗങ്ങളും ഉറപ്പിച്ച'ഗ്നിയും പിടിപെട്ടു. || 357
അക്കന്റെ പ്രതാപവും കാററും അഭ്യമങ്ങളും
ഒക്കവേ ഒരുമിച്ചു, പൊക്കത്തിൽ പുക പൊങ്ങി; || 358
തൽക്ഷണം മൂങ്ങാക്കൂട്ടം ഒക്കവേ മഹാശ്വത്ഥ-
-വൃക്ഷവും ദഹിച്ചാശു ഭസ്മമായ് ധൂളിച്ചിതു. || 359

ഇത്ഥം അങ്ങു'ലൂക സംഹാരത്തെ ചെയ്തു വേഗാൽ
സത്വരം ചിരഞ്ജീവി പോന്നി'ങ്ങു നിജസ്ഥാനേ || 360
മേഘവൎണ്ണനെ ച്ചെന്നു വണങ്ങി, പേരാൽ വൃക്ഷേ,
മോഘം എന്നിയെ, കൊണ്ടു'ന്നിരുത്തി സുഖിപ്പിച്ചാൻ. || 361
പ്രൌഢസന്തോഷം ചിരഞ്ജീവിയെ കാകാധീശൻ
ഗാഢം ആശ്ലേഷം ചെയ്തു, ശ്രദ്ധം എന്നിയെ, ചൊന്നാൻ: || 362
"എങ്ങിനേ ഭവാൻ, അഹോ, ശത്രുരാജ്യം പ്രാപിച്ചു?
എങ്ങിനേ, പുനസ്സഖേ, തത്ര വാണതും, ഭവാൻ? || 363

ഇങ്ങിനേ ഉപകൃതി ചെയ്തതിന്ന’ഹോ, ഞാനും
എങ്ങിനേ ചെയ്തീടേ’ണ്ടു, പ്രത്യുപകാരം, സഖേ?” || 364
ഇങ്ങിനേ ചോദിച്ചോ’രു വായസ പ്രവീരനോട്
ഇംഗിതം ഹിതം പറഞ്ഞീടിനാൻ, ചിരഞ്ജീവി: || 365

“ദുൎഘടസ്ഥാനം ലഭിച്ചീടുവാൻ മഹത്തുക്കൾ
ദുൎഘട സ്ഥലങ്ങളിൽ ചെന്നിരുന്ന’നേകദാ || 366
ദുഃഖങ്ങൾ അനുഭവിക്കുന്നവർ: പതുക്കവെ
തൽകാൎയ്യം ലഭിക്കുംപോൾ, സ്വസ്ഥരായ് വരുന്നില്ലെ? || 367
പഞ്ചപാണ്ഡവന്മാരും പാഞ്ചാലി താനും പിന്നെ
ചഞ്ചലം വിനാ വേഷം മറെച്ചു വിരാടന്റെ || 368
പത്തനന്തന്നിൽ ഒരു വത്സരം പാൎത്തീലയോ?
പത്ത’നംഗന്മാർ മരിച്ചേ’കനായ് പിറന്ന പോൽ, || 369
എത്രയും മനോജ്ഞനാം അൎജ്ജുനൻ താനും പുരേ
തത്ര ചെന്നാ’ണും പെണ്ണും അല്ലാവെ പാൎത്തില്ലയോ? || 370
സുന്ദരീ ദമയന്തീ വല്ലഭൻ നള നൃപൻ
ചെന്നൊ’രു നരേന്ദ്രന്റെ പാചക സ്ഥാനം വാങ്ങി || 371
ശോകവും മനഃകാമ്പിൽ അടക്കി, സ്സദാകാലം
പാകവും ചെയ്തുകൊണ്ടു മുഷിഞ്ഞു പാൎത്തില്ലയോ? || 372
കന്യകാ വിവാഹത്തെ കാംക്ഷിച്ചു ധനഞ്ജയൻ
സന്യസിച്ചഹോ, വസിച്ചില്ലയോ, ബഹുകാലം? || 373
ശത്രുമാൎഗ്ഗേണ മദ്ധ്യേ വാസം എന്നതു നൃണാം
എത്രയും പരാധീനമായതു, നിരൂപിച്ചാൽ! || 374
ഖൾഗ്ഗധാരാഖ്യവ്രതം സാധിച്ചു പണിപ്പെട്ടു
സൽഗതി വരുത്തുന്ന യോഗിക്കു സമം തന്നെ! || 375
ആസനം സ്ഥാനം യാനം ഭോജനം പാന സ്നാനം—
ആയതു സൎവ്വം മഹാസങ്കടം, ശത്രുസ്ഥലേ || 376
സൎവ്വദിക്കിലും വിഷം സംഗമിപ്പിക്കും; അതു
സൎവ്വദാ സമാധാനം ചെയ്തു സൂക്ഷിച്ചീടേണം. || 377
ഏതൊ’രു ദുൎമ്മന്ത്രിക്കു ദുൎന്നയം ഭവിക്കാത്തു;—
ഏതൊ’രു പുരുഷനെ സ്ത്രീ ദമിപ്പിച്ചീടാത്തു:— || 378

തൃതീയതന്ത്രം.

ഏതൊ'രു മനുഷ്യന്മാർ അപഥ്യം ഭവിക്കയാൽ
ആതുരന്മാർ അല്ലാതെ സംഭവിക്കുന്നു, വിഭോ:— || 379
ഏതോ'രു നരന്മാൎക്കു മൃത്യു സംഭാവിക്കാത്തു:—
ഏതോ'രു വിഷയിക്കു വിപത്തും ഉണ്ടാകാത്തു:— || 380
സാവധാനത്വം കൂടാതു'ള്ളവൎക്കൊ'രു നാളും
സാദ്ധ്യമല്ല' രിപുരേ ചെന്നു പോരിക പോലും!— || 381
വൈരിയെ സ്തുതിക്കേണം; വൈരിയെ ഭജിക്കേണം;
വൈരിയെ ശ്ശിരസ്സിങ്കൽ വഹിച്ചു നടക്കേണം. || 382
വൈരിയെ ച്ചതിക്കേണം എങ്കിൽ, ഈ വിധം എല്ലാം
വൈകാതെ ചെയ്യു പോവു, വാശ്ശു ജാതി യെന്നാലും. || 383
പണ്ടൊ'രു കൃഷ്ണ സൎപ്പം മണ്ഡൂക കൂട്ടങ്ങളെ
കണ്ഠത്തിൽ വഹിച്ചു കൊണ്ടാകവെ കൊല ചെയ്യു" || 384
"അക്കഥാ കേൾക്കേണം!" എന്നു'ക്തവാൻ കാകാധീശൻ.
സൽക്കരിച്ചു'രചെയ്യു, സാദരം ചിരഞ്ജീവി: || 385

## 7. രിപുക്കളെ സ്കന്ധത്തിൽ വഹിച്ച കൃഷ്ണസൎപ്പം.

ബുദ്ധിമാൻ മന്ദവിഷൻ എന്നോരു കൃഷ്ണസൎപ്പം
വൃത്തിക്കു ലഭിയാഞ്ഞു വിശന്നു നടന്നു'ടൻ || 386
മുഷ്കരന്മാരായുള്ള ഭേകങ്ങൾ പെരുത്തൊ'രു
പുഷ്കല ഹ്രദത്തിന്റെ വക്കത്തു ചെന്നിരുന്നു, || 387
ദുഃഖവും നടിച്ചു കൊണ്ടെ'ത്രയും പര വശാൽ.
തൽ ക്കഴന്തന്നിൽ ഉള്ള ദൎദ്ദുര കൂട്ടങ്ങളിൽ || 388
ജാലപാദൻ എന്നുള്ള ഭേകങ്ങൾക്ക'ധീശ്വരൻ
ചാലവെ ദുഃഖത്തിന്റെ കാരണം ചോദിച്ചിതു. || 389
കാള സൎപ്പവും കനിഞ്ഞാ'സ്ഥയാ പറഞ്ഞിതു:
"കേളെ'ടോ മഹാത്മാവേ! മണ്ഡൂകേശ്വരാ, സഖേ! || 390
വംശ ശുദ്ധിയുള്ളോ'രു വിപ്രന്റെ കുമാരനെ
ദംശനം ചെയ്തേൻ അഹം, ദൈവകല്പിതം മൂലം || 391
തൻ പിതാവാകും ദ്വിജൻ കോപിച്ചു ശപിച്ചു മാം:
"കെല്പി' യന്നൊരു ഭുജംഗാധമാ, ദുരാത്മാവേ! || 392
എന്നുടെ കുമാരനെ ദംശിക്ക നിമിത്തമായ്,
നിന്നുടെ ഭോജ്യങ്ങളാം മണ്ഡൂക വൃന്ദങ്ങളെ || 393

തന്നുടെ തോളിൽ ചുമന്നീടുക! തവളകൾ
തന്നുള്ളോർ അശനവും കഴിച്ചു നടന്നാലും!" || 394
ഇങ്ങിനെ ശപിച്ചോ’രു ശാപത്തെ നിവൃത്തിപ്പാൻ
തങ്ങടെ മനസ്സു’ണ്ടെ’ന്നാകിലേ. കഴി വരും." || 395
എന്നതു കേട്ടു മണ്ഡൂകാധിപൻ ഉരചെയ്തു:
"ഇന്നു തൊട്ടോ’രൊ മണ്ഡൂകങ്ങളെ വഹിക്ക, നീ! || 396
ഇക്കഴന്തന്നിൽനിന്നു മറ്റൊ’രു കഴന്തന്നിൽ
വെക്കം അങ്ങെ’ടുത്തു കൊണ്ടാ’ക്കിയാൽ, മതി താനും." || 397
കൃഷ്ണസർപ്പവും മുദാ. ദർദ്ദുരങ്ങളെ തിന്മാൻ
തൃഷ്ണ പൂണ്ടോ’രൊ ദിനം ഓരോരൊ മണ്ഡൂകത്തെ || 398
തന്നുടെ ഗളന്തന്നിൽ ചുമന്നു കൊണ്ടുപോയി
തിന്നുതിന്ന’ംഗങ്ങൾക്കു പുഷ്ടിയും ഉണ്ടായ് വന്നു || 399
—ഇങ്ങിനെ പല ദിനം കഴിഞ്ഞു പോയതൊന്നും,
ഇങ്ങോട്ടു വരുന്നില്ല; എന്തുവാൻ ഇദം—എന്നു || 400
ചിന്തിച്ചു മണ്ഡൂകേന്ദ്രൻ താനും അങ്ങൊ’രു ദിനം
ചന്തത്തിൽ ഫണീശ്വരന്തന്നുടെ മുതുകേ’റി || 401
സന്തുഷ്ടൻ ഫണീശനും കൊണ്ടുപോയി’രയാക്കി
ജന്തുഹിംസകൻ സുഖിച്ചി’ങ്ങിനെ മേവീടിനാൻ. || 402

എന്നതു കൊണ്ടു ചൊന്നേൻ: തന്നുടെ കാര്യത്തിന്നു
തന്നുടെ രിപുക്കളെ സ്കന്ധത്തിൽ വഹിച്ചീടാം || 403

കാല ദേശാവസ്ഥകൾ അറിഞ്ഞു പ്രവൃത്തിച്ചാൽ,
ചാലവെ സമീഹിതം സാധിക്കും, സമസ്തവും. || 404
നല്ലതാം ഒരു ശരം മോചിച്ചാൽ, ഒരുത്തനെ
കൊല്ലും എന്നതും വരും—ഇല്ലെന്നും വരും, താനും. || 405
ബുദ്ധി ബാണത്തെ വിട്ടാൽ, ആയതു ശത്രുകുലം
ശുദ്ധ ശൂന്യം ആക്കീടും—എന്നതു ബോധിക്കേണം. || 406
ബുദ്ധിക്കു വിഭൂഷണം നല്ലതു ശാസ്ത്രജ്ഞാനം;
സിദ്ധിക്കും, ശൌര്യാടോപം, ധൈര്യം മുണ്ടെന്നു വന്നാൽ || 407
തന്നുടെ കാര്യം ലഭിക്കേണം എന്നി’ച്ഛിക്കുന്നോർക്ക്
ഇന്നതേ ചെയ്തീടാവു കാര്യം എന്നുണ്ടാകുമോ? || 408

തൃതീയതന്ത്രം.

ഭാരവും ചുമന്നു കൊണ്ടോ'ടുന്നു, ശരീരികൾ:
വാരിധി കടക്കുന്നു, കപ്പലിലൂടെ ചിലർ: || 409
നീചരെ ചെന്നു വന്ദിച്ചീടുന്നു, മഹാ ജനം:
യാചനം ചെയ്യു പൊറുത്തീടുന്നു, ചില ജനം: || 410
ഭോഷ്ക്കുകൾ പറഞ്ഞു ജീവിക്കുന്നു, പല ജനം:
മൌർഖ്യം കൊണ്ടു ചിലർ വാസരം കഴിക്കുന്നു: || 411
ഇങ്ങോട്ടു ചതിക്കുന്ന ദുർജ്ജനങ്ങളെ നാന്നായ്
അങ്ങോട്ടും നശിപ്പിച്ചാൽ, ദോഷം ഇല്ലെ'ന്നു കേൾപ്പൂ. || 412

കാട്ടു തീ പിടിപെട്ടു കാനനം ദഹിച്ചാലും,
മൂട്ടിലെ വേരു വെന്തു പോകയില്ല'തു മൂലം || 413
പിന്നയും മുളെച്ചു പൊങ്ങീടുന്നു, മരങ്ങളും—
എന്നതു കൊണ്ടു മതിയായില്ല, വൈരത്തിനു. || 414
ശത്രു ശേഷവും അഗ്നി ശേഷവും ഋണ ശേഷം
ഗാത്രജം രോഗ ശേഷം എന്നിവ നാലും സമം; || 415
അല്പം എന്നു'പേക്ഷിച്ചു പോയിതെ'ന്നാകിൽ, പിന്നെ
സ്വല്പ കാലം കൊണ്ട'തു വർദ്ധിച്ചു ബലപ്പെടും. || 416
എന്നതു മൂലം ഉലൂകങ്ങളെ സമൂഹമെ
ഒന്നുമേ ശേഷിക്കാതെ സംഹരിച്ചിതു, ഞാനും. || 417
ആപത്തു വരുന്നേരം, ആകുലത്വവും വേണ്ടാ:
സമ്പത്തു വരുന്നേരം സംപ്രഹർഷവും വേണ്ടാ: || 418
ക്രോധവും ദുർബ്ബോധവും ലോഭവും ദുർമ്മോഹവും
രോദവും വിവാദവും ഈ വിധങ്ങളും വേണ്ടാ: || 419
സർവ്വവും ക്ഷമിച്ചുകൊണ്ടിരുന്നു പതുക്കവെ
ദുർവ്വിധം നീക്കി കാലം സാധുവായ് വരുന്നേരം, || 420
സർവ്വ കർമ്മങ്ങൾ എല്ലാം ഫലിക്കും, ധീരന്മാർക്കും.
സർവ്വ സമ്പത്തും തന്റെ ഹസ്തത്തിൽ വരും അപ്പോൾ || 421
പ്രാജ്യ പൌരുഷനാകും ശ്രീ രാ മ ച ന്ദ്ര ന്ന'ഹോ
രാജ്യ വിഭ്രംശേ വനവാസവും ഭവിച്ചില്ലെ? || 422
പ ഞ്ച പാ ണ്ഡ വന്മാരും നാടുവിട്ട'രണ്യത്തിൽ
സഞ്ചരിച്ച'ഹോ, ബഹു സങ്കടം പ്രാപിച്ചീലെ! || 423

തൃതീയതന്ത്രം.

നൈഷധൻ നളന്താനും ദേവിയെ പിരിഞ്ഞ്'ഹോ
വൈഷമ്യം പലത്'അത്ഭുതവാനായില്ലയോ? ‖ 424
ഉത്ഭട സ്ഥാനം അവൎക്ക്'എല്ലാൎക്കും ഒഴിഞ്ഞപ്പോൾ
ഉൽക്കട പ്രകാശവും പ്രാഭവങ്ങളും വന്നു. ‖ 425
എന്നതു കൊണ്ടു മമ സ്വാമിക്കും അനൎത്ഥങ്ങൾ
വന്നതു വഴി പോലെ ഒഴിഞ്ഞു സമസ്തവും! ‖ 426
സന്ധിവിഗ്രഹം കൊണ്ടു ശത്രു സംഹാരം ചെയ്തു
സന്ധിച്ചു, സദാനന്ദം, സാംപ്രതം, സുമംഗലം.” ‖ 427

ഇങ്ങിനെ ചിരഞ്ജീവി തന്നുടെ ഗിരം കേട്ടു
തിങ്ങിന സന്തോഷത്താൽ പൂൎണ്ണനാം മേഘവൎണ്ണൻ ‖ 428
കാക ലോകാധിപത്യം പ്രാപിച്ചു, ബഹു കാലം
ആകുലം വിനാ വാണു, മംഗലം ശുഭം ശുഭം. ‖ 429

ഇതി തൃതീയതന്ത്രം സമാപ്തം.

 *Invocation. Introduction. Sómasarmma teaches that advantages once acquired must not be let go; and to illustrate this lesson relates as follows:*

## THE FOURTH ART OF POLITY:

(TEACHING US TO AVOID)

PARTING WITH WHAT HAS BEEN ACQUIRED;

Or, The warning given by the losses of Šimšumára the Crocodile, whose wife got jealous of his friendship with Balivarddhana the Monkey who used to feed him on figs; How Šimšumára's wife feigned a sickness that only monkey's heart could cure; How Šimšumára intended to sacrifice his friend for his wife's welfare, and with that intent carried him off; How he then foolishly let his prey go, and could not get it again, and so lost his Friend, his Figs and his wife's Affection.

## ലബ്ധനാശം എന്ന ചതുൎത്ഥതന്ത്രം.

*ശുക തരുണി വരിക! തവ സുകവിതകൾ കേൾക്കയാൽ,
ശുദ്ധം എൻ മാനസം; മാനനീയാകൃതേ! || 1
ലളിതതരം അഭിലഷിതവരം അരുളും, ഈശ്വരൻ.
ലബ്ധനാശാഖ്യമാം തന്ത്രം കഥിക്ക, നീ! || 2

സുമതി കുല മകുട മണി, ധരണി സുരപുംഗവൻ
സോമശൎമ്മാഖ്യൻ പറഞ്ഞു തുടങ്ങിനാൻ: || 3



* ഇനി വൃത്തഭേദം.

"ധനം അപി ച ജനം അപി ച, നിജ കരതലാഗതം
ധൎമ്മബുദ്ധ്യാ; വെടിഞ്ഞീടുന്ന പൂരുഷൻ || 4
അധികതരം അധമൻ അവൻ, അവനി പതി ബാലരേ!
ആയവൻ വഞ്ചിതനായ് വരും, നിൎണ്ണയം. || 5
വനദിയിൽ ഇയലും ഒരു വലിയ ജല ജന്തുവെ
വഞ്ചനം ചെയ്യു, പോൽ, പണ്ടൊ'രു വാനരൻ." || 6

അവനി പതി വരനുടയ തനയർ, അതികൌതുകാൽ,
"ആയതു കേൾക്കേണം!" എന്നു ചൊല്ലീടിനാർ. || 7
കനിവിനൊടു ധരണി സുര വരനും ഇദം ഊചിവാൻ:

"കാനനേ പണ്ടൊ'രു വൃദ്ധനാം വാനരൻ || 8
ചപല ബഹു കപികളുടെ നികരമതിൽനിന്നുടൻ,
ചാട്ടം പിഴെക്കയാൽ, കൂട്ടം പിരിഞ്ഞുപോയ് || 9
കടലുടയ നികടഭുവി വളരും ഒരു'ദുംബരേ
കായും പറിച്ചു തിന്നങ്ങിനേ മേവിനാൻ. || 10
—അതിമധുരം അതിസരസം അധികതര മോഹനം
അത്തിപ്പഴം ഭക്ഷണത്തിന്നും ഉത്തമം— || 11
ഇതിമനസി കുതുകമൊടു മദം ഉടയ മൎക്കടൻ
ഇച്ഛയാ ചാടി ത്തകൎത്തു തുടങ്ങിനാൻ || 12

അതു സമയം, അതി ബഹുള ഗുളുഗുളു രവത്തൊടും
അംഭസ്സിൽ ആശു പൊഴിഞ്ഞു, ഫലങ്ങളും. || 13
സകല ജല പതിത ഫലം അതു(ബത) ഭുജിച്ചുടൻ
ശിംശുമാരാഖ്യൻ ജലജന്തു പുംഗവൻ: || 14
—അമൃതിനൊടു സദൃശം ഇതു മമ സതത ഭോജനം
അത്ര തന്നെ വാസ് സൌഖ്യം—എന്നിങ്ങിനെ || 15
അതി കുതുകം അകതളിരിൽ ഇയലും, അഥ, ശിംശുമാര്-
-ആഖ്യനാം ജന്തു രാജാവ'ത്ര മേവിനാൻ. || 16
"പരിചിനൊടു പറക മമ കപിവര! തനിക്കെ'ന്തു
പേർ?" എന്നു ചോദിച്ചു, ശിംശുമാരൻ, മുദാ. || 17
"സലില ചര! സരസ! ശൃണു! മമ (ഖലു) ബലിവൎദ്ധനൻ
എന്നു പേർ!" എന്നു പറഞ്ഞിതു, വാനരൻ. || 18

അധികതര കനിവിനൊട്ടു, പുനർ, ഇരിവരും മുദാ
അന്യോന്യ ബന്ധുത്വമോടെ വാണീടിനാർ. || 19
ഭവനമതിൽ മരുവും അഥ ജലചരമഹേന്ദ്രന്റെ
ഭാൎയ്യയാം ശിംശുമാരിക്കു, ഹോ, സങ്കടം! || 20
അവനുടയ ചരിതം ഇദം അറിവതിന്നു ദൂതിയെ
ആശു നിയോഗിച്ചു, ശിംശുമാരീ തദാ. || 21
അവളും അഥ നികടഭുവി വിരവിനൊടു ചെന്നു'ടൻ
ആലോകനം ചെയ്തു, ശിംശുമാരേന്ദ്രനെ: || 22
—സഖിയുടയ രമണൻ ഇവൻ ഒരു കപി പരസ്ത്രീയാ
സാകം രമിച്ചു വാഴുന്നു'ഹോ, കശ്മലൻ!— || 23
ഇതി മനസി കരുതി (ബത) കുപിതമതി ദൂതിയും
ഇങ്ങോട്ടു വന്നു സഖിയോടു ചൊല്ലിനാൾ. || 24
"സഖിയെ തവ രമണൻ ഒരു വിജനഭുവി വാനരീ
സംഗമം ചെയ്തു വസിക്കുന്നു, സന്തതം" || 25
സഖിയുടയ വചനം ഇതു സപദി (ബത) കേൾക്കയാൽ,
സന്താപകോപേന ശിംശുമാരീ തദാ || 26
അധികതര പരവശത കലരും ഒരു ഭാവേന
അഭ്യംഗവും തേച്ചു രോഗം നടിച്ചു'ടൻ, || 27
സഖികളുടെ നടുവിൽ അവൾ അവശതരം എത്രയും
സന്താപമോടെ ശയിക്കും ദശാന്തരേ, || 28
ശിരസി ബദ്ധ ഫലനികരം അഴകൊടു വഹിച്ചു'ടൻ
ശിംശുമാരൻ ചെന്നു ചോദിച്ചു, മെല്ലവേ; || 29
"മമ ഹൃദയ രമണിയുടെ വിവശതയി'തെ'ന്തു,ഹോ?
മാനിനീമാരേ, വിരവോടെ ചൊല്ലുവിൻ." || 30
വടിവിനൊടു സഖിയും അഥ വചനം ഇദം ഓതിനാൾ:
"വല്ലാത്ത രോഗം പിടിപെട്ടു സാംപ്രതം || 31
വയം അപിച സഖിയുടയ പരവശത കാണ്കയാൽ
വൈദ്യനെ ക്കൊണ്ടു'ന്നു കാട്ടി, മഹാമതേ! || 32
അവനുടയ വചനം അതും അതിവിഷമമായ് വരും;
അങ്ങാടിയിൽ പോലും ഇല്ലാത്തൊ'രൌഷധം || 33
ഇതിന്നു പുനർ അതിവിഹിതം; അതു (ബത) ലഭിക്കുമോ?
ഇന്നതെ'ന്നു'ള്ളതും ചൊല്ലാം, മഹൌഷധം; || 34

ചതുൎത്ഥതന്ത്രം.

കപിയുടയ ഹൃദയം ഇതിനു'ചിതതരം ഔഷധം
കല്പിച്ചു; വൈദ്യൻ, കഷായത്തിനി,ങ്ങിനെ. || 35
അതിവിഷമം അതു കിമപി ഝിരവൊടു ലഭിച്ചെങ്കിൽ,
അപ്പോഴെ രോഗം ശമിക്കും എന്നു'ക്തവാൻ.'' || 36
സഖിയുടയ കപടമൊഴി വടിവിനൊടു കേട്ടുടൻ
സഞ്ചിന്തനം ചെയ്തു ശിംശുമാരൻ തദാ: || 37
—അപരം ഒരു കപി ഹൃദയം അതിനു ബലിവൎദ്ധനൻ
അല്ലാതെ, മറെറാരു മൎക്കടൻ നാസ്തി,മേ. || 38
അവനുടയ നിധനം അതു! ശിവ ശിവ! മഹാ കഷ്ടം!
അത്യന്ത ബന്ധു മേ, ശുദ്ധൻ ബലീമുഖൻ! || 39
തരുണിയുടെ തനു വിനകൾ ഒഴിവതിനു വേണ്ടീട്ടു
തന്നുടെ ബന്ധുവെ കൊല്ലുന്നതെ'ത്രയും || 40
അധമം ഒരു വിധം അധിക ദുരിത ഫലം എങ്കിലും,
ആയതു ചെയ്യേ'ന്നു വന്നുകൂടി, ദൃഢം: || 41
മികവിനൊടു മനസി സുഖം ഉതകിന കളത്രവും
മിത്രവും തമ്മിൽ വിശേഷം ഉണ്ടായ് വരും: || 42
നിജ തരുണിയുടെ ഹരണം അതു(ബത)നിമിത്തമായ്
നിഗ്രഹിപ്പിച്ചു സുഗ്രീവനും ബാലിയെ: || 43
പ്രണയിനിയിൽ അനിശം ഒരു കനിവുടയ പൂരുഷൻ
പ്രാണിഹിംസെക്കും മടിക്കയില്ലേ,തുമേ.— || 44

ഇതി മനസി കരുതി ജലകമതി ജലജന്തു താൻ
ഇഷ്ടനാം കീശനെ പ്രാപിച്ചു, മെല്ലവെ. || 45
കപിവരനും അവനുടയ വരവും അവലോകയൻ
കല്യാണ വാൎത്തയും ചോദിച്ചു സാദരം, || 46
ജലചരനും അവനൊട'ഥ കപടം ഇദം ഊചിവാൻ:
''ജന്തുക്കൾ ബന്ധുക്കൾ അന്യോന്യം ഇങ്ങിനെ || 47
വിധിവിഹിതം അനവധിക സുഖ സഖി സമാഗമം
വേൎപെട്ടുന്നേരം മഹാദുഃഖമായ് വരും. || 48
മമ തരുണിയുടെ മതിയിൽ അധികതരം ആഗ്രഹം,
(മൎക്കടാധീശ്വര!) നിന്മുഖം കാണുവാൻ. || 49

വരിക, മമ വപുഷി ബഹു സുഖമൊടു വസിക്ക, നീ!
വാനര! നിന്നെ വഹിക്കുന്നതു'ണ്ടു, ഞാൻ- || 50
മമ ഭവനം അപിച മമ കമനിയുടെ രൂപവും
മാനിച്ചു കണ്ടു പോരേണം, സഖേ! ഭവാൻ!" || 51

വചിച്ചിനൊടു കപിവരനും ഉപരി ജലജന്തു തൻ
പൃഷ്ഠേ കരേറി വഹിച്ചോ'ര'നന്തരം. || 52
നിജ വപുഷി കപിവരനെ വിരവൊടു വഹിച്ചുടൻ
നീന്തി ത്തിരിച്ചിതു, ശിംശുമാരൻ; തദാ || 53
കപി വരനും അവനൊട'ഥ കിമപി ഗിരം ഊചിവാൻ:
"കാന്തെക്കു സൌഖ്യമോ? ശിംശുമാരാ സഖേ?" || 54
കപടമതി ജലചരനും അവനൊടു കഥിച്ചു:"മേ
കാന്തെക്കു ദേഹസൌഖ്യം നാസ്തി, വാനരാ! || 55
ഉദരംഅതിൽ അതികഠിനം അനിശം ഒരു വേദന;
ഊണും ഇല്ലി,പ്പോൾ: ഉറക്കവും ഇല്ല,ഹോ!" || 56
"അതിനു ചില പൊടികൾ അഥ ഗുളികകൾ കഷായമോ
ആശു വൈദ്യന്മാർ വിധിച്ചില്ലയോ, സഖേ?" || 57
"അതിവിഷമം, അതിനുടയ ശമനകരം ഔഷധം:
അങ്ങാടി തന്നിലും കിട്ടാത്ത സാധനം: || 58
കപിയുടയ ഹൃദയ ഫലം ഒരു പലം അശിക്കാതെ,
കായ രോഗം ശമിക്കില്ല,പോൽ, വാനരാ!" || 59

സഖിയുടയ വചനം ഇതി സപദി (ബത!) കേൾക്കയാൽ
സാരം ഗ്രഹിച്ചു വിചാരിച്ചു, വാനരൻ: || 60
—ശിവനുടയ ചരണം ഇഹ ശരണം അധുനാ ശഠൻ
ശിംശുമാരൻ ചതിപ്പാൻ തുടങ്ങുന്നു, മാം. || 61
അപരൻ ഒരു കപിയും ഇഹ നഹി; മമ വധം നൂനം
ആഗതം; ദൈവമേ! കാത്തുകൊള്ളേണമേ! || 62
ഇവനുടയ ഹൃദയം അതികഠിനം ഇതി(ഹന്ത!) ഞാൻ
ഇത്രനാളും ഗ്രഹിക്കാതെ പോയെ,ന്തു,ഹോ? || 63
വിപിനഭുവി തപം ഇയലും ഋഷികളെയും ആൎക്കുമെ
വിശ്വസിപ്പാൻ മേലാ; പിന്നെ യെന്തു,ന്യനെ? || 64

ചതുൎത്ഥതന്ത്രം.

കരൾഇടയിൽ അധികശമഗുണം ഉടയ മൎത്ത്യന്നു
കാനനം വേണം എന്നുണ്ടോ, തപസ്സിന്നു? || 65
നിജ ഭവനംഅതിലും, ഇഹ നിയമഗുണമുള്ളവൻ
നിത്യം ഭജിച്ചു, മോക്ഷം വരുത്തീടുവോൻ. || 66
ഹൃദയംഅതിൽ അമിതഗുണം അതു കിമപി നാസ്തിയാം!
ഇദ്ദേഹം എത്രയും മൂഢൻ, മഹാ ജളൻ! || 67
മമ മനസി കപടംഅതു നഹി, നഹി, കിനാവിലും!
മൽസ്വാമി എന്നെ ച്ചതിക്കയില്ലീ,ശ്വരൻ! || 68
ഒരു കപടം ഇവനൊടി'ഹ കിമപി കഥയാമി, ഞാൻ,—
ഓൎത്തുകൊണ്ടേ'വം പറഞ്ഞു, ബലീമുഖൻ! || 69
"കാമനിയുടെ ഗദംഅതിന്നു കപി ഹൃദയം ഔഷധം
കല്പിതം മുന്നമേ ചൊല്ലാഞ്ഞതെ'ന്തെ,ടോ? || 70
വനവിടപിയുടെ മുകളിൽ മമ ഹൃദയം അങ്ങു ഞാൻ
വെച്ചേച്ചു പോന്നു, ഞാൻ; എന്തു ചെയ്യാം, ഇനി? || 71
പ്രഥമം ഇതു കിമപി മമ നഹി കഥിതം എങ്കിലും,
പ്രസ്ഥാനകാലത്തും എന്തു ചൊല്ലാഞ്ഞു, നീ?" || 72
കപിയുടയ കപടമൊഴി കനിവിനൊടു കേട്ടു'ടൻ
കാൎയ്യം എന്നോൎത്തു മഹാ ജളൻ ചൊല്ലിനാൻ: || 73
"അതി സുഭഗ! കപിവൃഷഭ! തവ ഹൃദയം അത്തിമേൽ
അങ്ങു വെച്ചേ'ച്ചു പോന്നെങ്കിൽ, അങ്ങോട്ടു താൻ || 74
വിരവിനൊടു ഗമനം ഇഹ സമുചിതമയേ! സഖേ!
വിക്രമാംഭോധേ! തിരിച്ചു നാം പോകെ'ടോ!" || 75
അഥ സപദി പുനര'പിച കടലുടെ തടേ നിൽക്കും
അത്തിമേൽ ചെന്നു കരേറി, കപീന്ദ്രനും. || 76
"വലിവദന! ഝടിതി തവ ഹൃതയംഅതു കൊണ്ടു നീ
വന്നാലും!"എന്നു'രചെയ്തു, ജലചരൻ. || 77
നിപുണമതി കപിവരനും അവനൊടി'ദം ഊചിവാൻ:
"നിന്നെ ക്കണക്കെ മഹാ ഭോഷൻ അല്ല, ഞാൻ: || 78
ഗഹന ഭുവി പുനര'പിച ഗമനംഅതു കാരണം
ഗൎദ്ദഭത്തെ പോലെ ചാകയില്ലേ,ഷ ഞാൻ." || 79
"അതു കഥയ, കനിവൊടി"തി ജലചരനും ഊചിവാൻ
"അക്കഥാ കേട്ടാലും" എന്നു കപീശ്വരൻ: || 80

## ഹൃദയം ഇല്ലാത്ത കഴുത സിംഹത്തിന്റെ ദൎശനത്തിന്നു പോയതു.

"ഗഹന ഭുവി മരുവും ഒരു ഗജ രിപു മൃഗാധിപൻ
ഗോമായുവാം തന്റെ ഭൃത്യനോട്ട'ക്തവാൻ: || 81
"കുരു,കിമപി മമ രുചിതം, അതി ചതുര ജംബുക!
കുക്ഷി രോഗം കൊണ്ടു പാരം വലഞ്ഞു, ഞാൻ; || 82
ഗജ രുധിര ജനിതം ഇതി കഥയതി, ചികിത്സകൻ;
ഗൎദ്ദഭത്തെ ക്കൊന്നു തിന്നേ, ശമം വരൂ. || 83
കഴുതയുടെ രുദിതം ഇഹ വന ഭുവി നമുക്ക'ഹോ
കാണ്മാനും ഇല്ല; കേൾപ്പാനും ഇല്ലെ,ങ്ങുമേ! || 84
വരിക'രികിൽ അയി സുഭഗ! കഴുതയുടെ മാംസത്തെ
വല്ലേ'ടവും ചെന്നു കൊണ്ടു വാ, നീ സഖേ! || 85
ഹരി വരനെ നിമിഷമൊട്ടു തൊഴുത'ഥ സൃഗാലവും
അങ്ങാടിയിൽ ചെന്നു രാത്രി കാലേ മുദാ || 86
രജകനുടെ കഴുതയൊടു രഹസി ഗിരം ഊചിവാൻ:
"രാജ-സേവെക്കു മോഹം നിണക്കി'ല്ലയോ? || 87
രജകനുടെ വസന ഭരം അനവധി വഹിച്ചു നീ:
രാപ്പകൽ ദുഃഖിക്കവേണ്ടേ'ടോ, രാസഭ! || 88
ഭയ രഹിതം ഇഹ വരിക, ഹരി-നൃപതി-സന്നിധൌ
ഭക്ഷണത്തിന്നേ'ത്ര സൌഖ്യം; ദിനേ ദിനേ || 89
അശനം അപി വസനം അപി സകലം ഇഹ സാധിക്കും;
അത്ര മാത്രം കൈക്കൽ ഉണ്ടായ് വരും, ക്രമാൽ." || 90
അവനുടയ ചതി വചനം അതി ജളത കൊണ്ടുടൻ,
"അങ്ങിനേ"യെന്നു പുറപ്പെട്ടു, ഗൎദ്ദഭം. || 91
കുടില-മതി കുറുനരിയും അതിജളനെ വൈകാതെ
കൂട്ടിച്ചുകൊണ്ടേ'ങ്ങു ചെന്നു കൂപ്പീടിനാൻ. || 92
അതി മുദിത-ഹൃദയൻ അഥ മൃഗ-പതിയും ആദരാൽ:
—അത്താഴം ഊണിന്നു കൊള്ളാം, ഇനിക്കി'വൻ— || 93
സരസതരം ഇതി കരുതി മനസി മൃഗപുംഗവൻ
സന്ധ്യാ നിയമം കഴിപ്പാൻ ഗമിച്ചിതു. || 94

ചതുൎത്ഥതന്ത്രം.

അതു സമയം അതുല ഭയ തരള മതി ഗർദ്ദഭം
ആരും ഗ്രഹിയാതൊ'ളിച്ചു മണ്ടീടിനാൻ— || 95
കഴുതയുടെ ഗമനം അതു വിരവൊടു ഗ്രഹിക്കയാൽ,
കണ്ഠീരവേന്ദ്രനും കണ്ഠിതം പൂണ്ടിതു. || 96
"അതി ചപലൻ അവൻ; അവനെ യിനിയുടൻ ഒരിക്കൽ, നീ
ആഗമിപ്പിക്കെ"ന്ന'യച്ചു, ക്രോഷ്ടാവിനെ || 97
പുനർ അപിച കഴുതയുടെ നികട ഭുവി ചെന്നു,വൻ
"പുത്രാ! വരികെ"ന്ന'നുവദിച്ചീടിനാൻ. || 98
"ഗത സുകൃതൻ അതി വികൃത ദുരിത നിധി യാകയാൽ,
ഗർദ്ദഭീ ഗർഭേ പിറന്നു, നീ, അർഭകാ! || 99
രജകനുടെ വിട്ടു പണിയും ഉടയ വിട്ടു ഭോക്ഷനു
രാജ സേവാ രസ ജ്ഞാനം ഇല്ലാ,ദൃഢം! || 100
വിപിന തലം അതിൽ അധികം അനവധി സുഖം സഖേ!
വിശ്വാസ വഞ്ചനം സിംഹത്തിനി'ല്ലെ,ടോ! || 101
കിമപി സുഖം അറിവതിനു, മതി ബത, നിണക്കില്ല!
കിം കാരണം നീ ഒളിച്ചു പോന്നു, വൃഥാ?" || 102
കഴുത പുനർ അവനൊടൊ'രു വചനം അഥ ചൊല്ലിനാൻ;
"കശ്മലൻ, നമ്മെ കടിച്ചു തിന്നും, ശഠൻ! || 103
കരി നികര രിപുവിനുടെ കണ്ണും അട്ടഹാസവും
കണ്ടു പേടിച്ചു ഞാൻ മണ്ടി, സൃഗാലകാ!" || 104
"ശിവ! ശിവ! കിം ഇതി വദസി, ചപല ഹൃദയൻ ഭവാൻ?
ശീലം ഗ്രഹിക്കാതെ ശങ്കിച്ചതെ'ന്തു,ഹോ? || 105
ഗുരു വിനയ നയ ജലധി ഗുണ ഗണ മഹത്തരൻ
ഗോ ബ്രാഹ്മണ പ്രിയൻ ഗോമായു സേവിതൻ || 106
സകല ജന ഹിത കരണ നിപുണ മതി നീതിമാൻ
സർവ്വദാ സൌമ്യൻ, മൃഗാധിരാജൻ, സഖേ! || 107
അമല ഗുണൻ അവൻ, അപിച; വിരവൊടു ഭവാനെ വന്ന്
ആലിംഗനം ചെയ്യതിന്നു ഭാവിച്ചിതു. || 108
കുശലം അതു പറവതിനു തുനിയും അളവേ'ക്ഷ നീ
കൊല്ലുവാൻ എന്നു ശങ്കിച്ചു പോയി, വൃഥാ. || 109
മഹിത ഗുണം ഉടയ തവ കുലമഹിമ കേട്ടു, ഞാൻ;
മക്കട പ്പെണ്ണിന്റെ വേളിക്കു പാടുവാൻ || 110

കഴുതകളിൽ അഴകു'ടയ പരിഷ പലതു'ണ്ടു, പോൽ;
—കള്ളം അല്ലി,ങ്ങിനെ നിങ്ങടെ വൈഭവം || 111
നലം ഉടയ കുലം ഇയലും അതി സുഭഗ നിന്നുടെ
നാമങ്ങൾ കേൾപ്പാൻ കൊതിക്കുന്നു, തമ്പുരാൻ. || 112
നിഖില വന മൃഗ നികരം അതികുതുകമോട,ഹോ
നിൻ മുഖം കാണ്മാൻ കൊതിച്ചു വന്നു; തദാ || 113
ചലഹൃദയൻ അതു പൊഴുതിൽ അതിഭയം ഇയന്നു, നീ
ചാടി യോടി പ്പോന്നതെ'ന്തൊ'രു സാഹസം? || 114
ഇഹ ജഗതി വൃഷലികടെ തുണികൾ അഖിലം ചുമന്ന്
ഇങ്ങിനേ കാലം കഴിക്കുന്നതെ'ന്തെ'ടോ?" || 115
ഇതി കപട പടുവിനുടെ ചടുമൊഴികൾ കേൾക്കയാൽ,
—ഇന്നിയും പോകെ'ന്നു'റച്ചിതു, ഗൎദ്ദഭം || 116
പുനർ അപിച വിപിനഭുവി ഹരിണ രിപു സന്നിധൌ
പുണ്യ ഹീനൻ ചെന്നു കൂപ്പി നിന്നീടിനാൻ. || 117
മൃഗ പതിയും അതി രഭസം അവനെ നിഹനിച്ചു'ങ്ങു
മൃത്യു ലോകത്തേക്ക'യച്ചാൻ, അസംശയം- || 118
-നിഭൃതം അഥ ഹരിണ രിപു കുറുനരിയൊടു'ചിവാൻ
"നിത്യകൎമ്മം കഴിച്ചാ'ശു വരുന്നു, ഞാൻ || 119
അതിൻ ഇടയിൽ അപരമൃഗം ഇതു (ബത) ഭുജിക്കാതെ
ആമിഷം സൂക്ഷിച്ചു നില്ലു നീ, ജംബുകാ!" || 120
നിജ സചിവനൊടു സരസം ഇതി കില പറഞ്ഞു'ടൻ
നിത്യ കൎമ്മത്തിന്നു പോയി, സിംഹേന്ദ്രനും: || 121
തദനു ഹത കഴുതയുടെ ഹൃദയം അഥ കൎണ്ണവും
താൻ അങ്ങു ഭക്ഷിച്ചു, ഗോമായു, തസ്കരൻ! || 122
നിയമ വിധി വിധിവദ'ഥ വിരവൊടു കഴിച്ചു'വൻ
നിക്ഷേപ ഭക്ഷണത്തിന്നു വന്നു, ഹരി: || 123
"ഇതിനുടയ ഹൃദയം അപി ഗളം അപി കുതസ്സ്'ഖേ?"
ഇങ്ങിനേ ചോദിച്ചു, കേസരീന്ദ്രൻ; തദാ: || 124
"ഹൃദയ ഗള യുഗളം അപി നഹി, നഹി, മഹാ രാജൻ,
ഇക്കഴുതെക്കെ"ന്നു ഗോമായു ചൊല്ലിനാൻ; || 125
ഗജ രിപുവും അതിനിഭൃതം അവസദ'തു കാരണം.

ഗർദ്ദഭം അല്ല ഞാൻ എന്നു ചൊന്നേൻ, അഹം || 126
ശൃണു! കുടില ചടുല! തവ ഹിതം ഇതു വൃഥാഫലം,
ശിംശുമാരാധമാ! പോയ്ക്കൊൾകെ,ടോ, ഭവാൻ!” || 127
ലഘുത വരും അളവു കപിവചനം അതു കേട്ടുടൻ
ലബ്ധനാശാതുരൻ ശിംശുമാരൻ യയൌ. || 128

ലളിതതര ചരിതം ഇതു, നരവര കുമാരരേ,
ലബ്ധനാശാഖ്യമാം തന്ത്രം, ശുഭം! ശുഭം! || 129

ഇതി ചതുൎത്ഥതന്ത്രം സമാപ്തം.

 *Invocation. Introduction. Sómasarmma points out the necessity of avoiding Inconsiderate Actions, and to point the moral relates as follows:*

# THE FIFTH ART OF POLITY:

TEACHING US TO AVOID

INCONSIDERATE ACTION;

Or, how the Brahmin Dévašarmmá killed his pet Mungoose that had preserved his ihfant boy from the fangs of a deadly Snake.

## അസംപ്രേക്ഷ്യകാരിത്വം എന്ന പഞ്ചമതന്ത്രം.

ശാരിക പൈതലേ പഞ്ചമതന്ത്രവും
പാരാതെ ചൊൽക, നീ! പാരം ഉണ്ടാം,ഗ്രഹം || 1
ചതുരതര മധുര മൊഴി കിളിമകളും ആദരാൽ
ചൊന്നാൽ, അസമ്പ്രേക്ഷ്യ കാരിത്വ തന്ത്രവും. || 2
സോമശർമ്മ ദ്വിജൻ ഭൂപാല പുത്രരോട്
ആമോദമോടേ പറഞ്ഞു തുടങ്ങിനാൻ: || 3

"യാതൊ'രു പുരുഷൻ തത്വം ഗ്രഹിക്കാതെ
ജാത രോഷം പ്രവൃത്തിക്കുന്നു, ഭൂതലേ, || 4
—അവന്നു പുനർ ഉപരി വരും, അധിക പരിതാപവും;
അന്തണ ശ്രേഷ്ഠന്നു കീരി മൂലം യഥാ." || 5

"അക്കഥാ കേൾക്കേണം" എന്നു ഭൂപാലന്റെ
മക്കൾ ചോദിച്ചു; പറഞ്ഞു, മഹീസുരൻ: || 6

ഗൌഢദേശേ ദേവശർമ്മൻ എന്നൊ'ത്രയും
പ്രൌഢനാം ബ്രാഹ്മണ ശ്രേഷ്ഠൻ ഉണ്ടായി, പോൽ. || 7

പഞ്ചമതന്ത്രം.

യമനിയമഗുണം ഉടയ ധരണിസുരനാഥന്നു
യജ്ഞസേനാഖ്യയാം പത്നിയും ജാതയായ് || 8
ഭാൎയ്യെക്കു ഗൎഭം പതുക്കേ ത്തികഞ്ഞിതു;
ഭൎത്താവു മോദാൽ പറഞ്ഞു, മനോരഥം: || 9
"ഉഭയകുല ശുഭകരണനിപുണൻ ഒരു നന്ദനൻ
ഊനം വരാതെ ജനിക്കും, നമുക്കെ'ടോ!" || 10
അന്തണസ്ത്രീയും പറഞ്ഞു: "മനോരഥം
സന്തതിക്കാ'കാ, സദാനന്ദ ഭൂസുരാ! || 11
ഉപരി വരും അധികതര വിഭശതം ആഗ്രഹിച്ച്
ഉക്തി ഘോഷിക്കുന്ന ദുൎമ്മോഹി പുരുഷൻ || 12
സോമശൎമ്മന്റെ പിതാവിനെപ്പോല'വൻ
ഭൂമിയിൽ ഖേദിച്ചു മേവുമാറായ് വരും." || 13
"കഥയ മമ കമലമുഖി, കഥം?"ഇതി മഹീസുരൻ
കാൎമ്മുകിൽ വേണി കഥിച്ചു തുടങ്ങിനാൾ: || 14

## 1. മനോരാജ്യംകൊണ്ടു നഷ്ടം ആയതു.

"പണ്ടൊ'രു ഭൂസുര ബ്രഹ്മചാരി സുഖം
പൂണ്ടൊ'രു വിപ്രന്റെ മന്ദിരം പുക്കുടൻ, || 15
ശ്രാദ്ധം ഭുജിച്ചു മലർപ്പൊടി ദക്ഷിണാ-
-മാത്രം ലഭിച്ചു മൺപാത്രത്തിൽ ആക്കിനാൻ. || 16
തവിടുപൊടി വടിവിനൊടു ഘടം അതിൽ നിറെച്ചു'ടൻ
താനേ തലയിൽ ചുമന്നു നടന്നിതു. || 17
മാൎഗ്ഗേ മനോരാജ്യം ഓരോന്നു ചിന്തിച്ചു
മാണവൻ മെല്ലേ നടന്നു തുടങ്ങിനാൻ: || 18
—ആപണേ ചെന്നു മലർപ്പൊടി വിറ്റു പെൺ-
-ആടിനെ മേടിച്ചു കൊണ്ടുപോയ'ങ്ങു ഞാൻ || 19
സരസ തൃണ സലിലം ഇവ സതതം അപി നൽകി ഞാൻ
സാദരം നന്നായ് വളൎത്തുകൊണ്ടീടുവൻ: || 20
സംവത്സരത്തിൽ ഈരണ്ടു ശിശുക്കളെ
സംഭവിപ്പിക്കും ഇപ്പെണ്ണാടും ഇങ്ങിനെ: || 21

ആട്ടിൻകിടാങ്ങളെ വിററു പശുവിനെ
പാട്ടിൽ നമുക്കൊ’ന്നു മേടിക്കണം, ദൃഢം: || 22
പശുവിനൊരു’ ശിശു ഭവതി, ശിശുവിനു ശിശുക്കളും
പാരാതെ നാൽഅഞ്ചു കാള ക്കിടാക്കളും || 23
അങ്ങിനെ വാണാൽ, കൃഷി തുടങ്ങാൻ ഉള്ള
സംഗതി വന്നു ഭവിക്കും, നമുക്കി’നി. || 24
നല്ല കണ്ടത്തിൽ കൃഷി ചെയ്തു കൊണ്ടു, ഞാൻ
നെല്ലും പെരുത്തു സ്വരൂപിച്ച’നന്തരം, || 25
—ഇരവുപകൽ അധികതര സുഖമൊടു വസിക്കയും,
ഇല്ലവും പുത്തനാക്കി പ്പണിയിക്കയും, || 26
നല്ലൊരു പെണ്ണിനെ വേളി കഴിക്കയും,
ഇല്ലത്തു മെല്ലേ കുടിവെച്ചുകൊൾകയും,— || 27
ഇപ്രകാരം രമിക്കും വിധൌ, ഭാൎയ്യെക്കു
ഗൎഭം ഉണ്ടാകും—പ്രസവിക്കും, ഉണ്ണിയെ; || 28
സുതനുടയ ജനനം അതി ശുഭകരം; അവന്നു ഞാൻ
സോമശൎമ്മാവെ’ന്നു പേർ ഇട്ടുകൊള്ളുവൻ. || 29
അക്കാലം ഉണ്ണിയെ നോക്കാതെ, മാതാവു
പൈ കറപ്പാൻ അങ്ങു പോയ്ക്കളഞ്ഞാകിൽ, ഞാൻ || 30
കോപിച്ചു കോൽ കൊണ്ടു താഡനം കൂട്ടുവൻ,
ഗോശാലയിൽ ചെന്ന’കത്തു പുക്കീടിലും.— || 31
പൊണ്ണൻ ഈവണ്ണം മനോരഥം ചിന്തിച്ചു
ദണ്ഡു കൊണ്ടൊ’ന്ന’ങ്ങടിച്ചു, കുംഭോദരേ. || 32
മങ്കുടം പൊട്ടി തകൎന്നു; മലർപ്പൊടി
മണ്ണിലും തന്നുടെ കണ്ണിലും മൂക്കിലും || 33
അടിമുടികൾ മുഴുവൻ അഥ വെളുവെളു’വണിഞ്ഞുകൊണ്ടു
അങ്ങിനേ ചെന്നു ഗൃഹം പുക്കു, മാണവൻ. || 34

എന്നതു കൊണ്ടു പറഞ്ഞു: മനോരാജ്യം
ഏറ തുടങ്ങരുതെ’ന്നു ഞാൻ, ബ്രാഹ്മണാ!” || 35

അഞ്ചാ’റു വാസരം അങ്ങു കഴിഞ്ഞു നാൾ
അഞ്ചാതെ പെററു; കുമാരൻ ഉണ്ടായിതു. || 36

നളിനമുഖി കനിവിനോടു ദശമ ദിവസോദയേ
സ്നാനത്തിനായി പുറപ്പെട്ടു, മെല്ലവേ. || 37
പുത്രനെ സൂക്ഷിച്ചു തത്ര പാൎത്തീടുവാൻ
ഭൎത്താവിനെ പ്പറഞ്ഞാ’ക്കി ഗമിച്ചിതു. || 38

അന്നേരം ആശു രാജാവിൻെറ ദൂതനും
വന്നു ഗൃഹസ്ഥ ദ്വിജനോടു ചൊല്ലിനാൻ: || 39
‘ഇന്ന’ങ്ങ’മാവാസ്യ; കാൽ കഴുകി ഭുജി-
-ക്കുന്നവൎക്കീ’രണ്ടു രൂപാ പ്രതിഗ്രഹം!|| 40
—വെക്കം വരേണം—എന്നിങ്ങിനേ തമ്പുരാൻ
തൃക്കൺ മുനകൊണ്ടു കല്പിച്ചയച്ചു, മാം.” || 41
ഇതി നൃപതി ഭടനുടയ വചനംഅതു കേട്ടുടൻ,
ഇക്ഷ്മനാം പുത്രനെ കാത്തു വാണീടുവാൻ, || 42
എത്രയും വിശ്വാസം ഉള്ളോ’രു കീരിയെ
തത്ര പാൎപ്പിച്ചു ഗമിച്ചു, മഹീസുരൻ. || 43

ഉണ്ണിയെ നോക്കി സ്സമീപേ സകുലവും
കണ്ണ’ടെക്കാതെ’ങ്ങു പാൎത്തും ദശാന്തരേ, || 44
—ശിശുവിനുടെ നികട ഭുവി വലിയൊ’രു ഭുജംഗമം
ശീഘ്രം വരുന്നതു കണ്ടോ’രു കീരിയും || 45
സത്വരം ചെന്നു’ടൻ നാലഞ്ചു ഖണ്ഡിച്ചു
രക്തവും മെയ്യിൽ അണിഞ്ഞു പാൎത്തീടിനാൻ. || 46
ശ്രാദ്ധം കഴിഞ്ഞു വരുന്നോ’യു വിപ്രൻെറ
കാൽ തളിർ ചെന്നു വണങ്ങി, നകുലവും. || 47
കീരി തൻ മേനിയിൽ ചോര കണ്ടു പോഴെ,
പാരം കയൎത്തു വിചാരം ഇല്ലാത്തവൻ— || 48
—അതി ചപല മതി നകുലം, ഹ ഹ ഹ! മമ പുത്രൻെറ
അംഗം മുറിച്ചു ഭുജിച്ചു, മഹാ ശഠൻ!— || 49
എന്നു കല്പിച്ചു തടികൊണ്ടു’ടിച്ചാ’ശു
കൊന്നാൻ, അസമ്പ്രേക്ഷ്യകാരി നകുലത്തെ. || 50
ചെന്ന’ങ്ങകം പുക്കു നോക്കുന്ന നേരത്തു,
നന്ദനൻ കൈ കാൽ കുടഞ്ഞു ക്രീഡിക്കുന്നു; || 51

സൎപ്പഖണ്ഡങ്ങളും കണ്ടാൻ, സമീപത്തു;
വിപ്രനും പാരം വിഷാദിച്ചു നിന്നിതു:— || 52
—ഉരഗതന്റെ വിരവിനൊടു വിശകലിതം ആക്കി, യെൻ-
-ഉണ്ണിയെ പാലനം ചെയ്യോ'രു കീരിയെ || 53
യഷ്ടി കൊണ്ടാ'ശു വധിച്ചോ'രു നമ്മുടെ
ചേഷ്ടിതം എത്രയും കഷ്ടം, ശിവ ശിവ!— || 54

അന്നേരം അമ്മയും വന്നു ചോദിച്ചു;" "പൊന്ന്-
ഉണ്ണിക്കു തുല്യനാം കീരി കുമാരനെ || 55
അതികുടില ചപല മതി മനുജൻഅവൻ ആരുവാൻ
(അയ്യോ! ശിവ ശിവ!) തല്ലി വധിച്ചതും?" || 56
എത്രയും പാരം വിഷണ്ണനാം വിപ്രനും
വൃത്താന്തം എല്ലാം പറഞ്ഞറിയിച്ചിതു. || 57
ബ്രാഹ്മണി താനും പറഞ്ഞിതു: "സാഹസം,
(ബ്രാഹ്മണാ!) നിങ്ങൾക്കു വേണ്ടുന്നതല്ലി'തു. || 58
കണ്ടതും കേട്ടതും ഒക്കെ പ്രമാണമായ്
കൊണ്ടു വിചാരവും കൂടാതെ ചെയ്യുവൻ; || 59
പണ്ടൊ'രു മൂഢ ക്ഷുരകന്നു വന്നൊ'രു
ചെണ്ടതാം എന്നതു പോലെ, തരംകെട്ടും." || 60
—"അതു പറക, വിരവിൽ!" ഇതി ധരണി സുരൻ ഊചിവാൻ
"ആയതു കേട്ടാലും" എന്നു, തൻ ഭാൎയ്യയും: || 61

"സന്ന്യാസിമാരെ തച്ചുകൊന്നാൽ, ആയവർ സ്വൎണ്ണ
കുംഭങ്ങളായ് തീരും" എന്നു, ക്ഷുരകന്നു വന്ന ചെണ്ടതാം.

"ഉണ്ടായി പണ്ടൊ'രു ചെട്ടി കുമാരകൻ;
ഉണ്ടായ നാളേ ജനനീ മരിച്ചിതു; || 62
അച്ഛനും ഇല്ലൊ'രു ബന്ധുക്കളും ഇല്ലാ,
ചാച്ചിയും ചേച്ചിയും വേഷ്ടിയും ഇല്ല,ഹോ! || 63
മാതാവു തന്നുടെ ദാസി മുല കൊടുത്ത്
ഏതാവതായ് വളൎത്തീടിനാൽ, ബാലനെ, || 64
ദാരിദ്ര്യ ദുഃഖവും പാരം പഴങ്കഞ്ഞി
കോരി കുടിച്ചും കഴിക്കുന്നു, വാസരം. || 65

പഞ്ചമതന്ത്രം.

—സ്വജന ധന രഹിതൻ അവൻ ഒരു ദിനം യദൃച്ഛയാ
സ്വപ്നത്തിൽ ഏകനെ കണ്ടു, വരുന്നതു. || 66
ദിവ്യ പുമാൻ അവൻ ബാലനോടൂ’ചിവാൻ:
“ദ്രവ്യം ഇല്ലാഞ്ഞു ദുഃഖിക്ക വേണ്ടാ, ഭവാൻ || 67
കാലത്തെ’ഴുന്നീററു കാലും വദനവും
ചാലവേ ശുദ്ധി വരുത്തി കുളിക്ക, നീ! || 68
—മഹിത ഗുണഗണം ഉടയ യതികൾ ഇഹ മൂന്നു പേർ
മദ്ധ്യാഹ്ന കാലേ വരുവർ; തവാന്തികേ. || 69
ഭിക്ഷുക്കൾ മൂവരും വന്നാൽ, അവരെ നീ
തൽക്ഷണം വാൾകൊണ്ടു’ടിച്ചു കൊന്നീടുക! || 70
ഭിക്ഷുക്കൾ മൂവരും അന്നേരമേ മൂന്നു-
-നിക്ഷേപ കുംഭങ്ങളായ് പിറന്നീടുമേ. || 71
—നിയതം ഇതി പുരുഷവരൻ അരുളി ഗതവാൻ, അസൌ.
നിശാവസാനേ വിധവാ കുമാരകൻ || 72
പാരാതെ കാലത്തെ’ഴുന്നീററു സത്വരം
ക്ഷൌരാദി ശുദ്ധി വരുത്തി കുളിച്ചു’ടൻ, || 73
സപദി നിജ നിലയം അതിൽ അവികലം ഇരുന്നാശു
സന്ന്യാസിമാരെ പ്രതീക്ഷിച്ചു മേവിനാൻ: || 74
മദ്ധ്യാഹ്ന കാലത്തു മൂന്നു സന്ന്യാസിമാർ
മാദ്ധ്യം ദിന സ്നാനം ആചരിച്ചു’ഞ്ജസാ || 75
വന്നു; വണിക്കിൻെറ മുററത്തി’രുന്നിതു:
വന്ദനം ചെയ്തു, വണിക്കും; പതുക്കവെ. || 76
കണ്ണും അടെച്ചു’ങ്ങി’രിക്കും, യതികളെ.
ദണ്ഡും എടുത്ത’ങ്ങ’ടിച്ചു മടിയാതെ; || 77
—നിമിഷം അഥ യതികൾ അവർ അനഘ കനകാഞ്ചിത-
-നിക്ഷേപ കുംഭങ്ങളായ് തീൎന്നു, മൂവരും. || 78
പൊന്നും പണങ്ങളും സമ്പൂൎണ്ണമായുള്ള
പൊന്നിൻ ഘടങ്ങളെ കണ്ടു, വണീശ്വരൻ || 79
ചെന്നു വലംവെച്ചു വന്ദിച്ചെ’ടുത്ത’ങ്ങു
തന്നുടെ ഭണ്ഡാര ഗേഹത്തിൽ ആക്കിനാൻ. || 80
ക്ഷൌരകത്തിന്നൊ’രു പൊന്നുരുപാ കൊടുത്ത്
ആരും ഗ്രഹിക്കാതെ, യങ്ങ’യച്ചീടിനാൻ. || 81

നവ കനക ഘട ജനനചരിതംഅതു കണ്ടുടൻ,
നാവിതൻ മാനസേ വിസ്മയിച്ചീടിനാൻ: || 82
—സന്ന്യാസിമാർകളെ തച്ചു കൊന്നാൽ, ഉടൻ
സന്ന്യാസ കുംഭങ്ങൾ സംഭവിച്ചീടും; എന്ന് || 83
ഇത്ര നാളും ഗ്രഹിച്ചില്ല'ഹോ, ഞാൻ! ഇനി
തത്ര കണ്ടീടുന്ന ഭിക്ഷുക്കളെ തല്ലി || 84
നിഗ്രഹിച്ചുംകൊണ്ടു നിക്ഷേപ കുംഭം പ-
-തിഗ്രഹിച്ചീടുന്നതു'ണ്ടെ—'ന്നു'റച്ചവൻ || 85
—നിജ ഭവന നികട ഭുവി വിരവിനൊടു ചെന്നു'ടൻ
നിന്നു ഭിക്ഷുക്കളെ പാർത്തു വാണീടിനാൻ; || 86
ദണ്ഡും, കഷായ വസ്ത്രങ്ങളും നെററി മേൽ
മണ്ണു കൊണ്ടുള്ള കുറികളും, കുണ്ഡിയും, || 87
മുണ്ഡിതമാകും ശിരസ്സും ധരിച്ചുള്ള
പണ്ഡിതന്മാർ മൂന്നു ഭിക്ഷുക്കൾ വന്നിതു; || 88
—ക്ഷുരകൻ അതുപൊഴുതു നിജ പുര മുറിയിൽനിന്നു'ടൻ,
ക്ഷുദ്രൻ മഹാ മൂഢൻ ഓടി വന്നീടിനാൻ; || 89
സന്ന്യാസിമാരെ പ്രഹരിപ്പതിനുള്ള
സന്നാഹവും കൂട്ടി പാഞ്ഞു'ടുക്കും വിധൌ, || 90
പേടിച്ചു മണ്ടുന്ന ഭിക്ഷുക്കളെ ചെന്നു
താഡിച്ചു വാൾ കൊണ്ടു, നാവിതൻ, കശ്മലൻ! || 91
"ഹാ ഹാ! മഹാ രാജ! രക്ഷിക്ക! രക്ഷിക്ക!
ഹാ ഹാ! മഹാ ദേവ! പാഹി മാം! പാഹി മാം! || 92
—രഘുതനയ! യദുതനയ! മധുമഥന! മാധവ!
രക്ഷിക്ക! രക്ഷിക്ക! ഭിക്ഷുക്കളെ, വിഭോ." || 93
ഇത്ഥം മുറവിളി കേട്ടു ഭൂപാലന്റെ
ഭൃത്യ പ്രധാനികൾ മണ്ടി വന്നീടിനാർ; || 94
മൂഢക്ഷുരകനെ ചെന്നു പിടിപെട്ടു,
മൂക്കും ചെവികളും ചെത്തി, ഗദ കൊണ്ടു || 95
താഡിച്ചു, പല്ലും തകർത്തു'ടൻ, തീ വെച്ചു
താടിയും മീശയും ചുട്ടു കരിച്ചുകൊണ്ട്, || 96
ആരോഹണാഗ്രേ കിടത്തി തിരിച്ചു വന്ന്
ആരോമൽ വന്ദനം ചെയ്തു, യതികളെ. || 97

പഞ്ചമതന്ത്രം.

—ഇതി വിപദി പതനംഅതു വിധി വിഹിതം; ഇദ്ദോഷം
എല്ലാം അസമ്പ്രേക്ഷ്യ കാരിതാ കാരണം. ‖ 98
മുററും ഒരുത്തൻ പ്രവൃത്തിച്ചതിനെ'ന്നു
മൂലം എന്നുള്ള വിചാരവും കൂടാതെ, ‖ 99
മററവൻ കൂടെ പ്രവൃത്തിക്കിൽ, ഇങ്ങിനെ
കുററം ഭവിക്കും എന്നോ'ർത്തു കണ്ടീടുവിൻ! ‖ 100

ഇതി പഞ്ചമതന്ത്രം സമാപ്തം.

## പഞ്ചതന്ത്രാവസാനഭാഗം.

"മിത്രഭേദം സുഹൃല്ലാഭം പുനഃ സന്ധി-
-വിഗ്രഹം ലബ്ധനാശം തഥാ സംപ്രേക്ഷ്യ ‖ 1
കാരിത്വം ഇങ്ങിനെ പഞ്ചതന്ത്രങ്ങൾ വി-
-ചാരിച്ചു ബുദ്ധിക്കു ശുദ്ധി വരുത്തുവിൻ! ‖ 2
—പരമഗുണഗണം ഉടയ നരപതി സുദൎശനൻ
പാടലിപുത്രഗേഹത്തിന്ന'ധീശ്വരൻ ‖ 3
നിങ്ങടെ താതൻ നിലിമ്പരാജോപമൻ
മംഗലാകാരൻ മഹീപാലശേഖരൻ ‖ 4
നിങ്ങൾക്കു നീതിശാസ്ത്രത്തെ ഗ്രഹിപ്പിച്ചു
നിൎമ്മലജ്ഞാനം ഉണ്ടാക്കുവാൻ നമ്മോടു ‖ 5
കല്പിച്ചതൊ'ക്കവേ സാധിച്ചു; ചെററും വി-
-കല്പം ഇല്ലേ'തും: വിവേകം ഏകം സുഖം. ‖ 6
—ജനകനുടെ നികടഭുവി കനിവിനൊടു ചെന്നു'ടൻ
ജാതസന്തോഷം വണങ്ങുവിൻ, ബാലരേ! ‖ 7
പഞ്ചതന്ത്രം പഠിച്ചീടും ജനങ്ങൾക്കു
നെഞ്ചകത്തേ'ററം വിവേകം ഉണ്ടായ്‌ വരും. ‖ 8
സഞ്ചിതാനന്ദം സമസ്തകൃത്യാകൃത്യ-
-സഞ്ചിന്തനത്തിന്നു പാത്രമാകും, ദൃഢം."

—സരസതരം ഇതി വചനരചനം ഉരചെയ്തു'ടൻ
സോമശൎമ്മാഖ്യൻ മഹീസുരാഗ്രേസരൻ, ‖ 10
പാടലീപുത്രാധിനാഥന്റെ മക്കൾക്കു
പാടവപ്രൌഢത്വം ഉണ്ടാക്കി മെല്ലവെ. ‖ 11
ദക്ഷിണന്മാരാം കുമാരകന്മാരോടു
ദക്ഷിണ വാങ്ങി ഗമിച്ചു; സുമംഗലം. ‖ 12

സമാപ്തം.

CT Library
00051310
U52 G20